PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1952.

Saturday, the 12th July, 1952.

VOL. VI OFFICIAL REPORT No. 12.

The Assembly met in the Assembly Chamber, Trivandrum at Eleven of the Clock on Saturday, the 12th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Groundnut Cake.

* 621. [1] **Shri P. S. Nataraja Pillai**: Will the Minister for Agriculture be pleased to state:

(a) the quantity and value of groundnut cake purchased by the department in 1951-52 and the highest and lowest rate per ton at which this was purchased;

(b) the amount of loss sustained as subsidy on this transaction; and

(c) the quantity and value of groundnut cake distributed to agriculturists in each of the taluks of the Trivandrum Division?

Chief Minister (**Shri A. J. John**):

(a) 4,394 tons of groundnut cake were purchased during, 1951-52. Rs. 14,16,444 is the value of the cake purchased during 1951-52. Rs. 340 per ton is the highest rate at which the cake has been purchased, the lowest rate being Rs. 285 per ton;

(b) Subsidy granted on account of the transaction is about Rs. 4,72,000, half of which only is being borne by this Government;

(c) A statement showing the required information is placed on the table.†

Shri P. S. Nataraja Pillai: Sir, is it a fact that during three months of 1951-1952, groundnut was not available at the Nagercoil manure depot ?

† Pleace see Appendix I,

Shri A. J. John: For some time, there was a shortage in the supply.

Shri P. S. Nataraja Pillai: How is it that during the season when this manure is available and when we are importing large quantities, we cannot maintain sufficient stock in the manure depot?

Shri A. J. John: It was the intention of the Government to supply manure according to requirements. This year the Government have taken steps to supply the manure regularly.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പിണ്ണാക്ക മാത്രമായിട്ട് കൊടുക്കുന്നോ അതോ മററു വല്ലതും കലർത്തി കൊടുക്കുന്നോ?

ശ്രീ. ഏ. ജെ. ജാൺ: പിണ്ണാക്ക് ആയിട്ടു തന്നെ കൊടുക്കുകയാണ്.

ശ്രീ. എം. കെ. മത്തായി: കർഷകർക്ക് ഉപയോഗപ്പെടത്തക്ക വിധത്തിൽ നേരെത്തെ വളം വിതരണം ചെയ്യുന്നതിന് നടപടി എടുക്കാമോ?

ശ്രീ. ഏ. ജെ. ജാൺ: അതിനവേണ്ട എല്ലാനടപടികളും എടുക്കുന്നുണ്ട്.

ശ്രീ. എം. കെ. മത്തായി: പക്ഷേ അത് കതിരിനു വളം വയ്ക്കാനായിരിക്കരുത്.

Mr. Speaker: Order, order.

Dairy Research.

* 622 (2) **Shri P. S. Nataraja Pillai:** Will the Minister for Agriculture be pleased to state:

(a) whether the Director of Dairy Research and Adviser to the Government of India for Dairy Development submitted a report to this Government on Dairy Development in Travancore;

(b) what were his principal recommendations; and

(c) what action was taken on the report?

Chief Minister **(Shri A. J. John):**

(a) Yes.

(b) The chief recommendations are:

1. The Government should reorganise, expand and establish cattle breeding *cum* Milk production key Farms.

2. Co-operative Milk Unions should be organised in all cities and towns and existing Unions developed.

3. Government should give better encouragement and facilities for the development of private dairies.

4. A Dairy Development Officer should be appointed to assist the Director on dairy development matters.

5. The administrative set up and organisation should be recognised and made efficient.

(c) The recommendations contained in the report are under consideration.

Shri P. S. Nataraja Pillai : Did that report contain anything about fodder problem?

Shri A. J. John : I think there is no reference to that.

Shri P. S. Nataraja Pillai : Has he not recommended in this report for the appointment of a fodder development officer ?

Shri A. J. John : Yes.

Shri P. S. Nataraja Pillai : Was there a finding in the report that the fodder hospitals in the State are not well-equipped ?

Shri A. J. John : There is an observation like that — that all necessary steps should be taken hereafter.

Shri P. S. Nataraja Pillai : May I know the date of the report?

Shri A. J. John : The date is not given. But the date of receipt of the report is given as 28th February, 1952.

Shri P. S. Nataraja Pillai : It was given as June, 1951.

Mr. Speaker : That is only supplying information.

Shri P. S. Nataraja Pillai : Sir, I am only asking whether the opinion of the Director of Veterinary Hospitals has been invited ?

Shri A. J. John : Yes.

Shri P. S. Nataraja Pillai: Has he submitted any recommendation ?

Shri A. J. John : Yes. The total expenditure to implement the proposal would come to nine lakhs.

Shri P. S. Nataraja Pillai : Will the Government be pleased to bring into effect some portions of the recommendations at least ?

Shri A. J. John : Yes, the Government will consider.

Shri A. Kunjan Nadar : Will the report be made available to the Members of this House ?

Shri A. J. John : Not at present.

നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം.

* ൧൨൩ [൩] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇവിടെ നിർബന്ധിതപ്രാഥമികവിദ്യാഭ്യാസ പദ്ധതി ഏർപ്പെടുത്തിയതെന്ന് ?

(ബി) എത്ര താലൂക്കുകളിൽ ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട് ?

(സി) ഇതിന്റെ പ്രവർത്തനം പുതിയ പ്രദേശങ്ങളിൽ വ്യാപിപ്പിക്കാതിരിക്കാൻ തുടങ്ങിയിട്ട് എത്ര വർഷങ്ങളായി ?

(ഡി) അങ്ങനെ വ്യാപിപ്പിക്കാതിരിക്കുന്നതു് എന്തുകൊണ്ട് ?

(ഇ) സംസ്ഥാനം മുഴുകെ ഈ പദ്ധതി വ്യാപിപ്പിക്കുവാൻ എത്ര വർഷം വേണ്ടിവരും ?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജാൺ):

(എ) ൧൯൪൩-൪൪-ൽ

(ബി) ൧൧ താലൂക്കുകളിൽ.

(സി) ൧൯൪൯-൫൦-ലും ൧൯൫൦-൫൧-ലും പുതിയ പ്രദേശങ്ങളിൽ വ്യാപിപ്പിച്ചിട്ടില്ല ൫൧-൫൨-ൽ രണ്ടു താലൂക്കുകളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ൫൨-൫൩-ൽ കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) ധനദൗർലഭ്യം കൊണ്ടു്.

(ഇ) ആവശ്യമുള്ള പണം ഉണ്ടാകുന്നുവെങ്കിൽ ൧൦ കൊല്ലത്തിനകം.

Shri R. Gangadharan: Sir.

Mr. Speaker: I think we had sufficient discussion on this subject.

സാമൂഹ്യവികസനപദ്ധതി.

※ ന്യ൨൪ [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇവിടെ സാമൂഹ്യവികസന പദ്ധതി (Community Project) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രവർത്തനകേന്ദ്രങ്ങൾ ഏതെല്ലാമാണു്;

(സി) കേന്ദ്രങ്ങൾ തിരഞ്ഞെടുത്തതു് ആരാണു്;

(ഡി) കേന്ദ്രങ്ങളുടെ തിരഞ്ഞെടുപ്പിൽ സ്വീകരിച്ചിട്ടുള്ള പ്രധാന തത്വങ്ങൾ എന്തെല്ലാമാണു്;

(ഇ) പദ്ധതിയുമായി അമേരിക്കൻ ഗവണ്മെന്റിനുള്ള ബന്ധമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) കേന്ദ്രങ്ങൾ; ഒന്നു് നെയ്യാറ്റിൻകര - വിളവംകോടു്, മറ്റൊന്നു് കുന്നത്തുനാടു് - ചാലക്കുടി.

(സി) ഇൻഡ്യാഗവണ്മെന്റു്.

(ഡി) കേന്ദ്രങ്ങളുടെ തിരഞ്ഞെടുപ്പിൽ കൃഷിക്കു് ആവശ്യമുള്ള സാധനങ്ങൾ, വ്യവസായിക സൗകര്യങ്ങൾ ഇവയാണു് അടിസ്ഥാനമാക്കിയിരിക്കുന്നതു്.

(ഇ) ഗവണ്മെന്റിന്റെ ൨൯-൫-൫൨-ലെ പ്രസ്നോട്ടിൽ പറഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: കുടിൽവ്യവസായത്തിന്റെ പ്രധാന കേന്ദ്രമായ ചിറയിൻകീഴ് താലൂക്കിൽ ഈ പദ്ധതി വികസിപ്പിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഇൻഡ്യാഗവണ്മെൻറ് ആകെ ൫൫ കേന്ദ്രങ്ങളാണ് തിരഞ്ഞെടുത്തിട്ടുള്ളതു് ൨ എണ്ണം ഈ സ്റ്റേറ്റിലാണ്. ഇ കൊല്ലം അവർ കൂടുതൽ ഈ ഗവണ്മെൻറിനു അനുവദിക്കുമോയെന്നറിഞ്ഞുകൂടാ.

ശ്രീ. എം. കെ. മത്തായി : ഏതെല്ലാം പകുതികളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ വേറൊരു ചോദ്യം വരുന്നുണ്ട്. അപ്പോൾ പറയാം.

ശ്രീ. കെ. കരുണാകരൻ : ഈ രണ്ടു കേന്ദ്രങ്ങളുടെയും ചാർജ്ജ് വഹിക്കാൻ പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണ്?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്. കുന്നത്തുനാട്ട്-ചാലക്കുടിക്കു് ശ്രീ രാമനാഥൻ. നെയ്യാററിൻകര-വിളവംകോടിനു് ശ്രീ. നാരായണൻ നായർ.

ശ്രീ. കെ. കരുണാകരൻ: ഇവക്കു പ്രത്യേക സാങ്കേതിക പരിശീലനം ഉണ്ടോ ?

Mr. Speaker : Not that I object to this question. The question relates to the scheme. If you go on to the appointments, that will be going too far from the main question. Any number of questions may be put about the appointments. But that does not relevantly arise from this.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇതിലേക്കു് കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡിനോട്ടു് കൺസൽട്ടു് ചെയ്തിട്ടുണ്ടോ ;

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ ആഫീസർമാർക്കു് അഡ്വൈസ് കൊടുക്കുന്നതിനു് നോൺ അഫീഷ്യൽ കമ്മററിയെ നിയമിക്കണമെന്നു ഉദ്ദേശിക്കുന്നുണ്ടോ ;

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. എ കുഞ്ഞൻനാടാർ : ഇപ്പോൾ പാർട്ടിപ്രവൃത്തകാരന്മാരോട്ട ആരും കൺസൽട്ടു് ചെയ്യാറുള്ളതെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻനാടാർ : പാർട്ടിപ്രവൃത്തകാരന്മാരോട്ടു് കൺസൽട്ടു് ചെയ്തിട്ടാണ് നടത്തുന്നതെന്നു് ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ചില സംഗതികളിൽ അവരോട്ടു് കൺസൽട്ടു് ചെയ്യേണ്ടതായി വന്നേക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ദുരിതം അധികമുള്ള അമ്പലപ്പുഴ താലൂക്കിൽ ഈ പദ്ധതി വേണമെന്നു് നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പല നിവേദനങ്ങളും കിട്ടിയിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഈ പദ്ധതിയുടെ നടത്തിപ്പിനെ സഹായിക്കാൻ ഏതെങ്കിലും വിദേശികളെ വരുത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുവാൻ വിദഗ്ധന്മാരായ വിദേശികളെ വരുത്തും?

ശ്രീ. എൻ. രാജഗോപാലൻനായർ: സാങ്കേതികമായ ഉപദേശങ്ങളോടുകൂടി രാഷ്ട്രീയ പ്രവർത്തനങ്ങളും അവർ നടത്തുമോ?

Mr. Speaker: The question is disallowed.

പബ്ലിക്ക് ലൈബ്രറി.

* ൬൨൭. [൭] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക്ക ലൈബ്രറിയിലേക്കു് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു് ആരാണു്;

(ബി) ൧൧൨൬-൨൭-ൽ പ്രസ്തുത ലൈബ്രറിക്കു് പുസ്തകങ്ങൾ വാങ്ങാൻ എത്ര രൂപാ അനുവദിച്ചിരുന്നു;

(സി) അതിൽ എന്തെങ്കിലും തുക ലാപ്സായി പോയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര;

(ഇ) ലാപ്സാകാനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) തിരുവനന്തപുരം പബ്ലിക്കു് ലൈബ്രറിക്കു് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു് ഗവണ്മെന്റിൽ നിന്നും പ്രത്യേകം നിയമിച്ചിട്ടുള്ള ഒരു കമ്മിററിയാണു്.

(ബി) ൧൧൨൬-൨൭-ൽ ൧൨,൦൦൦ രൂപ അനുവദിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) ൩,൭൦൦ രൂപ.

(ഇ) ൧൧൨൬-൨൭-ൽ അമേരിക്കയിൽ നിന്നും ഇംഗ്ലണ്ടിൽ നിന്നും നേരിട്ടു പുസ്തകങ്ങൾ വാങ്ങണമെന്നു് തീരുമാനിച്ചു. അതനുസരിച്ചുള്ള, ഏർപ്പാടുകൾക്കു് കാലതാമസം ഉണ്ടായി. അതുകൊണ്ടു് മുഴുവൻ തുകയും ചെലവായില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഇനിയെങ്കിലും തുക ലാപ്സായിപോകാതെ യിരിക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. എ. ജെ. ജാൺ: വാസ്തവത്തിൽ തുക ലാപ്സായിട്ടില്ല. ബില്ലു് വരുന്നേയുള്ളു. അതിനു് പണം കൊടുക്കണം. ബുക്കിൽ മാത്രമേ ലാപ്സായിട്ടുള്ളു.

ശ്രീ. ആർ. ഗംഗാധരൻ: കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമാണ്?

ശ്രീ. എ. ജെ. ജാൺ: ശ്രീ. എച്ച്. രാമകൃഷ്ണയ്യർ, സി. നാരായണപിള്ള, കെ. എ. ജോസഫ് (കൺവീനർ).

ശ്രീ. ആർ. ഗംഗാധരൻ: കമ്മിററിക്ക് കാലാവധി വച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: പബ്ലിക്ക് ലൈബ്രറിയിലേക്ക് വാങ്ങിക്കുന്ന പുസ്തകങ്ങൾ ഏതെല്ലാം ഭാഷകളിൽ ഉള്ളതാണ്?

ശ്രീ. എ. ജെ. ജാൺ: തിരു കൊച്ചിയിൽ നടപ്പുള്ള മലയാളം) തമിഴ്, ഇംഗ്ലീഷ്, ഹിന്ദി മുതലായ ഭാഷകളിൽ.

എസ്സ്. കെ. വി. ഇ. എച്ച്. സ്കൂൾ.

* ന്വ. നു. [നു] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വിദ്യാഭ്യാസവർഷം എസ്. കെ. വി. ഇ. എച്ച്. സ്കൂൾ (പിറപ്പൻകോട്) സർക്കാരിൽനിന്ന് കണ്ടുകെട്ടുന്നതിനു മുൻപ് എത്ര പ്രാവശ്യം മാനേജുമെൻറ് അടച്ചു പൂട്ടിയിടുകയുണ്ടായി;

(ബി) പ്രസ്തുത സ്കൂൾ ഡിപ്പാർട്ടുമെൻറ് സ്കൂളായി തുടർന്നു നടത്തണമെന്നും, മാനേജുമെൻറിനു നൽകേണ്ടിവരുന്ന നഷ്ടപരിഹാരം മുഴുവൻ നാട്ടുകാർ പിരിച്ചു കെട്ടിവച്ചുകൊള്ളാമെന്നും കാണിച്ചു നാട്ടുകാരിൽ നിന്നു വല്ല ഹർജിയും ഡെപ്യൂട്ടേഷനും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ ഹർജിയിന്മേൽ എന്തു നടപടി നടത്തി; ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു, എന്നത്തേയ്ക്കു തീരുമാനമുണ്ടാകും;

(ഡി) പ്രസ്തുത സ്കൂൾ തുടർന്നു നടത്തുന്നതിലേക്ക് വീണ്ടും ആ മാനേജരെത്തന്നെ ഏൽപ്പിക്കുവാൻ വല്ല ആലോചനയുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഈ സ്കൂൾ കണ്ടുകെട്ടിയിട്ടില്ല. സ്കൂളിൻെറ നടത്തിപ്പിൽ വന്ന തകരാറുമൂലം ഡിപ്പാർട്ടുമെൻറിൽ നിന്നും താൽക്കാലികമായി ആ സ്കൂൾ ഏറെറടുക്കുകയുണ്ടായി. അതിനു മുമ്പ് രണ്ടുപ്രാവശ്യം സ്കൂൾ പൂട്ടിയിടുകയുണ്ടായിട്ടുണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്നു. കഴിയുന്നതും വേഗം തീരുമാനം ഉണ്ടാകും.

(ഡി) ഇതേസംബന്ധിച്ച് സ്കൂൾ മാനേജർ ഹൈക്കോർട്ടിലേക്കു ഒരു റിററ്കൊടുത്തുവെന്നും അതു് അനുവദിച്ചിരിക്കുന്നു എന്നും അഡ്വക്കേററ് ജനറലിൻെറ ലററർ വന്നിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഈ കേസുമൂലം സ്കൂൾ ബിൽഡിംഗ്സും ഉപകരണങ്ങളും മാനേജർക്കു വിട്ടുകൊടുക്കുകയാണെങ്കിൽ സ്കൂളിൻെറ പ്രവർത്തനം നിലച്ചുപോകാതെയിരിക്കാൻ നടപടി എടുക്കാമോ?

Mr. Speaker: May I know whether the hon. Member has any definite information about the decision of the High Court ?

Shri. N. Nilakantaru Pandarathil: Yes.

Mr. Speaker: Is it not a hypothetical question ?

Shri N. Nilakantaru Pandarathil: I shall explain how it is not a hypothetical question.

ഹൈക്കോർട്ടിൽനിന്നും മാനേജർക്ക് അനുകൂലമായി വിധിയുണ്ടായിയെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ ബിൽഡിംഗ് എല്ലാം വിട്ടുകൊടുക്കേണ്ടിവരും. അങ്ങനെ വിട്ടുകൊടുക്കുകയാണെങ്കിൽ സ്കൂളിന്റെ പ്രവർത്തനം തുടർന്നുപോകുന്നതിന് നടപടി നടത്തുമോയെന്നാണ് ചോദിച്ചതു് ?

ശ്രീ. ഏ. ജെ. ജാൺ: ഇതു് ഹൈക്കോർട്ടിൽ സിംഗിൾ ബെഞ്ചിലെ വിധിയാണ്. അതിന്മേൽ അപ്പീൽ കൊടുക്കാൻ ആലോചിക്കുന്നുണ്ടു്. അതു കഴിഞ്ഞതിനുശേഷമേ ഇതിനെപ്പററി തീർച്ച പറയുവാൻ സാധിക്കുകയുള്ളു.

നെൽക്കൃഷിസ്ഥലങ്ങൾ.

❋ നം. ൧. [൧] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് റവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഇപ്പോൾ ആകെ എത്ര ഏക്കർ സ്ഥലത്തു നെൽക്കൃഷി ചെയ്യുന്നുവെന്നും, അതിൽ കായൽക്കൃഷി, മററ് ഒരുപ്പൂക്കൃഷി, ഇരുപ്പൂക്കൃഷി ഇവ നടത്തുന്ന സ്ഥലങ്ങളുടെ വിസ്തീർണ്ണമെന്തെന്നും പറയുമോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ): ഈ സംസ്ഥാനത്തു് ഇപ്പോൾ ആകെ ൧,൯൪,൪൦൭ ഏക്കർ ൪൨ സെൻറ സ്ഥലത്തു കൃഷിചെയ്യുന്നു. കായൽക്കൃഷി ൩൪൦൮൭ ഏക്കർ ൪൨ സെൻറ് സ്ഥലത്തു് ചെയ്യുന്നുണ്ടു്. ൩,൩൦,൩൬൦ ഏക്കർ സ്ഥലത്തു് ഇരുപ്പൂ- ഒരുപ്പൂ കൃഷിയിൽ ൮:൩൦,൮൦൦ ഏക്കർ സ്ഥലത്തു കൃഷിയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ ഭൂമിയിൽ വനം വെട്ടിത്തെളിച്ച് എത്ര ഏക്കർ സ്ഥലം നെൽക്കൃഷിസ്ഥലങ്ങളായി ഉപയോഗപ്പെടുത്തി എന്നു പറയാമോ ?

ശ്രീ. ഏ. ജെ. ജാൺ: ആകെ നെൽകൃഷി സ്ഥലങ്ങളുടെ കണക്കു എടുത്തിട്ടുണ്ടു് ഇതിനു പ്രത്യേകിച്ച് കണക്ക് എടുത്തിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ബാക്കിയുള്ള ഭൂമികൂടി കൃഷിക്കു ഉപയുക്തമാക്കുന്നതിന് നടപടി എടുക്കാമോ ?

ശ്രീ. ഏ. ജെ. ജാൺ: കഴിവുള്ളിടത്തോളം ചെയ്യാം. ചിലപ്പോൾ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിയെന്നു വരാം. കായലും വനങ്ങളും എല്ലാം റിസർവ്വ് ചെയ്യേണ്ട ആവശ്യം ഉണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: തിരുവിതാംകൂർ കൊച്ചിയുടെ എത്ര ശതമാനം ഭാഗം വനങ്ങൾ കാണും ?

Mr. Speaker : Figures showing the acreage under paddy cultivation are given. The hon, Member can calculate the percentage.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഇതുവരെകൃഷിക്കുപയുക്തമല്ലായിരുന്ന സ്ഥലങ്ങൾ കഴിഞ്ഞകൊല്ലത്തെ പദ്ധതിയനുസരിച്ച് കൃഷിക്കുപയുക്തമാക്കിത്തീർക്കേണ്ടതായി എത്രയേക്കർ ഉണ്ടെന്നു കണക്കെടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതിനു പ്രത്യേകം കണക്കെടുത്തിട്ടില്ല.

ശ്രീ. എ. താണുപിള്ള : നെൽക്കൃഷി സ്ഥലങ്ങളുടെ വിസ്തീർണ്ണം കൊച്ചിയിൽ എത്ര, തിരുവിതാംകൂറിൽ എത്ര എന്നുള്ളതിനു കണക്കുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എത്രവീതമാണെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Dredger.

※ 628. (8) **Shri P. V. Avira Tharakan :** Will the Minister for Co-operation be pleased to state whether any representation has been received from the Joint Co-operative Farming Society of Aroor requesting the Government to lend a dredger at actual cost for bunding the two hundred and odd acres of back-waters given to the Society on Kuthakapattam basis for paddy cultivation ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) : Yes, there was a representation.

ശ്രീ. പി. വി. അവിരാതരകൻ : ഇതിനെസംബന്ധിച്ച് ഗവണ്മെൻറ വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഗവണ്മെൻറിനു കഴിയുന്നതും നഷ്ടമില്ലാത്ത തരത്തിൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ : ഏകദേശം എന്നേയ്ക്കു കഴിയുമെന്നു പറയാമോ ?

ശ്രീ കളത്തിൽ വേലായുധൻ നായർ : അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

സാമൂഹ്യ വികസനപദ്ധതി.

※ ൬൨൯. [൯] ശ്രീ. എം. എം. അബ്ദുൽഖാദർ † ; താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കമ്മ്യൂണിററി പ്രോജക്ററുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഓരോന്നിൻെറയും സ്ഥലപരിധി ;

---

* As the Member was absent, the question was put by Shri T. A. Majid with the permission of the chair

(സി) കുന്നത്തുനാട്ട താലൂക്കിലെ ഏതെല്ലാം പകുതികൾ ഉൾപ്പെടുന്നു ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ട്.

(ബി) ൧. കുന്നത്തുനാട്ട—ചാലക്കുടി.

പറവൂർതാലൂക്ക് :

കുന്നത്തുനാട്ട താലൂക്കിലെ താഴെ പറയുന്ന പകുതികൾ: കോതകുളങ്ങര, ചേരാനെല്ലൂർ, മാണിക്കമംഗലം, മഞ്ഞപ്ര, വാഴക്കുളം, ആലുവാ ടൌൺ, തൃക്കാക്കര.

കൊച്ചികണയന്നൂർ താലൂക്കിലെ താഴെ പറയുന്ന പകുതികൾ: ചേന്ദമംഗലം, പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്ട്, നായരമ്പലം, കടമക്കുടി, ഞാറക്കൽ, എളംകുന്നപ്പുഴ, മുളവുകാട്ട്, മലയാററൂർ, കിഴക്കംഭാഗം, തെക്കംഭാഗം, വടക്കംഭാഗം, ചൊവ്വര, ചേരാനെല്ലൂർ,

കൊടുങ്ങല്ലൂർതാലൂക്ക്.

മുകുന്ദപുരം താലൂക്കിലെ താഴെ പറയുന്ന പകുതികൾ: ചാലക്കുടി ടൌൺ, മുപ്ലിയം, മററത്തൂർ, കൊടകര, ഇരിഞ്ഞാലക്കുട പുല്ലൂർ, മുറിയാട്ട്, കല്ലേററുങ്കര, കടുപ്പശ്ശേരി, വേളൂക്കര, പൂമംഗലം, പടിയൂർ, വള്ളിവട്ടം, തെക്കുംകര, വടക്കുംകര, കൊററനെല്ലൂർ, താഴേക്കാട്ട്, ആളൂർ, പേരാമ്പ്ര, പോട്ട, കോടശ്ശേരി, പരിയാരം, മേലൂർ, മുരിങ്ങൂർ, വടക്കുംമുറി, കിഴക്കേചാലക്കുടി, പടിഞ്ഞാറേ ചാലക്കുടി, അണ്ണല്ലൂർ, വടക്കുംഭാഗം, കല്ലൂർ വടക്കുംമുറി, കല്ലൂർ തെക്കുംമുറി, മുരിങ്ങൂർ തെക്കുംമുറി, കിഴക്കുംമുറി ആലത്തൂർ, കുറുവിലശ്ശേരി, കാക്കുളിശ്ശേരി, തിരുമുക്കുളം, മടത്തുംപടി, പൊയ്യ, വടമ, പള്ളിപ്പുറം, കരുമാത്തറ, എടവിലങ്ങ്.

൨. നെയ്യാററിൻകര—വിളവംകോട്ട്.

നെയ്യാററിൻകരതാലൂക്ക്,

വിളവംകോട്ടതാലൂക്ക്.

(സി) കോതകുളങ്ങര, ചേരാനെല്ലൂർ, മാണിക്കമംഗലം, മഞ്ഞപ്ര, വാഴക്കുളം, ആലുവാ, ആലുവാ ടൌൺ, തൃക്കാക്കര.

അറബിക്ക് മുൻഷിമാർ.

* ൩൩൦. [൧൦] ശ്രീ. എം. എം. അബ്ദുൽ ഖാദർ : † താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൧൨൫-ന ശേഷം ഈ സ്റ്റേററിൽ എത്ര അറബിക്ക് മുൻഷിമാർ റിട്ടയർ ചെയ്തിട്ടുണ്ട്;

(ബി) പകരം എത്ര പേരെ നിയമിച്ചു ?

(സി) നിയമിച്ചിട്ടില്ലെങ്കിൽ കാരണം ?

† As the Member was absent, the question was put by Shri T. A. Majid with the permission of the Chair.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): ഇതിനെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. ടി. എ. മജീദ്: ഒഴിവുള്ള സ്ഥാനങ്ങളിൽ നിയമനം നടത്താതിരിക്കുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: രണ്ടു പ്ലേസിൽ മാത്രമേ നിയമിക്കുവാനുള്ളു.

അദ്ധ്യാപകരുടെ ശമ്പളം.

*൩൩൨. [൭൭]† ശ്രീ. എം. എം. അബ്ദുൽഖാദർ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലുവാ സെൻറ മേരീസ് ഇംഗ്ലീഷു ഹൈസ്കൂളിലെ അദ്ധ്യാപന്മാർക്കു ശമ്പളം കൊടുത്തിട്ട് എത്ര മാസമായി?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): അദ്ധ്യാപകന്മാരുടെ ശമ്പളബിൽ കൌണ്ടർ സിഗ്നേച്ചറിനു മാനേജർ യഥാവസരം അയയ്ക്കാതിരുന്നതുകൊണ്ട് മാർച്ചുമാസം മുതൽക്കുള്ള ശമ്പളം കുടിശ്ശികയാണ്. എന്നാൽ ഇതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അദ്ധ്യാപകന്മാരുടെ ശമ്പളബിൽ ഒരു പ്രത്യേകതരം ഫാറത്തിൽ വേണമെന്നു നിർബ്ബന്ധിക്കുന്നുണ്ടോ

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഉണ്ടായിരുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ആ ഫാറത്തിൽ അയയ്ക്കാത്തതുകൊണ്ട് വടക്കൻ ഡിവിഷനിലുള്ള അദ്ധ്യാപകന്മാർക്ക് ശമ്പളം കിട്ടീട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: എഴുതിക്കൊടുത്ത ഫാറം ചിലപ്പോൾ മാറിപ്പോയിരിക്കും. ഇപ്പോൾ ആ ബുദ്ധിമുട്ടില്ല.

മലയാളഭാഷാ നിഘണ്ടു.

*൩൩൩. [൭൩] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മലയാളഭാഷാ നിഘണ്ടു തയാറാക്കുന്നതിലേയ്ക്ക് തിരുവിതാംകൂർ സർവ്വകലാശാലയിൽ നിന്ന് ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരെയൊക്കെയാണ്;

(ബി) അങ്ങനെ നിയോഗിച്ചിട്ടുള്ള ആൾക്ക് എന്തെങ്കിലും പ്രതിഫലം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക്; എന്നു മുതൽ; എന്തു തുകയാണ് അനുവദിച്ചിരിക്കുന്നതു്;

(സി) നിഘണ്ടുനിർമ്മാണം സംബന്ധിച്ച് ൧൯൫൩ ജൂൺ ൩൦-ാംതീയതിവരെ സർവകലാശാലയ്ക്ക് എന്തു സംഖ്യ ചെലവായി; ജോലി എന്തുമാത്രം പുരോഗമിച്ചിരിക്കുന്നു?

† As the Member was absent, the question was put by Shri T. A. Majid with the permission of the Chair.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല. ഒരു എഡിററരെ നിയമിക്കുന്ന കാൎയ്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

(ബി) ഈ ചോദ്യം ഇപ്പോൾ ഉദിക്കുന്നില്ല.

(സി) സഞ്ചാരപ്പടിവകയിൽ ൧൩൦൪ രൂപ ൮ അണ ചെലവായി. ജോലി തുടങ്ങിയിട്ടില്ല.

ഡിനോമിനേഷൻ സ്കൂളുകൾ.

*൩൨൨. [൧൨] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ മേഖലകളിൽ അനുവദിച്ചിരുന്ന ഡിനോമിനേഷൻ സ്കൂളുകൾ ഗവണ്മെൻറു നിറുത്തലാക്കിയതെന്നാണ്;

(ബി) ഡിനോമിനേഷൻ സ്കൂൾസമ്പ്രദായം ഏർപ്പെടുത്തിയ കാലത്ത് അതിൻെറ സമീപത്ത് ടെമ്പററി ഷെഡ്ഡുകളിൽ ഗവണ്മെൻറു ആരംഭിച്ച പ്രൈമറി സ്കൂളുകളെപ്പററി, ഡിനോമിനേഷൻ സമ്പ്രദായം നിറുത്തലാക്കിയപ്പോൾ എന്തു നയമാണ് ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ൧൯൫൧-൫൨ സ്കൂൾ വർഷാരംഭത്തിൽ.

(ബി) ഇവ നിറുത്തൽ ചെയ്യുന്ന കാൎയ്യം ആലോചനയിലിരിക്കുന്നു.

സൎവ്വീസുസംയോജനം.

*൩൨൪. [൧൪] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) സൎവ്വീസ് സംയോജനം സംബന്ധിച്ച വിശദാംശങ്ങളിൽ ഗവണ്മെൻറ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) തീരുമാനം ചെയ്തിട്ടുണ്ടെങ്കിൽ ആ വക വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഗവണ്മെൻറ സ്വീകരിച്ചിട്ടുള്ള വിശദാംശങ്ങൾവച്ചു സംയോജനം നടത്തുന്നപക്ഷം ആയതുകൊണ്ടു് ഒരു വിഭാഗം ഉദ്യോഗസ്ഥന്മാൎക്ക് വളരെ നഷ്ടം സംഭവിക്കുമെന്നു വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ?

(ഡി) സൎവ്വീസ് സംയോജനത്തെ സംബന്ധിച്ച് ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും കൽപ്പനകളോ, നിർദ്ദേശങ്ങളോ ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആയതു മേശപ്പുറത്തു വയ്ക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) പ്രസ്തുത വിഷയത്തിൽ ഗവണ്മെൻറ് ഇതുവരെ പാസ്സാക്കിയിട്ടുള്ള ഉത്തരവുകളുടെ കാപ്പികൾ മേശപ്പുറത്തു വച്ചിരിക്കുന്നു. *

(സി) തിരുവിതാംകൂർ-കൊച്ചി വിഭാഗത്തുനിന്നും അങ്ങനെയുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) കാപ്പി മേശപ്പുറത്തു വച്ചിരിക്കുന്നു. *

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഇൻഡ്യാ ഗവണ്മെൻറിൽ നിന്നു കിട്ടിയിട്ടുള്ള കല്പനകളെ അനുസരിച്ചാണോ ഈ കൽപ്പന പുറപ്പെടുവിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: ഇതിനു് ഉത്തരം മുൻപു പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണു്.

വിജയശതമാനം.

* ൩൱൫. [൧൫] ശ്രീ. വാറണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൫-൫൬ വിദ്യാഭ്യാസവർഷത്തിലെ സ്കൂൾ ഫൈനൽ പരീക്ഷയിൽ എത്ര ശതമാനം വിദ്യാർത്ഥികൾ പാസ്സായിട്ടുണ്ട്;

(ബി) ശരിയായ Valuation കഴിച്ചതിനുശേഷം ഒടുവിൽ grace മാർക്കുകൾ കൊടുത്തിട്ടാണോ ഇത്രയും ശതമാനം പാസ്സായിട്ടുള്ളതു്;

(സി) ഏതെങ്കിലും സ്കൂളിൽ കണക്കു് ഇംഗ്ലീഷിൽ പഠിപ്പിക്കാൻ അനുവാദം കൊടുത്തിരുന്നുവോ?

(ഡി) ഇരിങ്ങാലക്കുട ഹൈസ്കൂളിൽ കണക്കു് ഏതു ഭാഷയിലാണു് പഠിപ്പിച്ചിരുന്നതെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അൻപതേമുക്കാൽ ശതമാനം വിദ്യാർത്ഥികൾ ജയിച്ചിട്ടുണ്ടു്.

(ബി) ശരിയായി ഉത്തരക്കടലാസുകൾ നോക്കി പരീക്ഷകന്മാർ കൊടുത്ത മാർക്കു് പരീക്ഷ്യബോർഡു് വേണ്ടപോലെ ആലോചിച്ചു ക്രമീകരണം നടത്തിയാണു് വിദ്യാർത്ഥികളെ പാസ്സാക്കിയതു്.

(സി) പ്രത്യേകം ആവശ്യമുണ്ടെന്നു ബോദ്ധ്യപ്പെട്ട ചില സ്കൂളുകളിൽ കണക്കു് ഇംഗ്ലീഷിൽ പഠിപ്പിച്ചുകൊള്ളുവാൻ അനുവദിച്ചിരുന്നു.

(ഡി) ഉണ്ടു്.

ശ്രീ. വാറണ്ണി പുളിക്കൽ: ഇംഗ്ലീഷിൽ കണക്കു പഠിപ്പിക്കുവാൻ അനുവദിച്ചു. ചോദ്യക്കടലാസു് ഇംഗ്ലീഷിൽ തയ്യാറാക്കിയിരുന്നോ?

* Placed in the Library.

ശ്രീ. എ. ജെ. ജാൺ: ചോദ്യക്കടലാസുകൾ മലയാളത്തിലായിരുന്നുവെങ്കിലും, പിന്നീട് ഇംഗ്ലീഷിലാക്കികൊടുത്തതുകൊണ്ടു വലിയ കുഴപ്പമൊന്നും ഉണ്ടായിട്ടില്ലെന്നാണറിവ്.

ശ്രീ. വാറുണ്ണി പുളിക്കൽ: കണക്ക് ഇംഗ്ലീഷിൽ പഠിപ്പിച്ചാൽ മനസ്സിലാകാതെ അനേകം കുട്ടികൾ ബുദ്ധിമുട്ടുന്നതായി വല്ല പരാതിയും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ബുദ്ധിമുട്ടുള്ളതായി ഗവണ്മെൻറിനു പരാതിയൊന്നും കിട്ടിയിട്ടില്ല.

ശ്രീ. ഇ. പി. വർഗ്ഗീസ്: ഇരിങ്ങാലക്കുടസ്കൂളിൽ ഏതു ഭാഷയിലാണ് കണക്കു പഠിപ്പിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: ഇംഗ്ലീഷിലാണ്.

ശ്രീ. ടി. എ. മജീദ്: കണക്കു പ്രത്യേകമായി ഇംഗ്ലീഷിൽ പഠിപ്പിക്കണമെന്നു സ്കൂൾ അധികൃതക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നാലു സ്കൂളുകൾക്കുമാത്രം അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

S. S. L. C. Examination.

*** 636 [16] Shri C. Sankar:** Will the Minister for Education be pleased to State :

(*a*) whether any students that appeared for the S. S. L. C. final examination held in last March were not given promotion due to their failure to obtain the prescribed marks in Hindi ;

(*b*) if so, the number of such students ;

(*c*) the total number of students that appeared for the above mentioned examination and the number that have failed on the whole ;

(*d*) the number of students whose first language was Tamil among those who appeared for the above examination and the number of Tamil students that failed on the whole ; and

(*e*) the number of Tamil students who have failed in Hindi only ?

Chief Minister **(Shri A. J. John).:**

(*a*) Yes ;

(*b*) 195.

(*c*) Number appeared—28,339.
Number failed —13,907.

(*d*) Number of candidates appeared with Tamil as first language—1220.

Number failed among the above 613.

(*e*) 22.

Introduction of compulsory Hindi in Schools.

*** 637 [17] Shri C. Sankar:** Will the Minister for Education be pleased to state:

(*a*) whether representations have been received by the Government, protesting against Hindi being made a compulsory language in schools; and

(*b*) if so, did the Government give any consideration to those representations?

Chief Minister **(Shri A. J. John):**

(*a*) A few representations were received.

(*b*) Due consideration was given.

Shri C. Sankar: Are the Government aware that the Tamilians are against the introduction of Hindi as a compulsory language?

Shri A. J. John: Government have received representations from a few Tamilians.

Shri C. Sankar: Are the Government aware that the Prime Minister is against the compulsory introduction of Hindi?

Shri A. J. John: The Government of India is in favour of the introduction of Hindi as a compulsory language.

Shri C. Sankar: Will the Government give up the system of introducing Hindi as a compulsory language?

Shri A. J. John: No.

Shri A. Thanu Pillai: Which are the classes in which Hindi is made compulsory now?

Shri A. J. John: From the Second Form to the Fifth Form.

Anglo-Indians employed in Municipalities.

*** 638 [18] Shri A. A. D. Luiz:** Will the Minister for Local Self Government be pleased to state whether there are any Anglo-Indians employed in the Ernakulam, Trichur and Trivandrum Municipalities?

Minister for Local Self-Government **(Shri K. Kochukuttan):** There is one Anglo-Indian employed in Ernakulam Municipal Office.

There are no Anglo-Indians in the Trivandrum Corporation Office or Trichur Municipal Office.

Shri A. A. D. Luiz: May I know whether he is permanent or temporary?

Shri K. Kochukuttan: He is permanent.

ശ്രീ. റ്റി. റ്റി. കേശവൻ ശാസ്ത്രി: എറണാകുളത്തും തിരുവനന്തപുരത്തും ആരെങ്കിലും ആംഗ്ലോഇൻഡ്യൻസ് അപേക്ഷിച്ചതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ.

കോട്ടയത്തെയും പാമ്പാടിയിലെയും സത്രങ്ങൾ.

*൬൩൯. [എൻ] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) കോട്ടയത്തെയും പാമ്പാടിയിലെയും സത്രങ്ങൾ പൊതുജനങ്ങളുടെ ഉപയോഗത്തിലിരിക്കുകയാണോ;

(ബി) അല്ലെങ്കിൽ, അവ എന്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു;

(സി) പൊതുജനങ്ങൾക്ക് അവ പ്രയോജനപ്പെടാതായിട്ട് എത്ര കാലമായി;

(ഡി) തിരുവിതാംകൂർ-കൊച്ചിയിൽ ഇതുപോലെ മറ്റെവിടെയെങ്കിലും പൊതുജനാവശ്യങ്ങൾക്കല്ലാതെ സത്രങ്ങൾ ഉപയോഗിക്കുന്നുണ്ടോ?

ரெவன்யூ இலாகா மந்திரி (<u>*ஸ்ரீ. எ. சிதம்பரநாத நாடார்*</u>):

(எ) இல்லை.

(பி) கோட்டயம் சத்திரத்தை ரிஸர்வ் போலீஸார் உபயோகப்படுத்தி வருகிறார்கள். பாம்பாடி சத்திரத்தின் ஒரு பாகத்தை போலீஸாரும், மற்றொரு பாகத்தை மின்சார இலாகா சிப்பந்திகளும் உபயோகப்படுத்தி வருகிறார்கள்.

(ஸி) கோட்டயம் சத்திரத்தை பத்து வருடங்களாக போலீஸார் உபயோகித்து வருகிறார்கள். பாம்பாடி சத்திரம் உபயோகிக்க ஆரம்பித்து இரண்டு வருடங்கள் தான் ஆகிறது.

(டி) உண்டு. கொல்லத்தில் உள்ள ஓலயில் சத்திரம் கால்நடை ஆஸ்பத்திரியாக உபயோகிக்கப்படுகிறது. மராமத்து இலாகாவின் கீழ் உள்ள மூன்றார் நியூகூலி சத்திரம் தற்போது பி. டப்ளியு. டி. ஸப்டிவிஷன் ஆபீஸின் உபயோகத்தில் இருக்கிறது. குழித்துறை சத்திரத்தின் ஒரு பகுதி ஆர்ம்ட் ரிஸர்வின் உபயோகத்திலும் இருக்கிறது.

<u>ശ്രീ. പി. ഭാസ്കരൻനായർ:</u> സത്രങ്ങൾ പ്രധാനമായി യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ചു നടത്തുന്നതല്ലേ ?

Shri A. Chidambaranatha Nadar: Yes.

<u>ശ്രീ. പി. ഭാസ്കരൻനായർ:</u> അങ്ങനെ യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടിയുള്ള സത്രങ്ങളിൽ പോലീസുകാർ താമസിക്കുന്നുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കുമോ ?

Shri P. V. Avira Tharakan: Sir, a point of order. I want to know whether a Minister can take advice from the Members ?

Mr. Speaker: This is after all a trivial matter to be raised as a point of order. If the hon. Minister is not able to understand the question in Malayalam what is it that prevents him from consulting another ? These are all trivial matters for the Speaker to give a ruling.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: തൃശ്ശൂരിലെയും പറവൂരിലെയും സത്രങ്ങൾ വെറുതെ കിടക്കുന്നതായറിയാമോ?

Shri A. Chidambaranatha Nadar: I want notice.

Colonisation within the State.

❋ 640. [20] **Shri N. P. Varghese:** Will the Minister for Colonisation be pleased to state:

(*a*) whether the Government have any scheme for Colonisation of the landless people of the State;

(*b*) have Government selected any special areas for Colonisation;

(*c*) if so, which are those areas;

(*d*) has the officer for colonisation taken any steps to implement the scheme; and

(*e*) if so, what steps have been taken?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) Yes;

(*b*) Yes.

(*c*)

1.	Azhoor	330	acres
2.	Puthuvettimuri	250	,,
3.	Kallar	300	,,
4.	Anchal	75	,,
5.	Kannamala	250	,,
6.	Vazhani	200	,,
7.	Vengola	192	,,

are the areas set apart for colonisation immediately.

(*d*) Yes.

(*e*) Preliminary steps for the organisation of co-operative colonies in the above areas have been taken by the Joint Registrar of Co-operative Societies. Colonies will be organised in those areas as soon as the removal of the tree growth is completed.

ശ്രീ. കെ. ജെ. തോമസ്: ഏതെങ്കിലും സ്ഥലത്തു ഭൂമിയില്ലാത്ത ആളുകളുടെ സംഘത്തിനു വേണ്ടി ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ?

Shri K. Kochukuttan: I want notice.

ശ്രീ. പി. സി. ആദിച്ചൻ: മദ്ധ്യതിരുവിതാംകൂർ കോളനൈസേഷന് സ്ഥലം കൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഞാൻ വായിച്ച ലിസ്റ്റിലുള്ള സ്ഥലങ്ങൾ മദ്ധ്യതിരുവിതാംകൂറിലല്ലെങ്കിൽ കൊടുത്തിട്ടില്ല.

ശ്രീ. ആർ. കേശവപിള്ള: കൊട്ടാരക്കര താലൂക്കിൽ സ്ഥലം കൊടുത്തിട്ടുണ്ടോ?

Mr. Speaker: The question is irrelevant.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഓരോ താലൂക്കിലും വീടില്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കി അതനുസരിച്ചാണോ കോളനൈസേഷനുവേണ്ടി സ്ഥലം കൊടുക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതും ഈ കോളനൈസേഷനിൽ പെടുന്നുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഭൂമിയില്ലാത്തവരായ വളരെയധികം ആളുകളെ ഈ ലിസ്റ്റിൽപെടുത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിയാം.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: എല്ലാ ഭാഗത്തുള്ള ആളുകളും ഈ കോളനൈസേഷൻ സ്കീമിൽ പെടുമെന്ന് ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. അതിൽനിന്നു പിന്നോക്കം പോയിട്ടുണ്ടോ?

ശ്രീ കെ. കൊച്ചുകുട്ടൻ: പിന്നോക്കം പോയിട്ടില്ല. ഇപ്പോൾ എവിടെയെല്ലാമാണോ കോളനൈസേഷൻസ്കീം നടപ്പാക്കാൻ കഴിയുന്നത്, അവിടമെല്ലാം ഈ ലിസ്റ്റിൽപെടുത്തിയിട്ടുണ്ട്.

ശ്രീ. ആർ. കേശവ പിള്ള: ഈ സ്കീം ഉടനെ നടപ്പാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉടൻ നടപ്പിൽ വരുത്തുവാൻ വേണ്ടതു ചെയ്യുന്നുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: ദേവികുളത്തു കുടിയിറക്കപ്പെട്ട പിന്നാക്കസമുദായങ്ങൾക്കു കോളനൈസേഷനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: അവിടെ വീടില്ലാതെ കഷ്ടപ്പെടുന്ന പിന്നോക്കസമുദായങ്ങൾക്കു താമസസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ മുൻഗണന കൊടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പിന്നാക്കസമുദായക്കാരുടെ കാര്യത്തിൽ മുൻഗണന കൊടുക്കുന്നുണ്ട്.

ശ്രീ. പി. ചാക്കോ: പുറമ്പോക്കു സ്ഥലങ്ങളിലെല്ലാം വീടുകൾ കെട്ടി താമസസൗകര്യങ്ങൾ ഉണ്ടാക്കുവാൻ കഴിയുമോ?

Mr. Speaker: That is a very big question.

Grant to the Library Association.

✻ 641. [21] Shri N. P. Varghese: Will the Chief Minister be pleased to state:

(a) what is the grant given to the Travancore-Cochin Library Association every year for the last five years;

(b) how many libraries are affiliated to the Library Association and how many libraries are now receiving grant; and

(c) are Government in receipt of representations from various libraries in the State for enhaneing the grant to the Association ?

Chief Minister (**Shri A. J. John**):

(a) Grant given to the Library Association:

	Rs.
1123	6,000
1124	12,000
1125	24,000
1126 (7½ months)	12,500
1951-52	20,000

(b) 1,486 libraries are affiliated to the Travancore-Cochin Granthasala Sangam ; 896 libraries are now receiving grant.

(c) Government have not received representation from the Libraries for enhancing the grant to the Association.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റ വർദ്ധിപ്പിച്ചുകൂടാ എന്നു വല്ല നിവേദനവും ഗവണ്മെന്റിനു് കിട്ടിയിട്ടുണ്ടോ?

Mr. Speaker: That contains an insinuation. It is not, therefore, allowed.

Shri P. S. Nataraja Pillai: May I know whether the Association is recognized by Government as representing the libraries of the State ?

Shri A. J. John: At present, tis so.

ஸ்ரீ. எ. கெ. செல்லய்யா: Village Libraries கள் எல்லாம் Library Association-ல் சேர்ந்த பிறகு அவைகள் சரியாக நடைபெறவில்லை என்பது தெரிய வருமா?

ശ്രീ. എ. ജെ ജാൺ: കുറെ ലൈബ്രറികൾ ശരിയായി നടത്തിക്കൊണ്ടുവന്നിട്ടുണ്ടെന്നാണു് ഗവണ്മെന്റിന്റെ അറിവു്.

ஸ்ரீ. எ. கெ. செல்லய்யா: Grant-ம் சரியாகக் கொடுக்கப்படுவதில்லை என்பது தெரிய வருமா?

ஸ்ரீ. எ. ஜெ. ஜான்: தெரியாது.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി: ഗ്രന്ഥശാലകൾക്കു് ഗ്രാന്റ ലഭിക്കണമെങ്കിൽ അവ ഇന്ന നിർദ്ദിഷ്ടമാനദണ്ഡം പുലർത്തണമെന്നു് വല്ല റൂൾസും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. ടി. വി. താമസ്സ്: ഗ്രന്ഥശാലകളിൽ കമ്മ്യൂണിസ്റ്റ് പുസ്തകങ്ങൾ വാങ്ങരുതെന്നു് ഗവണ്മെന്റ വല്ല ഉത്തരവും കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉത്തരവു കൊടുത്തിട്ടില്ല. പക്ഷെ അങ്ങനെയുള്ള പുസ്തകങ്ങൾ വാങ്ങരുതെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. ജെ. താമസ്സ്: ഇൻഡ്യൻ നാഷണൽ ലൈബ്രറി പ്രസ്ഥാനത്തിൽ നിന്നു് ചില ആളുകൾ ഇവിടെ വന്നു നമ്മുടെ ലൈബ്രറികൾ പരിശോധിച്ചിട്ടു് ഗവണ്മെന്റിലേക്കു് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

Mr. Speaker : That does not arise from this question. Aseparate question may be put.

ശ്രീ. ടി. വി. താമസ്സ് : അങ്ങനെ നിർദ്ദേശിക്കുന്നതു് ശരിയാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ശരിയാണെന്നാണു് ഗവണ്മെൻറിൻെറ ബോദ്ധ്യം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കമ്മ്യൂണിസത്തെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ നാട്ടിൽ വാങ്ങുവാൻ പാടില്ലെന്നു് വല്ല നിർദ്ദേശവുമുണ്ടോ?

Mr. Speaker : The question is disallowed.

ശ്രീ. എ. താണുപിള്ള : കഴിഞ്ഞകൊല്ലത്തേക്കാളും കൂടുതൽ സംഖ്യ ഇക്കൊല്ലം ലൈബ്രറി ഗ്രാൻറിനു് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : കൂടുതൽ സംഖ്യ ഇതിലേക്കു കൊള്ളിക്കുന്നതിനെപ്പററി ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള : ഒരു ലക്ഷം രൂപാ അനുവദിച്ചിട്ടുള്ളതു് അസോസിയേഷൻെറ നടത്തിപ്പിനും ഗ്രാൻറിനും കൂടിയല്ലേ; അതിൽ ഗ്രാൻറിനു മാത്രം എന്തു തുക വരും?

ശ്രീ. എ. ജെ. ജാൺ : ഏകദേശം എൺപതിനായിരം രൂപാ വരും.

ശ്രീ. എ. താണുപിള്ള : കഴിഞ്ഞ ആണ്ടിൽ കൊള്ളിച്ചിരുന്ന തുക എന്തായിരുന്നു?

ശ്രീ. എ. ജെ. ജാൺ : കഴിഞ്ഞ ആണ്ടിലും ഇതുതന്നെയായിരുന്നു.

ശ്രീ. എ. താണുപിള്ള : കൊല്ലംതോറും ലൈബ്രറികൾ കൂടിവരികയല്ലേ; അതനുസരിച്ചു് ഗ്രാൻറിനുള്ള സംഖ്യയും വർദ്ധിപ്പിക്കേണ്ടേ?

ശ്രീ. എ. ജെ. ജാൺ. : അതുകൊണ്ടാണു് ഗവണ്മെൻറ അതിനെപ്പററി ആലോചിക്കുന്നുണ്ടു് എന്നു പറഞ്ഞതു്.

ശ്രീ. പരീതു റാവുത്തർ : കമ്മ്യൂണിസ്റ്റ് പുസ്തകങ്ങൾ വാങ്ങിക്കുന്ന ഗ്രന്ഥശാലയ്ക്കു റഷ്യൻ ഗവണ്മെൻറ വല്ല സഹായധനവും കൊടുക്കുന്നുണ്ടോ എന്നു് ഗവണ്മെൻറിനറിയാമോ?

Mr. Speaker : The question is disallowed.

ശ്രീ. ആർ. ഗംഗാധരൻ : കമ്മ്യൂണിസ്റ്റ് പുസ്തകങ്ങളെ ഗ്രന്ഥശാലകളിൽ വാങ്ങുന്നതിനു് ഗവണ്മെൻറ നിരോധിക്കുവാൻ കാരണമെന്താണു്?

ശ്രീ. എ. ജെ. ജാൺ : അതു് ആളുകൾ പഠിച്ചിട്ടു് പല അപകടങ്ങളും കാണുന്നുണ്ടു്. അതുകൊണ്ടാണു് നിരോധിച്ചതു്. (ചിരി)

Building grants to libraries.

※ 642 [22] **Shri N. P. Varghese :** Will the Chief Minister be pleased to state :

(a) the number of public libraries for which building grants were given by Government ;

(*b*) are Government in receipt of applications for building grants for libraries; and

(*c*) is it a fact that the majority of the libraries in the State are housed in rented buildings?

Chief Minister (**Shri A. J. John**):

(*a*) Nil.

(*b*) Yes.

(*c*) Government have no information.

ശ്രീ. എൻ. പി. വർഗ്ഗീസ്സ്: ഗവണ്മെന്റ് അതിനെപ്പറ്റി അന്വേഷണം നടത്തുമോ?

ശ്രീ. എ. ജെ. ജാൺ: അന്വേഷണം നടത്താം.

കുടിയിറക്ക്.

*൩൪൩. [൨ ൪] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ താലൂക്കിൽ ഉഴവൂർ പകുതിയിൽ പൂവക്കുളം തരിശു ഭൂമിയിൽ കുടിപാർക്കുന്ന നൂറോളം കുടുംബങ്ങളെ കുടിയിറക്കുന്നതിന് ഗവണ്മെന്റ പോലീസിനു കല്പനകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ താമസക്കാരായ കുടികിടപ്പുകാർക്ക് വേറെ എന്തെങ്കിലും താമസസൗകര്യത്തിനു ഏർപ്പാടുചെയ്തുകൊടുത്തിട്ടുണ്ടോ?

ரெவனியூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) இல்லை.

(பி) கேள்விக்கு இடம் இல்லை.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അവരെ പോലീസ് കുടിയിറക്കി എന്നാണോ പറയുന്നതു്?

Shri A. Chidambaranatha Nadar: No.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇതിനു മുമ്പ് ഒരു ചോദ്യത്തിന് ഉത്തരമായി അവിടെ കുടിയിറക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞതായി അറിയാമോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: குடியிறக்கினதுண்டு; but not at the instance of the Police. For the information of the House, however with the permission of the Chair, I wish to state that this land formed part of the Ramapuram Reserve which was deforested with the object of giving it on lease to the members of backward communities. The encroachers were evicted in pursuance of the decision in some case. The land was meant for backward communities, as the hon. Member wishes, but forcible entry was made by them under communist leadership. They were evicted on those grounds.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ കുടിയിറക്കപ്പെട്ടവരിൽ ആരെങ്കിലും സ്വന്തം ഭൂമിയുള്ളവരാണോ?

Shri A. Chidambaranatha Nadar: I will make earnest enquiries.

Shri N. Raghava Kurup: If the Government have decided to oust them, does it mean that those people were under the leadership of the communists ?

Shri A. Chidambaranatha Nadar: If they use force, Government will also use force to meet that.

Shri N. Raghava Kurup: How can a man be evicted without using force ?

Mr. Speaker: That is a big proposition for criminal lawyers. (*Laughter*)

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഗവണ്മെൻറ പോലീസ് ഉപയോഗിച്ച് അവരെ ഒഴിവാക്കി എന്നു പറഞ്ഞു. ആദ്യം അവരെ ഒഴിവാക്കിയില്ലെന്നും പറഞ്ഞു. ഇതു രണ്ടും കൂടി എങ്ങനെയാണ് യോജിക്കുന്നത് ?

Shri A. Chidambaranatha Nadar: Force does not convey the idea as the Member thinks, that the police alone uses force.

പുറംപോക്ക റിസർവ്വ തരിശുസ്ഥലം.

* ൩൪൪. [൨൬] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറംപോക്ക റിസർവ്വ തരിശുസ്ഥലങ്ങൾ കൈവശം വച്ചുവരുന്നവരെ അവിടെ നിന്നു ഇറക്കിവിട്ടിട്ട് ആ സ്ഥലങ്ങളിൽ ഗവണ്മെൻറ് എന്തു ചെയ്യാനുദ്ദേശിക്കുന്നു ;

(ബി) ഇങ്ങനെ പുറമ്പോക്ക സ്ഥലങ്ങൾ കൈവശംവച്ചു വരുന്നവരെ ഇറക്കി വിടുന്നതുമൂലം എത്ര കുടുംബങ്ങൾ ഭവനരഹിതരായിത്തീരുമെന്ന് ഗവണ്മെൻറ് കണക്കെടുത്തിട്ടുണ്ടോ;

(സി) ഇങ്ങനെ ഭവനരഹിതരായിത്തീരുന്നവക്ക് അടിയന്തിരമായി വേറെ പാർപ്പിടസൗകര്യമുണ്ടാക്കിക്കൊടുക്കാൻ ഗവണ്മെൻറിനു് എന്തെങ്കിലും പരിപാടിയുണ്ടോ ?

ரெவனியூ வகுப்பு மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) அனுமதி இல்லாத பிரவேசனங்களை மாத்திரம் ஒழிப்பிக்கப் படுகிறது. அப்படி உள்ள இடங்களை புறம்போக்குக்காகவோ, ரிஸர்வாகவோ, காப்பாற்றப் படும்.

(பி) இல்லை.

(ஸி) வீடு கட்டும் பத்ததியில் இப்படிபட்டோருடைய காரியமும் சேர்க்கப்படும்.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഇങ്ങനെ കുടിയിറക്കപ്പെട്ടതിൻെറ ഫലമായി ഉടൻ തന്നെ അവർ വീടില്ലാത്തവരായിത്തീരുമ്പോൾ അവരുടെ കാര്യം എത്ര കാലം കൊണ്ട് പരിഹരിക്കപ്പെടും ?

Shri A. Chidambaranatha Nadar : It will be immediately attended to.

ശ്രീ. കെ. കെ. കുമാരപിള്ള : വീടില്ലാത്ത ആളുകൾ ഏതു് അധികാരിയെ സമീപിച്ചാണ് കുടിപാർപ്പിനു സ്ഥലം വാങ്ങേണ്ടതു്?

Shri A. Chidambaranatha Nadar : They must approach the Government.

ശ്രീ. കെ. കെ. കുമാരപിള്ള : അങ്ങനെ അനുവാദം വാങ്ങിച്ചു് കുടിപാർത്തിട്ടുള്ള സ്ഥലങ്ങളിൽ നിന്നും കുടിയിറക്കിയിട്ടുണ്ടെന്നു ഗവണ്മെൻറിനു് അറിയാമോ?

Shri A. Chidambaranatha Nadar : The only answer to this question is the landless and the houseless must feel that there is a Government in existence and if they feel that they can very well approach the Government, and the Government will give houses for the houseless and lands for the landless.

ശ്രീ. കെ. കെ. കുമാരപിള്ള : ഈ ഗവണ്മെൻറിൻെറ അനുവാദത്തോടുകൂടി സ്ഥലം വാങ്ങിച്ചുതാമസിച്ചിട്ടുള്ള ആളുകളുടെ കാര്യമാണ് ഞാൻ ചോദിക്കുന്നതു്.

Shri A. Chidambaranatha Nadar : If they had settled down in Government porambokes with the permission of the Government, never in the history of the Government or never in the history of the State were they evicted.

ശ്രീ. കെ. കെ. കുമാരപിള്ള : അങ്ങനെ ഒരു സംഗതി ചൂണ്ടിക്കാണിച്ചാൽ അവരെ കുടിയിറക്കിയവരുടെ പേരിൽ ഗവണ്മെൻറ് നടപടി എടുക്കുമോ ?

Shri A. Chidambaranatha Nadar : If there are, it will be immediately attended to.

ശ്രീ. എൻ. രാഘവക്കുറുപ്പ് : സർക്കാർ സ്ഥലങ്ങളിൽ അനുവാദം കൂടാതെ കുടിപാർക്കുന്നവരെ ഇറക്കിവിടുന്നതിനു് ചില നിയമങ്ങൾ ഉള്ളപ്പോൾ ആ നിയമങ്ങളെ അവഗണിച്ചു് അവരെ ഇറക്കിവിടുന്നതു ശരിയാണോ ?

Mr. Speaker : That is too vague and general a question.

ശ്രീ. പി. വി. അവിരാത്തരകൻ : പുറമ്പോക്കു സ്ഥലങ്ങളിൽ നിന്നു് കുടിയിറക്കിവിടുന്നവരുടെ ഒരു കണക്കു് എടുത്തിട്ടില്ലെന്നു് (ബി) ചോദ്യത്തിനു് ഉത്തരം പറഞ്ഞു. (സി) ചോദ്യത്തിനു് അങ്ങനെ ഭവനരഹിതരായവരുടെ ഒരു കണക്കു് എടുത്തിട്ടില്ലെങ്കിലും പാർപ്പിടസൗകര്യം അവർക്കു് കൊടുക്കും എന്നും പറഞ്ഞു. കണക്കെടുക്കാതെ എങ്ങനെയാണ് എല്ലാവർക്കും പാർപ്പിടസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതു് ?

Shri A. Chidambaranatha Nadar : That is the duty of the Government.

ஸ்ரீ. ஸி. சங்கர் : சர்க்கார் அனுமதியில்லாமல் பல காங்கிரஸ்காரர்களுக்கு கொடுத்திருக்கிறார்களே.

Shri A. Chidambaranatha Nadar: The Member could have understood that from my yesterday's speech. Any man, high or low, who is in possession of those acres of land will be dealt with in the same manner under the same law and under the same principle.

System of Education

※ 645 [26] **Dr. M. Sivaraman Nair:** Will the Chief Minister be pleased to state whether there is any proposal before the Government to appoint an expert committee to suggest ways for reformation and reorientation of the whole educational policy so as to enable an individual to develop himself into a useful, disciplined and patriotic citizen ?

Chief Minister **(Shri A. J. John):** There is no such proposal at present.

ഡാക്ടർ എം. ശിവരാമൻ നായർ: ഇന്നത്തെ വിദ്യാഭ്യാസത്തിനു ഭാരിച്ച ചിലവു ചെയ്യുന്ന സ്ഥിതിയ്ക്കു് അതു കൂടുതൽ പ്രയോജനപ്പെടുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനു് ഒരു എക്സ്പർട്ടു് കമ്മററിയെ നിയമിക്കുവാൻ ഗവണ്മെൻറിനു് ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: കഴിഞ്ഞ ദിവസം ഇൻഡ്യാഗവണ്മെൻറിൽ നിന്നും ഇതിലേയ്ക്കു് ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടെന്നു് ഞാൻ പറഞ്ഞു. അതിൽ ഈ ഗവണ്മെൻറും പങ്കെടുക്കുന്നതിനു് ശ്രമിക്കുന്നതാണു്. ആ കമ്മിററി ഈ സംഗതികളെപ്പററിയെല്ലാം ആലോചിക്കും.

ഡാക്ടർ എം. ശിവരാമൻ നായർ: ആ കമ്മിററിയിൽ ഇവിടത്തെ പ്രൈമറി വിദ്യാഭ്യാസവും സെക്കൻററി വിദ്യാഭ്യാസവും പരിഷ്കരിക്കുന്നതിനെപ്പററി ആലോചിക്കുമോ ?

ശ്രീ. എ. ജെ ജാൺ: ഇൻഡ്യയിൽ എല്ലാ സ്ഥലത്തും ഉള്ള വിദ്യാഭ്യാസം ഒരു യൂണിഫാം ബേസിസിൽ കൊണ്ടുവരുന്നതിനെപ്പററി ആ കമ്മിററിയിൽ ആലോചിക്കും.

ശ്രീ. ചെങ്ങാരപ്പിള്ളി നാരായണൻ പോററി: ഇൻഡ്യ ഒട്ടുക്കുള്ള പ്രൈമറി വിദ്യാഭ്യാസവും സെക്കൻററി വിദ്യാഭ്യാസവും ഒരു തുല്യതയിൽ കൊണ്ടുവരുവാൻ സാധിക്കുമോ എന്നു് ഗവണ്മെൻറു ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആലോചിച്ചിട്ടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇൻഡ്യയും തിരുവിതാംകൂർ-കൊച്ചിയും രണ്ടും രണ്ടാണെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: രണ്ടും യോജിച്ചു പോകാവുന്നതാണെന്നാണു് ഗവണ്മെൻറിൻെറ അഭിപ്രായം.

Fee Concession.

※ 646. [27.] **Shri O. C. Ninan:** Will the Chief Minister be pleased to state :

(*a*) in what category the members of the Pentecost and Brother Missions were included in the G. O. relating to fee concession in schools; and

(*b*) have the Government received complaint that they do not get any fee concession after the above G. O. on account of the fact that they were not included in any list mentioned in the G. O.?

Chief Minister (**Shri A. J. John**):

(*a*) Under no category.

(*b*) Certain representations have been received. The matter is under consideration.

ശ്രീ. ഒ. സി. നൈനാൻ: ഇങ്ങിനെയുള്ളവർക്ക് ഫീസുസൌജന്യം കിട്ടാതിരിക്കുന്നുണ്ടെന്ന് ഗവൺമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഓരോ കേസുകളും പ്രത്യേകം പ്രത്യേകം ആലോചിച്ചു തീരുമാനിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഫീസു സൌജന്യം കിട്ടാത്തവർ ആരൊക്കെയാണെന്ന് ഗവൺമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. ഒ. സി. നൈനാൻ: ഈ റപ്രസൻേറഷൻ കിട്ടിയിട്ട് എത്ര നാളായിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിൻെറ കടലാസ് ഗവൺമെൻറിൻെറ കൈയ്യിൽ ഇപ്പോൾ ഇല്ല.

ശ്രീ. ഒ. സി. നൈനാൻ: ഇക്കൊല്ലംതന്നെ അവർക്ക് ഫീസു സൌജന്യം കിട്ടത്തക്കവണ്ണം വേണ്ടത് ചെയ്യാമോ?

ശ്രീ. എ. ജെ. ജോൺ: ഇക്കൊല്ലംതന്നെ ചെയ്യാമെന്നു പറയാൻ സാദ്ധ്യമല്ല.

വയോജന വിദ്യാഭ്യാസം.

* ൩൪൧. [ഫ വൃ] ശ്രീ. റ്റി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) വയോജന വിദ്യാഭ്യാസത്തിൻെറ പേരിൽ ഇവിടെ ആർക്കെങ്കിലും പരിശീലനം നൽകുന്നുണ്ടോ;

(ബി) ഇതിനകം എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്;

(സി) പരിശീലനത്തിന് വരുന്നവർക്ക് പ്രതിമാസം എന്ത് അലവൻസ് കൊടുക്കുന്നുണ്ട്;

(ഡി) പരിശീലനം കഴിയുന്ന ഓരോ ബാച്ചിനും എന്തെങ്കിലും ജോലികൊടുത്തതിനു ശേഷമാണോ അടുത്ത ബാച്ചിനെ തിരഞ്ഞെടുക്കുന്നത്;

(ഇ) ജോലി കൊടുക്കുന്നെങ്കിൽ എന്തു ജോലി; ശമ്പളം എന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ൨൪ പേക്കു്. എന്നാൽ ൧൪ പേർ മാത്രമെ ജയിച്ചിട്ടുള്ളു. ഇപ്പോഠം ൩൧ പേർ പരിശീലനം നടത്തുന്നു.

(സി) ൭൫ രൂപ.

(ഡി) അല്ല.

(ഇ) സാമൂഹ്യവിദ്യാഭ്യാസ ആർഗനൈസർ; പ്രതിമാസം ൪൦ രൂപ.

ശ്രീ. ററി. എ. മജീദ് : വയോജനവിദ്യാഭ്യാസം സംബന്ധിച്ചുള്ള പരിശീലനം കഴിഞ്ഞിട്ടുള്ളവക്കു് നിയമനം കിട്ടാത്ത സ്ഥിതിക്കു് ഈ ഏർപ്പാടു് തുടരുന്നതുകൊണ്ടെന്താണു് വിശേഷം ?

ശ്രീ. എ. ജെ. ജാൺ : മിക്കവാറം ആളുകഠംക്കു് നിയമനം കൊടുത്തിട്ടുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : വയോജനവിദ്യാഭ്യാസബോർഡു് എന്നൊരു ബോർഡുണ്ടോ ?

ശ്രീ എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ആ ബോർഡിലെ മെംബറന്മാർ ആരെല്ലാമാണു് ?

ശ്രീ. എ. ജെ. ജാൺ : പേരുകളുടെ ലിസ്ററു് എൻെറ കൈവശമില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഈ കേന്ദ്രത്തിൽ സാങ്കേതികമായ വല്ല പരിശീലനവും നൽകുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : സാങ്കേതികമായും പരിശീലനം നൽകിവരുന്നുണ്ടു്.

ശ്രീ. കെ. ജെ. താമസ് : ഈ വിദ്യാഭ്യസകേന്ദ്രത്തിലുള്ള വായനശാലകഠംകൊണ്ടു് അതർഹിക്കുന്ന ഗുണം ഇല്ലെന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : വായനശാലകൊണ്ടു് അർഹിക്കുന്നഗുണം ഉണ്ടാകുന്നില്ലെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ് : പരിശീലനം നടത്തുന്നതിനു് കൊടുക്കുന്ന തുക തീരെ അപര്യാപ്തമാണെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. ഇ. കൃഷ്ണൻനായർ : ഈ വിദ്യാഭ്യാസകേന്ദ്രത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവരുടെ ജോലിയെന്താണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു് ഞാൻ ഈ ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ടു്.

ശ്രീ. ഇ. കൃഷ്ണൻനായർ : പ്രതിമാസം ൪൦ രൂപ കൊടുക്കുന്നുണ്ടെന്ന് പറഞ്ഞതു് ശമ്പളമായിട്ടോ, അലവൻസായിട്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതു് അലവൻസ് എന്ന രൂപത്തിലാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഇതിന് സെൻട്രൽ ഗവണ്മെൻറിൽനിന്നും എന്തെങ്കിലും ഗ്രാൻറ അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. ഇ. കൃഷ്ണൻനായർ : വയോജനവിദ്യാഭ്യാസത്തിനാവശ്യമായിട്ടുള്ള ടെക്സ്ററ ബുക്കുകൾ വിതരണം ചെയ്യുന്നതാരാണ് ?

ശ്രീ. എ. ജെ. ജാൺ : വിദ്യാഭ്യാസ ബോർഡിൽനിന്നുമാണ്.

ശ്രീ. എ. താണുപിള്ള : പരിശീലനം സിദ്ധിച്ചിട്ടുള്ള ആളുകൾക്ക് ൪൦ രൂപയാണ് പ്രതിമാസം വേതനം നൽകുന്നതെന്നു പറഞ്ഞു. ഇതു തുക അവരുടെ ജീവിതാവശ്യങ്ങൾക്ക് മതിയാകുന്നുണ്ടെന്ന് വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : മതിയാകയില്ലായിരിക്കാം.

ശ്രീ. എ. താണുപിള്ള : അങ്ങനെയാണെങ്കിൽ, അവരുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തത്തക്കവണ്ണം വല്ല വ്യവസ്ഥയും ഗവണ്മെൻറിൽനിന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പരിശീലനം നടത്തിയിട്ടുള്ള മിക്കവാറും ആളുകളെ നിയമിച്ചിട്ടുള്ളതു് അവരവരുടെ വീട്ടിനടുത്തുതന്നെയാണ്. ശമ്പളം കുറവാണെന്നു പറയുന്നതിന്, കമ്മ്യൂണിററി പ്രോജക്ററ പദ്ധതി നടപ്പിലാകുമ്പോൾ ഈ കാര്യംകൂടി ആലോചിക്കാം.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ൪൦ രൂപ അവരുടെ ജീവിതാവശ്യങ്ങൾക്കുപോലും മതിയാകാത്ത സ്ഥിതിക്ക് കമ്മ്യൂണിററി പ്രോജക്ററ നടപ്പിൽവരുന്നതുവരെ പരിശീലനസമ്പ്രദായം നിറുത്തിവയ്ക്കുകയല്ലേ നല്ലതു് ?

ശ്രീ. എ. ജെ. ജാൺ : നിറുത്തിവയ്ക്കുന്നകാര്യത്തെപ്പററി ആലോചിച്ചതിനുശേഷമല്ലാതെ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഒ. സി. നൈനാൻ : പഠിപ്പിക്കുന്നതിന് വിദ്യാർത്ഥികളിൽനിന്നും ഫീസായി വല്ലതുകയും വാങ്ങിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ഗ്രന്ഥശാലകളുടെ ഗ്രാൻറ്.

* ൩൪വ്വ. [൨൩] ശ്രീ. ററി. എ. മജീദ് : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ ?

ഗ്രന്ഥശാലാസംഘത്തിന് ഇപ്പോൾ നൽകുന്ന ഗ്രാൻറ് തീരെ അപര്യാപ്തമാണെന്നു് ഗവണ്മെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ :

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഉണ്ട്.

ഭവനനിർമ്മാണപദ്ധതി.

* ൬൪൯. [൩൦] ശ്രീ. ററി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഭവനനിർമ്മാണപദ്ധതിയനുസരിച്ച് ഇതിനകം എവിടെയെല്ലാം എത്ര വീടുകൾവീതം പണിതു തീർത്തിട്ടുണ്ട്;

(ബി) അവിടെയെല്ലാം കുടിപാർപ്പ് ആരംഭിച്ചിട്ടുണ്ടോ;

(സി) ഓരോ സ്ഥലത്തും ഈ വകയ്ക്കു എത്ര രൂപാ വീതം ചെലവായിട്ടുണ്ട്;

(ഡി) ഈ വീടുപണികൾ കൺട്രാക്ററു വ്യവസ്ഥയിലാണോ നടത്തിയിട്ടുള്ളത്; അങ്ങനെയാണെങ്കിൽ ഓരോ വീട്ടിനും എത്ര വർഷത്തെ ഗാരൻറി ലഭിച്ചിട്ടുണ്ട്;

(ഇ) അത്രയും വർഷം ഈ വീടുകൾ നിലനിൽക്കുമെന്ന് പരിശോധനയിൽ ഗവണ്മെൻറിന് ഉറപ്പുണ്ടായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ)

കന്യാകുമാരി	൧൭	വീടുകൾ.
എനയം	൨൦	,,
തിരുവനന്തപുരം	൩൦	,,
പുനലൂർ	൧൮	,,
ആലപ്പുഴ	൨൪	,,
തേവര	൩൬	,,
അഴിക്കോട്	൧൧	,,
തൃശ്ശൂർ	൨൦	,,
വിഴിഞ്ഞം	൧൫	,,
കൊല്ലം	൧൦	,,
കുമരകം	൧൦	,,
ആലുവ	൩൦	,,
ഇരിഞ്ഞാലക്കുട	൨൪	,,
എടവലങ്ങ്	൧൨	,,

(ബി) ഇല്ല.

(സി) ചെലവായ തുകകളുടെ കണക്കുകൾ അവസാനമായി തിട്ടം വരുത്തിയിട്ടില്ലാത്തതിനാൽ ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഓരോ സ്ഥലത്തേയ്ക്കും അനുവദിച്ച തുകകൾ ഇപ്രകാരമാണ്.

	സ്ഥലം	വീടുകളുടെ എണ്ണം	അനുവദിച്ചിട്ടുള്ള തുക
൧.	കന്യാകുമാരി	൧൭	൧൬,൩൬൦ രൂപ
൨.	എനയം	൨൦	൩൨,൦൦൦ ,,
൩.	തിരുവനന്തപുരം	൩൦	൨൮,൩൫൦ ,,
൪.	പുനലൂർ	൧൮	൧൪,൪൫൨ ,,
൫.	ആലപ്പുഴ	൨൪	൨൬,൮൪൨ ,,
൬.	തേവര	൩൬	൫൨,൩൨൦ ,,

	സ്ഥലം	വീടുകളുടെ എണ്ണം	അനുവദിച്ചിട്ടുള്ള തുക	
൭.	അഴിക്കോട്ട്	൧൧	൨൨,൫൦൦	രൂപ
൮.	തേവ്രർ	൨൦	൩൧,൩൦൦	,,
൯.	വിഴിഞ്ഞം	൧൫	൨൫,൩൪൦	,,
൧൦.	കൊല്ലം	൧൦	൧൨,൭൫൦	,,
൧൧.	കുമരകം	൧൦	൧൩,൫൦൦	,,
൧൨.	ആലുവാ	൩൦	൩൨,൬൪൦	,,
൧൩.	ഇരിഞ്ഞാലക്കുട	൨൪	൨൨,൮൦൦	,,
൧൪.	എടവലങ്ങ്	൧൨	൨൬,൪൦൦	,,
	ആകെ	൨൭൭	൩,൫൭,൫൫൪	,,

(ഡി) അതെ. പ്രത്യേകമായി ഗ്യാരൻറി ഒന്നും ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. കെ. ചെല്ലയ്യാ : കന്യാകുമാരിയിൽ ഇങ്ങനെ കെട്ടിക്കൊടുത്ത വീടുകളുടെ ചുവരുകഠം മിക്കവാറും വീണുപോയിരിക്കുന്നതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : എത്രകൊല്ലംകൊണ്ടാണ് ഇത്രയും വീടുകഠം ഉണ്ടാക്കിയിട്ടുള്ളത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഏതാണ്ട് ഒന്നരക്കൊല്ലം കൊണ്ടാണ് വീടുകഠം പണിതീർത്തിട്ടുള്ളത്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഇത്രയും ഭവനങ്ങഠം നിർമ്മിക്കുന്നതിനുവേണ്ടി എന്തുതുക എസ്റ്റിമേററുണ്ടായിരുന്നു ?

ശ്രീ. ററി. എ. മജീദ് : ഈ ചെലവാക്കിയതുകയ്ക്കു് വല്ല നിബന്ധനയും ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഓരോ വീടിനും ചെലവാക്കിയ തുക ൨൫ വർഷംകൊണ്ട് ഗവണ്മെൻറിലേയ്ക്കു് മടക്കികൊടുക്കണമെന്നുള്ള നിബന്ധനയാണുള്ളത്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : അനുവദിക്കപ്പെട്ടിട്ടുള്ള തുകയിൽ കുറെഭാഗം ലാപ്സാക്കികളഞ്ഞിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുറെഭാഗം ലാപ്സായിട്ടുണ്ട്.

ശ്രീ. കെ. ജെ. തോമസ് : തോട്ടംതൊഴിലാളികഠംക്ക് ഇത്തരത്തിൽ വീടു പണിഞ്ഞുകൊടുക്കണമെന്ന ഒരു പദ്ധതി ഉണ്ടായിരുന്നില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടായിരുന്നു.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ : ആ പദ്ധതിയനുസരിച്ച് എല്ലാ തോട്ടംതൊഴിലാളികഠംക്കും വീടു പണിഞ്ഞുകൊടുക്കാൻ ഗവണ്മെൻറിനു് സാധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സാധിക്കുമെന്നാണു് തോന്നുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ആലപ്പുഴ–ചങ്ങനാശ്ശേരി റോഡുവെട്ടുന്ന സ്ഥലങ്ങളിലെ കർഷകതൊഴിലാളികൾക്കു് വീടുണ്ടാക്കി കൊടുക്കുന്നതിനായിട്ടു് വ്യവസ്ഥയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിലേയ്ക്കും വ്യവസ്ഥയുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ : സർ, ഒരു പോയിൻറു് ആഫ് ആർഡർ. പത്തു കൊല്ലത്തേയ്ക്കു് പട്ടികജാതിക്കാർക്കു് പ്രത്യേക പരിഗണന നൽകണമെന്നു് ഭരണഘടനയിൽ വ്യവസ്ഥയുള്ള സ്ഥിതിക്കു്, ഈ സഭയിലെ പട്ടികജാതിക്കാർക്കു്, പട്ടികജാതിക്കാരെ സംബന്ധിച്ച ചോദ്യം ചോദിക്കാൻ കൂടുതൽ സമയം അനുവദിക്കേണ്ടതല്ലേ ?

Mr. Speaker : I have been telling the hon. Members that a point of order relates to a procedure in the House. If a point of order does not relate to any procedure in the House, then it is no point of order.

കമ്മ്യൂണിററി പ്രോജക്ററു്.

*൩൭൦. [൩൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ നടപ്പാക്കാൻ പോകുന്ന കമ്മ്യൂണിററി പ്രോജക്ററിൻെറ പ്രവർത്തനത്തിൽ ഇവിടത്തെ ഗവണ്മെൻറിനു് പരമാധികാരം ഉണ്ടായിരിക്കുമോ ;

(ബി) ഈ പ്രോജക്ററിനുള്ള സാമ്പത്തികസഹായം എവിടെ നിന്നാണു് ലഭിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജാൺ): കമ്മ്യൂണിററി പ്രോജക്ററ്സു് അഡ്മിനിസ്ട്രേഷൻെറ അനുമതിയോടുകൂടി സ്റ്റേററുഗവണ്മെൻറിൽ നിന്നും അസൂത്രണം ചെയ്യുന്ന പൊതുപദ്ധതിയുടെ പരിധിക്കുള്ളിൽ ഈ ഗവണ്മെൻറിനു് പൂർണ്ണമായ പ്രവർത്തനസ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണു്.

(ബി) ഇതിനുള്ള ചെലവു് ഇൻഡോ അമേരിക്കൻ ടെക്കനിക്കൽ കോവാപ്പറേഷൻ ഫണ്ടിൽനിന്നും, സെൻട്രൽ ഗവണ്മെൻറിൽ നിന്നും, സ്റ്റേററുഗവണ്മെൻറിൽനിന്നും നിശ്ചിതവീതമനുസരിച്ചു വഹിക്കുന്നതാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കമ്മ്യൂണിററി പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും വിദേശശക്തികളുടെ ഉപദേശം അനുസരിച്ചു് പ്രവൃത്തിക്കാൻ ഈ ഗവണ്മെൻറു് ബാദ്ധ്യസ്ഥമാണോ ?

ശ്രീ എ. ജെ. ജാൺ : അതിനെ സംബന്ധിച്ചുള്ള വ്യവസ്ഥയനുസരിച്ചു് ചില കാര്യങ്ങൾമാത്രം ഈ ഗവണ്മെൻറു് അനുസരിക്കേണ്ടതായിട്ടുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : അങ്ങനെ അനുസരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നു് സഭയിൽ പറയാമോ ?

Shri A. J. John : Each community project is estimated to cost 65 lakhs of which Rs. 30 lakhs will be repayable loan from Indo U. S. Technical Co-operation Fund, Rs. 23 lakhs grant from the Centre and Rs. 12 lakhs to be contributed by the State.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : കമ്മ്യൂണിററി പ്രോജക്റ്റിനുവേണ്ടി റഷ്യയിൽനിന്നും സഹായധനം സ്വീകരിച്ച് ഒരു പദ്ധതി തുടങ്ങാൻ ഗവണ്മെൻറ് തയ്യാറാണോ ?

Mr. Speaker : Let us be more serious in these matters.

ശ്രീ. ററി. എ. മജീദ് : അമേരിക്കയിൽനിന്നും വരുന്ന വിദഗ്ദ്ധന്മാരുടെമേൽ ഗവണ്മെൻറിന് വല്ല നിയന്ത്രണാധികാരവുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതിൻെറ ആവശ്യമുണ്ടാകുമെന്ന് തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൌരി : അമേരിക്കയിൽനിന്നും വരുന്ന വിദഗ്ദ്ധന്മാർ ശിക്ഷാർഹമായ വല്ല കുററവും ചെയ്താൽ അവരുടെ പേരിൽ നടപടി നടത്തുമോ ?

ശ്രീ എ. ജെ. ജാൺ : കുററം ചെയ്യുകയാണെങ്കിൽ നടപടി നടത്തും.

സ്വീകരണച്ചെലവ്.

*൩൭൧. [൩൩] ശ്രീ. എം. ഗോപാലൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജവഹരിലാൽനെഹ്റു കഴിഞ്ഞ തവണ നടത്തിയ തിരുവിതാംകൂർ-കൊച്ചി പര്യടനത്തിൽ സ്വീകരണങ്ങൾക്കായും പൊതുയോഗങ്ങൾക്ക് ഏർപ്പാട ചെയ്ത വകയിലും ഗവണ്മെൻറ് എന്തെങ്കിലും തുക അഡ്വാൻസു ചെയ്തുവോ ? ചെയ്തെങ്കിൽ എത്ര രൂപ ;

(ബി) ആക്കാണ് അഡ്വാൻസ് ചെയ്തത് ;

(സി) എത്ര രൂപ തിരിച്ചുകിട്ടി ?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജാൺ) :

(എ) (ബി) ഇല്ല. പക്ഷേ, പോലീസു ഡിപ്പാർട്ടുമെൻറിലേക്കും, സ്റ്റേറഗസ്റ്റ് ഡിപ്പാർട്ടുമെൻറിലേയ്ക്കും, സെക്യൂറിററി ഏർപ്പാടുകൾക്കും ഭക്ഷണച്ചെലവിനും മററും തുകകൾ അഡ്വാൻസു ചെയ്തിട്ടുണ്ട്.

ആകെ അഡ്വാൻസ് ചെയ്ത തുക, ൧൪൭൦൦ രൂപ,

(സി) ൭൪൦൭ രൂപ തിരിയെ കട്ടക്കവരുത്തി. സെക്യൂരിററി ഏർപ്പാടുകൾക്കുവേണ്ടി പോലീസ്ഡിപ്പാർട്ടുമെൻറിലേയ്ക്ക് ൧൭൩൭ രൂപ ചെലവായി. ബില്ലുകൾ പരിശോധിച്ചിട്ട് ബാക്കിതുക ഗവണ്മെൻറിന് ക്രെഡിററ ചെയ്യപ്പെടും.

ശ്രീ. ടി. എസ്സ്. രാമസ്വാമി : നാഗർകോവിൽ, എസ് എൽ. ബി. സ്കൂളിൽ നെഹ്റുവിൻെറ സന്ദർശനംസംബന്ധിച്ച് ഒരു പ്ലാററഫാറം കെട്ടിയതിന് ഈ അഡ്വാൻസ് തുകയിൽനിന്നും ചെലവുചെയ്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ലെന്നാണു തോന്നുന്നത്.

ശ്രീ. എൻ. രാജഗോപാലൻ നായർ : സന്ദർശനം കഴിഞ്ഞ് നെഹ്റു മടങ്ങിപ്പോയപ്പോൾ അതിലേക്ക് ചെലവാക്കിയ തുകയുടെ കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ: കണക്കുകൾ പരിശോധിച്ചുവരുന്നു.

ശ്രീ. എൻ. രാജഗോപാലൻനായർ: ചെലവായിട്ടുള്ള തുകതന്നെ യഥാർത്ഥത്തിൽ ചെലവാക്കിയതാണോ എന്നു അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതുസംബന്ധമായ കണക്കുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ: നെഹ്റുവിന്റെ സന്ദർശനംസംബന്ധിച്ചു് ഇലക്ഷൻ പ്രോപ്പഗൻഡായ്ക്കുവേണ്ടി ഗവൺമെന്റു് പണം പിരിച്ചെടുത്തിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഇല്ല.

ശ്രീ. പി. വി. അവിരാത്തരകൻ: നെഹ്റു ഇവിടെ വന്നതു് ഇൻഡ്യൻപ്രധാനമന്ത്രിയായിട്ടാണോ; കാൺഗ്രസ്സ് പ്രസിഡൻറായിട്ടാണോ?

ശ്രീ. ഏ. ജെ. ജാൺ: ഇൻഡ്യൻപ്രധാനമന്ത്രികൂടിയായ അദ്ദേഹം കാൺഗ്രസ്സ് പ്രസിഡൻറന്ന നിലയിലാണു് ഇവിടം സന്ദർശിച്ചതു്.

WRITTEN ANSWERS.

Supply of timber for constructing schools.

❋ 652 [23] **Shri N. P. Varghese:** Will the Chief Minister be pleased to state:

(*a*) The number of departmental primary schools and middle schools sanctioned in 1950, 1951 and 1952, on condition that the buildings to house them should be constructed by the people and surrendered to Government;

(*b*) How many schools among them were given free timber by Government;

(*c*) Is it a fact that while private schools are given free supply of timber there is no provision to supply timber free of cost for the construction of Government Schools?

Chief Minister **(Shri A. J. John):**

(*a*) The number of departmental Primary Schools and Middle Schools sanctioned in 1950, 1951 and 1952;—

Year.	P. S.	M. S.
1950	30	7
1951	23	30
1952	14	7

(*b*) Nil.

(*c*) Private schools are not given free supply of timber. The question of giving timber for the construction of depar-mental school buildings by private parties is under consideration.

സപ്ലീസ് സംയോജനം.

*൬൫൩. [൩൩] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) നാമിതുവരെയായി ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളുടെ സംയോജനം കഴിച്ചിട്ടുണ്ട്;

(ബി) സംയോജനം കഴിഞ്ഞിട്ടുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഡിപ്പാർട്ടുമെൻറ് റൂളുകളുടെ സംയോജനം കഴിഞ്ഞിട്ടുണ്ടോ;

(സി) എത്രകാലംകൊണ്ടാണ് ഈ വക സംയോജനം പൂർത്തിയാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് ഒഴികെയുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളുടെയും സംയോജനം കഴിഞ്ഞിട്ടുണ്ട്.

(ബി) പൂർത്തിയായിട്ടില്ല.

(സി) കഴിയുന്നത്ര വേഗത്തിൽ.

Disposal of timber from the Kanipat Lands.

*654 [34] **Shri M. Gopalan Nair:** Will the Minister for Land be pleased to state:

(*a*) the total amount realised by Government by the disposal of timber in Kanipat lands;

(*b*) is it a fact that large quantities of timber fuel and charcoal have been removed unauthorisedly from the Kanipat lands causing great loss to Government;

(*c*) whether any action has been taken to check smuggling of forest produce; and

(*d*) whether the forest department is not responsible for the trees in Kanipat lands?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) A sum of Rs. 1,11,132 - 4 - 4 has been realised during 1951—52.

(*b*) No.

(*c*) Yes.

(*d*) The Forest Department is responsible for the disposal of tree growth in the land.

വയോജനവിദ്യാഭ്യാസം

*൬൫൫. [൩൫] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിൽ വയോജന വിദ്യാഭ്യാസബോർഡ് എന്ന ഒരു സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിൽ എത്ര മെംബറന്മാരാണുള്ളതു്; അവരുടെ പേരുകളും യോഗ്യതകളും എന്താണു്;

(സി) ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ എത്രപേക്കു് പരിശീലനം നൽകിയിട്ടുണ്ടു്;

(ഡി) പരിശീലനം കഴിച്ചവരെ എന്തെങ്കിലും ജോലിയിൽ നിയമിച്ചിട്ടുണ്ടോ; ഇതുവരെ നിയമനം കിട്ടാത്തവർ അവരിലെത്ര;

(ഇ) ജോലി ലഭിച്ചിട്ടുള്ളവക്കു് പ്രതിമാസം എന്തു പ്രതിഫലം വീതമാണു് നല്കുന്നതു്;

(എഫ്) അവരെ ഏല്പിച്ചിരുന്ന ജോലിയുടെ രീതി എന്തു്; ആ ജോലികൊണ്ടു് എത്ര വയോജനങ്ങൾക്കു് വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ടു്?

മുഖ്യമന്ത്രി (എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) പതിനൊന്നു്.

൧. ശ്രീ. വി. സുന്ദരരാജനായിഡു എം. എ., ബി. എൽ., ടി. ഡി. വിദ്യാഭ്യാസ ഡയറക്ടർ.

൨. ശ്രീ. കെ. ജെ. ആൻറണി ബി. എ., ബി. എൽ., വിദ്യാഭ്യാസ സെക്രട്ടറി.

൩. ശ്രീ. പി. ജെ. സെബാസ്റ്റ്യൻ ബി. എ., ബി. എൽ., പഞ്ചായത്തു ഡയറക്ടർ.

൪. ശ്രീ. കെ. ആർ. വിശ്വംഭരൻ ബി. എ., ബി. എൽ., പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറ കമ്മീഷണർ.

൫. ശ്രീ. സി. നാരായണപിള്ള ബി. എ., ബി. എൽ., മെംബർ കൌൺസിൽ ആഫ് സ്റ്റേററ്.

൬. ശ്രീ. എ. പി. ഉദയഭാനു ബി. എ., ബി. എൽ., അഡ്വക്കേററ്, തിരുവനന്തപുരം.

൭. ജോസഫ് മുണ്ടശ്ശേരി എം. എ. പ്രൊഫസ്സർ, സെൻറ് തോമസ് കാളേജ്, തൃശ്ശൂർ.

൮. ശ്രീ. പി. എൻ. പണിക്കർ, ജനറൽ സെക്രട്ടറി, തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം, തിരുവനന്തപുരം.

൯. ശ്രീ. ററി. ററി. കേശവൻശാസ്ത്രി, എം. എൽ. എ.

൧൦. ശ്രീ. എസ്സ് ശിവൻപിള്ള, സഞ്ചാലക് ഗാന്ധിസ്മാരകനിധി, എറണാകുളം.

൧൧. ശ്രീമതി. മിസ്സസ്സ് എസ്സ്. കെ. ജാർജ്ജ്, കസ്തൂർബാകേന്ദ്രം, തൃശ്ശൂർ.

(സി) ൮൪ എന്നാൽ ൬൪ പേർ മാത്രമേ ജയിച്ചിട്ടുള്ളു.

(ഡി) ഉണ്ടു്. ഇരുപത്തിനാലുപേക്കു് നിയമനം കിട്ടിയിട്ടില്ല.

(ഇ) ൪൦ രൂപ.

(എഫ്) വയോജനാക്ഷരാഭ്യാസം ഉൾപ്പെടെയുള്ള സാമൂഹ്യസം ബന്ധികോന്നമനത്തിനുള്ള പരിപാടികൾ രൂപീകരിച്ച് പ്രവർത്തിക്കുക. വ്യ ൦ ൫ പേർക്ക് പുതുതായി സാക്ഷരത്വം ലഭിച്ചിട്ടുണ്ടെന്നാണ് കാണുന്നത്.

Private Colleges

❋ 656. [37] **Shri T. S. Ramaswami:** Will the Minister for Education be pleased to state:

(*a*) The amount of lump sum grant the Government has given to private colleges in the State during the last four years and the annual grants for each such college during that period.

(*b*) How much amount the Government has given as grant to the Hindu College started this year at Nagercoil.

Chief Minister **(Shri A. J. John):**

(*a*) A statement showing the lump sum grant given by Government to Private Colleges for the last four years etc., is placed on the table.*

(*b*) No amount has been given as the College was opened only this year. The question will be considered by Government at the time of award of grants for this year.

Travellers' Bureau.

❋ 657. [39] **Shri T. S. Ramaswami:** Will the Chief Minister be pleased to state:

(*a*) the number and details of buildings, hotels and travellers', bungalows given on lease to the Travancore-Cochin Travellers' Bureau and the rate of rent and the details of the agreement ;

(*b*) the actual rent collected by the above firm during last year ?

Chief Minister **(Shri A. J. John):** (*a* & *b*) The statements containing the details are placed on the table†.

നിയമനങ്ങൾ

❋ ൬൫൮. [൪൦] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പബ്ലിക്ക്സർവ്വീസ് കമ്മീഷൻ ഇപ്പോൾ നടത്തുന്ന നിയമനങ്ങൾ സാമുദായിക പ്രാതിനിധ്യ അടിസ്ഥാനത്തിലാണോ ;

(ബി) ആണെങ്കിൽ പട്ടികവർഗ്ഗക്കാർക്ക് എത്ര ശതമാനം സ്ഥാനങ്ങൾ റിസർവ്വ ചെയ്തിട്ടുണ്ട്;

(സി) ഇൻഡ്യാ ഗവൺമെൻറ് പട്ടികവർഗ്ഗക്കാർക്ക് എന്നു ശതമാനം ഉദ്യോഗങ്ങൾ റിസർവ്വ ചെയ്തിട്ടുണ്ടോ ;

---

* Please see Appendix II.

† " Appendix III.

(ഡി) ൧൬ൽ ശതമാനം ഉദ്യോഗങ്ങൾ പട്ടികവർഗ്ഗക്കാർക്ക് റിസർവ്വ് ചെയ്യണമെന്ന് ഇൻഡ്യാ ഗവൺമെൻറിൽനിന്നും ഈ ഗവൺമെൻറിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ-യും, ബി-യും) നിലവിലിരിക്കുന്ന പബ്ലിക്ക് സർവ്വീസ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളമാതിരി സാമുദായികാടിസ്ഥാനത്തിലായിരുന്ന അടുത്ത കാലംവരെ റിക്രൂട്ടുമെൻറ് നടത്തിവന്നത്. എന്നാൽ അടുത്ത കാലത്ത് ഭരണഘടനയിലെ ൧൬ (൪)-ാം വകുപ്പിനെപ്പററി ഉണ്ടായ സുപ്രീം കോടതിയുടെ വിശദീകരണത്തെ ആസ്പദമാക്കി, പബ്ലിക്ക് സർവ്വീസിൽ വേണ്ടതായ ഉദ്യോഗ സംവരണത്തെക്കുറിച്ച് ഗവൺമെൻറിൻെറ തീരുമാനം പബ്ളിക്ക്സർവ്വീസ്കമ്മിഷൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഗവൺമെൻറിൻെറ തീരുമാനം ഉണ്ടാകുന്നതുവരെ ക്ലാർക്കന്മാർ, സ്റ്റെനോഗ്രാഫറന്മാർ, ഇംഗ്ലീഷ് ടൈപ്പിസ്ററുകൾ, കോപ്പിസ്ററ്, ശിപായിമാർ, ഈ ഉദ്യോഗങ്ങളിലേക്കുള്ള സർവ്വീസ്കമ്മീഷൻ റിക്രൂട്ടുമെൻറ് നിർത്തിവയ്ക്കുകയും താൽക്കാലികമായി ഒഴിവുകളിൽ നിയമനം നടത്താൻ ഡിപ്പാർട്ടുമെൻറ് മേലധികാരികൾക്ക് അധികാരം കൊടുത്തിരിക്കുകയുമാണ്.

(സി) അറിവില്ല.

(ഡി) ഇല്ല.

പോളി ടെക്ക്നിക്ക് ഇൻസ്റ്റിററ്യൂട്ട്

*൩൨൯. [൪൨] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ആലുവാ കളമശ്ശേരി പോളിടെക്ക്നിക്ക് ഇൻസ്റ്റിററ്യൂട്ടിലെ വിദ്യാർത്ഥികളുടെ താമസസൗകര്യം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന മെമ്മോറാണ്ഡം ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യത്തിനുവേണ്ട സ്റ്റാഫില്ലെന്നുള്ളത് വാസ്തവമാണോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്. മെമ്മോറാണ്ഡത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്.

(ബി) ആദ്യകൊല്ലത്തെ ആവശ്യത്തിനുവേണ്ട സ്റ്റാഫുണ്ടായിരുന്നെന്നാണ് അറിയുന്നത്. രണ്ടാംകൊല്ലത്തേയ്ക്ക് കൂടുതൽ സ്റ്റാഫിനെ എടുക്കുന്നതിന് പരസ്യം ചെയ്തുകഴിഞ്ഞു.

ഫീസ്.

*൩൩൦. [൪൩] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവൺമെൻറിൽനിന്നും നടത്തുന്ന കാളേജുകളിലേക്കാൾ കൂടുതൽ ഫീസ് പ്രൈവററ് ഏജൻസികൾ നടത്തുന്ന കാളേജുകളിൽ ഇടുതാക്കിവരുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം കൂടുതൽ ഫീസ് ഈടാക്കുന്നതിന് പ്രത്യേക കാരണം വല്ലതും ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇപ്പോൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഗവണ്മെന്റ് ഈ പ്രശ്നം പരിശോധിച്ചിട്ടില്ല.

കുത്തകപ്പാട്ടം*

* ൩൩൧. [൪൪] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിൽ ഭക്ഷ്യോൽപ്പാദനത്തിന്റെ പേരിൽ തിരുവിതാംകൂർ-കൊച്ചിയിലെ വനത്തിൽനിന്നു എത്ര ഏക്കർ ഭൂമി പതിച്ചും കുത്തകപ്പാട്ടമായിട്ടും കൊടുത്തിട്ടുണ്ട്;

(ബി) എത്ര ഏക്കർ ഭൂമി ആളുകൾ കൈവശപ്പെടുത്തിയിട്ടുണ്ട്;

(സി) മേൽപ്രകാരം വിട്ടുകൊടുത്ത ഭൂമിയിലെ വൃക്ഷങ്ങൾ വെട്ടിയെടുക്കുന്നതിനു കൈവശക്കാർക്ക് അവകാശമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉദ്ദേശം ൩൧,൦൦൦ ഏക്കർ.

(ബി) അതിൽനിന്നും ഉദ്ദേശം ൩൦,൦൦൦ ഏക്കർ.

(സി) ഇല്ല.

പാഠപുസ്തകങ്ങളുടെ അച്ചടി.

* ൩൩൧. [൪൩] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാഠപുസ്തകങ്ങളുടെ അച്ചടി പ്രൈവററ് പ്രസ്സുകാർക്ക് കൊടുത്തതു് ടെൻഡർ വിളിച്ചിട്ടാണോ; പ്രസ്സുകളിൽനിന്നും കിട്ടിയ ടെൻഡറിൽ കുറഞ്ഞ റേററിനാണോ അച്ചടിവേലകൾ ഏൽപ്പിച്ചതു്; അതോ ഒരു ഫ്ളാററ്റേററിൽ എല്ലാ പ്രസ്സുകൾക്കും നൽകിയിട്ടുണ്ടോ; ഒന്നിലധികം പുസ്തകങ്ങൾ ഏതെല്ലാം പ്രസ്സുകൾക്ക് അച്ചടിയ്ക്കു നൽകിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

പാഠപുസ്തകങ്ങളുടെ അച്ചടി പ്രൈവററ് പ്രസ്സുകൾക്ക് കൊടുത്തതു് ടെൻഡർ വിളിച്ചിട്ടാണ്. എന്നാൽ പ്രസ്സുകാരുടെ റേററുകൾ തമ്മിൽ വലുതായ വ്യത്യാസമുണ്ടായിരുന്നതുകൊണ്ടും അവ ഗവണ്മെന്റ് അനുവദിച്ചിട്ടുള്ള റേററിൽനിന്നും കൂടുതലായതുകൊണ്ടും എല്ലാ പ്രസ്സുടമസ്ഥന്മാർക്കും സ്വീകാര്യമായവിധത്തിൽ ഒരു കുറഞ്ഞ നിരക്കിനാണ് അച്ചടിവേലകൾ ഏല്പിച്ചതു്. ഒന്നിലധികം പുസ്തകങ്ങൾ അച്ചടിക്കാൻ ഏല്പിച്ചിട്ടുള്ള പ്രസ്സുകളുടെ പേരുകൾ ഇതോടു ചേർത്തിട്ടുണ്ട്.

൧. പ്രസ്സ് റാംസന്സ്, തിരുവനന്തപുരം.

൨. വിജ്ഞാനപോഷിണിപ്രസ്സ്, കൊല്ലം.

൩. മലയാളമനോരമപ്രസ്സ്, കോട്ടയം.

൪. ഇന്ദിരാ പ്രസ്സ്, തിരുവനന്തപുരം.
൫. സ്റ്റാൻഡാർഡ് പ്രസ്സ്, തിരുവനന്തപുരം.
൬. പ്രകാശ് പ്രസ്സ്, തിരുവനന്തപുരം.
൭. ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.
൮. അലയൻസ് പ്രസ്സ്, തിരുവനന്തപുരം.
൯. വിശ്വനാഥ് പ്രസ്സ്, എറണാകുളം.
൧൦. പി. കെ. മെമ്മോറിയൽ പ്രസ്സ്, തിരുവനന്തപുരം.
൧൧. ഇ. എസ്സ്. ഡി. പ്രിൻഡിംഗ് വർക്ക്സ്, തിരുവനന്തപുരം.
൧൨. എസ്സ്. ററി. റെഡ്യാർ ആൻഡ് സൺസ്, കൊല്ലം.
൧൩. സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം.
൧൪. ഭാസ്കര പ്രസ്സ്, തിരുവനന്തപുരം.
൧൫. ഹിന്ദുസ്ഥാനി പ്രചാർ പ്രസ്സ്, മദ്രാസ്സ്.

പുസ്തകങ്ങളുടെ വില.

✱ ൬൩൧. [൪൭] ഡാക്ടർ എൻ. എസ്സ്. പിള്ള : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗവണ്മെൻറ വിലക്കെടുത്ത് ഗവണ്മെൻറതന്നെ പ്രസിദ്ധംചെയ്തിരിക്കുന്ന പുസ്തകങ്ങളുടെ വില ഗ്രന്ഥകാരന്മാക്കും പ്രസാധകന്മാക്കും പുസ്തകങ്ങൾ പ്രിസ്ക്രൈബ് ചെയ്ത് അവർതന്നെ അച്ചടിച്ച് വിററുവന്നിരുന്ന കാലത്തേതിൽനിന്നും വർദ്ധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

പൊതുവെ വില വർദ്ധിപ്പിച്ചിട്ടില്ല. നേരേമറിച്ച് വില ക്രമീകരിച്ചതനുസരിച്ച് അധികം പുസ്തകങ്ങൾക്കും വില കുറച്ചിട്ടുണ്ട്. എന്നാൽ ചുരുക്കം ചില പുസ്തകങ്ങളെ സംബന്ധിച്ച് കടലാസ്സിൻെറ തരം, പുറങ്ങളുടെ എണ്ണം എന്നിവ പരിഗണിച്ച് അല്പം വില കൂട്ടിയിട്ടുമുണ്ട്.

കേന്ദ്രസർവീസിലേയ്ക്കുപോയ ഉദ്യോഗസ്ഥന്മാർ.

✱ ൬൩൨. [൪൮] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികസംയോജനത്തോടുകൂടി സ്റ്റേററസർവീസ്സിൽനിന്നും കേന്ദ്രസർവീസിൽ ആയിത്തീന്നിട്ടുള്ള ഉദ്യോഗസ്ഥന്മാരോട് വ്യത്യസ്ഥനിലയിലാണ് പെരുമാറിവരുന്നതെന്നുള്ള വസ്തുത ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെൻറ എന്തു നടപടി എടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) അപ്രകാരമുള്ള പരാതികളടങ്ങിയ നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുതവിഷയത്തിൽ ഈ ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

Beggar Relief.

* 664. [49] **Shri R. Kesava Pillai :** Will the Minister for Local Self Government be pleased to state:

(*a*) the nature of the beggar relief undertaken in the State ;

(*b*) the employment given to beggars who are able to work;

(*c*) measures taken to check beggary?

Minister for Local Self Government **(Shri K. Kochukuttan) :**

(*a*) Three Relief Settelements have been established under the management of the Public Health Department in the Cochin area at Trichur, Ernakulam and Mattancherry. In Trivandrum there is the Sri Chitra Poor Home for the Destitute and the Infirm for which Government are giving an annual grant. Besides there are Poor Homes in the Municipal Towns of Nagercoil, Alleppey and Kottayam under the management and supervision of the respective Municipalities. Sanction has also been accorded for opening a Poor Home in Municipal Town of Quilon under the auspices of the Quilon Municipal Council.

(*b*) The able-bodied inmates of the Poor Homes are given work according to their tastes, such as agriculture, gardening education, weaving, music etc.

(*c*) Beggars are being rounded up according to the provisions of the Prevention of Begging Act in the Travancore area and the Vagrancy Act in the Cochin area and are admitted to the Poor Homes according to availability of funds, accommodation etc. In order to have a uniform policy a common Act on Beggar Relief will be brought into force shortly.

അറബിക് മുൻഷിമാർ.

* ൬൬൫. [൫൨] ശ്രീ. പരീതുറാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിമുൻഷിമാരുടെ അവശതാപരിഹരണാർത്ഥം വല്ല മെമ്മോറാണ്ഡവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ ഗവണ്മെന്റ് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ട്രാവൽബ്യൂറോ.

* ൬൬൬. [൫൩] ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ റെസ്റ്റ്ഹൗസുകളും ടി. ബി-കളും ട്രാവൽബ്യൂറോ എന്ന പ്രൈവററ കമ്പനിക്ക് വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ നടത്തിപ്പ് പൊതുജനങ്ങൾക്ക് അസൗകര്യമാണെന്നു് കാണിച്ചു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) സംസ്ഥാനത്തെ ഏതാനും റസ്റ്റ്ഹൗസുകളും ടി. ബി-കളും ട്രാവൻകൂർ-കൊച്ചിൻ ട്രാവൽ ബ്യൂറോ എന്ന പ്രൈവററ് കമ്പനിക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പരാതികളെപ്പററി അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്.

മത്സ്യത്തൊഴിലാളികൾ.

* നം ൧. [൫ ൪] ശ്രീ. സീ. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കടലോരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തത്തക്കവിധം മത്സ്യം പിടിക്കുന്ന സമ്പ്രദായത്തേയും ആ വ്യവസായത്തേയും പരിഷ്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഉണ്ട്. കടലോരപ്രദേശത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിന് ആവശ്യമായ വള്ളങ്ങൾ, ചാളത്തടികൾ മുതലായവയ്ക്കാവശ്യമായ തടികൾ സർക്കാരിൽനിന്നും സൗജന്യനിരക്കിൽ കൊടുത്തുവരുന്നു. അവർക്ക് മത്സ്യം ശുചിയായി പാകംചെയ്യുന്നതിന് (Fish Curing) തീരപ്രദേശത്തെ പ്രധാനപ്പെട്ട മത്സ്യവ്യവസായകേന്ദ്രങ്ങളിൽ ഗവണ്മെൻറിൽ നിന്നും ചാപ്പകൾ സ്ഥാപിച്ചിട്ടുണ്ട്. മീൻ ഉപ്പിടുന്നതിന് വേണ്ട ഉപ്പ് ഉപ്പളങ്ങളിൽനിന്നും ഗവണ്മെൻറ്ചെലവിൽ ഈ ചാപ്പകളിൽ കൊണ്ടുവന്നു് മന്നൊന്നിന് അളം വിലയിൽ ൪ ണ. വീതം കുറച്ചുള്ള വിലയ്ക്കു് കൊടുത്തുവരുന്നു. ഇപ്പോൾ കടലിൽ ഉപയോഗിക്കുന്ന വഞ്ചികളും, കട്ടമരങ്ങളും യന്ത്രവാഹനങ്ങളുടെ സഹായത്തോടുകൂടി പുറം കടലിൽകൊണ്ടുപോയി മത്സ്യംപിടിക്കുന്നതിനുള്ള ഒരു പദ്ധതിയും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ഉദ്ദേശത്തെ മുൻനിറ ഗവണ്മെൻറ് വാങ്ങിയ കപ്പലിന് ചില കേടുപാടുകളുള്ളതുകൊണ്ട് ഇപ്പോൾ ഈ പദ്ധതിയുടെ പ്രവർത്തനം മുടങ്ങിയിരിക്കുകയാണ്. ഉപയോഗക്ഷമങ്ങളായ വാഹനങ്ങളുടെ സഹായത്തോടുകൂടി ഈ പദ്ധതി വികസിപ്പിക്കുവാൻ ഗവണ്മെൻറ് ആലോചിച്ചുവരുന്നു.

കൂടാതെ ഗവണ്മെൻറിൻെറ മേൽനോട്ടത്തിൽ സഹകരണതത്വത്തിൻെറ അടിസ്ഥാനത്തിൽ കടൽത്തീരത്തുള്ള മത്സ്യത്തൊഴിലാളികളെ സംഘടിപ്പിച്ചുവരികയാണ്. സഹകരണസംഘങ്ങൾവഴി മത്സ്യവ്യവസായ

ത്തിന്റെയും, വ്യവസായികളുടെയും വിവിധങ്ങളായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ ഗവണ്മെന്റ് എപ്പോഴും സന്നദ്ധമാണു്.

വൃക്ഷങ്ങൾ വെട്ടുന്നതിനു കുടിയാന്മാർക്കുള്ള അവകാശം.

*൩൭൮. [൭൭] ശ്രീ. ഏ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തേക്കു്, ഈട്ടി മുതലായ വൃക്ഷങ്ങൾ കുടിയാന്മാർക്കു് സ്വാതന്ത്ര്യമായി വെട്ടുന്നതിനും വളർത്തുന്നതിനും ഉള്ള അവകാശം നൽകുന്ന ഒരു ഉത്തരവു് ഗവണ്മെന്റ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ചു് ഏതെല്ലാം വിഭാഗങ്ങളിൽ ഇപ്പോൾ കുടികൾക്കു് വിട്ടുകൊടുത്തിട്ടുണ്ടു്;

(സി) ബാക്കി സ്ഥലങ്ങളിൽ കുടിയാന്മാർക്ക ഈ അവകാശം നൽകാത്തതെന്തുകൊണ്ടാണെന്നു അറിയിക്കാൻ ദയവുണ്ടാകുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. ചിദംബരനാഥനാടാർ):

(എ) ഉണ്ടു്.

(ബി) കൊച്ചീവിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും ബ്ലാക്കു് ഒന്നിലും രണ്ടിലും.

(സി) ബ്ലാക്കു് നമ്പർ മൂന്നിൽനിന്നും വെട്ടി ഇറക്കാനുള്ള രാജകീയ വൃക്ഷങ്ങൾ വെട്ടി ഇറക്കി കഴിയാത്തതുകൊണ്ടു്.

ദേവസ്വം കൊട്ടാരങ്ങൾ.

*൩൭൯. [൭൮] ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ദേവസ്വം ഡിപ്പാർട്ടുമെന്റിന്റെ കൈവശത്തിലും നിയന്ത്രണത്തിലും ഇരുന്നിട്ടുള്ള ദേവസ്വം കൊട്ടാരങ്ങൾ, തിരികെ കിട്ടണമെന്നു ദേവസ്വം ബോർഡിൽനിന്നും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെന്റ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടു്;

(സി) പ്രസ്തുത കൊട്ടാരങ്ങളെപ്പറ്റി ദേവസ്വംബോർഡു് ഇൻഡ്യാ ഗവണ്മെന്റിനു സമർപ്പിച്ചിട്ടുള്ള നിവേദനം ഈ ഗവണ്മെന്റിന്റെ പര്യാലോചനകൾക്കു് വിഷയമായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) അവസാനതീരുമാനം ചെയ്തിട്ടില്ല.

(സി) ഉണ്ടു്.

ശാസ്ത്രി, മഹോപാദ്ധ്യായ വിശാരദന്മാർ.

*൩൮൦. [൭൯] ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ശാസ്ത്രി, മഹോപാദ്ധ്യായ, സാഹിത്യവിശാരദ ഈ പരീക്ഷാവിജയികൾക്കു് വിദ്യാഭ്യാസവകുപ്പിൽ വേണ്ടപോലെ പ്രോത്സാഹനം ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ൧൧൨൭-൨൮ ഈ വർഷത്തിൽ പ്രസ്തുത പരീക്ഷാവിജയികളിൽനിന്നും എത്ര നിയമനം നടത്തിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ൬൯ (അറുപത്തിഒൻപതു്.)

മലയാളം ഹയർ പരീക്ഷാവിജയികൾ.

※ ൬൭൧. [൬൦] ശ്രീ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം ഹയർപരീക്ഷാവിജയികൾക്കു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ നിയമനം നിഷേധിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരീക്ഷാവിജയികളെ പബ്ളിക്ക്സർവ്വീസ്കമ്മിഷൻ സ്റ്റാഫ് ഡിപ്പാർട്ടുമെൻറിലേയ്ക്കു റിക്രൂട്ടുചെയ്യാറുണ്ടോ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞ സ്റ്റാഫ് വർഷത്തിൽ എത്രപേരെ—എത്ര ഹയർപരീക്ഷാവിജയികളെ നിയമിച്ചിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ൨൫൧.

※ **672.** [61.] **Shri Ganapathy:** Will the Minister for the Uplift of the Backward Communities be pleased to state :

(*a*) whether members of the Backward Communities will be given appointments under Government ;

(*b*) What is the percentage of members of the Backward Communities in Government Service?

Minister for Local Self Government **(Shri K. Kochukuttan):**

(*a*) Yes.

(*b*) As the question of classification of Communities which are to be considered as backward for purposes of recruitment to the Public Service, is now engaging the attention of Government and pending issue of final orders in the matter, it may not be possible to furnish their percentage in Government Service.

Import of cattle.

※ **673.** [62] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state :

(*a*) whether any statistics are available on the import of cattle into this State from outside;

(*b*) if so, what the species and in each how many are for slaughter, milking and draught purposes?

Chief Minister **(Shri A. J. John):**

(*a*) No statistics are available.

(*b*) In view of the answer to (a) above, this does not arise.

Libraries.

*** 674.** [63] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(*a*) How many libraries are receiving state aid;

(*b*) Is there any organisation called Library Association;

(c) If so, is it Government sponsored, and what are its activities?

Chief Minister **(Shri. A. J. John):**

(*a*) 896.

(*b*) Yes.

(*c*) Government are only giving annual grant of Rs. 20,000|— for staff organisation, etc. of the Association. The Libraries in the State are periodically inspected and guided by the Travancore-Cochin Granthasala Sanghom.

Educational concessions.

*** 675.** [65] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

Whether the Government intend granting any educational concessions to the children of low paid teachers and N. G. O.s?

Chief Minister **(Shri A. J. John):**

The matter is under consideration.

New Schools.

*** 676.** [60] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

(*a*) the number of schools — primary, middle and high — applied for this year;

(*b*) the number of Schools of each section sanctioned;

(*c*) what was the basis fixed for the sanction?

Chief Minister **(Shri A. J. John):**

(*a*) Applications were received for the following numbers of Schools:—

Primary Schools	116
Middle Schools	168
High Schools	146

(*b*) Numbers sanctioned are as follows:—

Primary Schools	47
Middle Schools	40
High Schools	38

(*c*) Educational need of the locality.

വായനശാലകൾ.

*൩൯൯. [൩൯] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രന്ഥശാല ഇൻസ്പെക്ഷൻകമ്മിററിക്കാർ ഈ വർഷം എത്ര മൈൽ സഞ്ചരിച്ചു; എത്ര വായനശാലകൾ സന്ദർശിച്ചു; എന്തു് അലവൻസ് പററി?

(മുഖ്യമന്ത്രി ശ്രീ. എ. ജെ. ജാൺ):

ഗ്രന്ഥശാല ഇൻസ്പെക്ഷൻ കമ്മിററിക്കാർ ൧൯൫൧–൫൨ ൽ ൯൨൫ വായനശാലകൾ സന്ദർശിച്ചു. ഓരോ അംഗവും സഞ്ചരിച്ച ദൂരവും, പററിയ തുകയും താഴെ ചേർക്കുന്നു.

	പേരു്.	സഞ്ചരിച്ചമൈൽ.	പററിയതുക (രൂപ)
൧.	ശ്രീ. സി. നാരായണപിള്ള	൯൩൦	൨൩൦-൦-൦
൨.	,, എൻ. പി. വർഗ്ഗീസ്സു്	൨൧൦൴	൧൦൩-൬-൦
൩.	,, ഏ. പി. ഉദയഭാനു	൩൦൧൴	൨൩൩-൦-൦
൪.	,, എം. കെ. മേനോൻ	൧൪൨൧ ബിൽ പാസ്സായില്ല.	
൫.	,, പി. എൻ. പണിക്കർ	൨൦൪൦ ബിൽ അയച്ചിട്ടില്ല.	

UNSTARRED QUESTIONS AND ANSWERS.

Calcium Carbonate.

158. [1] **Shri P. S. Nataraja Pillai:** Will the Minister for Agriculture be pleased to state:

(*a*) the amount of expenditure in 1951-52, as subsidy on the sale of calcium carbonate;

(*b*) the quantity of calcium carbonate for which subsidy was incurred in this year;

(c) the quantity of calcium carbonate distributed in each of the taluks of Trivandrum Division?

Answer.

(*a*) Rs. 14,194-15-0.
(*b*) 2015 tons.
(c) Nil.

വഞ്ചി പൂവർ ഫണ്ടിന്റെ പ്രവർത്തനം.

൧൫൯. [൪] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഞ്ചി പൂവർ ഫണ്ടിന്റെ പ്രവർത്തനം മിനിസ്റ്റർക്ക് നേരിട്ടു ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം എങ്ങിനെ നടന്നുവരുന്നു;

(സി) പൂവർ ഫണ്ടിന്റെ അധികൃത മൂലധനമെന്തു്;

(ഡി) ജനകീയ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഫണ്ടിനുവേണ്ടി ആരെങ്കിലും സംഭാവനകൾ നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആരുടെയെല്ലാം;

(എഫ്) സംഭാവനത്തുകകൾ യഥാക്രമം എങ്ങനെ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഒരുവിധം തൃപ്തികരമായി നടന്നുവരുന്നു.

(സി) അധികൃതമൂലധനം എന്നൊന്നില്ല. എന്നാൽ സംഭാവനയായും വരിസംഖ്യയായും ഗവണ്മെന്റ ഗ്രാന്റായും കിട്ടിയ ൨൨,൬൨,൦൦൦ രൂപ ഫണ്ടിനു് ഇപ്പോൾ ഉണ്ടു്.

(ഡി) സംഭാവനകൾ കിട്ടിയിട്ടില്ല. അംഗങ്ങളിൽനിന്നും വരിസംഖ്യ കിട്ടിയിട്ടുണ്ടു്.

(ഇ & എഫ്) ചോദ്യം ഉദിക്കുന്നില്ല.

യൂണിവേഴ്സിററി എൻഡോമെന്റ് ഫണ്ടു്.

൧൩൦. [൭] ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) നമ്മുടെ യൂണിവേഴ്സിററി എൻഡോമെന്റ് ഫണ്ടിന്റെ ആകത്തുക തിട്ടപ്പെടുത്തീട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഖ്യ എത്രയാണു്;

(സി) ജനകീയഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ ഫണ്ടിൽ സംഭാവനകൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാം എന്തു സംഖ്യകൾ വീതം?

ഉത്തരം.

(എ) ഉണ്ടു്.

(ബി) രൂപ ൧൧,൩൩,൮൭൩-൨-൧൧.

(സി) ഉണ്ടു്.

(ഡി) സംഭാവന ചെയ്തവരുടെ പേരും സംഭാവനചെയ്ത തുകയും അടങ്ങിയ ഒരു സ്റ്റേറ്റമെന്റ് മേശപ്പുറത്തു് വച്ചിരിക്കുന്നു.†

Please see appendix IV,

Housing Scheme.

161. [6] **Shri A. Samraj :**

(*a*) whether the Government have received petitions from houseless people from the various villages of Thovala and Agastiswaram taluks; if so from which villages ;

(*b*) how many housing schemes the Government will be sanctioning for the comming financial year ?

Answer.

(*a*) Yes; petitions from the housless people of the following villages have been received :

Elluppayady, Keeramkulam and Aramboly in Thovala taluk and Pārakka, Kaniankulam, Parayadi, West Kalungady and adjoining villages and Athiyadi in Agastheeswaram taluk.

(*b*) As this will depend on the availability of funds, the information is not available at present.

Shuttle bus service.

162. [7] **Shri K. Madhavan Unnithan :** Will the Minister for Transport be pleased to state :

(*a*) whether Government have received representations from the public of Kunnathur requesting for running of a shuttle bus service between Kottarakara and Adoor ;

(*b*) what action has been taken on the same ?

Answer.

(*a*) Yes.

(*b*) The possibility of running a shuttle service is being enquired into.

Sub Registrar Office.

163. [8] **Dr. M. Sivaraman Nair :** Will the Minister for Revenue be pleased to state :

whether it is a fact that the Sub-Registrar's Office at Pandalam is being continued on a temporary basis for more than ten years ?

Answer.

Yes.

ചിറ നന്നാക്കൽ.

൧൬൪. [൯] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ മേലില പകുതിയിൽ വില്ലൂർ എന്ന സ്ഥലത്തു് ഉള്ള ചിറ മണ്ണിടിഞ്ഞുവീണ നികന്നുപോയതിനാൽ കീഴ്‌വശമുള്ള ഇരുപ്പൂകൃഷിനിലങ്ങൾ കൃഷിചെയ്യുവാൻ ഉപകരിക്കുന്നില്ലെന്നും, ഉടനെ ചിറ നന്നാക്കികിട്ടണമെന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

M. P. School building, Shertalai North.

165. [13] **Shri. C. K. Kumara Panicker:** Will the Minister for education be pleased to state:

(*a*) have Government received any representation from the public of Shertalai North pakuthi regarding the collapse of the Shertalai North M. P. school building;

(*b*) was the school building constructed by public donations and handed over to Government with necessary furniture;

(*c*) Is it a fact that the present school building is quite insufficient to meet the requirements of the large number of students.

(*d*) why has there been such a long delay in the construction of a proper building in place of the building that collapsed?

Answer.

(*a*) Yes.

(*b*) The temporary shed 80' x 18' in which the school is being conducted at present was put up by the public and handed over to the Education Department.

(*c*) Yes.

(*d*) Necessary arrangemnts have already been made with the Public Works Department for the construction of a new building for the school and the estimate therefor has been sanctioned by Government.

Lands for the Harijan Seva Sangh.

166. [14] **Shri Ganapathy:** Will the Minister for Local Self Government be pleased to answer the following questions?

(*a*) what action has been taken in respect of the 5 of cents of land near the Munnar Anchal Office required for putting up an office for the Deviculam taluk Harijan Seva Sangh;

(*b*) why is it that sanction has not been accorded so far; and

(*c*) will the Government be pleased to state when sanction will be accorded?

Answer

(*a*), (*b*) & (*c*)

The particular site near the Munnar Anchel Office cannot be spared. The question of giving another site is under consideration of the Government.

Employees from Backward Communities.

167. [15] Shri Ganapathy:

(*a*) How many persons of the backward communities are in service? (Gazetted and non-Gazetted)

(*b*) How many persons of the backward communities are employed in Government schools?

(*c*) what is the total number of teachers?

(*d*) what is the population of our State? What is the population of the backward communities? What is the population of the Hill tribes?

Answer.

(*a*) to (*c*) Information is being collected.

(*d*)	The population of the State is	92,80,425
	Scheduled Castes	8,70,139
	Tribes	26,580
	Other backward communities	4,16,224

പ്രാർത്ഥനാ സ്വാതന്ത്ര്യം.

൧൬൮. [൧൭] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ തഴവാ കുററിപ്പുറം ചന്തയ്ക്കു സമീപമുള്ള മുസ്ലീം പള്ളിയിൽ വെള്ളിയാഴ്ചതോറും ജുംഅ നടത്തുന്നതിനു ഗവണ്മെൻറ നൽകിയിരുന്ന അനുവാദം റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ടോ;

(ബി) റദ്ദ് ചെയ്തെങ്കിൽ അതിനു കാരണമെന്ത്;

(സി) ജുംഅ നടത്താൻ അനുവാദം കൊടുത്തത് എന്ന്; റദ്ദ് ചെയ്തതെന്ന്;

(ഡി) ഇതു സംബന്ധിച്ച് റവന്യൂബോർഡ് മെംബറും, ഐ. ജി.-യും സ്ഥലത്തുപോയി അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടുകൾ ഇതിനു അനുവാദം നൽകുന്നതിൽ അനുകൂലമായിരുന്നോ, പ്രതികൂലമായിരുന്നോ;

(ഇ) അനുകൂലമായിരുന്നെങ്കിൽ ഇപ്പോൾ ആരുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് അതു റദ്ദ് ചെയ്തത്?

ഉത്തരം

(എ) ഉവ്വ്. അവിടെയുള്ള തൈക്കാവു പള്ളിയായി വികസിപ്പിക്കാനും അതോടൊന്നിച്ചു ഒരു ശവക്കോട്ട സ്ഥാപിക്കുന്നതിനും ഉണ്ടായിരുന്ന അപേക്ഷയിന്മേൽ പള്ളി അനുവദിക്കുകയും അതിനുശേഷം അനുവാദം സ്റ്റേ ചെയ്യുകയും അന്വേഷണത്തിനുശേഷം റദ്ദ് ചെയ്കയും ഉണ്ടായിട്ടുണ്ട്.

(ബി) അനുവാദം നൽകുന്നതു യുക്തമല്ലെന്നുള്ള കാരണത്താൽ.

(സി) ജപ്തി നടത്തുവാൻ അനുവാദം കൊടുത്തതു് ൧൩-൭-൫൦-ൽ; റദ്ദു് ചെയ്തതു് ൧൬-൬-൫൦-ൽ.

(ഡി) റവന്യൂബോർഡു് മെംബർ, ഐ. ജി., ഡിസ്ട്രിക്ട് മജിസ്ട്രേട്ടു്, തഹശീൽദാർ, പബ്ലിക്ക് ഹെൽത്തു് ഡയറക്ടർ, ഇവർ അന്വേഷണങ്ങൾ നടത്തുകയും റിപ്പോർട്ടു ചെയ്യുകയും ചെയ്തിട്ടുണ്ടു്.

(ഇ) റിപ്പോർട്ടുകളുടെയും ബഹുജനങ്ങളുടെ ഹർജികളുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ ഉത്തരവു റദ്ദു് ചെയ്തു.

Travancore District Municipalities and the Cochin Municipal Acts (Amendment) Bill—Report of Select Committee on.

12 NOON.]

Mr. Speaker: I would call upon the Minister for Local Self Government to move his motion.

Minister for Local Self Government. **(Shri K. Kochukuttan):** I beg to move that the time appointed for the presentation of the Report of the Select Committee on the Travancore District Municipalities and the Cochin Municipal Acts (Amendment) Bill be extended up to the 17th July 1952.

Shri Kalathil Velayudhan Nair: I second it.

The motion was put and carried.

VOTING OF DEMANDS FOR GRANTS. (*contd.*)

Demand I—Agricultural Income Tax and Sales Tax (*contd.*)

Shri P. S. Nataraja Pillai: Sir, I move: to reduce the allotment of Rs. 6,27,100 for District Officers by Re. 1.

Sir, our taxes and duties give us a very high revenue. The revenue from Sales Tax stand at 2·68 crores of rupees and out of the total revenue of ten crores from the principal sources of revenue, we get nearly one-fourth from this item. But what I want to point out to this House is that the charges for collection are increasing out of proportion to the revenue. In the budget estimates for the next year, the expenditure for collection charges comes to Rs. 6,27,100 while the revised estimates for 1951—52 is only Rs 4,88,000. That means an increase of nearly Rs. 1,39,000 on collection charges this year on the pay of officers and establishment. Sir, I find that the scale of pay of the personnel and the strength have also been revised in this budget. Officers drawing higher salaries have been increased, according to me, out of proportion to the other establishment. I do not know, Sir, why this increase has been effected, or proposed in this budget. And the one standing charge which we very often hear in respect of the Sales Tax Department is that appointments are made in this Department very indiscriminately without considering properly the seniority in the Department. From various other departments the personnel of this department is

[Shri P. S. Nataraja Pillai]

selected , and they are granted scales of pay higher than those they were drawing in their respective departments. Thus several persons get undue advantage by such selections. This is a matter which the Government must look into. I, for one, would suggest that it is always better, when one department is organised, to give regular promotions to those who are working in that department. The present practice of recruiting persons from other departments to posts of higher pay will impair the efficient working of the department.

I wish to make clear one or two points relating to the general principles of the tax, as it is enforced in this State. Yesterday, it was argued, that Sales Tax was imposed to cover up the loss that may accrue to this State by the introduction of prohibition. To a certain extent it is true that when Sales Tax was introduced , it was contemplated that side by side with it, prohibition will be extended in this country. I, for one, believe that prohibition is a measure which ought to be enforçed in the country and which will ultimately benefit the masses in the country. Therefore , I consider it a dereliction of duty on the part of Government when they did not implement the Prohibition Act. I am not going to argue that position. Since the Government did not enforce prohibition, it is not right to say that the Government should not enforce Sales Tax. There may be a converse argument. But I do not endorse that view. Sales Tax had to be imposed by this Government in order to meet its increasing expenditure. But, at the same time, there is a moral responsibility on the Government to enforce prohibition and extend it in this country and thereby do what they can to raise the moral and material prosperity of the people as a whole. I do not want, at this moment , to speak further on the question of prohibition, for which I hope to have other opportunities.

As far as Sales Tax is concerned, as enforced at present, there is one difficulty. Here we have introduced the multi-point Sales Tax system. Whether that is necessary at the present time, or whether it is working as it ought to be, are matters that must be seriously considered. It is an accepted fact and I think the Finance Minister will also agree that this tax is a regressive tax, and that it is not one that is based on the canon that a tax must be in proportion to the capacity to bear. This is a consumption tax. Every person making a purchase has to pay this tax, irrespective of his capacity to bear the burden. Thus, it is a regressive tax. When a tax is regressive, it is the duty of the Government to take particular care that the element of regressiveness is not unduly heavily laid on the consuming public. From that point , let us see whether it is not better for us to switch off from the present multi-point tax to a single point Sales Tax.

Then, there is the question of exemption. We have exempted necessaries of life to a certain extent. But in the interpretation of it , some confusion is made by the subordinates of the department, either because they are ignorant of the exact

implication of the terms or they do not pay proper attention to the matter. I will illustrate. When a merchant deals with plantains when they are green, he has not to pay tax. But when he deals with them after they are ripe, he has to pay the tax. That seems to me to be very curious. A vendor of green fruits should not have to pay tax while the vendor of ripe plantain fruits should have to pay the tax. I do not understand the principle behind this differentiation. If it is the food value that is taken into account....

Shri Anthonie Andrew Daniel Luiz : Vegetables are not taxed.

Shri P. S. Nataraja Pillai : I understand it. But I am asking what is the principle behind this difference. Plantain fruit when green is not taxed, but when ripe, it is taxed.

Shri Anthonie Andrew Daniel Luiz : It is not.

Shri P. S. Nataraja Pillai : It is. In the Nagercoil Municipality it is being taxed. May I say to my friend that I generally make statements in this House only after making enquiries. So I say that fruits are being charged to Sales Tax and prosecutions are being launched in the Nagercoil Municipality, and I do not know how the officers of the Sales Tax Department in the Municipality interpret the Sales tax rules. That is the way this department is working. That gives rise to complaint. Sales tax thus becomes intolerable, due to the incapacity of the collecting agents in appreciating the principles of the enforcement of the tax. Sales tax should be enforced at one point so that people may be given as much relief as possible.

Then, a word about the appellate tribunal. Now, Sales Tax income tax and Excise are being looked after by each member of the Revenue Board. The executive head of Sales Tax is one member, that of the revenue department is another member. From the very first, when the idea of a Revenue Board was mooted, it was suggested by certain sections in this House that it would be unwise to leave the departments under the charge of a Board and that the Departments must be under separate Executive Heads. Yesterday a member of the ruling party said that there are no minutes of the meetings of the Revenue Board. Therefore, I am emboldened to put this question why should not the departments have an executive head and why should not we abolish the Board ?

So, I at the present moment, say that the working of Sales tax Department would have been better if we had an executive head for the Department. Also we want an Appellate Tribunal for the Sales tax Department. If we have a body to sit in judgment as an appellate authority for all Departments for Sales tax, for Land Revenue and Excise and so on, and constitute it as apart from the Executive authority, and leave these departments to be worked by executive heads, that would be a better arrangement. Therefore, I plead for the abolition of the Revenue Board and creation of the Appellate Tribunal which will sit in judgment over all cases that may arise from all the other Departments.

ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : സർ, വിൽപ്പനനികുതി ഈടാക്കുന്നകാര്യത്തിൽ ഞങ്ങളുടെ കക്ഷി എതിരാണെന്ന് ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. കാർഷികാദായനികുതി ഈടാക്കുന്നതിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന പരാതികളെ ചൂണ്ടിക്കാണിക്കുന്നതിനാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നതു്. കാർഷികാദായനികുതി ഈടാക്കുന്ന കാര്യത്തിൽ ഞങ്ങളുടെ കക്ഷി ഒരിക്കലും എതിരല്ല. എന്നാൽ ഇന്നു കാർഷികാദായനികുതി പിരിക്കുന്നതിനു ഉദ്യോഗസ്ഥന്മാർ തയാറാക്കുന്ന കണക്കുകളും അസസ്സുമെൻറുകളും മൂലം ജനങ്ങൾക്കുണ്ടാകുന്ന നിരവധി വിഷമങ്ങളെ പരിഹരിക്കേണ്ടതാണ്. വസ്തുക്കളുടെ വിവരവും ആദായത്തിൻെറ കണക്കുമെല്ലാം ഡിപ്പാർട്ടുമെൻറിലേയ്ക്കു റിപ്പോർട്ടുചെയ്യുന്നതു് ഓരോ പകുതികളിലുമുള്ള പ്രവൃത്തികാരന്മാരാണ്. ആദായം കണക്കാക്കുന്നതിൽ പല തകരാറുകളും കണ്ടുവരുന്നുണ്ട്. ഈ നാട്ടിലെ കൃഷിക്കാർ വ്യവസായസ്ഥാപനങ്ങളെപ്പോലെ കണക്കു സൂക്ഷിക്കുന്നില്ല. വമ്പിച്ച ആദായമുള്ള കൃഷിക്കാർ ഇന്നത്തെ അസസ്സുമെൻറു രീതിയിൽ നിന്നു്, ശരിയായ കണക്കുകൾ കൊടുക്കാതെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരെ പ്രീതിപ്പെടുത്തി, ഒഴിഞ്ഞുമാറുന്നതു് കാണാൻ സാധിക്കും. അതേയവസരത്തിൽ ചെറുതരം കൃഷിക്കാരെ യാതൊരു കണക്കും കൂടാതെ അസസ്സുമെൻറു ചുമത്തി മൊത്തത്തിൽ ഏക്കറിനു മുന്നൂറും നാനൂറും എന്ന കണക്കിൽ ആദായനികുതി ഈടാക്കിവരുന്നു. ഇങ്ങനെ അസസ്സ് ചെയ്തുകഴിഞ്ഞാൽ അതിനെപ്പററി ഒരു പരാതി കൊടുക്കണമെങ്കിൽ അസസ്സ്ചെയ്ത പണം കൊടുത്തതിനുശേഷമേ പാടുള്ളു. വർഷംതോറും അസസ്സുമെൻറു പൂർത്തിയാകാത്തതിനാൽ പണ്ടെതോ ഒരു കൊല്ലത്തിൽ ആദായമുണ്ടായിരുന്നു എന്ന കണക്കിനെ അടിസ്ഥാനപ്പെടുത്തി മുടിഞ്ഞു പാപ്പരായ പാവപ്പെട്ട കൃഷിക്കാരൻ കടംമേടിച്ചു നികുതി അടയ്ക്കേണ്ടിവരുന്നുണ്ട്. ഈ നികുതിയുടെ തത്വം ശരിയാണെങ്കിലും പ്രായോഗികമായി നോക്കുമ്പോൾ ഈ നാട്ടിലെ ഭൂരിപക്ഷം വരുന്ന ചെറിയ കൃഷിക്കാർക്ക് വലിയ ഉപദ്രവമായിട്ടാണ് കാണുന്നതു്. വസ്തുക്കളുടെ ശരിയായ വിവരം സ്ഥലത്തുപോയി അന്വേഷിക്കാനോ അന്നന്നു കമ്പോളങ്ങളിലുള്ള സാധനങ്ങളുടെ വില അന്വേഷിക്കാനോ ശ്രദ്ധിക്കാതെയാണു നികുതി അസസ്സ് ചെയ്തുവരുന്നതായി കണ്ടുവരുന്നതു്. വേണ്ട സമയത്തു കാര്യക്ഷമമായി ഒന്നും പ്രവൃത്തിക്കാതെ ഈ നിലയിൽ മുമ്പോട്ടു പോകുകയാണെങ്കിൽ ഞങ്ങളുടെ കക്ഷി പറഞ്ഞതുപോലെ ഈ നികുതി പിരിയ്ക്കാൻ വളരെ പ്രയാസമായിരിക്കും. ഡിപ്പാർട്ടുമെൻറിൽനിന്നും ഉദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി വ്യക്തികളുടേയും വസ്തുക്കളുടേയും മററും വിവരങ്ങൾ സൂക്ഷ്മമായി ശേഖരിക്കുന്നില്ലെങ്കിൽ കാർഷികാദായനികുതി ശരിയായ രീതിയിൽ ഈടാക്കാൻ സാദ്ധ്യമല്ലാതായിത്തീരുമെന്നാണ് എനിക്കു പറയാനുള്ളതു്.

Shri K. Madhavan Unnithan: Sir, I move this cut to discuss about some irregularities prevailing in the matter of assessment and collection of agricultural income-tax.

Income-tax Officers have usually made it a point not to accept as genuine the account books and other records produced by tax-payers as evidence of their income. The income is assessed more or less arbitrarily without any reference to local conditions or the market price of the produce raised on the land. In

most parts of Central Travancore, the annual income from barren dry lands is ordinarily assessed at an average rate of Rs. 150 per acre while actually with the high cost of cultivation and the comparatively low price of tapioca and similar crops, a net income of Rs. 25 per acre would be a very liberal estimate.

Another practice that calls for enquiry is the system of re-assessment of tax for a particular year due from the same person after he has paid his tax on demand under a prior assessment. Sir, to put an end to this sort of taxing imaginary income and to afford some relief to the tax payers, I suggest for the acceptance of this House and the Government that local Committees with Income-tax Officers as Conveners be constituted periodically to assess the income from lands in their spheres. Suitable alterations should also be made in the rules so as to allow payment of tax in convenient instalments.

In the matter of sales tax also small traders and craftsmen are often harassed by indiscriminate and arbitrary assessment. But I don't think that the House will agree with the demand of the leader of the Opposition that sales tax should be abolished as being immoral and oppressive. I don't see how sales tax is immoral or oppressive, when the principle is that each is taxed according to his capacity. We have to meet all the necessities for nation building purposes. Under the Constitution all the rich resources of the State are retained with the Centre and all the nation building activities are left for the State. Our only flexible income is the sales tax. Yet, the Opposition pleads for its abolition, while at the same time they ask for more and more expenditure.

Probably, such inconsistencies and contradictions are inevitable for a party whose ideology is not always wedded to truth or constructive methods. They organise strikes, try to paralyse industry and at the same time accuse the Government that all the available manpower is not being utilised for running industrial concerns. Innocent and excitable school children are called away from schools and then the complaint is raised that the percentage of pass is very low. Again, while the Communist party of India criticises the Government of India on the one hand for not efficiently interfering in far off Korea, the leader of the Communist party in the Indian Parliament asks what business the Government had to interfere in other peoples' affairs, when it was the question of trouble in Tibet and when China was reported to have been involved. It is a long list and the people have begun to open their eyes. But it was left to the leader of the Opposition in this House to make the open and novel declaration that it is not within the functions of his party to consider how the Government could carry on if major sources of revenue are curtailed as he wants them to be. It is a grave challenge to all accepted principles of democracy and political morality. It is not playing fair with the electorate, who have sent them here to work the constitution and not to create confusion and chaos.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, സെയിൽസ് ടാക്സിനെപ്പററി ഇന്നലെ ഞങ്ങളുടെ പാർട്ടിനേതാവു സംസാരിച്ചതിനെക്കുറിച്ചു് അതിനു മറുപടി പറയേണ്ടവിധത്തിലല്ലെങ്കിൽതന്നെയും മററൊരു സന്ദർഭമുണ്ടാക്കി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി, ഞങ്ങൾ സെയിൽസ്ടാക്സിനെ എതിർക്കുകയാണെന്നു്. എന്നാൽ എന്തുകൊണ്ടാണു ഞങ്ങൾ സെയിൽസ് ടാക്സിനെ എതിർക്കുന്നതെന്നോ ഏതു ന്യായത്തിലാണു എതിർക്കുന്നതെന്നോ അദ്ദേഹം വേണ്ടത്ര വ്യക്തമാക്കിയില്ല. ശ്രീ. ടി. വി. തോമസ്സു പറയുന്നതു് സെയിൽസ് ടാക്സ് വേണ്ടെന്നാണെങ്കിൽ അദ്ദേഹത്തിന്റെ അനായായിയായ മററുതരം രാഷ്ട്രനിർമ്മാണപരമായ കാര്യങ്ങൾക്കു് പണം കൂടുതൽ വേണമെന്നാണു വാദിക്കുന്നതു്. ഇതു നിങ്ങൾക്കു് ഒരു ഫിസ്കൽ പാളിസിയില്ലാത്തതിന്റെ തെളിവാണു്. എന്താണു സർ, ഈ ഫിസ്കൽ പാളിസി. ഇന്നു ഫിസ്കൽ പാളിസിയെക്കുറിച്ചു്—ഫിനാൻഷ്യൽ പാളിസിയെക്കുറിച്ചു്—സാമ്പത്തികവിദഗ്ദ്ധന്മാർ പലവിധത്തിലുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഏതു സാമ്പത്തികവിദഗ്ദ്ധന്റെ അഭിപ്രായമാണു പിൻതുടരുന്നതെന്നാണു എനിക്കു ചോദിക്കുവാനുള്ളതു്. ഒരു കാര്യം ഞാൻ ഈ അവസരത്തിൽ സഭയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇൻഡ്യൻനാഷണൽ പ്ലാനിംഗ്കമ്മിഷനിൽ ശ്രീ. പണ്ഡിററ്നെഹ്റുവിന്റെകൂടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ശ്രീ. കെ. ററി. ഷാ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ടു്. അതിപ്രകാരമാണു്. കൂടുതൽ വരുമാനമുള്ളവരിൽ നിന്നെടുത്തു് ഇല്ലാത്തവന്റെ വിടവു നികത്തണം. ആ തര ിൽ ചെയ്യാൻ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ തയാറുണ്ടോ? അതിനദ്ദേഹമൊരുക്കമല്ല. വൻവരുമാനമുള്ളവനും ഇല്ലാത്തവനും തമ്മിൽ ഉള്ള വിശാലമായ വിടവു് നികത്താത്ത ഒരു ഫിസ്കൽ പാളിസി ഞങ്ങൾക്കില്ല. അതുകൊണ്ടാണു ഈ സെയിൽസ് ടാക്സ് ഇമ്മോറലാണെന്നു ഞങ്ങൾ പറയുന്നതു്. കഴിഞ്ഞ അസംബ്ലിയിൽ ശ്രീ. പനമ്പിള്ളി പറഞ്ഞതുപോലെ ഇന്നും മറുപടി പറയുമ്പോൾ റഷ്യയിൽ സെയിൽസ്ടാക്സ് ഉണ്ടെന്നു പറഞ്ഞേക്കും. റഷ്യയിൽ സെയിൽസ്ടാക്സ് മാത്രമല്ല മററന്തൊക്കെയോ ഉണ്ടു്. പക്ഷെ അതിനെപ്പററിയൊന്നും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന് ഒന്നും പറയാനില്ല. റഷ്യയിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്ററ ഗവണ്മെൻറ് ഭൂമി ദേശീയമാക്കി യഥാർത്ഥ കൃഷിക്കാർക്കു വീതിച്ചുകൊടുത്തു. അതുപോലെതന്നെ വ്യവസായത്തേയും വിദ്യാഭ്യാസസ്ഥാപനങ്ങളേയും ദേശവൽകരിച്ചു. അതിനെപ്പററി ഒന്നുംതന്നെ അദ്ദേഹം പറയുന്നില്ല. പിന്നെ സെയിൽസ് ടാക്സ് മാത്രം റഷ്യയിലുണ്ടെന്നു പറയുന്നതിന്റെ അർത്ഥം വളരെ വ്യക്തമാണു്. റഷ്യയിൽ സെയിൽസ്ടാക്സ് ഉള്ളതുകൊണ്ടാണു് ഇവിടേയും അതേർപ്പെടുത്തിയിട്ടുള്ളതെങ്കിൽ അവിടെയുള്ളതുപോലെ എല്ലാ കാര്യങ്ങളും ഇവിടെയും ചെയ്യാൻ തയ്യാറാകണം. ഞങ്ങളുടെ വാദഗതിക്കു് മറുപടി പറയാൻ മററൊന്നും കാണാത്തതുകൊണ്ടു് റഷ്യയിൽ സെയിൽസ്ടാക്സ് ഉണ്ടെന്നു മാത്രം പണ്ഡിതനെന്നു ഭാവിക്കുന്ന അദ്ദേഹം പറയുന്നു. മററുകാര്യങ്ങളെക്കുറിച്ചു് അദ്ദേഹത്തിനു യാതൊന്നുംതന്നെ പറയാനില്ല. ആ കാര്യങ്ങളെ എന്തുകൊണ്ടു് അദ്ദേഹം പരിഗണിക്കുന്നില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അദ്ദേഹം ഇതിനനുകൂലമായിട്ട് ശ്രീ. അച്യുതമേനോൻ റഷ്യയെപ്പറ്റി എഴുതിയിട്ടുള്ള പുസ്തകത്തിന് അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. കെ. വിശ്വനാഥൻ: അദ്ദേഹം അപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെല്ലാം ഇപ്പോൾ മറന്നിരിക്കയാണ്. റഷ്യയെക്കുറിച്ചും അവിടത്തെ സാമ്പത്തികസ്ഥിതിയെക്കുറിച്ചും അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങൾ ഇന്നു മാറിയിരിക്കയാണ്. അങ്ങിനെ മാറേണ്ടതു അദ്ദേഹത്തിന്റെ പണിയായിത്തീർന്നിട്ടുണ്ട്.

സർ, ഈ അവസരത്തിൽ സെയിൽസ്ടാക്സ് പിരിക്കുന്നതിനെക്കുറിച്ച് ഒന്നുരണ്ടു സംഗതികൾ വ്യക്തമാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ഒരു ചോദ്യത്തിനു മറുപടിയായി ധനകാര്യമന്ത്രി പറയുകയുണ്ടായി, രണ്ടുകോടി നാൽപ്പതുലക്ഷത്തിൽപരം രൂപാ സെയിൽസ് ടാക്സ് ഇനത്തിൽ കിട്ടുമെന്ന്. എന്നാൽ അതിൽ മൂന്നിലൊന്നാണു മൊത്തവ്യാപാരികളിൽ നിന്നും ഈടാക്കുന്നതു്. അതിൽനിന്നും ഒരു കാര്യം വളരെ വ്യക്തമാകുന്നുണ്ട്. ഇവിടെ മൾട്ടിപോയിന്റ് സെയിൽസ്ടാക്സ് ആണു ഈടാക്കിവരുന്നതെന്ന്. അതു തെറ്റാണ്. ൨ കോടി ൪൦ ലക്ഷത്തിൽപ്പരം രൂപ ചെറുകച്ചവടക്കാരിൽ നിന്നു പിരിക്കുമ്പോൾ ൮൦ ലക്ഷത്തിൽപരം രൂപാ മാത്രമാണു മൊത്തവ്യാപാരികളിൽ നിന്നു പിരിക്കുന്നതു്. അതു തെറ്റാണെന്നു പറയുന്നതിനുള്ള ഒരു തെളിവാണ് ആകെയുള്ളതിൽ മൂന്നിലൊന്നുമാത്രമേ മൊത്തവ്യാപാരികളിൽ നിന്നും ഈടാക്കുന്നുള്ളു എന്നുള്ളതു്. വളരെ പ്രധാനമായ മറ്റൊരു സംഗതി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു് ഉദ്യോഗസ്ഥന്മാർ സെയിൽസ് ടാക്സ് ഇഷ്ടംപോലെ അസസ്സ്ചെയ്യുന്നു എന്നുള്ളതാണ്. ഉദാഹരണത്തിനു ഞങ്ങളുടെ സ്ഥലത്തു നടന്ന ഒരു കാര്യം ഇവിടെ പറയണമെന്നു ഞാൻ വിചാരിക്കുന്നു. കഴിഞ്ഞ വർഷം ഫിഫ്ത്ത്ഫാറത്തിൽ പഠിച്ചുകൊണ്ടിരുന്ന ഒരു കുട്ടി പരീക്ഷയിൽ തോറ്റതുകൊണ്ടു് സ്കൂളിൽ പോകേണ്ടെന്നു കുട്ടിയുടെ പിതാവു് പറയുകയുണ്ടായി. സ്കൂളിൽ പോകാതെയിരിക്കുന്ന അവസരത്തിൽ കുട്ടിക്കു് ഒരു ജോലിക്കുവേണ്ടി കുട്ടി അറിയാതെ തന്നെ കുട്ടിയുടെ പിതാവു് തേങ്ങവെട്ടാൻ ഒരു ലൈസൻസ്സിന് അപേക്ഷിച്ചു. എന്നാൽ ലൈസൻസ് കിട്ടിയില്ല. കുട്ടി സ്കൂളിൽപോവുകയും ചെയ്തു. ഇപ്പോൾ പതിമൂന്നുമാസത്തിനുശേഷം ആ വിദ്യാർത്ഥിയുടെ പേരിൽ ൫൦൦ രൂപ അസസ്സ് ചെയ്തു നോട്ടീസ് വന്നിരിക്കയാണ്. ആ വിദ്യാർത്ഥിയാണെങ്കിൽ ഈ നോട്ടീസുകിട്ടുമ്പോൾ സ്കൂളിൽ പരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരിക്കയാണ്. ഞാൻ തേങ്ങവെട്ടു നടത്തീട്ടില്ല എനിക്കു് ലൈസൻസ് കിട്ടീട്ടുമില്ല എന്നു് അറിയിക്കുന്നതിന് രണ്ടു രൂപ സ്റ്റാമ്പൊട്ടിച്ച് അപേക്ഷ കൊടുക്കണം. ഇങ്ങനെയെല്ലാമാണ് സെയിൽസ്ടാക്സ് ഈടാക്കിക്കൊണ്ടിരിക്കുന്നതു്. അതുപോലെതന്നെ റേഷൻകച്ചവടക്കാരിൽനിന്നും, ചെറിയ ചെറിയ കച്ചവടക്കാരിൽ നിന്നും അന്യായമായി ടാക്സ് ഈടാക്കിവരുന്നുണ്ട്. ഇതിനെല്ലാം ഒരു പരിഹാരം എത്രയുംവേഗം കണ്ടുപിടിക്കേണ്ടതാണ്. ഇതെല്ലാം പറയുമ്പോൾ എനിക്കു് മൊത്തത്തിൽ പറയാനുള്ളതു് ഇങ്ങനെയുള്ള അക്രമങ്ങൾ അവസാനിപ്പിക്കണമെന്നാണ്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുന്ന ഫിസ്കൽ പാളിസി ഇല്ലാത്തതുകൊണ്ടല്ല ഞാൻ

[ശ്രീ. സി. കെ. വിശ്വനാഥൻ.]

ഇങ്ങനെ പറയുന്നത്. ഇന്നത്തെ ഫിസ്ക്കൽ പാളിസിയുടെ മാനദണ്ഡം എന്താണെന്നാണ് ഒരിക്കൽക്കൂടി ഞാൻ ചോദിക്കുന്നത്. കൂടുതൽ വരുമാനമുള്ളവനും കുറച്ചു വരുമാനമുള്ളവനും തമ്മിലുള്ള വിടവു നികത്താൻ തയ്യാറാകണം. അങ്ങനെ ആനുപാതികക്രമത്തിൽ വേണം ടാക്സ് ഈടാക്കാൻ. സെയിൽസ്ടാക്സ് വിഷയത്തിൽ എന്തുനിലയാണ് സ്വീകരിക്കുന്നതെന്നു വിമർശനങ്ങൾക്കു മറുപടിയായി പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. അതായത് വലിയകച്ചവടക്കാരിൽ നിന്നും എങ്ങനെ ടാക്സ് ഈടാക്കാൻ പോകുന്നു എന്നും ചെറിയ കച്ചവടക്കാരുടെ ടാക്സ് എങ്ങനെ കുറയ്ക്കാൻ പോകുന്നുവെന്നും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വ്യക്തമാക്കേണ്ടതാണ്. ഫിസ്ക്കൽ പാളിസി ഉണ്ടെന്നു ഭാവിച്ചതുകൊണ്ട് അതുണ്ടാകാൻ പോകുന്നില്ല. ഇതാണ് ചുരുക്കമായി എനിക്കു പറയാനുള്ളത്.

Shri Anthonie Andrew Daniel Luiz: Sir, an hon. Member of the Opposition did remark during the last session (while referring to Sales Tax) that the citizen of this State is staggering under taxation. I am afraid it is not the citizen, but it is the Government that is staggering not knowing how to venture on and complete many a scheme that they have in view for a progressive State like ours. If we had some sort of a device or a meter—something that has not yet been invented—to gauge the cost and value of the multitudiness services that each one of us receives from the Government, I am sure that this Member of the Opposition would not have made such a violent remark and that too posing himself in a melodramatic manner. May I inform this Member of the Opposition that if Sales-tax is the judging factor, we in this State live in a paradise.

Sir, I wish to avail of this opportunity to request the Government to bring in new taxes or to enhance the existing rates of taxation to meet their present and future demands. In preference to new taxation, it would be much more advisable to enhance the existing rate of taxation, especially the Sales-Tax on luxury items The tax on petrol can be brought up to the same level as it is in the Madras State today.

While bringing in new taxation, I would request the Government that proper care is taken to see that the poor are not subjected to the weight of taxation. Governments have to put their hands into the pockets of their citizens; but I would request that the Government while accepting the suggestion of new taxation should put their hands into the pockets of the rich and confine the process as far as possible to the rich and the rich alone It is the duty of every citizen to contribute to the fiscal success of a Government. In a progressive state no progressive scheme will go ahead unless taxation too is progressive. Professor Saligman has said that Sales-Tax is the last resort of countries that are in fiscal difficulties and that they have to subordinate all other principles of taxation to that of adequacy. I am sure, that sufficient funds to meet the demands made by

various departments and to carry out projects which the Government have in view have not been provided for in the Budget, and unless progressive taxation is thought of by the Government they shall not be able to provide for the various demands they will have to face in the near future.

Now, Sir, I should like to point out some of the main features of the Sales-Tax as administered in this State to the notice of this House. Not a single Member of the Opposition has mentioned either during this session or in the last, that a vendor is only subject to Sales-Tax if his turnover exceeds Rs. 10,000 during a period of 12 months. I wonder why this was not mentioned by the Opposition either in this House or in the public speeches delivered outside the House, by a greater majority of them. Sir, in this connection I should like to read out the names of commodities that are exempted from this taxation. They are :

1. Khadi.
2. Cloth woven on handlooms.
3. Food grains.
4. Vegetables including tapioca except when exported.
5. Fresh milk, fish and eggs sold for domestic consumption.
6. Meat except when exported.
7. Boarding houses, hotels and canteens for students and factory labourers.
8. Firewood, charcoal, cocoanut shell and other fuels sold for domestic purposes.
9. Kerosene oil sold for domestic consumption.
10. Electric Energy.
11. Any goods other than arrack and foreign liquor on which duty is or may be levied under Travancore-Cochin State Abkari & Opium Act.
12. Salt.
13. Medicines given by Doctors or Vaidyans.
14. Earnings of professional men.
15. Railway grainshops.
16. Manure.
17. Coir, Copra and most of the Hill produces of the State are subjected to the levy of Sales-Tax only at the first and the last sale. Mat and mattings are liable to be taxed only at one point in the series of sales in the State.

I wish to bring to the notice of the House most emphatically that vegetables sold for domestic consumption are not subjected to Sales-Tax. Then again, those who trade in cooked food including Tea and Coffee do not come under the purview of the tax unless their turnover exceeds Rs. 15,000 for a period of twelve months. That is again another factor which has been most cleverly ignored nay concealed, by the members of the Opposi-

[Shri Anthonie Andrew Daniel Luiz]

tion. May I ask, Sir, how many tea-shops have a turnover of over a thousand rupees a month ? Only those who can command a turnover of over Rs. 1,200 per month need pay this tax.

The average tax payable on Motor vehicles, component parts, refrigerators etc., is 6 ps. in the rupee. All other goods other than petrol and tobacco are charged at 3 ps.

The total income derived by the State from Sales-Tax during the year 1951-52 is Rs. 2,42,98,977 and this works out to about 15 per cent of the total revenue of this State. May I bring to the notice of the Members of this House that the contribution of Sales-Tax to the revenue in the other States in India is much higher than what it is here ? If we step outside India, there are other democratic countries where the Sales-Tax contribution to the total revenue is about 24 per cent. In Canada it is 26 per cent. Well, Sir, there is no harm if we get a better income from this form of taxation.

As I suggested, I would strongly request the Government that luxury articles, some of which are taxed at 9 ps. in the rupee, are taxed at a much higher rate. By this we are only taxing the rich. Petrol is another item which can be taxed at a higher rate. Enhancement of taxation on the suggested lines will not affect the poorer classes of people but it will definitely bring in more revenue to this State.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഇന്ന് ഈ സഭയുടെ മുമ്പാകെയിരിക്കുന്ന കാർഷികാദായനികുതിയും സെയിൽസ്ടാക്സും ഉൾപ്പെട്ട ഡിപ്പാർട്ടുമെൻറിൻെറ പ്രാധാന്യത്തെയും, ഞങ്ങൾ അങ്ങേഅററം മനസ്സിലാക്കുന്നുണ്ട്. നമ്മുടെ സ്റ്റേററിൻെറ വരവിൽ ൨൦ ശതമാനത്തിൽ അധികം തുക ഈ ഡിപ്പാർട്ടുമെൻറിൽനിന്നാണ് വരുന്നത്. ഇതിൽ കാർഷികാദായനികുതിയെ തത്വപരമായി ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. എന്നാൽ സെയിൽസ്ടാക്സിനെ ഞങ്ങൾക്കു അംഗീകരിക്കാൻ മാർഗ്ഗം കാണുന്നില്ല. എന്തുകൊണ്ടെന്നാൽ അതിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഞങ്ങൾക്കു സ്വീകരിക്കാൻ നിവൃത്തിയില്ല. കാർഷികാദായനികുതി ഒരു welfare state-ൻെറ ലക്ഷണമായ പ്രോഗ്രസ്സീവ് ടാക്സേഷൻ സ്കീമിൽ ഉൾപ്പെടുന്നു. എന്നാൽ ടാക്സ് ചുമത്തുന്നതുമൂലം സാധാരണക്കാർ വളരെ വിഷമങ്ങൾ അനുഭവിക്കേണ്ടിവരുന്നു. ഇതു് അവരുടെ പിച്ചച്ചട്ടിയിൽ കല്ലിട്ടുവാരുന്ന സമ്പ്രദായത്തിലാണ് ഈടാക്കിവരുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. കാർഷികാദായനികുതിയെപ്പററി പറയുമ്പോൾ ഒരു സംഗതി ഓർമ്മയിൽ വരുന്നു. നമ്മുടെ ബഹുമാനപ്പെട്ട ചീഫ്മന്ത്രി നല്ല സാഹിത്യഗ്രന്ഥങ്ങൾ വാങ്ങരുതെന്നും വായിക്കരുതെന്നും രേഖാമൂലം ഗവണ്മെൻറിൽനിന്നും ഗ്രാൻറ നൽകുന്ന ഗ്രന്ഥശാലകൾക്ക് ഉത്തരവു നൽകിയിട്ടില്ലെങ്കിലും വാക്കാൽ നിർദ്ദേശം കൊടുത്തിട്ടുള്ളതുപോലെ കൂടുതൽ ധനികരിൽനിന്നും കൂടുതൽ കൂടുതൽ കാർഷികാദായനികുതി പിരിക്കരുതെന്നും മററുള്ളവരിൽനിന്നും പിരിച്ചുകൊള്ളണമെന്നും വാക്കാൽ നിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്ന് ഇന്നത്തെ കാർഷികാദായനികുതി ഈടാക്കുന്നരീതിയിൽനിന്നും നമുക്കു സംശയിക്കേണ്ടിയിരി

ക്കുന്നു. ഇന്നു നാം കാണുന്നതു് കൂടുതൽ ആദായമുള്ള ആളുകളെ ആദായനികുതിയിൽനിന്നും ഒഴിവാക്കുന്ന ഒരു സമ്പ്രദായമാണു്. സർ, ഞാൻ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഇവിടെ കാർഷികാദായനികുതി പിരിക്കുന്നതിനു് ഈ ഡിപ്പാർട്ടുമെൻറു് സ്വീകരിച്ചുവരുന്ന നടപടിയെക്കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്. ഓരോ ഇൻകംടാക്സ് ആഫീസിൻെറയും അധികാരാതിർത്തിക്കുള്ളിൽ നിന്നും പിരിച്ചെടുക്കേണ്ട സംഖ്യയ്ക്കു് ഒരു ടാർജററു നിശ്ചയിക്കും. അതേ തുടർന്നു് കാർഷികാദായനികുതി ആഫീസർ അദ്ദേഹത്തിൻെറ അധികാരാതിർത്തിക്കുള്ളിലുള്ള ഓരോ പകുതിയിലേക്കും ഓരോ ടാർജററു നിശ്ചയിച്ചു് പ്രവൃത്തിയാർക്കു് എഴുതി അയയ്ക്കും. പിന്നെ പ്രവൃത്തിയാരാകട്ടെ ആ ടാർജററു് അനുസരിച്ചുള്ള തുക പിരിച്ചെടുക്കുന്നതിനാളെ അന്വേഷിക്കുകയാണു അടുത്തതായി ചെയ്യുന്നതു്. അങ്ങനെ അന്വേഷണം നടത്തിയതിനുശേഷം പ്രവൃത്തിയാരുടെ വർദ്ധനവിനെ കൂടുതൽ സഹായിക്കുന്ന ആളെ അതിൽനിന്നു ഒഴിവാക്കും. പിന്നീടു ഉദ്യോഗസ്ഥൻെറ വരുമാനത്തിൽ സഹായിക്കാത്ത ആളുകളുടെ പേരിൽ ഈ ടാർജററു് തുക വീതിച്ചു വരുകയാണു് ഇന്നു നടപ്പിലിരിക്കുന്ന രീതി. ഇങ്ങനെ നികുതി ചുമത്തിക്കഴിഞ്ഞാൽ അതു് ചുമത്തപ്പെടുന്ന ആളിനു് പരാതിയുണ്ടെങ്കിൽ ഇത്ര തീയതിക്കകം അതേസംബന്ധിച്ചു് അപ്പീൽകൊടുക്കാമെന്നൊരു നിയമമുണ്ടു്. ആ നിയമംകൊണ്ടു് ഈ നികുതി ചുമത്തപ്പെട്ടിരിക്കുന്ന ആളിനു് വലിയ ഗുണമുണ്ടാകാൻ പോകുന്നില്ല. എന്തുകൊണ്ടെന്നാൽ അതു സ്റ്റേചെയ്യുന്നതിനും അപ്പീൽകൊടുക്കുന്നതിനും മുമ്പായി അസസ്സ് ചെയ്ത തുക മുഴുവനും കെട്ടിവച്ചതിനുശേഷം മാത്രമേ അപ്പീൽ സ്വീകരിക്കുകയുള്ളു എന്നാണു് നിയമത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. ഇതു് എത്ര ഉപദ്രവകരവും വിഷമമേറിയതുമായ ഒരു വ്യവസ്ഥയാണു്. ഒരു പ്രവൃത്തിയാരോ അതുപോലെയുള്ള ഒരു ഉദ്യോഗസ്ഥനോ ഇഷ്ടംപോലെ ഒരു തുക അസസ്സ് ചെയ്യുക എന്നു പറയുന്നതിൽ എന്തു നയമാണുള്ളതു്? ഈവക സംഗതികൾ ബഹുമാനപ്പെട്ട മെമ്പറന്മാർതന്നെ മനസ്സിലാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു.

സർ, പ്രഥമദൃഷ്ട്യാതന്നെ തെററായ ഒരുത്തരവിന്മേൽ സങ്കടക്കാരൻ അപ്പീൽബോധിപ്പിക്കുമ്പോൾ ആ ഉത്തരവനുസരിച്ചുള്ള എല്ലാ മേൽനടപടികളും നിറുത്തിവയ്ക്കുന്നതിനനുവദിക്കുക എന്നുള്ളതു് നിയമശാസ്ത്രത്തിൻെറ ഒരു പ്രാഥമികതത്വം മാത്രമാണു്. അതു് ഏററവും ആവശ്യമായ ഒരു ഇക്വിററബിൾ റിലീഫ് ആണു്. അപ്രകാരമുള്ള ഇക്വിററബിൾ റിലീഫ്പോലും ഇക്കാര്യത്തിൽ നിഷേധിച്ചിരിക്കുകയാണു്. ഈ അസാധാരണ നിയമം ഇനിയെങ്കിലും മാററുന്നതിലേക്കു് ഞാൻ നിയമവകുപ്പുമന്ത്രിയുടേയും കാർഷികാദായനികുതി വകുപ്പുമന്ത്രിയുടേയും ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ.

സർ, സെയിൽസ്ടാക്സ് ഞങ്ങൾ എതിർത്തുവെങ്കിലും അതു് നടപ്പിൽ വന്നിരിക്കുന്ന ഒന്നാണു്. ഇന്നു് തിരുവിതാംകൂറിൽ പ്രധാനപ്പെട്ട വ്യവസായങ്ങളും വൻകിട കൃഷികളും വിദേശികളുടെ കയ്യിലാണിരിക്കുന്നതു്. അവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ ഇവിടെ വില്പന നടത്താതെ കയററുമതി ചെയ്യുന്നതുകൊണ്ടു് അതിൽനിന്നും വില്പനനികുതി ഈടാക്കുന്നില്ലെന്നുള്ളതു് പരമാർത്ഥം മാത്രമാണു്. അങ്ങനെ വിദേശിക

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

ളുടെ തോട്ടങ്ങളിൽ ഉണ്ടാകുന്ന ഉല്പന്നങ്ങൾക്ക് വിൽപനനികുതി കൊടുക്കേണ്ട ആവശ്യം ഇല്ലാതിരിക്കുമ്പോൾ നമ്മുടെ നാടൻമുതലാളന്മാർ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് വിൽപ്പനനികുതി കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇതുകാരണം ലോകവിപണിയിൽ നമ്മുടെ രാജ്യത്തെ മുതലാളിമാർക്ക് വിദേശമുതലാളിമാരുമായി മത്സരിക്കുമ്പോൾ തോൽവിപറ്റുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. സർ, ഇതോടു് സംബന്ധപ്പെട്ട വേറൊരു സംഗതി ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ രാജ്യത്തുനിന്നും വിദേശികൾ കൊണ്ടുപോകുന്ന സാധനങ്ങൾക്ക് അവരുടെ രാജ്യങ്ങളായ ബ്രിട്ടൺ, അമേരിക്ക മുതലായ രാജ്യങ്ങളിലേക്ക് കൊണ്ടുപോയി അവിടെത്തന്നെ വില്പന നടത്തുന്നതു് കാരണം നമ്മുടെ ദേശീയവരുമാനത്തിനു സാരമായ ഇടിവുതട്ടുന്നു. ഇങ്ങനെ ആണ്ടുതോറും അനേകായിരം രൂപകളുടെ വരുമാനം ദേശീയവരുമാനത്തിൽനിന്നും വെട്ടിക്കുറച്ചുകൊണ്ടു് വെളിയിലേക്ക് അയയ്ക്കപ്പെടുന്നു. ഇന്നലെ ധനകാര്യമന്ത്രി പ്രസ്താവിച്ച ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. എതിർപക്ഷത്തിരിക്കുന്നവർക്ക് അതായതു് ഞങ്ങളുടെ ഈ ഭാഗത്തു ഇരിക്കുന്നവർക്ക് രാജ്യത്തിന്റെ വരുമാനം വർദ്ധിപ്പിക്കത്തക്കയാതൊരു പദ്ധതിയും ഇല്ലെന്നു അദ്ദേഹം പറഞ്ഞു. അഖിലേന്ത്യാടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തിന്റെ വരുമാനവും മുതലെടുപ്പും വർദ്ധിപ്പിക്കുന്നതിനു് ഞങ്ങളുടെ പാർട്ടിക്കു് വ്യക്തമായ ചില പരിപാടികൾ ഉണ്ടു്. ഇവിടെയുള്ള വരുമാനം ഇൻഡ്യയുടെ വെളിയിൽ കൊണ്ടുപോകാതെ ഇൻഡ്യയ്ക്കകത്തു തന്നെ ശരിയായി ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കാവുന്ന തരത്തിൽ ഞങ്ങൾക്ക് ചില പദ്ധതികളുണ്ടു്. അതനുസരിച്ചു് സാമ്പത്തികവും രാഷ്ട്രീയവുമായ ചില പരിപാടികൾ ഞങ്ങൾക്കുണ്ടെന്നു് അദ്ദേഹത്തെ അറിയിച്ചുകൊള്ളട്ടെ. അദ്ദേഹവും അദ്ദേഹം ഉൾപ്പെട്ട പാർട്ടിയും നമ്മുടെ ദേശീയോന്നമനത്തിനു് അത്യാവശ്യമായ ഈ പരിപാടികൾ അംഗീകരിക്കുകയാണെങ്കിൽ അതിനെ ഞങ്ങൾ സ്വാഗതം ചെയ്യും. അല്ലാതെ വെറും എതിർപ്പിനുവേണ്ടി മാത്രം എതിർക്കുന്നവരല്ലാ ഞങ്ങൾ എന്നു് അദ്ദേഹത്തെ അറിയിച്ചുകൊള്ളട്ടെ.

ശ്രീ. ഈ. കൃഷ്ണൻനായർ: സർ, ഞാൻ സോഷ്യലിസ്റ്റ്പാർട്ടിയുടെ ഒരംഗമെന്ന നിലയിൽ ചില വസ്തുതകൾ പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. ഞങ്ങൾക്ക് വ്യക്തമായ ചില പരിപാടികളുണ്ടു്. ഇതിൽ ഞങ്ങൾ അമേരിക്കയേയോ, റഷ്യയേയോ അനുകരിക്കണമെന്നോ വെറുക്കണമെന്നോ ഉദ്ദേശിക്കുന്നില്ല. എന്നാൽ നമ്മുടെ മാതൃഭൂമിയായ ഭാരതത്തിന്റെ ഇന്നത്തെ നിലയും മററും ആസ്പദമാക്കി ഇവിടെയുള്ള സാഹചര്യങ്ങളിൽ ചില കാര്യങ്ങൾ നാം ചെയ്യേണ്ടതായിട്ടുണ്ടു്. ഇന്നത്തെ നിലവെച്ചുകൊണ്ടു നോക്കുകയാണെങ്കിൽ ദുരിതം അനുഭവിക്കുന്ന വളരെ വളരെ ജനങ്ങൾ നമ്മുടെ നാട്ടിന്റെ നാനാഭാഗങ്ങളിലും ഉണ്ടെന്നുള്ളതും അവർ നികുതികൾമൂലം വളരെ കഷ്ടപ്പെടുന്നുണ്ടെന്നുള്ളതും പരമാർത്ഥമാണു്. ഭൂനികുതി, ആദായനികുതി വില്പനനികുതി എന്നെല്ലാം നികുതികൾ ഇന്നു് നടപ്പിലുണ്ടു്. ഭൂനികുതിയെ സംബന്ധിച്ചിടത്തോളം, ഇന്നലെ ഇവിടെ നടന്ന ചർച്ചാവേളയിൽ എനിക്കു് സംസാരിക്കുന്നതിനു അവസരം ലഭിയ്ക്കായ്കയാൽ സാധിച്ചില്ല. അതുകൊണ്ടു് ആ

കാര്യം ഇപ്പോൾ പ്രസ്താവിക്കാമെന്നു് കരുതുന്നു. ഇവിടെയും ഭൂനികുതി ഉണ്ടു്. മുൻപു് ഭൂനികുതി ഒരു സെൻറിനു് 8 കാശായിരുന്നു. എന്നാൽ ഇപ്പോൾ അതു് കാലണ ആക്കിയിട്ടുണ്ടു്. അതായതു് മുമ്പിൽ ഉണ്ടായിരുന്നതിൻെറ ഏതാണ്ടു് ഇരട്ടി. ട്രഷറിബെഞ്ചുകളിൽനിന്നു് പല അവസരങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു്, ഭൂനികുതി ഇനത്തിൽനിന്നും ഒരു ഗണ്യമായ തുക ആദായം കിട്ടിവരുന്നില്ലായെന്നു്. എന്നാൽ പാവപ്പെട്ടവർക്കു് ഭവനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും മററുമായി അഞ്ചോ പത്തോ സെൻറുവീതം ഭൂമി നീക്കിവയ്ക്കണമെന്നു് ഗവണ്മെൻറു് ഉദ്ദേശിച്ചിട്ടുണ്ടെന്നും മററും, ഇതിനുമുൻപു പറഞ്ഞിട്ടുള്ളതുകൊണ്ടു്, ഞാൻ പറയുന്നതു്, പത്തോ പതിനഞ്ചോ സെൻറു സ്ഥലം മാത്രമുള്ള സാധു കർഷകരിൽനിന്നും ഭൂനികുതി ഈടാക്കാതിരിക്കത്തക്കവണ്ണം ഒരു വ്യവസ്ഥ നമ്മുടെ ഗവണ്മെൻറു് ഉണ്ടാക്കണമെന്നാണു്. അങ്ങനെ ആകുന്നെങ്കിൽ സാധുക്കൾക്കു് ഒരു ആശ്വാസം കിട്ടുന്നതാണു്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് ആദായനികുതിയെ സംബന്ധിച്ചാണു്. ഇന്നു് കാർഷികാദായനികുതി ചുമത്തിവരുന്നുണ്ടു്. ഇതിനെ സംബന്ധിച്ചു് ആരും എതിരായ അഭിപ്രായം പറഞ്ഞില്ല. ഇതു് പ്രോഗ്രസീവു് ടാക്സേഷൻ എന്ന ഇനത്തിലാണു് പെടുന്നതു്. വ്യവസായങ്ങളും വാണിജ്യങ്ങളും നടത്തി ആദായം ഉണ്ടാക്കുന്നവരിൽനിന്നും പിരിക്കുന്ന ഒരു നികുതിയാണു് ആദായനികുതി. അങ്ങനെ കൃഷിചെയ്തു് വൻപിച്ച ആദായം കിട്ടിക്കൊണ്ടിരിക്കുന്നവരുടെ അടുക്കൽനിന്നും ഗവണ്മെൻറിനു നിശ്ചിതതോതിലുള്ള ഒരു ആദായം കിട്ടുകതന്നെ വേണം. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ആദായനികുതി പിരിക്കുന്നതിൽ ചില കുഴപ്പങ്ങൾ കണ്ടുവരാറുണ്ടു്. ഒന്നാമതായി ഒരു ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആദായനികുതി വസൂൽചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ കൊണ്ടാണു് ഇങ്ങനെ ഈ കാര്യത്തിൽ കുഴപ്പം ഉണ്ടാകുന്നതു്. നാട്ടിൻപുറങ്ങളിലും മററും താമസിക്കുന്ന സാമാന്യകർഷകർക്കു് അവർ ഉണ്ടാക്കുന്ന ആദായത്തിൻെറ കണക്കും അവരുടെ ചെലവിനെപ്പററിയും മററും ഉള്ള വിവരങ്ങളും സൂക്ഷിക്കുന്നതിനു് സാധിക്കുന്നില്ല. കാരണം അവർക്കു് അതിൽ പരിശീലനം ഇല്ലാത്തതുകൊണ്ടാണു്. എന്നാൽ നികുതി പിരിക്കാൻ ചെല്ലുന്ന ഉദ്യോഗസ്ഥന്മാർ ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ സാധു കർഷകരെ സമീപിച്ചു് അവരിൽനിന്നും ന്യായമായി പ്രതീക്ഷിക്കാവുന്നതിൽ കവിഞ്ഞുള്ള നികുതി വേണമെന്നു് ആവശ്യപ്പെടുന്നതുനിമിത്തം അവർ ഇതിനു വഴങ്ങിക്കൊടുക്കേണ്ടിവരുന്നു. ഓരോരോ സ്ഥലത്തെയും കൃഷിയിൽനിന്നു കിട്ടുന്ന ആദായം പ്രത്യേകമായി പര്യാലോചിക്കേണ്ടതാണു്. അതായതു് കൊട്ടാരക്കരത്താലൂക്കിൽ കിട്ടുന്ന വിളവുപോലെയായിരിക്കയില്ല കുന്നത്തൂർ താലൂക്കിലെ വിളവു്. അങ്ങനെയാണെങ്കിൽ ഒരേ മാനദണ്ഡം കണക്കാക്കി നികുതി പിരിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു് കർഷകഭൂമിയെ സംബന്ധിച്ചിടത്തോളം സ്ഥലവ്യത്യാസത്തെ പരിഗണിച്ചുകൊണ്ടുവേണം ആദായനികുതി ഈടാക്കാൻ എന്നാണു് ഞാൻ പറയുന്നതു്. ഇതോടുകൂടി ഓർമ്മിക്കേണ്ട ഒരു കാര്യമാണു്, കൃഷിഭൂമി നന്നാക്കാനുള്ള ചെലവും മററും ഈ ആദായത്തിൽനിന്നും തള്ളിയിട്ടു് ബാക്കിയുള്ള ആദായത്തിൽ മാത്രമെ നികുതി ഈടാക്കാവൂ എന്നുള്ളതു്.

[ശ്രീ. ഈ. കൃഷ്ണൻനായർ.]

അവിഭക്തകുടുംബത്തെ സംബന്ധിച്ച് ഒരു സംഗതി പറയുവാനുണ്ട്. ഇങ്ങനെയുള്ള അവിഭക്തകുടുംബങ്ങളിൽ, പ്രത്യേകിച്ചും നായർ തറവാടുകളിൽ ഭാഗോഹരി കഴിഞ്ഞിട്ട് പല സ്വത്തുക്കളും പല ആളുകളുടെ പേരിലായി എങ്കിലും ഇന്നും ആ വസ്തുക്കളെല്ലാം തറവാട്ടുകാരണവരുടെ തണ്ടപ്പേരിൽ നിലനിന്നുവരുന്നതായി ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. അങ്ങനെ വസ്തുക്കൾ ഭാഗിച്ചുകഴിഞ്ഞിട്ടും ആ വസ്തുക്കളിൽ ഉള്ള ആദായത്തിനു നികുതി കൊടുക്കാതെയോ ഭൂനികുതി കൊടുക്കാതെയോ ഉണ്ടെങ്കിൽ അതിന് ഈ തണ്ടപ്പേരുകാരന് നോട്ടീസു വരുന്നതു് അപൂർവ്വമല്ല. അങ്ങനെ നോട്ടീസു കിട്ടിക്കഴിഞ്ഞതിനുശേഷം വെറും നാമമാത്രഉടമസ്ഥനായിരിക്കുന്ന ആ ആൾ നികുതി കൊടുത്തില്ലെങ്കിൽ അയാളുടെ വസ്തുക്കളും മററും ലേലത്തിൽ വിൽക്കുകയും ചെയ്യും. ഈ പരിതഃസ്ഥിതി മാറുന്നതിന് വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

ഇനി വില്പനനികുതിയെ സംബന്ധിച്ചു രണ്ടു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. വില്പനനികുതി ഇന്ന് പാശ്ചാത്യരാജ്യങ്ങളിൽ മാത്രമല്ല ഇൻഡ്യയ്ക്കു അകത്തും പുറത്തും ഉള്ള പല രാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ള ഒന്നാണ്. എങ്കിലും ഇതിനെ സംബന്ധിച്ച് പല ആക്ഷേപങ്ങളും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ആക്ഷേപങ്ങളിൽ ചില ഭാഗങ്ങളോടു ഞാൻ യോജിക്കുന്നു. ഇപ്പോഴത്തെ വില്പനനികുതി ഏർപ്പാട് അനുസരിച്ച് സാധനങ്ങൾക്ക് പല തവണയും നികുതി കൊടുക്കേണ്ടതായി വരുന്നുണ്ട്. ഇതു് ഒററ പായിൻററിൽ മാത്രമെ ഈടാക്കാവൂ എന്നാണ് എൻെറ അഭിപ്രായം. സാധനങ്ങൾ നമ്മുടെ രാജ്യത്തു് ഇറക്കുമതി ചെയ്യുമ്പോഴും ഇവിടെനിന്ന് അന്യരാജ്യങ്ങളിലേക്ക് കയററി അയയ്ക്കുമ്പോഴും മാത്രം വില്പനനികുതി ഈടാക്കേണ്ടതാണ്.

Shri. E. P. Varghese: Sir, I have to say a few words first of all with reference to the collection of Agricultural Income Tax. In its nature it is very arbitrary. It may be said that it is a tax which is progressive. Still, there is this difficulty. It is in a very arbitrary way that the tax is fixed, so much so, there is much room for the officers to be corrupt. That is one of the greatest drawback of this tax. At the time when the Bill was introduced in the Legislature, I remember, the Government of the day saying that some way will be found to avoid as far as possible the chances of corruption. I would now suggest that the assessment may be made for four or five years. For five years there may be a fixity of assessment, so much so, at least for five years, the tax-payer may know what amount of tax he will have to pay. Now, each year we are at the mercy of the assessing officers. It is the proverthicar who is generally the officer immediately concerned. It is his verdict that is the basis. Once the assessment is made, it will be very difficult to make the officers go back upon their decision. It is a source of income and it is their job to show increased revenue. Irrespective of the fact whether the assessee has assessable income or not, he is assessed.

There is another difficulty about this Agricultural income-tax. So far as the agriculturists are concerned, they do not keep that sort of accounts, which are generally kept by business men considered acceptable for the purpose of assess ment. So, when the officer asks him to produce the accounts he will have usually only a few notes or even nothing to produce. Then, the officers will not usually rely on these accounts. If the officers are not shown the accounts, as they require, the agriculturists are arbitrarily assessed. In the nature of his work, the agriculturist cannot keep such accounts. For instance it will be difficult for him to keep accounts for the agricultural labour the seed purchased and all those things which he does for cultivation purposes. So, the ordinary cultivator is at the mercy of the assesser.

This gives room for corruption as in the case of grain procurement. The proverthicar will report that such and such a person has ten acres of land and the yield from that land is so much. There is no escape from it. If we go to the Appellate Authorities, there also, there is no scope for relief. The Appellate authority is a mere farce. I speak from personal experience. He merely says that the accounts are not acceptable and agrees with the statement of the subordinate officers and upholds their assessment. What I suggest is that this must be avoided. It is perhaps too late in the day to say that the Agricultural Income-tax may be given up. But much of the corruption that is prevailing can be avoided if only we try. For example, the assessment may be made for a number of years. Then at least for these years there will not be any harassment from the officers. Sir, it sometimes happens that they may not assess you for some years and, then, all of a sudden, they send the demand notice for a large sum. The ordinary man is baffled because he cannot find the money to pay the demand for a number of years all together. All these create difficulties to the ordinary agriculturist. It is for the Government to see that some means are found out to avoid these difficulties. I would suggest that the assessment may be in every five years. It may be fixed for five years and at the end of that period there may be a reassessment for the next five years.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

[2 P. M.]

ശ്രീ. കെ. എം. ജാർജ്ജ്: സർ, നമ്മുടെ രാജ്യത്തെ മുതലെടുപ്പിൽ ഭൂരിഭാഗവും പ്രദാനം ചെയ്യപ്പെടുന്ന വകുപ്പുകളാണ്, അഗ്രിക്കൾച്ചറൽ ഇൻകംടാക്സും സെയിൽസ്ടാക്സും. ഏകദേശം രണ്ടരക്കോടി രൂപയോളം അതിൽനിന്നും കിട്ടുന്നുണ്ട്. നമ്മുടെ നാട് കർഷകരുടെ നാടാണ്. ഈ രാജ്യത്തുള്ള തൊണ്ണൂറുശതമാനം ആളുകളും കർഷകവൃത്തി കൊണ്ടാണ് കഴിയുന്നത്. ഈ കാർഷികാദായനികുതി ചുമത്തൽ ഇവിടത്തെ ബഹുഭൂരിപക്ഷം ആളുകൾക്കും വിഷമമുണ്ടാക്കുന്ന ഒരു ഏർപ്പാടാണ്. കാർഷികാദായനികുതി ചുമത്തുന്നതിനെപ്പറ്റി ആർക്കുംതന്നെ അഭിപ്രായവ്യത്യാസം ഉണ്ടാകയില്ലായിരിക്കാം. ഈ നികുതിയില്ലാതെ ദൈനം

[ശ്രീ. കെ. എം. ജാർജ്ജ്]

ദിനകാര്യങ്ങൾ കാര്യക്ഷമമായ വിധം പ്രവർത്തിക്കുന്നതിനു ഗവണ്മെന്റിനു സാദ്ധ്യമല്ലായിരിക്കാം. എന്നാലും നികുതി പിരിച്ചെടുക്കുന്ന രീതിയെപ്പററി ഈ നാട്ടിൽ അങ്ങോളമിങ്ങോളം എതിരായ അഭിപ്രായമുണ്ടെന്നു സഭയുടെ അറിവിനായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. എനിക്കു മുമ്പു സംസാരിച്ച പല മെമ്പർമാരും പ്രസ്താവിച്ചതുപോലെ ഈ നാട്ടിലെ മുതലാളിമാരെ സാധാരണയായി കാർഷികാദായനികുതി ഈടാക്കുന്നതിൽ നിന്നു ഒഴിവാക്കിക്കൊണ്ടു സാധുക്കളെ കഷ്ടപ്പെടുത്തുന്ന ഒരു പതിവാണു ഇവിടെ കണ്ടുവരുന്നതു്. സാധു കർഷകനു പത്തോ പതിനഞ്ചോ രൂപ കാർഷികാദായനികുതി ചുമത്തിയാൽ അതിൽ നിന്നൊഴിയുവാൻ അപ്പീൽ കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ടു് ഓർത്തിട്ടു് അവൻ അതു ഗവണ്മെന്റിനു കൊടുക്കുകയാണു ചെയ്യുന്നതു്. മുതലാളിമാർ ഇതിൽനിന്നൊഴിയുന്നതു സാധാരണയായി അതിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു് കൈക്കൂലി കൊടുത്തുകൊണ്ടാണു്. ഒരു പ്രദേശത്തു ഇത്രമാത്രം കാർഷികാദായനികുതി ഏർപ്പെടുത്തണമെന്നു് അധികൃതസ്ഥാനങ്ങളിൽനിന്നും സൂചന കൊടുക്കുന്നതനുസരിച്ചു് അവർ കഴിയുന്നതും മുതലാളിമാരെ അതിൽനിന്നു ഒഴിവാക്കിക്കൊണ്ടു് ആ നികുതി കൂടി സാധു കർഷകന്റെ നികുതിയിൽ കൂട്ടി വസൂൽ ചെയ്യുകയാണു് പതിവു്. മുതലാളിമാരെ ന്യായമായ നികുതിയിൽനിന്നു് മേലുദ്യോഗസ്ഥന്മാർപോലും ഒഴിവാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉള്ളതുകൊണ്ടു് കീഴ്ജീവനക്കാർ വല്ലതും അവരുടെ കയ്യിൽനിന്നും വാങ്ങി സാധു കർഷകനെ കൂടുതൽ നികുതി ചുമത്തുന്ന-സമ്പ്രദായമാണു് കണ്ടുവരുന്നതു്. ഇതു വളരെ പരിതാപകരമായ ഒരവസ്ഥയാണു്. കാർഷികാദായനികുതി തിട്ടപ്പെടുത്തുന്നതിൽ വളരെ അനാശാസ്യമായ ഒരു രീതിയാണു കൈക്കൊള്ളുന്നതു്. മലനാടുകളിലെ കാർഷികാദായനികുതി തിട്ടപ്പെടുത്തുന്നതിനു സാധാരണയായി ഉദ്യോഗസ്ഥന്മാർ അവിടെ ചെല്ലാതെ സ്വന്തം ആഫീസുകളിൽ ഇരുന്നുകൊണ്ടാണു ആ കാര്യങ്ങൾ നിർവ്വഹിച്ചുവരുന്നതു്. ഇതിൽ വളരെയധികം അഴിമതികൾ നടക്കുവാനുള്ള സാഹചര്യങ്ങളുണ്ടു്. പ്രലോഭനങ്ങൾക്കു് ഇത്രയും അവസരമുള്ള വേറെ വകുപ്പു് ഉണ്ടോയെന്നു സംശയമാണു്. അതുകൊണ്ടു നികുതി പിരിക്കുന്നതിനായി ആ വകുപ്പിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർ വളരെ കാര്യക്ഷമതയും സത്യസന്ധതയും ഉള്ളവരായിരുന്നാൽ മാത്രമേ കർഷകരുടെ കാര്യങ്ങൾ ന്യായമായി നടക്കുകയുള്ളു. മുതലാളിമാരുടെ ഭീഷണിയ്ക്കും കൈക്കൂലിയ്ക്കും അടിമപ്പെട്ടു പ്രവർത്തിക്കാത്ത മനഃസ്ഥിതി ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കു ഉണ്ടാകണമെങ്കിൽ അവർക്കു നല്ല ശമ്പളം കൊടുക്കണം. അതില്ലാത്തതുകൊണ്ടു അവർ കൈക്കൂലി വാങ്ങുവാൻ നിർബന്ധിതരായേക്കാം. കൈക്കൂലി ധാരാളം വാങ്ങുവാൻ വളരെ സൗകര്യമുള്ള ഒരു വകുപ്പാണിതു്.

സർ, കാർഷികാദായനികുതി പിരിക്കുന്നതിൽ വളരെ വളരെ അനീതികൾ നടക്കുന്നുണ്ടു്. അതുകൊണ്ടു നമ്മുടെ ഗവണ്മെന്റു് അപ്രകാരമുള്ള അനീതികൾ നടക്കാതിരിക്കുവാൻ വേണ്ട ശ്രദ്ധ ചെലുത്തേണ്ടതാണെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ആർ. കേശവപിള്ള : സർ, ഈ സെയിൽസ്ടാക്സിനെ സംബന്ധിച്ചിടത്തോളം ഇതു റഷ്യയിലെ നയത്തിൽനിന്നു ഇവിടെ പകർത്തിയതാണെന്നു ധനകാര്യമന്ത്രി പറഞ്ഞതായി പ്രതിപക്ഷത്തുനിന്നു പറഞ്ഞു. റഷ്യയിൽമാത്രമല്ല ? സെയിൽസ്ടാക്സ് പലസ്ഥലത്തുമുണ്ട്.

വേറെ ഒരാക്ഷേപമുണ്ടായതു് കോൺഗ്രസ് പാർട്ടിക്കു് ഒരു നയമില്ല എന്നാണ്. കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അതിന്റെ നയം "maximum advantage to the people of the State with least taxation possible." എന്നാണ്. അതായതു് കുറഞ്ഞ തരത്തിൽ ടാക്സ് ഏർപ്പെടുത്തുക, ആളുകൾക്കു എത്രമാത്രം ഉപയോഗപ്രദമായിരിക്കുമോ ആ നിലയിൽ പ്രവർത്തിക്കുക ഇതാണ് കോൺഗ്രസ്പാർട്ടിയുടെ നയം. ഇനി കോൺഗ്രസ്സ് പാർട്ടിയും ഇവിടത്തെ മെമ്പർമാരും എന്തെല്ലാം സംഗതികളാണു നടത്തിയിട്ടുള്ളതെന്നു എല്ലാവർക്കും അറിയാം. രണ്ടു ദിവസം മുമ്പു് ഇവിടത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു് വിസ്തരിച്ചു് പറയുകയുണ്ടായി. അതുപോലെ ആശുപത്രികൾ ഉണ്ടാക്കുക മുതലായ ജനക്ഷേമകരങ്ങളായ പല സൽകാര്യങ്ങളും ചെയ്യുക, തൊഴിലാളികൾക്കു പ്രയോജനകരവും ഉപയോഗപ്രദവുമായ പല പ്രവർത്തനങ്ങളും ചെയ്യുക, ഇങ്ങനെ പല രീതിയിലാണു ഗവണ്മെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. അങ്ങനെ ആളുകൾക്കു ഉപകാരപ്രദങ്ങളായ പല കാര്യങ്ങളും ചെയ്യുന്നതിനു ഗവണ്മെന്റിനു പണം വേണം; കരം കൂടുതൽ ഈടാക്കുവാനും പാടില്ല. പിന്നെ എങ്ങിനെയാണു കാര്യങ്ങൾ നടത്തുന്നതു്. ഇതിനെ സംബന്ധിച്ചു് പറയുമ്പോൾ ഒരു പ്രസംഗം എന്റെ ഓർമ്മയിൽ വരുന്നുണ്ടു്. To tax and to please, no more than to love and be wise is not given to men".

ശ്രീ. ടി. വി. തോമസ്സ് : ഏതു നൂററാണ്ടിലാണു ഈ പ്രസംഗം ചെയ്തതു് ?

ശ്രീ. ആർ. കേശവപിള്ള : ഏതു നൂററാണ്ടിലാണെങ്കിലും സ്വീകാര്യമായ ചില തത്വങ്ങൾ ഇതിലുണ്ടു്. This is an everlasting principle and maxim that will last through out the duration of the world.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ : കാറൽമാർക്സ് ജനിക്കുന്നതിനു മുമ്പോ, ജനിച്ചതിനു ശേഷമോ ?

ശ്രീ. ആർ. കേശവപിള്ള : അദ്ദേഹത്തിന്റെ ജനനത്തീയതി എനിക്കോർമ്മയില്ല.

ഒരു പക്ഷത്തുനിന്നും പറയും എല്ലാ കരങ്ങളും കുറയ്ക്കണമെന്നു്, അതേസമയംതന്നെ മറെറാരു കൂട്ടർ പറയും ഇവിടെ ആവശ്യമായ പല പ്രവർത്തനപദ്ധതികളും നടപ്പാക്കുവാൻ ഗവണ്മെന്റ തയാറാകുന്നില്ല എന്നു്. എങ്ങനെയാണു് ഇതു രണ്ടും കൂടി യോജിപ്പിച്ചുകൊണ്ടുപോകുക? കാർഷികാദായനികുതി വളരെ പ്രോഗ്രസ്സീവ് ആയിട്ടുള്ള നികുതിയാണ്. ഇതിനെ സംബന്ധിച്ചു പ്രതിപക്ഷത്തുനിന്നു വളരെ എതിരഭിപ്രായങ്ങൾ കാണുന്നുണ്ടു്. രാജ്യത്തു പുരോഗമനപരമായി ചെയ്യുന്ന കാര്യങ്ങളെ ആക്ഷേപിക്കുന്നതു് തെററാണെന്നാണെന്റെ അഭിപ്രായം. ഈ നികുതി ഈ രാജ്യത്തു് ഏർപ്പെടുത്തുന്നതുകൊണ്ടു് ബുദ്ധിമുട്ടുണ്ടെന്നുള്ള അഭിപ്രായർ

[ശ്രീ. ആർ. കേശവപിള്ള.]

ഇല്ലെന്നുള്ളതു തീർച്ചയാണ്. വളരെ ആളുകളും കുറവായ സ്ഥലമുള്ളവരാണ്. അവക്ക് സെൻറിന് കാലണമാത്രം കൊടുത്താൽമതി കൂടുതൽ സ്ഥലമുള്ളവക്ക് കാർഷികാദായ നികുതി ഒരിക്കലും ദോഷകരമല്ലെന്നാണ എനിക്ക പറയുവാനുള്ളതു്. ഈ നികുതികൾ രണ്ടും ഇവിടെ മാത്രമല്ല, മററ പല രാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. സെയിൽസ് ടാക്സ് ആദ്യമായി ഏർപ്പെടുത്തിയതു് ജർമ്മനിയിലാണ്.

"The first country to introduce in some form the modern sales taxes was Germany. France, Belgium, Canada and Italy quietly followed, and, in the present day, the tax is in operation in twenty-five States of the United States of America, three Dominions of the British Commonwealth, twelve countries of Europe and six Republics of South America."

ഇതു വളരെ വ്യാപകമായ ഒരു നികുതിയാണ്. ഈ നികുതിയിനത്തിൽനിന്ന എട്ടിലൊന്നുഭാഗം വരവു ഈ ഈ രാജ്യത്തുണ്ട്. നികുതി നിറുത്തിയാൽ എങ്ങിനെയാണ് രാജ്യക്ഷേമകരങ്ങളായ പ്രവൎത്തനപദ്ധതികൾ നമുക്ക മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയുന്നതു്. സകല നികുതികളും ചുരുക്കി സകല കാൎയ്യങ്ങളും രാജ്യക്ഷേമകരങ്ങളായി നടത്തണമെന്നു പറഞ്ഞാൽ എങ്ങനെയാണ് അതു സാധിക്കുക. പ്രതിപക്ഷത്തു നിന്നു എന്തെങ്കിലും ആക്ഷേപം പുറപ്പെടുവിക്കണമെന്നല്ലാതെ നിൎമ്മാണപരമായ യാതൊരാക്ഷേപവും അവക്കു ചെയ്യുവാനില്ലെന്നാണ് എനിക്ക പറയുവാനുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ കാർഷികാദായനികുതിയെപ്പററിയും വില്പന നികുതിയെപ്പററിയുമാണ് ഇന്നലേയും ഇന്നും ഈ സഭയിൽ വാദപ്രതിവാദം നടന്നതു്. നമ്മുടെ ബഡ്ജററിൽ കാർഷികാദായ നികുതിയിനത്തിലുള്ള വരവിൻെറ സിംഹഭാഗവും നമ്മുടെ രാജ്യത്തെ തോട്ടം ഉടമകളിൽനിന്നും വലിയ വസ്തു ഉടമസ്ഥന്മാരിൽനിന്നുമാണ് കിട്ടുന്നതു്. അതു വിട്ടു ഏതാനും ചില മുതലാളികളും ഈ നികുതി കൊടുക്കേണ്ടിവരുന്നുണ്ട്. അതായതു മൂവ്വായിരം ഉറുപ്പികയിൽ കൂടുതൽ കാർഷികാദായം കൊല്ലന്തോറും ഉള്ളവരിൽനിന്നാണ് ഈ നികുതി വസൂലാക്കുന്നതു്. ഇങ്ങനെ പണക്കാരായ, കൂടുതൽ ഭൂമി ഉടമയുള്ള, ആളുകളുടെ മേലുള്ള ഒരു നികുതിയാണിതു്. ഈ നികുതിയുടെ പ്രാധാന്യത്തെപ്പററി ഈ നിയമസഭയുടെ ഒരു ഭാഗത്തുനിന്നും ചോദ്യം ഉണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നുണ്ട്. എന്നാൽ ഈ നികുതി ചുമത്തുന്ന കാൎയ്യത്തിൽ ചില പ്രമാദങ്ങൾ ഉണ്ടെന്നു പറഞ്ഞു. കാർഷികാദായത്തിൻെറ കണക്ക കൃഷിക്കാർ വയ്ക്കുന്നില്ല. അതുകൊണ്ടു കണക്കുവിട്ടു കൂടുതൽ നികുതി കൊടുക്കേണ്ടി വരുന്നുണ്ട് എന്നു പല മെമ്പർമാരും പറഞ്ഞു. എനിക്ക അതിനെപ്പററി പറയുവാനുള്ളതു് കാർഷികാദായനികുതി കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി നമ്മുടെ രാജ്യത്തു് നടപ്പിൽ വന്നിട്ടുള്ളതുകൊണ്ടു വലിയ വരുമാനമുള്ള കൃഷിക്കാർ മേലിൽ കണക്കുവയ്ക്കുന്നതു നന്നായിരിക്കുമെന്നാണ്. കണക്ക വയ്ക്കാതിരിക്കുന്ന കൃഷിക്കാൎക്കുള്ള വരുമാനം എത്രയാണെന്നു തീരുമാനിക്കുന്നതിനു ഡിപ്പാർട്ടുമെൻറിനും ബുദ്ധിമുട്ടുണ്ടെന്നാണ് എനിക്ക ബോദ്ധ്യമായിട്ടുള്ളതു്. ഇതു രണ്ടും വിട്ടുള്ള

വലിയ പ്രമാദങ്ങൾ, അതു കാർഷികാദായനികുതിയുടെ തത്വത്തെ ബന്ധിക്കുന്ന ഒന്നല്ലെന്നു പറയേണ്ടിയിരിക്കുന്നു.

വില്പനനികുതിയെപ്പററിയും ഇവിടെ വാദപ്രതിവാദമുണ്ടായി. വില്പനനികുതിയെ ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പറും അദ്ദേഹത്തിന്റെ കൂട്ടുകാരും ഇന്നലേയും ഇന്നും വളരെ ശക്തിയായി എതിർത്തു കണ്ടതിൽ എനിക്കു വലിയ അത്ഭുതമാണ് ഉണ്ടായിട്ടുള്ളതു്. സർ, ഏതാനും ദിവസമായി ഈ സഭയിലെ പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ അവലംബിച്ച നയം കണ്ടപ്പോൾ കുറച്ചെല്ലാം ഉത്തരവാദത്തോടുകൂടി ഈ സഭയിൽ കാര്യങ്ങൾ ഭംഗിയായി കേൾക്കുവാൻ അവർക്കു സന്നദ്ധതയുണ്ടെന്നു് ഞാൻ വളരെ ആശാപൂർവ്വം വിശ്വസിച്ചു. പക്ഷെ ശ്രീ. ടി. വി. തോമസിന്റെയും കൂട്ടുകാരുടേയും പ്രസംഗം ഇന്നലെയും ഇന്നുമായി കേട്ടപ്പോൾ ആ ആശ അസ്ഥാനത്താണെന്നു നിശ്ചയിക്കുവാൻ കാരണമായിരിക്കുന്നു. പ്രതിപക്ഷത്തെ നേതാവു് ആവശ്യപ്പെടുന്നതു് രണ്ടരക്കോടി രൂപാ വരുമാനമുള്ള സെയിൽസ് ടാക്സ് ഏർപ്പാടു് ഉപേക്ഷിക്കണമെന്നാണ്. ഈ സെയിൽസ് ടാക്സ് എന്നുള്ള ഇനം എന്നെക്കൊണ്ടല്ല, ഈ ഗവണ്മെൻറിനെക്കൊണ്ടല്ലാ, ഇനി ഒരു ഗവണ്മെൻറിനെക്കൊണ്ടും ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല. ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലും സെയിൽസ് ടാക്സ് അവരുടെ നികുതിസമ്പ്രദായത്തിൽ അഭേദ്യമായ ഒരു ഭാഗമായി തീർന്നിട്ടുണ്ടു്. അതു് നമ്മുടെ ടാക്സ് Structure-ൽ അലിഞ്ഞു ചേർന്നിട്ടുണ്ടു്. സെയിൽസ്ടാക്സ് നമ്മുടെ രാജ്യത്തു തുടങ്ങിയതു് മദ്യനിരോധനം തുടങ്ങുവാൻ ഉദ്ദേശിച്ച സമയമാണെന്നുള്ളതു് വാസ്തവമാണ്. മദ്യനിരോധനം മുഴുവനാകുന്നില്ല എന്നുവെച്ചു് സെയിൽസ്ടാക്സ് ചുമത്തുവാനേ പാടില്ലാ എന്നു പറയുന്നതു് ശരിയല്ല. ഇന്നു് എല്ലാ രാജ്യങ്ങളിലും വില്പന നികുതി ഈടാക്കിവരുന്നുണ്ടു്. ഈ സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ അധികൃതമായി ഒരു ഗ്രന്ഥത്തിൽനിന്നു് റഷ്യയിൽപോലും വില്പന നികുതി ഉണ്ടെന്നു പറഞ്ഞു. ഇന്നും ഇന്നലെയും നടന്ന പ്രസംഗങ്ങളിൽ അതിനെപ്പററി നിഷേധിക്കാതിരുന്നതുകൊണ്ടു് ഞാൻ ചെയ്ത പ്രസ്താവന ചോദ്യം ചെയ്യുവാൻ പാടില്ലാത്തതാണെന്നു വിചാരിക്കുന്നു. റഷ്യയിൽ അങ്ങനെ ഉണ്ടെന്നു പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ്: റഷ്യയിൽ നടപ്പിലാക്കിയിരിക്കുന്ന സമ്പത്തികവ്യവസ്ഥയിൻകീഴിൽ ഈ ടാക്സിനു റിഗ്രസ്സീവ് സ്വഭാവം ഇല്ലെന്നു് അറിയാമൊ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റഷ്യയിൽ ഉള്ളതുകൊണ്ടു് അതു ശരിയാണെന്നുള്ളതല്ല ഞാൻ പറഞ്ഞതു്. എല്ലാ രാജ്യങ്ങളിലും സെയിൽസ് ടാക്സ് ഉണ്ടു്. റഷ്യയിലും ഉണ്ടു്. അത്ര മാത്രം സാവർത്രികമായ ഒന്നാണ് ഈ സെയിൽസ് ടാക്സ് എന്നു ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ ഈ ചോദ്യം ചോദിച്ചതുകൊണ്ടു ഞാൻ ഒരു കാര്യം പറയാം. റഷ്യയിൽ ഉൽപ്പാദനം മുഴുവൻ സ്റ്റേററിന്റെ കൈവശമാണ്. വിൽപ്പനനികുതിമൂലം റഷ്യയിൽ സമ്പാദിക്കുന്നതായ സാമാനങ്ങളുടെ വില കിട്ടുകയാണ് ചെയ്യുന്നതെങ്കിലും ഉപഭോക്താവിനു താൻ സ്വീകരിക്കേണ്ട സാധനങ്ങളുടെ വില കൂട്ടുകയാണു് ചെയ്യുന്നതു്. റഷ്യൻസ്റ്റേററിനു് അവിടെ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

സമ്പാദിക്കുന്ന സാധനങ്ങൾക്കു വില കൂട്ടാൻ വേറെ മാർഗ്ഗങ്ങളുണ്ടായിട്ടും അതു ചെയ്യാതെ വില്പനനികുതി ഈടാക്കുന്നതിൽനിന്നും അതിന്റെ പിന്നിൽ ഒരു മഹത്തായ തത്വമുണ്ടെന്നു മനസ്സിലാക്കുവാൻ കഴിയും. അപ്പോൾ രണ്ടര കോടി ഉറപ്പിക്ക വരുമാനമുള്ള ഈ വില്പന നികുതി വീടണമെന്നു പ്രതിപക്ഷത്തുള്ള അംഗങ്ങളിൽ ചിലർ പറഞ്ഞതു് അതു നടത്തുവാൻവേണ്ടി പറയുന്ന ഒരു കാര്യമല്ല. വാദപ്രതിവാദത്തിനുവേണ്ടി പറയുന്ന ഒരു കാര്യമാണെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. എങ്കിലും എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഇന്നലെ വില്പന നികുതി നമ്മുടെ നാട്ടിലെ പാവങ്ങളെ ബാധിക്കുന്ന നികുതിയാണു്, ഇതു പാവങ്ങളുടെ പിച്ചച്ചട്ടിയിൽനിന്നു കൈയ്യിട്ടു വാരുന്നതിനുള്ള നികുതിയാണു് എന്നു പറഞ്ഞു. എന്നാൽ ഈ നികുതി കൊടുക്കേണ്ടി വരുന്നതു് ആരാണു്. ഏതു വിധത്തിലാണു് ഈ നികുതി പാവങ്ങളെ, സാമാന്യജനങ്ങളെ, ബാധിക്കുന്നതു് എന്നു ഇന്നലെയും ഇന്നുമായി ഇവിടെ നടന്ന പ്രസംഗങ്ങൾ കേട്ടപ്പോൾ ഞാൻ വളരെ ഉൽക്കണ്ഠാപൂർവ്വം പരിശോധിച്ചു. അതിന്റെ ഫലം ഞാൻ ഈ സഭയെ അറിയിക്കാം. നമ്മുടെ രാജ്യത്തെ ആളുകളെ ൪ ആയി തരം തിരിക്കാം. ഒന്നു പ്ലാന്റേഷനിലും ഫാക്ടറികളിലും വേല എടുക്കുന്ന തൊഴിലാളികൾ, മറെറാന്നു ഏതെങ്കിലും ഒരു നിശ്ചിതമായ മുതലാളിയുടെ കീഴിലല്ലാതെ വേലയെടുക്കുന്ന തൊഴിലാളികൾ, മൂന്നാമതു് ചെറിയ ചെറിയ കൃഷിക്കാർ, നാലാമതു് പണക്കാരായ മുതലാളികൾ. ഇതിൽ ആരുടെമേലാണു് ഈ നികുതി ചെന്നുവീഴുന്നതു് എന്നുള്ളതിനെപ്പററി ചെറിയ ഒരു ഉദാഹരണംമാത്രം എടുത്തു വിശദീകരിക്കാം. അടുത്ത് ഏതാനും ദിവസങ്ങൾക്കുമുമ്പു് നമ്മുടെ തോട്ടങ്ങളിലെ തൊഴിലാളികളുടെ ചുരുങ്ങിയ കൂലി എന്താണെന്നു നിശ്ചയിക്കുവാൻ ഒരു കമ്മിററി പ്രവൃത്തിക്കുകയുണ്ടായി. ആ കമ്മിററിയുടെ അദ്ധ്യക്ഷനായിരുന്നതു് നമ്മുടെ രാജ്യത്തെ യൂണിവേഴ്സിററിയിൽ ഒരു പ്രസിദ്ധ എക്കണോമിസ്റ്റായ ശ്രീ. വി. ആർ. പിള്ള ആണു്. ആ കമ്മിററിയുടെ റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തുവാൻ ഏർപ്പാടു് ചെയ്തിട്ടുണ്ടു്. ആ റിപ്പോർട്ടുപ്രകാരം തോട്ടത്തിൽ ജോലി ചെയ്യുന്ന ഒരു തൊഴിലാളിക്കു ഒരു മാസത്തേക്കു വില്പന നികുതി ഉൾപ്പെടെ വരുന്ന ചിലവു് ൭൭ രൂപായാണു്. ഒരു തൊഴിലാളിക്കു് ൭൭ രൂപാ ചിലവു വരുന്നു എന്നു കണക്കാക്കീട്ടാണു് മിനിമംവേജ് നിശ്ചയിച്ചിരിക്കുന്നതു്. ഇതിൽ വില്പന നികുതിയുംപെടും. ഈ ൭൭ രൂപാ ചിലവു് കണക്കാക്കിയിരിക്കുന്നതു് ഏതു വിധത്തിലാണെന്നു പറയാം. അരി ഒരു മാസം ൧൨-൧൫-൪ രൂ., മില്ലററ് ൯-൧൫-൭ രൂ. പരംസബ്ബ് ൫-൬-൭ രൂ. Tubers അതായതു കപ്പ മുതലായവയ്ക്കു് ൨-൩-൭ രൂ. മലക്കറി ൧൦-൩-൪ രൂ. പാൽ ൭-൧൪-൭ രൂ. വെളിച്ചെണ്ണ, നല്ലെണ്ണ ൧൨-൧൬-൪ രൂ. പഞ്ചസാര ൬-൧൨-൦ രൂ. പലവ്യഞ്ജനം ൨-൭-൦ രൂ. ചായയും, കാപ്പിയും ൨-൭-൦ രൂ. തുണി ൧൦-൪-൭ രൂ. വിറകു് മണ്ണെണ്ണ ൧-൪-൭ രൂ. മററവീട്ടാവശ്യം ൦-൧൨-൦ രൂ. പലവക ൬-൧൩-൭ രൂ. ഇങ്ങനെയാണു് കണക്കാക്കിയിരിക്കുന്നതു്. ഈ ൭൭ രൂപായിൽനിന്നു സംഗതിവശാൽ അവർ സാധനങ്ങൾ വാങ്ങുന്ന സന്ദർഭത്തിൽ രൂപയ്ക്കു

൩ പൈ വീതം സെയിൽസ്ടാക്സു കൊടുക്കേണ്ടിവരും എന്നു വിചാരിക്കുകയാണെങ്കിൽ ഇതിൽ കൊടുത്തിരിക്കുന്ന സാമാനങ്ങൾക്കു് എല്ലാം കൂടി സെയിൽസ്ടാക്സു വരുന്നതു് ൧-൩-൦ രൂ. യാണു്. പക്ഷെ സെയിൽസ്ടാക്സു ചുമത്തുന്ന കാര്യത്തിൽ ഗവണ്മെന്റ വളരെ ബുദ്ധിപൂർവ്വമായ ഒരു നയം ഇതിന്റെ പിന്നിൽ പ്രയോഗിച്ചിട്ടുണ്ടു്. ഈ നയംമൂലം ഇവിടെ പറഞ്ഞ ഇനങ്ങളിൽ ഏതാനും ചിലതിനുമാത്രമേ വില്പന നികുതിയുള്ളു. അരി, ആയിൽ, Kerosene oil, കപ്പ, പച്ചക്കറി, പാൽ, ഈ വക സാധനങ്ങൾക്കൊന്നിനും വില്പന നികുതിയില്ല. അപ്പോൾ ഇവിടെ തന്നിട്ടുള്ള കണക്കുവച്ചു് മററു സാധനങ്ങളുടെ വില്പനനികുതി നോക്കുകയാണെങ്കിൽ ഈ ൱ രൂപയിൽ ൧ ൦ ണ. ൩ പൈ. മാത്രമാണു് സെയിൽസ്ടാക്സു വീഴുന്നതു്. ഈ ൧ ൦ ണ. ൩ പൈ. അവർ കൊടുക്കുകയല്ലാ ചെയ്യുന്നതു്. ൱ രൂപ ഒരു മാസം ഒരു തൊഴിലാളിയുടെ കുടുംബത്തിനു ചിലവഴിക്കുന്ന അവസരത്തിൽ സെയിൽസ്ടാക്സിലേയ്ക്കു് ൧ ൦ ണ. ൩ പൈ. വരുന്നു. ഈ സെയിൽസ്ടാക്സു കൊടുക്കുന്നതു് തൊഴിലാളിയല്ല. ജീവിതച്ചെലവു അനുസരിച്ചു് തോട്ടമുടമകളും മററു മുതലാളികളും തൊഴിലാളികൾക്കു് കൂലി കൊടുക്കുവാനും വേതനം കൊടുക്കുവാനുമാണു് വഴിയുള്ളതു്. വേതനം കൊടുക്കുന്നതു് ആരാണോ അവനാണു് സെയിൽസ് ടാക്സിന്റെ ഭാരം വഹിക്കേണ്ടിവരുന്നതു്. അതുകൊണ്ടു് ചില്ലറ കാര്യങ്ങളിൽ സെയിൽസ്ടാക്സു ചുമത്തിയാലും തൊഴിലാളിക്കു് സെയിൽസ്ടാക്സു ഉൾപ്പെടെ ൱ രൂപാ ചിലവുണ്ടെന്നു കണക്കാക്കി അവരുടെ കൂലി ഫിക്സ് ചെയ്തിട്ടുള്ളതുകൊണ്ടു ൱ രൂപായിൽ ൧ ൦ ണ. ൩ പൈ. സെയിൽസ് ടാക്സ് കൊടുക്കേണ്ടതു് മുതലാളിയാണെന്നു വെളിപ്പെടുന്നു. ഈ തത്വംതന്നെ മററു ഫാക്ടറികളിലും ഉപയോഗിക്കുവാൻകഴിയും. ഫാക്ടറി തൊഴിലാളികളും തോട്ടം തൊഴിലാളികളും അല്ലാത്തവരുടെ കാര്യത്തിൽ—

ശ്രീ. പട്ടം താണുപിള്ള: മിനിമംവേജസ് കമ്മിററിയുടെ റിപ്പോർട്ടു് അനുസരിച്ചു് തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് മറെറാരു ചോദ്യമാണു്. എന്നാലും മുഴുവനും അനുവദിച്ചിട്ടില്ല. പിന്നീടുള്ളതു് ഈ നാട്ടിലെ മററു തൊഴിലാളികളാണു്. അവരുടെ കൂലി നിർണ്ണയപ്പെടുത്തുന്നതു് കമ്പോളങ്ങളിലെ വില അനുസരിച്ചാണു്. അതുകൊണ്ടു് അവർക്കു് ൱ രൂപ കുടുംബ ആവശ്യത്തിനു് ചിലവുണ്ടെങ്കിൽ അതിനു് കൊടുക്കേണ്ടിവരുന്ന സെയിൽസ ടാക്സു ൧ ൦ ണ. ൩ പൈ. കൊടുക്കേണ്ടിവരുന്നതു് കൂലി കൊടുക്കുന്ന ആളുകളാണു്. അതു കൊണ്ടു് ൧ ൦ ണ. ൩ പൈ വില്പനനികുതി ചുമത്തിയിരിക്കുന്നതു് കഷ്ടമാണു് എന്നു വാദിക്കുന്നതു് ആർക്കുവേണ്ടിയാണു്? ആരുടെ കയ്യിൽ നിന്നാണോ വേതനം കൊടുക്കുന്നതു് അവരുടെമേലാണു് ഈ ടാക്സു ചെന്നുവീഴുന്നതു് എന്നുള്ളതു് ശരിയാണു്. ഇനി നമ്മുടെ ഇടത്തരം കൃഷിക്കാരുടെ കാര്യമാണെങ്കിൽ, അര ഏക്കറോ, ഒരേക്കറോ, രണ്ടു് ഏക്കറോ കൃഷിഭൂമി കൈവശംവച്ചു് കൃഷിചെയ്തു ജീവിക്കുന്നവരുടെ കാര്യത്തിലാണെങ്കിൽ,

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

അവരുടെ ഒരു മാസത്തെ വരവു് ൨൨ രൂപ ആണെന്നുവെച്ചാൽ ൧ ൦ണ. ൬ പൈയാണു് അവരും നികുതി കൊടുക്കേണ്ടിവരുന്നതു്. അവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കു് വില കൂടുതൽ ഉള്ളതുകൊണ്ടു് അവക്കും ഈ നികുതികൊണ്ടു് ബുദ്ധിമുട്ടുണ്ടാകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: മുതലാളിക്കു് എവിടെ നിന്നാണു കഴിവുണ്ടാകുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുതലാളിക്കു് അതുണ്ടാകുന്നതു് പ്രയത്നംകൊണ്ടാണു്.

ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ സെയിൽസു ടാക്സു് ഈ രാജ്യത്തെ പാവപ്പെട്ടവൻെറ പിച്ചച്ചട്ടിയിൽനിന്നു പിരിക്കുന്ന നികുതിയാണെന്നു പറഞ്ഞതുകൊണ്ടു് ഞാൻ അതിനെക്കുറിച്ചു് ഉൽക്കണ്ഠാപൂർവ്വം പരിശോധിച്ചതിൽ എനിക്കു കിട്ടിയ വിവരങ്ങളാണു് ഞാൻ സഭയുടെ മുമ്പിൽ വച്ചതു്. ഈ സെയിൽസ് ടാക്സു് വാസ്തവത്തിൽ കൂലിയും വേതനവും കൊടുക്കുന്നവരുടെ മേലാണു് ചെന്നുവീഴുന്നതു്. ഇതിൻെറ സാമ്പത്തികവശത്തെക്കുറിച്ചു ഗവേഷണം നടത്തേണ്ട വഴിയെ പററി ഞാൻ ഈ പ്രസംഗത്തിൽ സൂചിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്.

സെയിൽസു ടാക്സു പിരിക്കുന്ന സമ്പ്രദായംകൊണ്ടു് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു് എന്നു പറയുകയുണ്ടായി. ഇവിടെ മൾട്ടിപ്പായിൻറ സെയിൽസു ടാക്സാണു്. ബാംബയിൽ മാത്രമാണു് സിങ്കിൾ പായിൻറ ടാക്സു ഉള്ളതു്. അവിടെ മൾട്ടിപായിൻറ ആക്കുവാനുള്ള പദ്ധതികൾ തയാറാക്കിവരുന്നുണ്ടു്.

ഇനി സെയിൽസു് ടാക്സിൻെറ പ്രവർത്തനത്തെപ്പററിയുള്ള ഗുണദോഷങ്ങളെക്കുറിച്ചു നോക്കുന്നതിനു് ഒരു അന്വേഷണം നടത്തണമെന്നു് ഗവണ്മെൻറ് വിചാരിക്കുന്നുണ്ടു്. കഴിഞ്ഞ നാലഞ്ചു കൊല്ലമായി സെയിൽസു് ടാക്സിൻെറ പ്രവർത്തനംമൂലം എന്തെല്ലാം ദോഷങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുവാൻ സാധിക്കുമോ എന്നും അറിയുന്നതിനു് ഒരു അന്വേഷണം നടത്തുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടു്. ഇതിൽക്കൂടുതൽ ഒന്നും എനിക്കു് ഈ അവസരത്തിൽ പറയുവാനില്ല. ഇതു് പാവപ്പെട്ടവനെ ദ്രോഹിക്കുന്ന ഒരു ടാക്സു ആണെന്നും അതുകൊണ്ടു് അതു് കളയേണ്ടതാണെന്നും പറഞ്ഞതു് ഗവണ്മെൻറിനു സ്വീകരിക്കുവാൻ നിവൃത്തിയില്ല. ഈ ടാക്സു ഗവണ്മെൻറിനു് ആവശ്യമാണു്. ബഹുമാനപ്പെട്ട ആലപ്പുഴ മെംബറും മററ ആളുകളും പറഞ്ഞതുപോലെ ഇതുകൊണ്ടു് ബുദ്ധിമുട്ടും കുഴപ്പവും ഉണ്ടെങ്കിൽ അതു് തള്ളുവാൻ ഗവണ്മെൻറ ഒരുക്കമായിരുന്നു. പക്ഷെ അതിനെക്കുറിച്ചു് പരിശോധിച്ചതിൽ ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഈ ടാക്സു പാവപ്പെട്ടവനെ ബാധിക്കുന്ന ഒരു ടാക്സാണെന്നു പറഞ്ഞതു് അടിസ്ഥാനരഹിതമാണെന്നും ഈ ഗവണ്മെൻറ ബുദ്ധിപൂർവ്വം സെയിൽസു ടാക്സിൻെറ കാര്യത്തിൽ അംഗീകരിച്ചിട്ടുള്ള എക്സംഷൻസുമൂലം നമ്മുടെ നാട്ടിലെ പാവങ്ങൾക്കു് ഇതുമൂലം

യാതൊരു ഉപദ്രവും ഉണ്ടാകുന്നില്ല എന്നും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

The cut motions moved by Shri T. V. Thomas and Shri P. S. Nataraja Pillai were, by leave, withdrawn.

The cut motion moved by Shri K. K. Chellappan Pillai was deemed to have been withdrawn as the Member was absent.

The question that Government be granted a sum of Rs. 4,55,700 under Demand I — Agricultural Income Tax and Sales Tax — was put and carried.

The grant was made.

Demand XXVII — Civil Works.

Minister for Works and Transport **(Shri Kalathil Velayudhan Nair) :** I move for a grant of Rs. 1,61,69,200 under Demand XXVII — Civil Works.

Shri K. Kochukuttan : I second it.

Mr. Speaker : For a proper discussion of this Demand, I may suggest that Motion No. 6. (standing in the name of Shri Nataraja Pillai), No. 20 (standing in the name of Shri Krishnankutty Warrier), and No. 87 (standing in the name of Shri T. K. Krishnan) be moved and then discussion may be started.

Shri P. S. Nataraja Pillai : Sir, I move,

To reduce the allotment of Rs. 48,51,000 for original work — buildings by Re. 1.

Under the heading Original Works — Buildings, the Budget estimate for 51-52 was 30 lakhs, but in the revised estimate it was only 25 lakhs. It means that the department was not able to expend the 30 lakhs provided for the year 51-52 but spent only 25 lakhs and surrendered 5 lakhs. For the next year there is a provision of 48½ lakhs which is nearly 23 lakhs more than the revised estimate. The department expect to complete their building programme with this amount during the course of next year. If we split up this 48 lakhs we find that 33 lakhs is provided for Works in Progress and 15 lakhs for New Works. I do not know how this department will be able to spend 48 lakhs odd provided for this year. We do not know whether this is a real estimate or whether it is only a simple provision in the Budget and whether when the revised estimate and actuals come the result will be surrender of the unspent amount — these are matters for consideration by the House. I may also say that we are hard pressed for money for various other purposes. When there is a plea from Government benches that there is not adequate money to meet some of the other liabilities or necessities, I ask why there shoud be such over estimate and provision in the Budget which ultimately results in surrender. That is one aspect of the matter.

[Shri P. S. Nataraja Pillai]

From the Appendix we find a lump sum provision provided for buildings in Education Department and the amount is put at 2 lakhs. No details and no estimate could be seen there for this item of expenditure, and this is a lump sum provision. This is not even for works in progress. In contrast to this we will take works in progress and the way in which work in the department is progressing. Looking at page vii of the Appendix one would notice that a sum of Rs. 57,000 odd is provided for making additional accommodation for E. H. S. for Girls, Chengannoor and sanctioned for the year 49-50. The amount spent was only Rs. 14,000 odd in 1951 and the work is being continued. That is the pace at which such works are being executcd. Therefore, even for works for which estimates are ready and where the work has begun, the progress is slow. In that set of circumstances, I do not know what purpose is served by making a lump sum provision of 2 lakhs for buildings. Unless the department is able to spent the amount provided for a particular work in the right manner, the amounts should not be set apart for that. For works which are under contemplation amounts may be provided and the department should see to the spending of the amounts for that item. In this connection, I am forced to say a word about the establishment charges of the department. For the whole department 10 per cent of the expenditure goes for establishment. Out of the total budget allotment of 220 lakhs for this department alone, 22 lakhs is spent on establishment charges. Last year there was some mystery in the establishment charges. Under that category the figure worked up to 53.4 lakhs and the revised estimate showed the amount as 50 lakhs. But this year it stands reduced to 22.28 lakhs. I think an explanation may be coming from the Minister that it is on account of the change of heading or due to wrong accounting system and so on. Whatever that be, this is the figure we have got in the Budget and if you look at the staff.

Shri Kalathil Velayudhan Nair: The establishment charges include expenditure under Irrigation, Capital Works and so the per centage may not come to 10 per cent as depicted by the hon. Member.

Shri P. S. Nataraja Pillai: Sir, at the moment I am not able to refute or accept that statement. Unless I examine the Budget under Capital Works and Irrigation, the per centage cannot be calculated. There is another wonderful aspect to be noted in the establishment charges. There is a provision for making Devicolam-Peermade road for cardamom marketing. I do not know whether there is a work like that going on. Then provision is made for reclamation of lands in Vandanmettu, Chalakudy and Kunnathukal. But we have heard it said that that programme has been postponed. Then another item is, investigation of improvements in Kodayar Project. This is an investigation charged for the last three years and the investigation specia

staff continues. What has been done by the department in these matters, we do not know. In the same way, there is heavy establishment charges incurred under lift irrigation works. A special staff of Executive Engineer, Assistant Engineers and Supervisors and staff continue for this special work. Sir, I can very well understand, when the lift irrigation programme was initiated and worked out, the necessity for such a staff. After the work is done, where is the need for such a special staff? I fail to see. I seriously ask, do you require such a staff for annual maintenance in that connection? Are we still having new lift irrigation projects?

Shri Kalathil Velayudhan Nair: There are two lift irrigation projects.

Shri P. S. Nataraja Pillai: So far that was one of the matters which I have to draw for the kind attention of the House. Now Sir, we have been asked to discuss the Budget on the basis of figures available for 1948. The hon. Minister for Civil Works was not kind enough to review the work relating to Civil Works for last year or the year before nor does he say anything about what he proposes to do for the coming year. Without adequate materials before us, how can we sit in judgement over the activities of the department is the question. But we on this side of the House are left to collect materials from the Budget figures presented from year to year. I ask, has the departmental report been published for 1950 to 51 or 51 to 52? Nothing of the kind has been attempted so far. Where are the statistics and facts about the projects to be completed by Government? All this the House has to gather from the bare figures which are furnished in the Budget for the various years. As for the lift irrigation project we are under the impression that a special staff was created for the coversion of dry lands into wet lands for food production. That is all over. Now we find very heavy establishment charges and the question is whether such charges are necessary and whether adequate work is extracted from them. That is for the serious consideration of the House.

Then a word about the Perurkada hospital. Provision has been made for improvement on it. I wish to draw the attention of the Council of Ministers to that matter. There are no windows or doors in the buildings provided there; there is not even sitting space, nor even a shelter for the poor women patients who average nearly 70 every month. In these circumstances, what I would urge is, money allotted to that Hospital should be utilised for the best advantage of the poor people who come there.

Shri K. V. Krishnankutty Warrier: I move to reduce the allotment of Rs. 66,03,100 for Original works—Communications by Rs. 100.

സർ, സിവിൾ വർക്ക്സിനെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനയെ സംബന്ധിച്ച് ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ഏതാനും ചില സംഗതികൾ സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഈ വകു

[കെ. വി. കൃഷ്ണൻകുട്ടി വാര്യർ.]

പ്പിന്റെ പ്രവൎത്തനങ്ങളെപ്പററി ഈ സഭയിലെ എല്ലാം അംഗങ്ങൾക്കും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ പല ആക്ഷേപങ്ങളും ആവലാതികളും ഈ സഭയുടെ മുമ്പാകെ നിരത്തിവയ്ക്കുവാനുണ്ടാകുമെന്നു് എനിക്കറിയാം. ഈ സഭയിലെ ഒററ അംഗംപോലും ആത്മാൎത്ഥമായി ഈ കാൎയ്യത്തിൽ ഗവണ്മെൻറിനെ അനുമോദിക്കുവാൻ ഇവിടെ ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളായി ഈ ജനകീയഭരണമെന്നു പറയുന്ന കാൺഗ്രസ്സ് ഭരണം ഇവിടെ വന്നതിനുശേഷം കാൺഗ്രസ്സുകാൎക്കു് അഭിമാനിക്കാവുന്ന എന്തെങ്കിലും ഒരു സംഗതി ഈ രാജ്യത്തിനു അവർ ചെയ്തിട്ടുണ്ടോ എന്നു് ഒരു ആത്മപരിശോധന നടത്തുവാൻ ഞാൻ അവരോടു ആവശ്യപ്പെടുന്നു. സർ, വാസ്തവത്തിൽ അവൎക്കു് ഈക്കാൎയ്യത്തിൽ അഭിമാനിക്കത്തക്കതായ യാതൊന്നുമില്ലെന്നുമാത്രമല്ല, എണ്ണിയാൽ ഒടുങ്ങാത്ത ആക്ഷേപങ്ങൾ അവരെ സംബന്ധിച്ചു് പറയുവാനുമുണ്ടു്. കൈക്കൂലികളുടേയും അഴിമതികളുടേയും ഒരു ഡിപ്പാൎട്ടുമെൻറാണു് പബ്ലിക്കു് വൎക്ക്സു് ഡിപ്പാർട്ടുമെൻറന്നുള്ളതിൽ യാതൊരു സംശയവും ഇല്ല. നാട്ടുകാരെ സംബന്ധിച്ചേടത്തോളം അവരുടെ ആശകൾ ഈ കാൺഗ്രസ്സ് ഭരണം വന്നതോടുകൂടി ദിനംപ്രതി എന്നവണ്ണം ഒന്നൊന്നായി തകൎന്നുകൊണ്ടിരിക്കയാണു്. സ്വേച്ഛാധിപത്യപരമായ ദിവാൻ ഭരണകാലത്തു് ഉണ്ടായിരുന്ന കാൎയ്യക്ഷമത പോലും ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഈ ജനകീയ ഗവണ്മെൻറു് ഇന്നു കാണിക്കുന്നില്ലെന്നാണു് പരമാൎത്ഥം. കാൺഗ്രസ്സ് ഭരണം വന്നതിനു ശേഷം യാതൊരു നന്മയും നാട്ടിൽ ഉണ്ടായിട്ടില്ലെന്നു് നാട്ടുകാർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു. ഈ വാസ്തവം ഈ സഭയിലുള്ള എല്ലാ സ്നേഹിതന്മാരും തുറന്നു സമ്മതിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഇന്നു് മിക്കറോഡുകളും ഗതാഗതയോഗ്യമല്ലാതെ ആയി തീൎന്നിരിക്കയാണു്. അതുകൊണ്ടു് സാധാരണ ആളുകൾ ഇന്നത്തെ റോഡുകളെ സംബന്ധിച്ചു് പറയുന്നതു് "റോഡു് കാൺഗ്രസ്സായി" എന്നാണു്. അങ്ങനെ നാട്ടുകാർ അഭിപ്രായം പുറപ്പെടുവിക്കത്തക്കവണ്ണം റോഡുകൾ അത്ര ശോചനീയമായ നിലയിൽ ആണു് സ്ഥിതിചെയ്യുന്നതു്. ആ കാരണത്താലാണു് കാൺഗ്രസ്സ് റോഡുകളെന്നു് ആളുകൾ ഇതിനു പേരിട്ടിരിക്കുന്നതു്. എന്റെ കാൺഗ്രസ്സ് സ്നേഹിതന്മാർ പോലും ഇപ്രകാരം പേരിട്ടിട്ടുള്ളതായി എനിക്കറിയാം. എന്താണു് ഇതിന്റെ കാരണം. സർ, ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ബഡ്ജററു് പരിശോധിച്ചാൽ എസ്റ്റാബ്ലിഷ്മെൻറു് ചാൎജ്ജുകൾക്കായി ൨൨ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നതായി കാണാവുന്നതാണു്. നമ്മുടെ രാജ്യത്തു് എൻജിനീയറന്മാരുടെ എണ്ണം വളരെ വൎദ്ധിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു എൻജിനീയറന്മാർ നമുക്കാവശ്യമില്ലെന്നല്ലാ ഞാൻ പറയുന്നതിന്റെ അൎത്ഥം. കൂടുതൽ ഉണ്ടാകേണ്ടതു് ആവശ്യവും തന്നെ. പക്ഷെ ഈ ഡിപ്പാർട്ടുമെൻറു് ശമ്പളം കൊടുത്തു് നിയമിച്ചിരിക്കുന്ന എൻജിനീയറന്മാൎക്കു് അവൎക്കു് ചെയ്യുവാനുള്ള ജോലി ശരിക്കു ചെയ്യുവാൻ സാധിക്കുന്നില്ല. വലിയ ശമ്പളം കൊടുത്തുകൊണ്ടു് ധാരാളം എൻജിനീയറന്മാരെ നിയമിച്ചിട്ടുണ്ടു്. പക്ഷെ നാട്ടിനെ സംബന്ധിച്ചടത്തോളം എന്തെങ്കിലും നല്ല കാൎയ്യങ്ങൾ ചെയ്യണമെന്നുള്ള പക്ഷം, അതായതു് പെരിങ്ങൽകുത്തു് സ്കീം പോലുള്ള എന്തെങ്കിലും പദ്ധതികൾ ഉണ്ടാകണമെങ്കിൽ നമുക്കു്

ഇപ്പോഴും പുറത്തുനിന്നു് എൻജനീയറന്മാരെ വരുത്തേണ്ടിയിരിക്കുന്നു. എൻജനീയറന്മാർ എണ്ണത്തിൽ വളരെയധികം നമുക്കുണ്ടെങ്കിലും സാധാരണയായി അവക്കു ചെയ്യാവുന്ന പണി അവർ ചെയ്യുന്നില്ല. ആ സ്ഥിതിക്കു് ഇത്രയധികം ശമ്പളംകൊടുത്തു് ധാരാളം എൻജനീയറന്മാരെ നിയമിച്ചിരിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നു മനസിലാക്കുവാൻ വിഷമമായിരിക്കുന്നു. അവർ ഒരു യന്ത്രം എന്ന നിലയിൽ ഇവിടെ പ്രവത്തിക്കുകയാണു്. അവരവരുടെ നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ സംസാരിക്കുവാൻ എല്ലാ മെമ്പറന്മാക്കും ആകാംക്ഷയുണ്ടു്. ഞാൻ ചില ഉദാഹരണങ്ങൾ ഈ സഭയുടെ മുമ്പാകെ വയ്ക്കാമെന്നു മാത്രമാണു് ഇപ്പോൾ ഉദ്ദേശിക്കുന്നതു്. എന്റെ നിയോജകമണ്ഡലമായ ഇരിങ്ങാലക്കുടയിൽ വളരെ അനാവശ്യമായി, യാതൊരു കാര്യവും കൂടാതെ, ഈ ഗവണ്മെന്റിന്റെ പൊതുമുതൽ, അതായതു് ജനങ്ങളിൽ നിന്നും ഈടാക്കുന്ന പണം ധൂത്തടിച്ചു് ചെലവാക്കുന്നതിന്റെ ഉദാഹരണങ്ങൾ എനിക്കു പറയുവാനുണ്ടു്. ഇൻഡ്യയിൽ മുഴുവൻ തന്നെ പബ്ലിക്കു് വർക്സ് ഡിപ്പാർട്ടുമെൻറു് പണം ദുർവിനയം ചെയ്യുന്നുവെന്നു് ആരോപണം ഉണ്ടു്. അതുകൊണ്ടു് ഈ തിരു-കൊച്ചിയിലെ ഒരു നിയോജകമണ്ഡലത്തിലെ മാത്രം കാര്യം ഇവിടെ പറഞ്ഞു പൊതുമുതൽ എങ്ങനെയാണു് ദുർവിനയം ചെയ്യുന്നതെന്നു് വ്യക്തമാക്കാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. എന്റെ നിയോജകമണ്ഡലത്തിലുള്ള പുല്ലൂർ പൊതുമ്പുചിറ നന്നാക്കുവാൻ വേണ്ടി എസ്റ്റിമേററുണ്ടാക്കി പണിതുടങ്ങി. ചിറ താഴ്ത്താൻ വേണ്ടിയാണു് എസ്റ്റിമേററ തയ്യാറാക്കിയതു്. അതായതു് ആ ചിറയുടെ ബണ്ടു് ആറടി താഴ്ത്തണമെന്നു് എസ്റ്റിമേററു് തയ്യാറാക്കി. പണി ആരംഭിച്ചതു് മഴക്കാലത്തായിരുന്നു. മഴ ആരംഭിച്ചതോടുകൂടി ചിറയുടെ ബണ്ടു് പൊട്ടി മണൽ ചിറയിൽ വീണു. അങ്ങനെ കുഴിക്കാൻ നിശ്ചയിച്ചിരുന്ന ചിറ മണൽ വീണു നികന്നു. അതിന്റെ ഫലമായി അനേകായിരം ഏക്കർ നെൽക്കൃഷി സ്ഥലങ്ങൾക്കു് സാധാരണ കിട്ടാവുന്ന വെള്ളം കൂടി നഷ്ടപ്പെടുന്ന നിലയാണു് വന്നിട്ടുള്ളതു്. ചിറ താഴ്ത്തി കുഴിക്കുവാൻ വേണ്ടി എസ്റ്റിമേററനുസരിച്ചു് പണി ആരംഭിച്ചപ്പോൾ ചിറ നികന്നു കിട്ടുകയാണു് ഉണ്ടായതു്. തൻമൂലം അതിനു വേണ്ടി ചെലവാക്കിയ പണം മുഴുവൻ നഷ്ടപ്പെട്ടു. എന്നാൽ ഇതിനു പിന്നിൽ ചില തന്ത്രങ്ങളും ഗൂഢാലോചനകളും ഉണ്ടായിരുന്നു. ഇതിന്റെ പണി കൺട്രാക്കു് എടുപ്പിച്ചതു ചില തൽപരകക്ഷികളായിരുന്നു. അടുത്തുണ്ടായിരുന്ന തങ്ങളുടെ നിലം നികത്തികിട്ടുവാൻ പണം ചെലവാക്കാതെ അവർക്കു സാധിച്ചു. അങ്ങനെ ഈ ചിറയുടെ പണി കൊണ്ടു് മുതലെടുത്തിട്ടുള്ളതു്, ഇയ്യിടെയായി കോൺഗ്രസ്സായി ചമഞ്ഞിട്ടുള്ളവരാണു്. ഇപ്രകാരം ആറായിരം രൂപ യാതൊരു ഉപകാരവും കൂടാതെ നഷ്ടപ്പെടുത്തുകയാണു് ചെയ്തിട്ടുള്ളതു്. ഇതിന്റെ യാഥാത്ഥ്യം അറിയണമെന്നുള്ളപക്ഷം മന്ത്രിക്കു് ആ സ്ഥലം സന്ദർശിച്ചു് വിവരം ഗ്രഹിക്കാവുന്നതാണു്. ഇതുപോലെ പൊതു മുതൽ ദുർവിനിയോഗം ചെയ്തിട്ടുള്ളതിനു പല ഉദാഹരണങ്ങളുമുണ്ടു്. ഒരു പണി ആരംഭിക്കുന്നതിനുവേണ്ടി എസ്റ്റിമേററു് തയ്യാറാക്കുന്ന അവസരത്തിൽതന്നെ അതു സംബന്ധിച്ചു് ശരിയായ ഒരു പ്ലാൻ ഉണ്ടായിരിക്കേണ്ടതാണു്. അങ്ങനെ ഒരു കാര്യം ഈ ഡിപ്പാർട്ടുമെൻറു് സാധാരണ ചെയ്കയില്ലെന്നു മാത്രമേ എനിക്കു പറയാനുള്ളു. എപ്പോഴെങ്കിലും എന്തെങ്കിലും നടത്തണമെന്നു

[ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ.]

ല്ലാതെ കൃത്യസമയത്തിനുള്ളിൽ പ്ലാൻ അനുസരിച്ച് ചെയ്യണമെന്ന് ഈ ഡിപ്പാർട്ടുമെൻറിനു ഉദ്ദേശമില്ല. ഇരിങ്ങാലക്കുട നിന്ന് പൊരത്തുശ്ശേരിക്കു പോകുന്ന ഒരു റോഡുണ്ട്. അതിന്റെ മുക്കാൽ ഭാഗംവരെ പണി നടത്താൻ എസ്റ്റിമേററുണ്ടായിരുന്നു. കുറെഭാഗം നന്നാക്കി. കുറച്ചുപണം കൂടി സമയത്തിനു ചെലവു ചെയ്തിരുന്നുവെങ്കിൽ ആ റോഡ് പൂർത്തിയാകുമായിരുന്നു. എന്നാൽ പണി ഇന്നും പൂർത്തിയാകാതെ കിടക്കുകയാണു്. ഇങ്ങനെ ഈ ഗവണ്മെൻറിന്റെ കീഴിലുള്ള ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങളുടെ അനുഭവം വച്ചുനോക്കിയാൽ എത്ര കാലം കഴിഞ്ഞാലും ഒരു പുതിയ എസ്റ്റിമേററുണ്ടാക്കി ആ റോഡു പൂർത്തിയാകാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഒരു എസ്റ്റിമേററ തയ്യാറാക്കുമ്പോൾ എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമായി ആദ്യമേ മനസ്സിലാക്കണം. ഇതു കൂടാതെ റോഡു സംബന്ധിച്ച് മററു പല ജോലികളും അവിടെ ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. റോഡുകൾക്കുവേണ്ടി സ്ഥലം അക്വയർ ചെയ്തിട്ടുമുണ്ട്. ഉദാഹരണത്തിനു കോന്തിപുലം റോഡു എടുക്കുക പക്ഷെ പണികളൊന്നും ഇതേവരെ തുടങ്ങിയിട്ടില്ല. ഞാൻ മുൻപു പറഞ്ഞതുപോലെ ചിറ കുഴിക്കുവാൻ തുടങ്ങിയപ്പോൾ മഴക്കാലം തുടങ്ങി, ബണ്ട് പൊട്ടി മണൽ ചിറയിൽ വീണു. ഈ വാസ്തവം ഇരിങ്ങാലക്കുടയിൽ ചെന്നാൽ നേരിട്ടു മനസ്സിലാക്കാവുന്നതാണ്. അതിനുശേഷം ആരും ആ സ്ഥലം പരിശോധിച്ചിട്ടേയില്ല. കുറെ കൊല്ലം മുൻപ് വളരെ ലക്ഷം രൂപ ചെലവുചെയ്തു ഉണ്ടാക്കിയതായ ഷൺമുഖം കനാൽ ഇന്ന് ഒട്ടുമുക്കാലും ഉപയോഗശൂന്യമായി കിടക്കുകയാണ്. വാസ്തവത്തിൽ ആ തോട് ശരിയായി വെട്ടുവാനുള്ള ഒരു പദ്ധതി അന്നുണ്ടായിരുന്നു. ഗവണ്മെൻറിനു മനസ്സുള്ളപക്ഷം ആ കനാൽ വളരെ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. അതു സംബന്ധിച്ച് ഗവണ്മെൻറിനു ഇതുവരെ യാതൊന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇപ്രകാരം അനേകം സംഗതികൾ ഓരോ നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചും പറയുവാനുണ്ട്. ഇന്നു വളരെയധികം ആളുകൾ തൊഴിൽ ഇല്ലാത്തവരായതുകൊണ്ടു് പുതിയ പദ്ധതികൾ ഗവണ്മെൻറ് ആസൂത്രണം ചെയ്താൽ തൊഴിൽ ഇല്ലാത്തവക്ക് ജോലികൊടുക്കുവാൻ സാധിക്കുന്നതാണ്. അതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു മന്ത്രിമാർ പലപ്പോഴും പറയാറുണ്ടെങ്കിലും ഇതുവരെയും അവയൊന്നും നടപ്പിലാക്കിയിട്ടില്ല. ഇതിന്റെ കാരണമെന്താണ്? ഇന്നു പല പദ്ധതികളും നാട്ടിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി ബഡ്ജററിൽ കാണുന്നുണ്ട്. അവശ്യാവശ്യമായ കുറെ പണവും ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. പക്ഷെ നാട്ടുകാരെ സംബന്ധിച്ചിടത്തോളം അവക്കാവശ്യമുള്ള കാര്യങ്ങൾ തക്ക സമയത്തു് ചെയ്തുകൊടുക്കുവാനുള്ള ഒരു മനസ്ഥിതി ഗവണ്മെൻറിനു കാണുന്നില്ല. മററു താല്പര്യങ്ങൾ നിലനിറുത്തുവാൻ വേണ്ടി മാത്രമാണ് ഈ ഡിപ്പാർട്ടുമെൻറ് പ്രവർത്തിച്ചുവരുന്നതു്. പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള പല കൺട്രാക്കുമാരും ഇന്നു വലിയ പണക്കാർ ആയിട്ടുണ്ട്. ഈ കൺട്രാക്കുമാർക്കു് കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളായി ഉണ്ടായിട്ടുള്ള സമ്പാദ്യങ്ങളെ സംബന്ധിച്ച് ഒരന്വേഷണം നടത്തുന്നപക്ഷം രസകരങ്ങളായ പല വിവരങ്ങളും പുറത്തുവരുന്നതാണ്. ഈ കൺട്രാക്ടറന്മാർ ഇന്ന് വളരെ തടിച്ചുകൊഴിത്തിട്ടുണ്ട്. ഈ പണമെല്ലാം അവരെവിടെനിന്നുണ്ടാക്കി.

അതു സംബന്ധിച്ച് ഒരു അന്വേഷണം നടത്തുന്നപക്ഷം പല വിവരങ്ങളും പുറത്തുവരും. അതിൽ പല കാൺഗ്രസ്സുകാരും ഉൾപ്പെട്ടിട്ടുണ്ടാകും. ഈ നിലയിൽ ഈ ഡിപ്പാർട്ടുമെൻറ മുൻപോട്ടു പോകുന്നപക്ഷം നാട്ടിന്റെ ഗതി എന്തായിരിക്കുമെന്നു് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സഹകരണത്തോടുകൂടി മാത്രമേ പദ്ധതികൾ നടപ്പിൽ വരുത്തുവാൻ പാടുള്ളു. അതാണു് ഇന്നു് ഏററവും അത്യാവശ്യമായി ഗവൺമെൻറ ചെയ്യേണ്ടിയിരിക്കുന്നതു്. ഇന്നാണെങ്കിൽ ജനങ്ങളുടെ സഹകരണം ഗവൺമെൻറിനില്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ കൺട്രാക്കുറന്മാർ അവക്കു ശരിയായ കൂലി കൊടുക്കുന്നില്ല. ജനങ്ങളുടെ കാര്യങ്ങൾ ശരിയായി നിർവഹിക്കുന്നതിനു ഈ ഗവൺമെൻറിനു താല്പര്യമില്ലെന്നാണു് ഞാൻ ഇതുകൊണ്ടെല്ലാം മനസ്സിലാക്കുന്നതു്. കാൺഗ്രസ്സിനും ഇതേ മനോഗതിതന്നെയാണു് ഉള്ളതെന്നാണു് എന്റെ വിശ്വാസം.

Shri T. K. Krishnan : I move:

To reduce the total allotment of Rs. 1,61,69,200 under Demand XXVII by Rs. 1,000.

സർ, ഈ ഗവൺമെൻറിനെ ആവശ്യത്തിനും അനാവശ്യത്തിനും കുററം പറയണമെന്നു എനിക്കഭിപ്രായമില്ല. ആവശ്യത്തിനുവേണ്ടി കുററം പറയേണ്ടതു് ആവശ്യംതന്നെ. എന്നാൽ വെറും പ്രചരണത്തിനുവേണ്ടി മാത്രം കുററം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞങ്ങൾ ഇവിടെ വന്നിട്ടുള്ളതു് കുററം പറയുവാൻവേണ്ടി മാത്രമല്ല. ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവൃത്തനങ്ങളെപ്പററി സൃഷ്ടിപരമായ ചില നിർദ്ദേശങ്ങൾ നൽകുവാനാണു് ഉദ്ദേശിക്കുന്നതു്. പുതിയ റോഡുകൾ ഉണ്ടാക്കുവാൻ ആരംഭിക്കുന്ന അവസരത്തിൽ ഈ ഗവൺമെൻറിനു ഇതു സംബന്ധിച്ചു ശാസ്ത്രീയമായ ഒരു മാനദണ്ഡം ഉണ്ടോയെന്നു ഞാൻ സംശയിക്കുന്നു. നമ്മുടെ സാമ്പത്തികജീവിതത്തിന്റെ ജീവനാഡികളാണു് റോഡു് എന്നുള്ളകാര്യം ഗവൺമെൻറ മനസ്സിലാക്കുന്നില്ല. കാരണം, പുതിയ റോഡുകൾ ഉണ്ടാക്കുമ്പോഴും പഴയ റോഡുകൾ നന്നാക്കുമ്പോഴും നാം സ്വീകരിക്കേണ്ട മാനദണ്ഡം ഈ റോഡുകൾ കൃഷിക്കാക്കു് സൗകര്യപ്രദമാണോ എന്നുള്ളതാണു്. കഴിഞ്ഞ പല കൊല്ലങ്ങളിലായി ഇവിടെ ഉണ്ടാക്കിയിട്ടുള്ള റോഡുകളുടെ ചരിത്രം പരിശോധിച്ചാൽ അതിന്റെ പിന്നിൽ ഒരു കാൺഗ്രസ്സുകാരന്റെ ചരടുവലിയോ പല്ലിളിയോ മാത്രമേ കാണുകയുള്ളു. ശാസ്ത്രീയമായ ഒരു റോഡുനിർമ്മാണപദ്ധതി നമുക്കു ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

സർ, യൂറോപ്യൻരാജ്യങ്ങളിൽ റോഡുകളെസംബന്ധിച്ചു് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പ്ലാൻ തയ്യാറാക്കിയശേഷമാണു് പണിയാരംഭിക്കുന്നതു്. ആ മാതൃക നാം ഇവിടെയും സ്വീകരിക്കുന്നുവെങ്കിൽ മാത്രമേ നമ്മുടെ റോഡുകളുടെനില അഭിവൃദ്ധിപ്പെടുവാൻ പോകുന്നുള്ളു.

3 P. M.

ഇവിടെ വി. ആർ. ഡി. ഫണ്ടു് എന്നൊന്നുണ്ടു്. ഇതിന്റെ കീഴിൽ നടക്കുന്ന കാര്യങ്ങളെപ്പററി എനിക്കു വലിയ ആക്ഷേപമുണ്ടു്. പ്രധാനമായി എനിക്കു പറയാനുള്ളതു് കൊച്ചിയെസംബന്ധിച്ചാണു്. കൊച്ചിയെപ്പററി പറയുന്നതു കൊച്ചിക്കാരനെന്നനിലയിലല്ല, ഉദാഹരണത്തിനു

[ശ്രീ. ടി. കെ. കൃഷ്ണൻ.]

വേണ്ടിയാണ്. സംയോജനത്തിനുമുമ്പ് കൊച്ചിയിലെ റോഡുകൾ ഏറ്റവും നല്ല റോഡുകളായിരുന്നുവെന്ന് അഭിമാനിക്കാവുന്നതായിരുന്നു. ഇപ്പോൾ ആ റോഡുകളിൽ കിണറുകളും, കുളങ്ങളും പോലുള്ള ചളിക്കുണ്ടുകൾ തെളിഞ്ഞിരിക്കയാണ്. ഇന്നു റോഡിൽക്കൂടി പോകാൻതന്നെ നിവൃത്തിയില്ല. റോഡുകൾ തോടായും, തോടുകൾ റോഡായും ഇപ്പോൾ ഗതാഗതത്തിനു യോഗ്യമല്ലാതായിത്തീർന്നിരിക്കയാണ്. വലിയ അനാസ്ഥ ഗവണ്മെൻറിന് ഈ കാര്യത്തിൽ വന്നുകൂടിയിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സംയോജനത്തിനുമുമ്പ് വില്ലേജ്റോഡുകൾ നന്നാക്കുന്നതിനു ൪ ലക്ഷംരൂപ വീതം കൊച്ചിയിൽ ചെലവാക്കിയിരുന്നു. പുതിയ ബഡ്ജററിൽ ഒരു ലക്ഷംരൂപ മാത്രമേ അതിനായി നീക്കിവച്ചിരിക്കുന്നതായി കാണുന്നുള്ളു. മാത്രമല്ല കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ ശരാശരി ൩,൧൫,൦൦൦ രൂപ മാത്രമേ ഓരോ കൊല്ലത്തിലും ചിലവഴിച്ചിട്ടുള്ളു. ഗവണ്മെൻറിൻെറ അനാസ്ഥയെ ഉദാഹരണത്തിനുവേണ്ടിയാണു ഞാൻ കൊച്ചിയെ സംബന്ധിക്കുന്ന ഈ കണക്കുകൾ പറഞ്ഞതു്. നമ്മുടെ റോഡുകൾ നന്നായിരിക്കണമെന്നുള്ള ആഗ്രഹം ഗവണ്മെൻറിനുണ്ടെങ്കിൽ മാത്രമേ ഇവിടത്തെ സാമ്പത്തിക ഭദ്രതയെ നമുക്കു സംരക്ഷിക്കാൻ കഴിയുകയുള്ളു. ആ സാമ്പത്തികഭദ്രതയുടെ അടിസ്ഥാനത്തിലായിരിക്കണം പുതിയ റോഡുകൾ വെട്ടേണ്ടതും പഴയ റോഡുകൾ നന്നാക്കേണ്ടതും എന്നാണ് എനിക്കു പറയാനുള്ളതു്. നമ്മുടെ കാർഷികോല്പന്നങ്ങൾ മാർക്കററിലേക്കു കൊണ്ടുപോകുന്നതിനുള്ള സൗകര്യത്തിനുവേണ്ടിയാണ് ഈ റോഡുകൾ എന്നു നാം മനസ്സിലാക്കണം.

മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് ഇവിടെ കൺട്രാക്ട് കൊടുക്കുന്നതിലുള്ള പല കള്ളത്തരങ്ങളേയും പററിയാണ്. ഇവിടെയുള്ള കൺട്രാക്ടു സമ്പ്രദായത്തിൽ പല വ്യത്യാസങ്ങളും വരുത്താൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ ജോലികളും കൺട്രാക്ടു കൊടുക്കേണ്ടതില്ല. ചില ജോലികൾ ഗവണ്മെൻറിനു നേരിട്ടുതന്നെ നടത്താൻ കഴിയും. അതിനുള്ള സൃഷ്ടിപരമായ ചില നിർദ്ദേശങ്ങൾ നൽകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലുള്ള വർക്ക് എസ്റ്റാബ്ളിഷ്മെൻറുകാരുടെയും കണ്ടിജൻസിക്കാരുടെയും ക്വാഷ്വൽ ജോലിക്കാരുടെയും ഒരു ലിസ്റ്റ് രജിസ്റ്റർചെയ്തു് കൂലി നിജപ്പെടുത്തി ജോലിസ്ഥിരത നൽകി അവരുടെ സഹകരണത്തോടുകൂടി ഗവണ്മെൻറു ജോലികൾ നിർവ്വഹിക്കുകയാണെങ്കിൽ അതു വളരെ ഫലപ്രദമായിരിക്കുമെന്നു എനിക്കു പറയാൻ കഴിയും. അങ്ങനെയാണെങ്കിൽ കൺട്രാക്ടന്മാരുടെ കൊള്ളലാഭം ഇല്ലാതെയാക്കുന്നതിനും കഴിയുന്നതാണ്. എന്നാൽ എല്ലാ ജോലിയും ഗവണ്മെൻറു നേരിട്ടു നടത്തണമെന്നു അഭിപ്രായം എനിക്കില്ല. കഴിയുന്നവിധത്തിൽ ഈവക സംഗതികൾ ഗവണ്മെൻറു ചെയ്യണമെന്നാണു ഞാൻ പറയുന്നതു്.

ഇപ്പോൾ സിവിൾവർക്ക്സ് ഡിപ്പാർട്ടുമെൻറിനെ ഒരു രാഷ്ട്രീയോപകരണമായി ഉപയോഗിക്കുന്നുണ്ടു്. ഉദാഹരണം പറയുകയാണെങ്കിൽ എൻെറ നിയോജകമണ്ഡലത്തിലേയ്ക്കു് ഇക്കൊല്ലം നീക്കിവച്ചിട്ടുള്ളതു് ൪൫,൦൦൦ രൂപായിൽ ചിലവാനം മാത്രമാണ്. അതേ അവ

സരത്തിൽ മററചില നിയോജകമണ്ഡലങ്ങളിൽ രണ്ടര ലക്ഷത്തോളം രൂപാ നീക്കിവച്ചിട്ടുണ്ട്. അങ്ങനെ ചില നിയോജകമണ്ഡലങ്ങളെ പക്ഷപാതത്തോടു് വീക്ഷിക്കുന്നുണ്ടെന്നു എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ വളരെക്കാലമായി പ്രക്ഷോഭണം ഉണ്ടാക്കിയിട്ടുള്ളതാണ്, കനോളി കനാലിന്റെ പണി ആരംഭിക്കണമെന്നും, വെട്ടിക്കടവ് പദ്ധതി നടപ്പിലാക്കണമെന്നും കണ്ടംകണശ്ശേരി കണ്ടിക്കളും പാടംതോട് താഴ്ത്തണമെന്നും ഉള്ള ആവശ്യങ്ങൾ. എന്നാൽ അതിലേയ്ക്കു ഗവണ്മെന്റ യാതൊരു നടപടിയും എടുത്തിട്ടില്ല. എനിക്കു മുമ്പുള്ള മെംബർ ഭരണകക്ഷിക്കെതിരായിരുന്നതുകൊണ്ടു് രാഷ്ട്രീയപ്പക പോക്കുന്നതിനുവേണ്ടി ഓരോ വക്കും നടത്താതെ ഇരിക്കുകയായിരുന്നു. വാദത്തിനുവേണ്ടി ഇങ്ങനെ ഇല്ലെന്നുപറഞ്ഞാൽതന്നെയും അടുത്ത അങ്ങനെയുണ്ടാകുമെന്നു പറയാൻ പല തെളിവുകളും കിട്ടുന്നുണ്ട്. സിവിൽ വക്ക്സ് ഡിപ്പാർട്ടുമെന്റ് രാഷ്ട്രീയോപകരണമായി ഉപയോഗിക്കാൻ പോവുകയാണെങ്കിൽ അതു വളരെ തെററാണ്.

ശ്രീ. കെ. കരുണാകരൻ: തെളിവുകൾ സഭയുടെ മുൻപിൽ വയ്ക്കാൻ ബഹുമാനപ്പെട്ട മെംബർ തയാറുണ്ടോ?

ശ്രീ. ററി. കെ. കൃഷ്ണൻ: ആവശ്യമാണെങ്കിൽ തരാം. വി. ആർ. ഡി. ഫണ്ട് ഇവിടെയുള്ള മെംബറന്മാരുടെ സഹകരണത്തോടുകൂടി ഉപയോഗിക്കുകയാണെങ്കിൽ അതു വളരെ ഉപയോഗപ്രദമായരീതിയിൽ വിനിയോഗിക്കാൻ പല മാറ്റങ്ങളും ഉണ്ടാക്കാം. ഇപ്പോൾ സെക്ഷൻ ആഫീസറന്മാരുടെ സ്വന്തം അഭിപ്രായവും താല്പര്യവുമനുസരിച്ചാണു പ്ലാനിടുന്നതു്. എന്നാൽ ഈ സഭയിലെ മെംബറന്മാരുടെയും പൊതു പ്രവത്തകന്മാരുടെയും പൊതു സംഘടനകളുടെയും അഭിപ്രായം പരിഗണിച്ചാണ് ഇങ്ങനെയുള്ള വക്കുകൾ പ്ലാൻചെയ്യുന്നതെങ്കിൽമാത്രമേ നാട്ടിനു നന്മയുണ്ടാകയുള്ളൂ.

ഈ കഴിഞ്ഞ ഇലക്ഷൻകാലത്തു കാൺഗ്രസ്സിനു വോട്ടുപിടിക്കാൻ ചില സ്ഥലങ്ങളിലെ റോഡുകളിൽ കാൺക്രീററഇടുകയുണ്ടായി. അങ്ങനെ കാൺക്രീററചെയ്തിട്ടുള്ളതു് ഒരു ആറേഴു ദൂരവുംമററമാണ്. അതു തുടന്നു നടത്താതിരിക്കുന്നതുനിമിത്തം അതു് നിഷ്പ്രയോജനമായിത്തീരുന്നു. അങ്ങനെ ഗവണ്മെന്റിന്റെ പണം ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്.

വേറൊന്നെനിക്കു പറയാനുള്ളതു് ഗവണ്മെന്റ് നഗരവും ഗ്രാമവും തമ്മിലുള്ള ബന്ധത്തെ ശരിയായി മനസ്സിലാക്കുന്നില്ലെന്നുള്ളതാണ്. ഉദാഹരണത്തിനു്, തിരുവനന്തപുരം പട്ടണത്തിനടുത്തുള്ള ചില റോഡുകളെ സംബന്ധിച്ച് അനവധി ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. പേട്ട-ആനയറ റോഡും, കുളത്തൂർ റോഡും ബന്ധിച്ചു് ഒരു പാലം കെട്ടാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെയുള്ള കൃഷിക്കാരുടെ ഉൽപ്പന്നവും ഈ പട്ടണത്തിലെ മാക്കററുംതമ്മിൽ ബന്ധിപ്പിക്കുന്നതിനു വളരെ ആവശ്യമായ ഒരു റോഡാണതു്. അതിനാവശ്യമായതൊന്നുംതന്നെ ഗവണ്മെന്റ് ഇതുവരെ ചെയ്തിട്ടില്ല. ഈവക സംഗതികൾ എല്ലാം നോക്കുമ്പോൾ ഈ ഗവണ്മെന്റിനു് ചില കൺട്രാക്ടറന്മാരെ പ്രീണിപ്പിക്കണമെന്നല്ലാതെ മററു യാതൊരു ഉദ്ദേശവുമില്ലെന്നു തോന്നുന്നു. സിവിൽവക്ക്സ് ഡിപ്പാർട്ടുമെന്റ്

[ശ്രീ. ററി. കെ. കൃഷ്ണൻ.]

സ്വന്തം ഒരു പൊതുഭണ്ഡാരമായിട്ടാണു് കോൺഗ്രസ്സുകാർ ഉപയോഗിക്കുന്നതു്. അതു വളരെ തെററാണെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. സി. നൈനാൻ : സർ, ബഡ്ജററു പരിശോധിച്ചാൽ ഏകദേശം ഒരു കോടി അറുപത്തൊന്നുലക്ഷം രൂപ പബ്ലിക്ക് വർക്സിലേക്കു നീക്കിവച്ചിട്ടുള്ളതായി കാണാം. ഞാൻ ഈ സഭയിൽ വരുന്നതിനു മുമ്പായി എന്റെ നിയോജകമണ്ഡലം മുഴുവനും ചുററിസഞ്ചരിക്കുകയുണ്ടായി. അങ്ങനെ എന്റെ നിയോജകമണ്ഡലത്തിലുള്ള ആളുകളുടെ ആവശ്യങ്ങളെന്താണെന്നും അവർക്കു് ഇവിടെ അറിയിക്കേണ്ട പരാതികളെന്താണെന്നും അറിയുന്നതിനു് ഞാൻ ശ്രമിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. ഞാൻ പോയിരുന്ന എല്ലാ സ്ഥലങ്ങളിലും ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പരാതി പറഞ്ഞിട്ടുണ്ടെങ്കിൽ അതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനെപ്പററിയായിരുന്നു. കാറിലും കാറുപോകാത്ത റോഡുകളിൽ നടന്നുംപോയി ഞാൻ പല സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. ഞാൻ കണ്ട റോഡുകളുടെ സ്ഥിതിയെപ്പററി ഇവിടെ പറയുന്നതിനു സമയമില്ലാത്തതിൽ ഖേദിക്കുന്നു. പട്ടണങ്ങളോടടുത്തുള്ള ചില റോഡുകൾ നന്നായി സൂക്ഷിക്കുന്നുണ്ടെങ്കിലും ഗ്രാമങ്ങളിലുള്ള റോഡുകൾ ഗതാഗതത്തിനു യോഗ്യമല്ലാത്ത നിലയിലാണു് കാണുന്നതെന്നു് പറയേണ്ടിയിരിക്കുന്നു. അതിനു പ്രധാനകാരണമായി ഞാൻ കാണുന്നതു് മെയിൻറനൻസ് ശരിയായും തക്കസമയത്തും നടത്തുന്നില്ലെന്നുള്ളതാണു്. സർ, ഞാൻ അതിശയോക്തി പറയുകയല്ല ചെയ്യുന്നതു്. ഏതെങ്കിലും ഒരു പാലം പണിയണമെങ്കിൽ അതിന്റെ പണി തുടങ്ങുന്നതു് മഴക്കാലത്തോടടുത്തായിരിക്കും. അങ്ങനെ പണിതുടങ്ങി ഒരാഴ്ച കഴിയുമ്പോൾ പണി നിറുത്തിവയ്ക്കേണ്ടിവരും. റോഡു് മെയിൻറനൻസും തക്കതായ കാലങ്ങളിൽ നടത്തുന്നില്ലെന്നുള്ളതു് ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. തക്കസമയത്തു മെയിൻറനൻസു് ചെയ്യാത്തതുകൊണ്ടു് ഗവണ്മെൻറിലേക്കു് നഷ്ടമുണ്ടാകുന്നു എന്നു മാത്രമല്ല വഴികൾ ദുരുപയോഗമായിത്തീരുന്നുമുണ്ടു്. ഇതു് വഴികളേയും പാലങ്ങളേയും സംബന്ധിക്കുന്ന ഒരു കാര്യമാണു്. മോട്ടോർ വാഹനങ്ങൾ ഓടുന്ന റോഡുകളിൽ ചിലടത്തു ചങ്ങാടങ്ങളുണ്ടു്. ആ ചങ്ങാടങ്ങൾ കേടുഭവിച്ചിരിക്കുന്നുവെന്നുള്ള സംഗതി ഒരു ദിവസംകൊണ്ടു് അറിയുന്ന കാര്യമല്ല. അതു് മുൻകൂട്ടി നന്നാക്കുന്നതിനു് യാതൊരു പ്രയാസവുമില്ല. അങ്ങനെയുള്ള സംഗതികളും ഡിപ്പാർട്ടുമെൻറു് തക്കസമയത്തും ശരിയായും ശ്രദ്ധിക്കുന്നില്ലെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഗ്രാമങ്ങളിൽ അധികം പണം ചെലവഴിച്ചു് റോഡുകൾ ഗ്രാമവാസികൾ വെട്ടി അവരുടെ ആവശ്യത്തെക്കരുതി ഗവണ്മെൻറിനെ ഏല്പിക്കുന്നുണ്ടു്. അങ്ങനെ പുതുതായി വെട്ടുന്ന റോഡുകൾ ഏറെറടുക്കുന്നതിനു ഗവണ്മെൻറു് വളരെ വൈമനസ്യം കാണിക്കുന്നുണ്ടു്. അങ്ങനെ പുതുതായി വെട്ടുന്ന റോഡുകൾ പഞ്ചവത്സരപദ്ധതിയിൽ പെട്ടതല്ലെന്നാണു് അതിനു കാരണമായി കാണുന്നതു്. ഈ പഞ്ചവത്സരപദ്ധതിതന്നെ അപൂർണ്ണമായ ഒന്നാണു്. പഞ്ചവത്സരപദ്ധതി രൂപീകരിച്ച ഉദ്യോഗസ്ഥൻ അതു സംബന്ധമായി ഹജൂർക്കച്ചേരിയിലുള്ള രേഖ

കളൊന്നും പരിശോധിക്കാതെ അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെട്ട ചില കാര്യങ്ങളെ അടിസ്ഥാനമാക്കിയാണു് സ്കീം തയാറാക്കിയതു്. ഈ പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള റോഡുകൾ എടുത്തുനടത്തുന്നതിനു് തീരുമാനിക്കുകയാണെങ്കിൽ പ്രയോജനകരമായി റോഡുകൾ വെട്ടുന്നതിനോ നന്നാക്കുന്നതിനോ സാദ്ധ്യമല്ല. ഏതായാലും റോഡുകൾ നന്നാക്കുന്നകാര്യത്തിൽ ഗവണ്മെൻറ് അനാസ്ഥ കാണിക്കുന്നതു് യാതൊരു തരത്തിലും നീതീകരിക്കത്തക്കതല്ലെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഏതെങ്കിലും ഒരു പാലം നന്നാക്കണമെന്നോ മറേറാ ഡിപ്പാർട്ടുമെൻറിനോടു പറഞ്ഞാൽ ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ടെങ്കിലും, അഡ്മിനിസ്റ്റ്രേററീവ് സാംക്ഷൻ വന്നിട്ടില്ലെന്നോ എസ്റ്റിമേററ് റിവൈസ് ചെയ്യാൻ പോയിരിക്കുകയാണെന്നോ മറേറാ പറഞ്ഞു് വേല നീട്ടിക്കൊണ്ടുപോകുന്നതു് നാം കാണുന്നുണ്ടു്. അതിനു് ഇടവരാതിരിക്കുന്നതിനു് ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരും പ്രത്യേകിച്ചു് മന്ത്രിമാരും കരുതിപ്രവർത്തിക്കണമെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു. ഈ സംഗതിയിൽ എന്തെങ്കിലും അനാസ്ഥ കാണിക്കുന്നതായാൽ അതു് ഗവണ്മെൻറിനെ സംബന്ധിച്ചും ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചും തെററിദ്ധാരണകൾക്കു് വഴിതെളിക്കുമെന്നു് പ്രത്യേകം ഓർമ്മിക്കേണ്ടതാണു്.

ശരിയായസമയത്തു മെയിൻറനൻസ് നടത്തുന്നുണ്ടോ എന്നു മേലുദ്യോഗസ്ഥന്മാർ സ്ഥലത്തുപോയി അന്വേഷിക്കുന്നതിനും വളരെ മടികാണിക്കുന്നതായിട്ടാണു കാണുന്നതു്. കാരണം അവർ വിലകൂടിയ നല്ലകാറുകളാണു് വാങ്ങിച്ചിരിക്കുന്നതു്. ആ നല്ല കാറുകളിൽപോയി നല്ല റോഡു് അവസാനിക്കുന്നിടത്തു് കാർ നിറുത്തി ബാക്കിയുള്ള റോഡുകളുടെ കാര്യം കീഴുദ്യോഗസ്ഥന്മാരോടു് ചോദിച്ചു് അവർ പറയുന്നതുകേട്ടുകൊണ്ടു് മടങ്ങിപ്പോരുകയാണു് ചെയ്യുന്നതു്. അതിനാൽ ഈ റോഡുകൾ നന്നാക്കുന്ന കാര്യം ഗവണ്മെൻറിൽനിന്നും നേരിട്ടു നടത്താതെ അതാതു സ്ഥലത്തു് റോഡുകൾ വെട്ടിച്ചിരിക്കുന്ന ആളുകളെത്തന്നെ ഏൾപ്പിക്കുന്നതു് നന്നായിരിക്കുമെന്നാണു് എനിക്കു് തോന്നുന്നതു. എൻെറ നിയോജകമണ്ഡലത്തിൽപെട്ട ആളുകൾ ഈ വ്യവസ്ഥയെ സന്തോഷപുരസ്സരം സ്വീകരിച്ചിട്ടുള്ളതായി എനിക്കു് പറയാൻ കഴിയും. അതുകൊണ്ടു് ഗ്രാമ റോഡുകളുടെ കാര്യത്തിൽ ഞാൻ പറഞ്ഞ പാളിസി ഗവണ്മെൻറ് സ്വീകരിക്കേണ്ടതാണു്.

ഒരു കാര്യംകൂടി എനിക്കു് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കേണ്ടതായുണ്ടു്. എൻെറ നിയോജകമണ്ഡലത്തിൽപെട്ട ൩ പാലങ്ങൾക്കു കേടു വന്നിരിക്കുന്നതായി അറിവുകിട്ടി. അതായതു്, ചന്തപ്പാലം, ഓടൻകോട്ടുപാലം, കല്ലുപാലം ഇവയുടെ പ്ലാററ്ഫാറം നന്നാക്കണം. അതിൽ ഒരു പാലത്തിൻെറ പ്ലാററ്ഫാറം നന്നാക്കുന്നതിനായി വേറൊരു വഴിക്കു ഗതാഗതം നയിച്ചു. അതിൻെറ ഫലമായി ഹെവി ട്രാഫിക്കു് മൂലം ആ റോഡുകൾ എല്ലാം ചീത്തയായി. ഈ സമയംകൊണ്ടു് മററു രണ്ടു പാലങ്ങൾ നന്നാക്കിയിട്ടുമില്ല. അങ്ങിനെ ആ പാലങ്ങൾ രണ്ടും നന്നാക്കാതിട്ടിരിക്കുന്നതുകൊണ്ടു് പല നഷ്ടങ്ങളും ഉണ്ടായിട്ടുണ്ടു്. സാധാരണ റോഡുകളിൽക്കൂടി ഹെവിട്രാഫിക്കു് ഉണ്ടായിരിക്കുകയും അതായതു് ആ റോഡുകളിൽക്കൂടി ഓടിക്കാൻ അനുവാദം കൊടുക്കത്തക്കതല്ലാത്ത വണ്ടികൾ ഓടാൻ അനുവദിക്കുകയും, അതുപോലെതന്നെ വളരെ അധിക

[ശ്രീ. കെ. സി. മൈനാൻ]

മായി വാഹനങ്ങൾ ഗതാഗതം ചെയ്തുകൊണ്ടിരിക്കുകയും, യഥാകാലം ആ റോഡുകൾ മെയിൻറനൻസു നടത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണു് ആ റോഡുകൾ ഇത്ര വേഗത്തിൽ ചീത്തയായിപ്പോകുന്നതു്. ഇന്നു് പ്രൈവററ് റോഡുകളിലും ഇതുപോലെ ഹെവിട്രാഫിക്കു് ഉള്ളതുകൊണ്ടു പലതും സഞ്ചാരയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ടു്. ഇങ്ങനെ ഹെവിട്രാഫിക്കു്മൂലം റോഡുകൾ ചീത്തയാക്കാതിരിക്കുന്നതിനുവേണ്ടി ഗവണ്മെൻറു് കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

ശ്രീ. എം. പി. വർഗ്ഗീസ്: സർ, ഇന്നത്തെ ചർച്ചാവിഷയമായ സിവിൾ വർക്സ് അല്ലെങ്കിൽ പൊതുമരാമത്തിനെപ്പററി ഒരു വിമർശനം ചെയ്യുമ്പോൾ ഈ സഭയിലെ മററു മെംബറന്മാർ ചെയ്തതുപോലെ എനിക്കും എൻെറ നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ചും, പാലങ്ങളുടെ കേടുപാടുകളെക്കുറിച്ചും, പറയുവാനാഗ്രഹമുണ്ടു്. എന്നാൽ ബഡ്ജററിൽ പൊതുമരാമത്തിനും പൊതുവെ രാഷ്ട്രവികസനപദ്ധതികൾക്കും നീക്കിവച്ചിട്ടുള്ള തുകയെപ്പററി എനിക്കു മൌലികമായ ഒരാക്ഷേപമുള്ളപ്പോൾ ഇപ്രകാരം എൻെറ നിയോജകമണ്ഡലത്തിലെ ആവശ്യങ്ങളെ മാത്രം മുൻനിറുത്തി സംസാരിക്കുന്നതു ശരിയല്ലെന്നു തോന്നുന്നതിനാൽ ഞാൻ അതിനൊരുമ്പെടുന്നില്ല.

രാഷ്ട്രവികസന പദ്ധതികൾക്കായി കൊള്ളിച്ചിട്ടുള്ള തുകയെപ്പററി, എനിക്കുള്ള മൌലികമായ ആക്ഷേപം ഇതാണു്. അതായതു്, ഈ രാജ്യത്തിൽ സാമ്പത്തികസുസ്ഥിതി സ്ഥാപിക്കുന്നതിൽ പബ്ലിക്കു് ഇൻവെസ്റ്റ്മെൻറിനുള്ള പങ്കു നിറവേററുവാൻ തീരെ അപര്യാപ്തമാണു് ബഡ്ജററിൽ രാഷ്ട്രവികസന പദ്ധതികൾക്കായി കൊള്ളിച്ചിരിക്കുന്ന തുക. സർ, എൻെറ ഈ ആക്ഷേപം സാധൂകരിക്കുന്നതിനു ഈ ഗവണ്മെൻറിനു ഇവിടെ സാമ്പത്തികസ്ഥിതി സ്ഥാപിക്കുന്നതിനുള്ള കഴിവു എത്രമാത്രമുണ്ടെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

ഏതു രാജ്യത്തേയും സാമ്പത്തികമായ നില അവിടത്തെ തൊഴിലിൻെറനിലയെയാണു് ആശ്രയിച്ചിരിക്കുന്നതു്. തിരുവിതാംകൂർ-കൊച്ചിയിൽ തൊഴിലില്ലായ്മയാണു് ഇന്നത്തെ ഏററവും പ്രധാന പ്രശ്നമെന്നും അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഇങ്ങനെയെങ്കിൽ ഇവിടെ സാമ്പത്തികസുസ്ഥിതി സ്ഥാപിക്കുന്നതിനു ഇവിടത്തെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കണം. ഈ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കണമെങ്കിൽ പ്രധാനമായി വ്യവസായങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കണം. വ്യവസായങ്ങളെ സൌകര്യത്തിനായി രണ്ടായി തരംതിരിക്കാം.

൧. ഉപയോഗവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ **Consumption goods Industries.**

൨. ഉപകരണവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ. **Capital goods Industries** ഇതിൽ ആദ്യത്തേതിനെ എടുക്കുകയാണെങ്കിൽ ഇവയിലുള്ള തൊഴിൽ ഈ വ്യവസായങ്ങളിലുള്ള ആദായത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ആദായം ജനങ്ങൾ ഈ ഉപയോഗവസ്തുക്കൾക്കു് വേണ്ടി ചെലവാക്കുന്ന തുകയെ ആശ്രയിച്ചിരിക്കും. വീണ്ടും ഈ ഉപയോഗ

വസ്തുക്കളുടെ ഉപഭോഗത്തിനായി ചെലവാക്കുന്ന തുക ജനങ്ങളുടെ വരവിനെ ആശ്രയിച്ചിരിക്കും. ജനങ്ങളുടെ വരവും ചെലവും തമ്മിൽ ഒരു ബന്ധമുണ്ട്. വരവു വർദ്ധിക്കുമ്പോൾ ചെലവും വർദ്ധിക്കുമെങ്കിലും വരവിന്റെ വർദ്ധനവിന്റെ നിരക്കിനെക്കാൾ കുറവായിരിക്കും ചെലവിന്റെ വർദ്ധനവിന്റെ നിരക്ക്. മററു വിധത്തിൽ പറയുകയാണെങ്കിൽ വരവു വർദ്ധിക്കുമ്പോൾ മിച്ചം വർദ്ധിക്കുമെന്നു മാത്രമല്ല, വരവിന്റെ വർദ്ധനവിന്റെ നിരക്കിനെക്കാൾ കൂടുതലായിരിക്കും മിച്ചത്തിന്റെ വർദ്ധനവിന്റെ നിരക്ക്. ഇതിൽ നിന്നു ജനങ്ങൾ അവരുടെ വരവിൽ നിന്നും മൊത്തത്തിൽ ചെറിയ ഒരംശം മാത്രമേ ഉപയോഗവസ്തുക്കളുടെ ഉപഭോഗത്തിനായി ചെലവാക്കുന്നുള്ളു എന്നും തന്മൂലം ഉപയോഗവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങളുടെ വികസനം മൂലം സാധിക്കാവുന്ന തൊഴിൽ വർദ്ധനവു വളരെ പരിമിതമാണെന്നും വ്യക്തമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ തങ്ങളുടെ വരവിൽ നിന്നും ചെറിയ ഒരംശം മാത്രം ഉപയോഗവസ്തുക്കളുടെ ഉപഭോഗത്തിനായി ചെലവിടുന്ന കൂടുതൽ വരവുള്ളവരുടെ മിച്ചത്തിൽ നിന്നും ആദായനികുതി മുഖേന ഒരംശം എടുത്തു തങ്ങളുടെ വരവു മിക്കവാറും മുഴുവൻ തന്നെയും ഉപഭോഗത്തിനായി ചെലവിടുന്ന വരവു കുറഞ്ഞ ജനങ്ങൾക്കു ഗവണ്മെൻറിൽ നിന്നും കൊടുത്തു അങ്ങനെ മൊത്തത്തിൽ ഉപയോഗവസ്തുക്കളുടെ ഉപഭോഗത്തെയും തന്മൂലം ഈ വ്യവസായങ്ങളുടെ വികസനത്തെയും സാധിക്കാവുന്നതാണ്. പക്ഷെ ആദായനികുതി പിരിക്കുന്നതിനുള്ള അവകാശം നമുക്കു നഷ്ടപ്പെട്ടിരിക്കുന്നിടത്തോളം കാലം ഇപ്രകാരം ഒരു പുനർവിതരണത്തിനും (Re-distribution) തന്മൂലം സാധിക്കാവുന്ന തൊഴിൽ വർദ്ധനവിനും നിവൃത്തിയില്ല.

ഇനിയും ഉപകരണവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങളുടെ വികസനംമൂലം സാധിക്കാവുന്ന തൊഴിൽ വർദ്ധനവിനെപ്പററി നോക്കാം. ഈ വ്യവസായങ്ങളിലുള്ള ഇൻവെസ്റ്റ്മെൻറ് അവയിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്ന ആദായത്തെയും നിലവിലുള്ള ദീർഘകാല പലിശനിരക്കിനേയും അനുസരിച്ചിരിക്കും. പ്രതീക്ഷിക്കപ്പെടുന്ന ആദായത്തെ നിർണ്ണയിക്കുന്നതു് രാജ്യത്തിലെ സുരക്ഷിതാവസ്ഥയിൽ ഭാവിയിലുണ്ടായേയ്ക്കാവുന്ന ഉപകരണവസ്തുക്കളുടെ വിലവ്യത്യാസങ്ങളെപ്പററിയുള്ള പ്രതീക്ഷകളുമാണ്. അതുപോലെ തന്നെ പലിശനിരക്കിനെ നിർണ്ണയിക്കുന്നതു തങ്ങളുടെ കയ്യിൽ പണം വച്ചുസൂക്ഷിക്കുവാനുള്ള ജനങ്ങളുടെ അഭിലാഷവും നാണയങ്ങളുടെ ആകെത്തുകയുമാണ്. ഇപ്രകാരം നിർണ്ണയിക്കപ്പെടുന്ന ആദായവും പലിശനിരക്കും തമ്മിലുള്ള താരതമ്യത്തിൽ ആദായം പലിശനിരക്കിനെക്കാൾ കൂടുതലാണെങ്കിൽ മാത്രമെ ഉപകരണവസ്തുക്കൾ നിർമ്മിക്കുന്ന വ്യവസായങ്ങളിൽ കൂടുതൽ ഇൻവെസ്റ്റ്മെൻറും തന്മൂലം അവയിൽ തൊഴിൽ വർദ്ധനവും ഉണ്ടാവുകയുള്ളു. അതുകൊണ്ടു് ഈ വിധത്തിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിനു ഈ ഗവണ്മെൻറിനു യാതൊരു കഴിവും ഇല്ലെന്നും നാണയങ്ങളുടെ ആകത്തുകയുടെ വ്യതിയാനങ്ങളെ നിയന്ത്രിക്കുന്ന കേന്ദ്രഗവണ്മെൻറിനുമാത്രമേ വല്ല കഴിവും ഉള്ളു എന്നും വ്യക്തമാകുമെന്നു വിശ്വസിക്കുന്നു.

[ശ്രീ. എം. പി. വർഗ്ഗീസ്]

ഈ വിശകലനം ശരിയാണെങ്കിൽ ഒരു ഫെഡറൽ സിസ്റ്റത്തിലെ ഒരു യൂണിററ ഗവണ്മെൻറായ ഈ ഗവണ്മെൻറിനു വ്യാവസായികവികസനം മൂലം ഈ രാജ്യത്തു തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള കഴിവു വളരെ പരിമിതമാണെന്നും ഇവിടെ തൊഴിൽ വർദ്ധനപരമായി എന്തെങ്കിലും സാധിക്കുവാനുള്ള മറേറക മാർഗ്ഗം ഇവിടത്തെ പബ്ലിക്ക് ഇൻവെസ്റ്റ്മെൻറിൻെറ രാഷ്ട്രവികസനപദ്ധതികൾക്കായും മററം ഗവണ്മെൻറിൽ നിന്നും നേരിട്ടു ചെയ്യാവുന്ന ഇൻവെസ്ററമെൻറിൻെറ വർദ്ധനവാണെന്നും വ്യക്തമാകുമല്ലോ. ഇവിടെ ലാഭനഷ്ടം ഒരു പരിഗണനാവിഷയമല്ല. ഗവണ്മെൻറിൽ മൂലധനമില്ലെങ്കിൽ ആവശ്യമുള്ള തുക ജനങ്ങളിൽനിന്നും കടമായി എടുക്കാവുന്നതാണ്. ഈ തത്വമനുസരിച്ചു കനാക്കുന്നതായാൽ ഈ ബഡ്ജററിൽ രാഷ്ട്രവികസനപദ്ധതികൾക്കായി കൊള്ളിച്ചിട്ടുള്ള തുക ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് യാതൊരു വിധത്തിലും പര്യാപ്തമല്ലെന്നു വ്യക്തമാകുമല്ലോ. രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വെറം നിലത്തു കുഴികൾ കുഴിപ്പിച്ചു അവയെല്ലാം വീണ്ടും മണ്ണുകൊണ്ടു മൂടി അങ്ങിനെയെങ്കിലും തൊഴിലില്ലാത്തവർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കേണ്ടതു പോലും സാമ്പത്തികതത്വമനുസരിച്ച് ന്യായമാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്തു ഈ ഗവണ്മെൻറിൽനിന്നും സുധീരമായ ഒരു പ്രവർത്തനപരിപാടി ജനങ്ങൾ പ്രതീക്ഷിക്കുന്ന ഇക്കാലത്തു ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു തീരെ അപര്യാപ്തമായ ഒരു തുകമാത്രം രാഷ്ട്രവികസന പദ്ധതികൾക്കായി പബ്ലിക് ഇൻവെസ്ററമെൻറ് എന്ന നിലയിൽ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിൽ ഞാനെൻെറ ഖേദം പ്രകടിപ്പിച്ചുകൊള്ളുന്നു.

സർ, ഈ വിശകലനം കുറച്ചു സാങ്കേതികമാണെന്നെനിക്കറിയാം. ഞാനതിൽ മനസ്താപിക്കുകയും ചെയ്യുന്നു. അനേകം ധാരണകൾ അല്ലെങ്കിൽ assumptions ഇതിൻെറ പിന്നിലുണ്ട്. സമയം അനുവദിക്കുമെങ്കിൽ ന്യായമായ സംശയങ്ങൾ ദൂരികരിക്കുവാനും ഞാൻ സന്നദ്ധനാണെന്നു ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ജെയിംസ് തറയിൽ: സർ, ഈ സംസ്ഥാനത്തെ ഗതാഗതസൗകര്യത്തെപ്പററി ഈ അവസരമുപയോഗിച്ച് രണ്ടു വാക്കു പറയണമെന്ന് ഞാൻ വിചാരിക്കുന്നു. ജനകീയഗവണ്മെൻറിൻെറ ആവിർഭാവത്തോടുകൂടി ഈ നാട്ടിലെ ഗതാഗതസൗകര്യം പൂർവ്വാധികം വർദ്ധിച്ചിട്ടുണ്ട് എന്നുള്ളതു ചാരിതാർത്ഥ്യജനകമാണ്. നമ്മുടെ പ്രധാന റോഡുകളുടെ മിക്ക ഭാഗങ്ങളും കാൺക്രീററം കോൾക്രീററം ചെയ്തു ഭംഗിയാക്കിട്ടുണ്ട്. അതിൽ ഈ ഗവണ്മെൻറിനെയും മന്ത്രിസഭയേയും ഞാൻ അഭിനന്ദിക്കുന്നു. സർ സി. പി. രാമസ്വാമി അയ്യരുടെ കിരാതഭരണത്തിൻകീഴിൽ സാമ്പത്തികമായി നാം വളരെ വിഷമിച്ചിരുന്നു. ആ പരിതഃസ്ഥിതിയിൽനിന്നും ഇപ്പോഴത്തെ പ്രധാനമന്ത്രി ശ്രീ. എ. ജെ. ജാൺ അവർകളുടെ ശ്രമഫലമായി നാം സാമ്പത്തിക കാര്യത്തിൽ വളരെ പുരോഗമിച്ചിട്ടുണ്ട്. ഇന്നു നമുക്ക് എത്ര പണം വേണമെങ്കിലും കടം കിട്ടുന്നതിനുള്ള ഒരു പരിതഃസ്ഥിതിയുണ്ടായിട്ടുണ്ട്. ഈ പരിതഃ

സ്ഥിതിയെ വേണ്ടവിധം വിനിയോഗിക്കുന്നതിന് തികച്ചും പ്രാപ്തന്മാരത്രെ് നമ്മുടെ ധനകാര്യമന്ത്രിയും ട്രാൻസ്പോർട്ടുമന്ത്രിയും. അവർ ശ്രദ്ധയോടുകൂടി രാജ്യക്ഷേമകരമായ പല പദ്ധതികളും ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. അപ്രകാരം പ്രവൎത്തിക്കുന്നതിലേയ്ക്കു് ചില സംഗതികൾകൂടി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

നമ്മുടെ റോഡുകൾ-വാഹനഗതാഗതമുള്ള എല്ലാ റോഡുകളും തന്നെ ഒരു ഹ്രസ്വകാലപദ്ധതിപ്രകാരം തന്നെ കാൺക്രീററ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അതിലേയ്ക്കു വമ്പിച്ച തുകകൾ വേണ്ടിവരുമെന്നറിയാം. അതിനെനിക്കു മറുപടി പറയാനുള്ളതു ഈവക പദ്ധതികൾക്കാവശ്യമായ പണം ഗവണ്മെൻറിൽനിന്നും കടമായി എടുക്കണമെന്നുള്ളതാണ്. അങ്ങനെ ഈ പദ്ധതി തുടങ്ങുന്നപക്ഷം ഓരോ വൎഷത്തിലും മെയിൻറനൻസിന് ചെലവാകുന്ന പണം കൊണ്ടു് ഈ കടം തീൎക്കാം. സാമ്പത്തികമായി നമുക്കു ലാഭമുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നതു്. മാത്രമല്ല ദീർഘായുസ്സുമുണ്ടാകും. ദീർഘായുസ്സ് എന്നു് ഞാൻ പറഞ്ഞതു് ദീർഘയാത്രയിലുണ്ടാകുന്ന അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയാണ് അതുപോലെതന്നെ വാഹനങ്ങളുടെ വെയർആൻറ ടെയർഇനത്തിലും നല്ല ലാഭമുണ്ടാകും.

അതുപോലെതന്നെ രാജ്യത്തിന്റെ മററു പല ഭാഗങ്ങളിലും പാലങ്ങളുടെ അഭാവം മൂലം ഗതാഗതത്തിനു തടസ്സമുണ്ടാകുന്നു. ഇനിയും ജനങ്ങൾ വളരെക്കാലംകൊണ്ടു ആവശ്യപ്പെട്ടിരുന്ന പല സംഗതികളും ചെയ്തുതീർക്കേണ്ടതായുണ്ടു്. വളരെക്കൊല്ലങ്ങളായി കടമാക്കൂർ ഒരു കടത്തു വേണമെന്ന് അവിടത്തെ ജനങ്ങൾ ആവശ്യപ്പെട്ടു. അവിടത്തെ ജനങ്ങളുടെ നിവേദനത്തിന്റെ ഫലമായി ഗവണ്മെൻറിൽ നിന്നും അവിടെ ഒരു പാലം പണിയിക്കാമെന്നു സമ്മതിക്കയും അതിനൊരു തുക ബഡ്ജററിൽ കൊള്ളിക്കയും ചെയ്തിരുന്നു. എന്നാൽ ഇതുവരെ അവിടെ യാതൊരു പണിയും നടത്തിയിട്ടില്ലെന്നു മാത്രമല്ല ഇക്കൊല്ലത്തെ ബഡ്ജററിൽ യാതൊരു സംഖ്യയും കൊള്ളിച്ചിട്ടില്ല എന്നുള്ള സംഗതി ഖേദപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഇങ്ങനെയുള്ള പണികൾക്കു് പണമില്ലെന്നാണെങ്കിൽ ലോണെടുത്തോ അല്ലെങ്കിൽ മറേറതെങ്കിലും തരത്തിലോ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറേറണ്ടതാണെന്നാണ് എനിക്കു പറയുവാനുള്ളതു്.

അടുത്തതായി എനിക്കു പ്രസ്താവിക്കുവാനുള്ളതു ഈ ഡിപ്പാർട്ടുമെൻറിന്റെ പക്ഷപാതപരമായ നയത്തെപ്പററിയാണ്. ഈ സംസ്ഥാനത്തിന്റെ വടക്കൻ ഭാഗങ്ങളെ തീരെ അവഗണിച്ചിരിക്കുന്നു. ഇവിടെ ആവിഷ്കരിക്കുന്ന പല പദ്ധതികളും തെക്കൻ തിരുവിതാംകൂറിലാണ് നടപ്പിലാക്കുന്നതു്. ഉദാഹരണമായി നെയ്യാറണപദ്ധതി ആവിഷ്കരിക്കുന്നതു് പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. എന്നാൽ വടക്കൻ താലൂക്കുകളിൽ അതുമാതിരിയുള്ള പദ്ധതികൾ തുടങ്ങുന്നതിനു് ഇതുവരെ തീരുമാനിച്ചിട്ടുള്ളതായി അറിവില്ല. ഭൂതത്താൻകെട്ടണ തന്നെ ഇപ്പോൾ നിറുത്തിയിരിക്കയാണ്. സർ, അവരും ഈ രാജ്യത്തെ പൌരന്മാരാണ്. അവരും നികുതിദായകന്മാരാണ്. ഈ പൊതുമുത

[ശ്രീ. ജെയിംസ് തറയിൽ]

ലിൽ കൂടുതൽ ഭാഗം ഗവണ്മെൻറിലേയ്ക്കു തരുന്നതും അവിടെ അധിവസിക്കുന്ന ജനങ്ങളാണ്.

വി. ആർ. ഡി. പദ്ധതിയനുസരിച്ചു് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എല്ലാ താലൂക്കുകളിലും ഉൾക്കൊള്ളിക്കത്തക്കവിധം പുനഃസംവിധാനം ചെയ്യണമെന്നു് അനുസ്മരിപ്പിച്ചുകൊള്ളുന്നു.

അടുത്തതായി ഇവിടത്തെ റോഡു് മെയിൻറനൻസിനെപ്പററിയാണു എനിക്കു പറയാനുള്ളതു്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട അടിച്ചിറ–മാന്നാനം, ഏററമാനൂർ–അതിരംപുഴ റോഡുകളുടെ കാര്യമാണു് എൻെറ ഓർമ്മയിൽ വരുന്നതു്. ഈ റോഡുകളെല്ലാം വർഷകാലത്തു് കായൽപോലെയാണു് കിടക്കുന്നതു്. ഈ വഴിയിൽക്കൂടി യാത്രചെയ്യുന്നവരുടെ കുടൽ വായിൽ വരുമെന്നുള്ളതിൽ യാതൊരു അതിശയോക്തിയുമില്ല. ഇതു് ഇത്ര അധഃപതിച്ചു കിടക്കുവാൻ എന്താണു കാരണം. ഒന്നാമതു് റോഡുകൾക്കു് മെയിൻറനൻസ് ഗ്രാൻറു് വളരെ കുറവാണു്. രണ്ടാമതു് ഗവണ്മെൻറിൻെറ അനാസ്ഥയാണു്. ഇക്കാലത്തു് ഗതാഗതം വളരെ കൂടിയിട്ടുണ്ടു്. ഓരോ റോഡുകൾ ഇങ്ങനെ കിടക്കുന്നതോടുകൂടി കൂടുതൽ കൂടുതൽ കേടുവരും. ഇതനുസരിച്ചു് മെയിൻറനൻസ് കാര്യത്തിൽ ഗവണ്മെൻറു് ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

അതുപോലെതന്നെ കൂലിച്ചെലവും വളരെ വർദ്ധിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതിനെല്ലാം പര്യാപ്തമായ തരത്തിൽ മെയിൻറനൻസ് ഗ്രാൻറു ഉണ്ടായിരിക്കുമെന്നാണു് എൻെറ അഭിപ്രായം.

ശ്രീ. എ. സി. ചാക്കോ: സർ, നമ്മുടെ ഈ രാജ്യത്തിൻെറ വരുമാനത്തിൽ പ്രധാന ഒരു ഭാഗം മരാമത്തിനുവേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുന്നുണ്ടു്. ആണ്ടുതോറും കൂടുതൽ കൂടുതൽ തുക ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കു് ചെലവാക്കുന്നുണ്ടെങ്കിലും മൊത്തത്തിൽ നമ്മുടെ റോഡുകളെപ്പററിയുള്ള പരാതികൾ വർദ്ധിച്ചുവരുന്നതായിട്ടാണു് നാം കാണുന്നതു്. ഈ വർദ്ധിച്ചുവരുന്ന പരാതികൾക്കു് ഇനിയെങ്കിലും ഒരു പരിഹാരം ഉണ്ടാകേണ്ടതു് അത്യാവശ്യമാണു്. ഇന്നു് നിലവിലിരിക്കുന്ന കൺട്രാക്ററ മൂലമാണു് ഇന്നത്തെ റോഡുകൾ ഈ പരിതാപകരമായ അവസ്ഥയിൽ ഇരിക്കുന്നതെന്നാണു് എനിക്കു തോന്നുന്നതു്. പണക്കുറവും ജോലിയിൽ പരിചയക്കുറവും ഉള്ള കുറെ കൺട്രാക്ടറന്മാർ ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചു്, ഏതെങ്കിലും വിധത്തിൽ ജോലിതീർത്തു് പണം കിട്ടുന്നതിനുവേണ്ടി എങ്ങനെയെങ്കിലും ജോലി അവസാനിപ്പിക്കാനാണു് ശ്രമിക്കുന്നതു്. അതുകൊണ്ടു് ജോലി സമയത്തിനു് തീരാതെ മിക്കവാറും സ്ഥലങ്ങളിൽ കിടിപ്പിക്കുവരുന്നുണ്ടു്. ഇതിനു ഒരു പരിഹാരമായി എനിക്കു് നിർദ്ദേശിക്കാനുള്ളതു് ഓരോ സ്ഥലത്തെയും റോഡുകൾ അതാതു സ്ഥലത്തെ interested parties-നു വിട്ടുകൊടുക്കുകയും ഓരോ കൊല്ലത്തിലും ഉള്ള മെയിൻറനൻസ് അവർതന്നെ നടത്തുവാൻ ഏർപ്പാടുചെയ്യുകയും ചെയ്യുകയാണു്. തിരുവിതാംകൂറിനു വെളിയിൽ ചില സ്ഥലങ്ങളിൽ അവരവരുടെ സർവീസ് നടത്തുന്ന റോഡുകളിലെ മെയിൻറനൻസും മററും ആ റൂട്ടുകളിലെ ബസ്സു് ഉടമസ്ഥന്മാർക്കു് കൊടുക്കുന്നതായി അറിയുന്നുണ്ടു്.

അതുപോലെ ഇവിടെയും ചെയ്യുകയാണെങ്കിൽ ഈ റോഡുകൾ നാശമാകുന്നതിനോ, പരാതികൾ ഉണ്ടാകുന്നതിനോ ഇടയുണ്ടാകയില്ല. രണ്ടാമത്തായി റോഡിന്റെ ഇന്നത്തെ ശോച്യാവസ്ഥ മാററുന്നതിൽ ഗവണ്മെന്റ് ശ്രദ്ധിക്കുവാനുള്ളതു് ഓവർലോഡിന്റെ കാര്യത്തിലാണ്. സാധാരണയായി ഓവർലോഡ് കൊണ്ടാണ് മിക്ക റോഡുകളും വളരെ വേഗത്തിൽ ചീത്തയായി തീരുന്നതു്. ബസ്സുകളിലും ലോറികളിലും വളരെ കൂടുതൽ ലോഡു് കൊണ്ടുപോകുന്നുണ്ട്. അതായതു് ആ റോഡുകൾക്കു് താങ്ങാൻ സാധിക്കാത്തവിധത്തിൽ ലോഡുവഹിച്ചുകൊണ്ടു വാഹനങ്ങൾ ധാരാളമായി പോകുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതു്. സർ, ഇതു പറയുമ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ചില റോഡുകളെ സംബന്ധിച്ചു് ചിലതു പറയാനുണ്ടു് എങ്കിലും സമയദൗർലഭ്യംകൊണ്ടു് അതിനു തുനിയുന്നില്ല. മൊത്തത്തിൽ എന്റെ മുൻ പ്രാസംഗികൻ പറഞ്ഞതുപോലെ വടക്കൻതാലൂക്കുകളിലേയ്ക്കു് ഗവണ്മെന്റിന്റെ ശ്രദ്ധ പതിയുന്നില്ല. ഇതിനെക്കുറിച്ചു് അവിടത്തെ ജനങ്ങളും ജനപ്രതിനിധികളും ധാരാളം പരാതിപ്പെട്ടിട്ടുണ്ടു്. റോഡുകൾ അതാതു സമയത്തു് നന്നാക്കാൻ ശ്രദ്ധിച്ചില്ലെങ്കിൽ അതു് പിന്നെ ഒരിക്കലും നന്നാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഗവണ്മെന്റിന്റെ സത്വരശ്രദ്ധ ഈ കാര്യത്തിൽ വേണ്ടവണ്ണം പതിഞ്ഞു് റോഡുകളെ രക്ഷിക്കണമെന്നു് മാത്രമെ എനിക്കു പറയുവാനുള്ളു.

ഡാക്ടർ എൻ. എസ്സ്. പിള്ള: സർ, ഗതാഗതസൌകര്യം രാജ്യത്തിനു വളരെ അഭിവൃദ്ധിയുണ്ടാക്കുന്ന ഒരു കാര്യമാണ്. ഗതാഗത സൗകര്യമില്ലാത്ത ഒരു രാജ്യം രക്തം ഓട്ടമുള്ള നാഡികളില്ലാത്ത ഒരു ശരീരം പോലെയാണ്. എന്റെ നിയോജകമണ്ഡലത്തിന്റെ ഗതാഗത അസൗകര്യത്തെപ്പററി ഞാൻ ചിലതു് പ്രസ്താവിക്കാമെന്നു കരുതുന്നു. ഒന്നു രണ്ടു പകുതികൾ ഒഴിച്ചാൽ ആ നിയോജകമണ്ഡലം മിക്കവാറും കുന്നിൻപുറത്താണ് സ്ഥിതിചെയ്യുന്നതു്. കഴിഞ്ഞ ഇലക്ഷൻകാലത്തു് ആ പ്രദേശത്തിന്റെ നാനാഭാഗങ്ങളിലും എനിക്കു് സഞ്ചരിക്കേണ്ടിവന്നു. ഒന്നു രണ്ടു പകുതികളിൽ സഞ്ചരിച്ചപ്പോൾതന്നെ ഇനി അധികം സഞ്ചരിക്കേണ്ടായെന്നു തോന്നി. തോററുപോയാലും തരക്കേടില്ല ഇനി ആ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ടായെന്നുവരെ തോന്നി. പക്ഷെ, കാൺഗ്രസ്സിനെ എങ്ങനെയെങ്കിലും തോൽപ്പിക്കണമെന്നു വിചാരം ഉണ്ടായിരുന്നതുകൊണ്ടു് സഞ്ചരിക്കാതിരിക്കുവാൻ നിവൃത്തിയില്ലാതായി. ആ പകുതികളിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചു് ഉണ്ടായിട്ടുള്ള വൈഷമ്യങ്ങളെപ്പററി അനുഭവത്തോടുകൂടിയാണ് ഞാൻ ഇതു പറയുന്നതു്. പല സ്ഥലങ്ങളിലും റോഡുകളില്ല, കലുങ്കുകൾ ഇല്ല, പാലങ്ങൾ ഇല്ല, ഇങ്ങനെ പല അസൗകര്യങ്ങളും അവിടെയുണ്ടു്. ഈ കാര്യത്തെപ്പററി വളരെയധികം സംസാരിച്ചു് ഈ സഭയുടെ സമയം ചിലവാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഈ കാര്യങ്ങളിൽ അനുഭവപ്പെട്ടവരുടെ അനുഭവങ്ങളെക്കുറിച്ചു് പറയുമ്പോൾ അതു് വിശ്വസിച്ചു വേണ്ടതു ചെയ്യേണ്ടതാണ്. ഇതിനെക്കാൾ വലുതായിട്ടുള്ള വേറൊരു കാര്യം എനിക്കു പറയുവാനുണ്ടു്. നമ്മുടെ രാജ്യത്തു് നാട്ടിൻപുറങ്ങളെ അവഗണിച്ചു് നഗരങ്ങൾക്കാണ് കൂടുതൽ പണം ചെലവാക്കിക്കൊണ്ടിരിക്കുന്നതു്. നമ്മുടെ രാജ്യത്താണെങ്കിൽ 80 ശതമാനം

[ഡാക്ടർ എൻ. എസ്സ്. പിള്ള]

ആളുകൾ മാത്രമേ നഗരങ്ങളിൽ താമസിക്കുന്നുള്ളു. ബാക്കിയുള്ളവർ നാട്ടിൻപുറങ്ങളിലാണ് താമസിക്കുന്നത്. ഇങ്ങനെ താമസിക്കുന്നവരുടെ കൂട്ടത്തിൽ ധാരാളം സ്ത്രീകളും ഉണ്ട് സ്ത്രീകൾ ഉണ്ടെന്ന പറഞ്ഞാൽ നൂറിന് ൫൦ വ്യം സ്ത്രീകളാണ് ഉള്ളതു്. എന്റെ നിയോജകമണ്ഡലത്തിന്റെ അധികഭാഗവും കുന്നിൻപുറത്തായതുകൊണ്ട് എന്റെ സ്ത്രീ വോട്ടർമാരും കുന്നിൻപുറങ്ങളിലാണ താമസിക്കുന്നതു്. മററുള്ള സ്ഥലങ്ങളെപ്പോലെതന്നെ ഞങ്ങളുടെ സ്ഥലത്തുള്ള സ്ത്രീകൾക്കും fertility ഉണ്ട്. പ്രസവിക്കുന്ന കാര്യത്തിൽ അവർ ഒട്ടുംതന്നെ പിന്നോക്കമല്ല. കൺട്രോൾ ഇല്ലാതെ ലോകത്തു് ഏതെങ്കിലും ഒരു വ്യവസായമുണ്ടെങ്കിൽ അതു പ്രസവമാണ്. പ്രസവവേദന മററ സ്ഥലത്തെ സ്ത്രീകൾക്കുള്ളതുപോലെ ഞങ്ങളുടെ സ്ത്രീകൾക്കും ഉണ്ട്. പ്രസവവേദന തുടങ്ങുകയാണെങ്കിൽ അവരെ ആശുപത്രിയിലേക്ക കൊണ്ടുപോകണമെന്ന വിചാരിച്ചാൽ റോഡുകൾ ഇല്ലാത്തതുകൊണ്ട് ഞങ്ങൾ വളരെ വൈഷമ്യങ്ങൾ അനുഭവിക്കുന്നു. ഈ കാര്യത്തെ ഉദ്ദേശിച്ചെങ്കിലും അവിടത്തെ റോഡുകൾ നന്നാക്കണം. മന്ത്രിമാരുടെ ഭാര്യമാരുടെ പ്രസവവേദനയ്ക്കും ഇവിടത്തെ വോട്ടറന്മാരുടെ ഭാര്യമാരുടെ പ്രസവവേദനയ്ക്കും തമ്മിൽ വലിയ വ്യത്യാസമില്ല.

ഈ നഗരത്തിൽ നിന്നും വളരെ ദൂരെയല്ലാതെ ശ്രീകാര്യം എന്നൊരു സ്ഥലമുണ്ട്. അവിടെ കഴിഞ്ഞവർഷത്തിൽ ഒരു കുളംവെട്ടി. അതിനു മതിൽ കെട്ടേണ്ടതുണ്ടായിരുന്നു. മതിൽ കെട്ടുന്നതിന് അവിടത്തെ കൺട്രാക്ടർ സിമ്മൻറിനു പകരം ചെളിവച്ചാണ് കെട്ടിയതു്. താമസിയാതെതന്നെ ആ മതിൽ അടന്നുവീണ് ഒരു ദ്വാരമുണ്ടായി. ആ ദ്വാരത്തിൽകൂടി ചീഫ് എൻജിനീയർക്കുപോലും അകത്തു കടക്കാവുന്നതാണ്. അതിലേക്ക ചെലവാക്കിയ പണം മുഴുവനും വെറുതെയായി. വേറൊന്ന്, ഈ ഡിപ്പാർട്ടുമെൻറിലെ കൈക്കൂലിയെ സംബന്ധിച്ചാണ്. ഇവിടത്തെ കൺട്രാക്ററന്മാർ മററുള്ള രാജ്യത്തെ അപേക്ഷിച്ച് വളരെ മോശമായ രീതിയിലാണ് പെരുമാറുന്നതു്. അതുപോലെതന്നെ കൺട്രാക്ററന്മാരുടെ കയ്യിൽ നിന്നും കൈക്കൂലി വാങ്ങിച്ചുകൊണ്ട് ഇവിടത്തെ ഉദ്യോഗസ്ഥന്മാർ ഈ അനാവശ്യങ്ങൾ അനുവദിച്ചു കൊടുക്കുകയാണ് ചെയ്യുന്നതു്. വളരെ വിദ്യാഭ്യാസവും സംസ്കാരവും ഉണ്ടെന്നു് അഭിമാനിക്കുന്നവരും ലണ്ടൻ മുതലായ യൂണിവേഴ്സിററിയിൽചെന്നു പരീക്ഷ പാസ്സായിട്ടുള്ളവരും ആയ ആളുകൾ ഈ രാജ്യം ഭരിക്കുമ്പോൾ ഇങ്ങനെയുള്ള അനാവശ്യങ്ങൾ അനുവദിച്ചു കൊടുക്കരുതാത്തതാണ്. ഒരുപക്ഷെ താഴ്ന്ന ശമ്പളക്കാർ കൈക്കൂലി വാങ്ങിക്കുകയാണെങ്കിൽ അതിനു് ഒരർത്ഥമുണ്ട്. എന്നാൽ വിദ്യാഭ്യാസമുള്ള വലിയ ഉദ്യോഗസ്ഥന്മാർ കൈക്കൂലിവാങ്ങിച്ചുകൊണ്ട് ഈമാതിരി അനാവശ്യങ്ങൾ അനുവദിച്ചു കൊടുക്കുന്നതു് കണ്ണുകൊണ്ട് കണ്ടുകൊണ്ടിരിക്കുന്നതു നമ്മുടെ മന്ത്രിമാർക്ക് ഒട്ടും ഭൂഷണമല്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചേക്കാം. ഞാൻ പേപ്പറിൽ വായിക്കുകയുണ്ടായി, നെടുമങ്ങാട്ടു നിന്നും പാണ്ടിയിലേക്ക പോകാൻ ഒരു റോഡ് മുൻപു് ഉണ്ടായിരുന്നുവെന്നു്. അങ്ങനെയുണ്ടെങ്കിൽ അതു് വെട്ടിച്ച് നെടുമങ്ങാട്ടു നിന്നും തിരുനൽവേലിയിലേക്ക് എളുപ്പത്തിൽ പോകാൻ സാധിക്കുന്ന തരത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള: സർ, സിവിൽവർക്ക്സിലേയ്ക്കു നീക്കിവച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്നു കാണിക്കുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. പക്ഷെ ചുരുങ്ങിയ കാലംകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറിൻെറ വിവിധഭാഗങ്ങളിലെ പ്രവർത്തനവുമായി അടുത്തുപരിചയിക്കുവാൻ ഇടയായിട്ടുള്ള എനിക്കു് പറയുവാനുള്ളതു് ഈ നാട്ടിലെ സാധാരണക്കാരൻെറ ആദായത്തിൽ നിന്നും ഗവണ്മെൻറു് ഈടാക്കി വരുന്ന തുക ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ താന്തോന്നിത്തത്തിനായിട്ടും അവരുടെ ഇഷ്ടക്കാർക്കും ബന്ധുക്കൾക്കും വീതിച്ചുകൊടുക്കുന്നതിനായിട്ടും വിനിയോഗിക്കുകയാണെന്നാണു്. അതിനാൽ ഈ തുക കുറഞ്ഞുപോയതിൽ സങ്കടം തോന്നുന്നില്ല എന്നു പറയുവാനും ഞാൻ മടിക്കുന്നില്ല. ഈ രാജ്യത്തു് അഴിമതി അധികമുള്ള ഡിപ്പാർട്ടുമെൻറു് ഏതെന്നു് ആരോടെങ്കിലും ചോദിക്കുകയാണെങ്കിൽ അതു് പി. ഡബ്ലിയു. ഡി. ആണെന്നു നിസ്സംശയം അവർ ഉത്തരം പറയും. താഴത്തെ അററം മുതൽ മേലത്തെ അററംവരെയുള്ള ഉദ്യോഗസ്ഥന്മാർ യാതൊരുവിധത്തിലുള്ള സന്മാർഗ്ഗബോധവും കൂടാതെയാണു് പെരുമാറിവരുന്നതെന്നുള്ളതു പരമാർത്ഥം മാത്രമാണു്. വാട്ടർ വർക്ക്സിലെ കൺട്രാക്ററർമാർ സർക്കാർ മുതലും സർക്കാർ സാമാനങ്ങളും ഉപയോഗിച്ചു് കെട്ടിടങ്ങളും മററും ഉണ്ടാക്കിയിട്ടു് കൺട്രാക്ററു് തുക പൊതുമുതലിൽ നിന്നും പററുന്നതായി എനിക്കു് നേരിട്ടറിയാം ഈ തലസ്ഥാനനഗരിക്കു് വളരെ അടുത്തുള്ള 'അരുവിക്കരയിൽ' ഡിപ്പാർട്ടുമെൻറിൻെറവക മുളയും ഓലയും മററു സാധനങ്ങളും ഉപയോഗിച്ചു കെട്ടിടങ്ങൾ നിർമ്മിച്ചശേഷം അതിൻെറ എല്ലാം വില ഉൾപ്പെടുന്ന കൺട്രാക്ടു് തുക ഒപ്പിട്ടു വാങ്ങിയ ഒരു സംഭവം ഈയിടെനടന്നു. അധികൃതസ്ഥാനങ്ങളിൽ ഈ വിവരം അറിയിച്ചിട്ടുണ്ടു്. ആവശ്യമായ നടപടി നടത്തുമെന്നു പ്രതീക്ഷിക്കാമോ? ഇതുപോലുള്ള നൂററു ഉദാഹരണങ്ങൾ എനിക്കു കാണിക്കുവാൻ സാധിക്കും. വാട്ടർ വർക്ക്സ് ഡിപ്പാർട്ടുമെൻറിലുള്ളതുപോലുള്ള അഴിമതി മറെറാരു സെക്ഷനിലുമില്ല. ആലപ്പുഴ വാട്ടർവർക്ക്സിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ സംബന്ധിച്ചു് അവിടത്തെ ആളുകളും ജനപ്രതിനിധികളും പല നിവേദനങ്ങളും നടത്തിയിട്ടും അതിനെക്കുറിച്ചു് യാതൊരു അന്വേഷണവും ഇതേവരെ നടത്തിയിട്ടില്ലെന്നു കാണുന്നതു് പരിതാപകരം തന്നെയാണു്. ഈയിടയ്ക്കു് അവിടെയുള്ള ഒന്നുരണ്ടുപേരെ സ്ഥലം മാററിയതായി അറിയുന്നു. മെയിൻറനൻസ് സെക്ഷനിലെ അഴിമതികളെക്കുറിച്ചും പല ആളുകളും സംസാരിച്ചു. ഇതു് ചില ആളുകളുടെ സ്വാതന്ത്ര്യത്തിനു വിട്ടിരിക്കുന്ന ഒരു വകുപ്പാണെന്നാണു് ഞാൻ അറിയുന്നതു്. സർ, ഞങ്ങളുടെ നാട്ടിലും കുറെ റോഡുകളുണ്ടു്. അതിനായി ആണ്ടോടാണ്ടു് മെയിൻറനൻസിനു പണം അനുവദിക്കുന്നുണ്ടെന്നും ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ അവിടെ വന്നു് ഒന്നു പരിശോധിച്ചാലറിയാം ആ റോഡു് വെട്ടിയതിൽ പിന്നീടു് അവിടെ മെയിൻറനൻസിനായി എന്തെങ്കിലും ചെലവാക്കിയിട്ടില്ല എന്നു. സ്ത്രീകളും പുരുഷന്മാരും പിഞ്ചുപൈതങ്ങളും ആ റോഡിൽക്കൂടി ധാരാളമായി സഞ്ചരിക്കാറുണ്ടു്. ആ റോഡു് മഴക്കാലത്തു് പുഞ്ചപ്പാടങ്ങളായിട്ടും മററു കാലങ്ങളിൽ ഉതോടുകളായിട്ടുമാണു് രൂപാന്തരപ്പെട്ടു കിടക്കുക.

[ശ്രീ. കെ. കെ. കുമാരപിള്ള]

പബ്ളിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പറയുമ്പോഠം ആ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ നടന്നുവരുന്ന ജോലികളുടെ നടത്തിപ്പിനെപ്പററിയാണു ആദ്യമായി പ്രസ്താവിക്കുവാനുള്ളതു്. സാധാരണയായി പബ്ളിക്ക്വർക്സ് ഡിപ്പാർട്ടുമെൻറിൽ നിന്നു നടത്തുന്ന യാതൊരു ജോലികളും മുഴവനായി ചെയ്തുതീർത്തുകാണാറില്ല. എവിടെയെങ്കിലും ഒരു ജോലി തുടങ്ങിയാൽ അതു പകുതിയിൽവച്ചു നിറുത്തുക, പിന്നെ വേറൊരുജോലി ആരംഭിക്കുക, അതു പകുതിയാകുമ്പോഠം നിറുത്തുക, ഇങ്ങനെ ഓരോ ജോലികളും പകുതി പകുതിയാക്കി നിറുത്തുന്ന ഏപ്പാടാണു പൊതുവെ കണ്ടുവരുന്നതു്. നാട്ടുകാർ അദ്ധ്വാനിച്ചു ചെയ്തുതുടങ്ങുന്ന ജോലികഠംകൂടിയും ഏറെറടുത്തു മുഴവനാക്കുവാൻ ഡിപ്പാർട്ടുമെൻറ തയാറില്ല. നികുതിയിനത്തിലും മററമായി ഗവണ്മെൻറിൽ നിന്നു പിരിച്ചെടുക്കുന്ന സംഖ്യയാണു നാട്ടുകാക്കു പ്രയോജനപ്പെടാത്ത ജോലികഠംക്കവേണ്ടി ചെലവിടുന്നതു്.

ചേർത്തല തോടുവെട്ടിനെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ "വെട്ടിയാൽ തീരാത്ത തോടകഠം" എന്നു ഒരു പ്രയോഗം കാണുകയുണ്ടായി. ഈ ഡിപ്പാർട്ടുമെൻറിൻെറ സകല പ്രവത്തനവും അത്ഥത്തിൽ ഇതേസ്വഭാവം തന്നെ ഉള്ളവയാണു്.

ഈ രാജ്യത്തു നാട്ടുമ്പുറങ്ങളിൽ കൃഷിക്കാരുടെ സൗകര്യത്തിനുവേണ്ടി ഉപയോഗിച്ചുവരുന്ന അനവധി റോഡുകളുണ്ടു്. ഇതൊന്നും കൊല്ലംതോറമുള്ള കൺസ്ട്രക്ഷനും മെയിൻറനൻസും ഒന്നുംതന്നെ നടത്താതെ കുണ്ടും കുഴിയുമായി കിടക്കുന്നു. വർഷകാലത്തു വെള്ളംകയറി തോടായി രൂപാന്തരപ്പെട്ടു കിടക്കുന്നു. വാസ്തവത്തിൽ അങ്ങനെയുള്ള മിക്ക റോഡുകളും പ്രയോജനശൂന്യമായിട്ടാണു കിടക്കുന്നതു്. ഇതുകൊണ്ടു ഈ രാജ്യത്തെ റോഡുകഠം സംരക്ഷിക്കുന്നതിനു ഗവണ്മെൻറ വളരെ അശ്രദ്ധ കാണിക്കുന്നുണ്ടെന്നു വ്യക്തമാണു്. നാട്ടുമ്പുറങ്ങളിൽ അങ്ങനെയുള്ള റോഡുകളുടെ പ്രാധാന്യം എത്രമാത്രമുണ്ടെന്നുള്ളതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്കു് നല്ലവണ്ണം അറിയാവുന്ന സംഗതിയായതുകൊണ്ടു കൂടുതൽ സമയം അതിനെപ്പററി വിവരിച്ചു് മന്ത്രിയവർകളെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ടെന്നു എനിക്കു തോന്നുന്നില്ല. അദ്ദേഹം ഒരു നാട്ടുംപുറത്തുകാരനാണു്. ഈ രാജ്യത്തിൻെറ പല ഭാഗങ്ങളിലും പ്രത്യേകിച്ചു് നാട്ടുംപുറങ്ങളിൽ ഡിപ്പാർട്ടുമെൻറിൽനിന്നും കൺസ്ട്രക്ഷൻ വർക്സും മെയിൻറനൻസും തുടങ്ങി അവസാനിച്ചിട്ടില്ലാത്ത റോഡുകഠം ഉണ്ടെന്നുള്ളതു് അദ്ദേഹത്തിനറിയാം.

ഇനി ഒരു സംഗതി എനിക്കു പറയാനുള്ളതു് നാട്ടുംപുറങ്ങളിലുള്ള വിദ്യാലയങ്ങളുടെ ഇന്നത്തെ ദയനീയാവസ്ഥയെപ്പററിയാണു്. ആ വിദ്യാലയങ്ങഠം ഓലമേഞ്ഞ പുരകളായതുകൊണ്ടു് കാലാകാലങ്ങളിൽ കെട്ടിമേച്ചിൽ ഇല്ലെങ്കിൽ വർഷകാലത്തു ചോർച്ചകൂടാതെയിരിക്കുവാൻ സാദ്ധ്യമല്ല. മേൽക്കൂരയും മററും മുളകൊണ്ടുണ്ടാക്കിയതാണു്. അതിൻെറ ചുവരുകഠം മിക്കതും കുമ്മായം ഇളകിപ്പൊട്ടി കേടുവന്നവയാണു്. ഇങ്ങനെയുള്ള ചെറിയ ചെറിയ വിദ്യാലയങ്ങളിലാണു് എട്ടും പത്തും വയസ്സുപ്രായമുള്ള ചെറിയ കുട്ടികളെ ഇരുത്തി പഠിപ്പിക്കുന്നതു്. വളരെയ

ധികം കൊച്ചുകുട്ടികഠം ഈ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. കെട്ടിടത്തിൻെറ തറ നോക്കിയാൽ മിക്കതും ഇടിഞ്ഞുപൊളിഞ്ഞുവീണ കുട്ടികളുടെ ആരോഗ്യത്തിന ഹാനി ഉണ്ടാക്കത്തക്കവിധം അപകടനിലയിലാണ കാണപ്പെടുന്നതു്. ഈ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായ മെയിൻറനൻസ്സോ ഇൻസ്പെക്ഷനൊ ഒന്നും ചെയ്യുാറില്ല. ഗവണ്മെൻറിലേയ്ക്കു് ആവശ്യമായ പുതിയ പുതിയ കെട്ടിടങ്ങഠം ഉണ്ടാക്കുന്നതിനും ആഫീസുകെട്ടിടങ്ങഠം നന്നാക്കുന്നതിനുമാണ് ഡിപ്പാർട്ടുമെൻറ കൂടുതൽ ശ്രദ്ധവച്ചു പ്രവൎത്തിക്കുന്നതു്. രാജ്യം നശിച്ചാൽ നശിക്കട്ടെയെന്നാണോ ഇതിൻെറയെല്ലാം അൎത്ഥമെന്നു തോന്നിപ്പോകുന്നു. നാട്ടുംപുറങ്ങളിലെ ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന പണം അവൎക്കു പ്രയോജനപ്പെടത്തക്കവിധത്തിലുംകൂടി വിനിയോഗിക്കേണ്ടതാണെന്നാണു എനിക്കു പറയുവാനുള്ളതു്.

ശ്രീ. പി. സദാശിവൻപിള്ള: ചില പ്രാദേശികാവശ്യങ്ങളെ ഉന്നയിച്ചുകൊണ്ടു ചില കാൎയ്യങ്ങഠം സംസാരിക്കുവാനാണ് ഞാൻ ആഗ്രഹിച്ചിരുന്നതു്. എന്നാൽ ഇവിടെ നടന്ന ചില വിമൎശനങ്ങഠം ശ്രവിച്ച ശേഷം ആ കാൎയ്യങ്ങഠം ഉപേക്ഷിച്ചു് മററുചില കാൎയ്യങ്ങളെപ്പററി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവണ്മെൻറിൻെറ പല പ്രവൎത്തനങ്ങളും രാഷ്ട്രീയചൂഷണത്തിനായി ഉപയോഗിക്കുന്നതുപോലെ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനങ്ങളേയും രാഷ്ട്രീയചൂഷണത്തിനുള്ള ഒരായുധമായി ഉപയോഗിച്ചുകണ്ടതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഇവിടത്തെ പബ്ലിക് വൎക്ക്സ് ഡിപ്പാർട്ടുമെൻറിന് യാതൊരു പദ്ധതിയുമില്ല, പരിപാടിയുമില്ല എന്നും ജനകീയഗവണ്മെൻറ് ഇവിടെ ആവിൎഭവിച്ചതിനുശേഷം അതുവരെ റോഡുകളായിരുന്നതെല്ലാം തോടുകളായിപ്പോയി എന്നും മററുമുള്ള ചില ആരോപണങ്ങഠം കേട്ടുകൊണ്ടു ഞാൻ ഇവിടെ ഇരിക്കുകയായിരുന്നു.

സർ, ഈ ഡിപ്പാർട്ടുമെൻറിൽ ഒരു പദ്ധതിയോ ഒരു പരിപാടിയോ ഉണ്ടോ എന്നു ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അപ്രകാരം അന്വേഷിച്ചശേഷവും അറിഞ്ഞുകൂടാത്തതാണെങ്കിൽ ഇവിടെയിരിക്കുന്ന ഞങ്ങളുടെ മരാമത്തുമന്ത്രിയോടു ചോദിക്കുക; അദ്ദേഹം പറഞ്ഞുതരും; അടുത്ത പത്തു കൊല്ലത്തിനു ശേഷം ഈ രാജ്യത്തു സംവിധാനം ചെയ്യപ്പെടുന്ന ഗതാഗതമാൎഗ്ഗങ്ങളെന്തെല്ലാമെന്നും എവിടെയൊക്കെയാണെന്നും. കഴിഞ്ഞ അഞ്ചു കൊല്ലത്തിനിപ്പുറം ഈ ഡിപ്പാർട്ടുമെൻറ് എത്രത്തോളം പുരോഗമനപരമായ രീതിയിൽ പ്രവൎത്തിച്ചിട്ടുണ്ടെന്നും മററുമുള്ള വിശദമായ വിവരങ്ങഠം തരുന്നതിനു കഴിവുള്ള എല്ലാ സ്ഥിതിവിവരങ്ങളും അദ്ദേഹത്തിൻെറ പക്കലുണ്ടു്. അതിനെപ്പററി നേരിട്ടു് അന്വേഷിച്ചു് അറിയാമായിരുന്നിട്ടും അതെല്ലാം മറച്ചുവച്ചുകൊണ്ടാണു് ഇവിടെ ഇപ്രകാരം പറയുന്നതെങ്കിൽ അതു് നാം ഏറെറടുത്തിട്ടുള്ള കൎത്തവ്യത്തോടു ചെയ്യുന്ന ഭീമമായ അപരാധമായിരിക്കുമെന്നു ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഈ രാജ്യത്തു് ആകെ എത്ര മൈൽ റോഡുകളുണ്ടെന്നുള്ളതിനെപ്പററി അന്വേഷിച്ചിട്ടുണ്ടോയെന്നു് ഞാൻ ചോദിക്കുന്നു. ഈ സംസ്ഥാനത്തു് കൃഷിക്കുപയോഗപ്പെടുന്ന ൭ൻ൧ൻ ചതുരശ്രമൈലിൽ ഒട്ടാകെ

[ശ്രീ. പി. സദാശിവൻ പിള്ള]

൧൪൩൯ മൈൽ റോഡുകളാണുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. ൧൪൩൯ മൈൽ റോഡിൽ ൨൧൧ മൈൽ നാഷണൽ ഹൈവേയും ൨൩൨ മൈൽ പ്രോവിൻഷ്യൽ ഹൈവേയും ൨൪൦൨ മൈൽ ഡിസ്ട്രിക്റ്റ് റോഡുകളും ൨൨൧ മൈൽ മുനിസിപ്പൽ റോഡുകളുമാണ്. ഇതു കൂടാതെ ഇവിടെ ൩൯൩൫ മൈൽ വില്ലേജ് റോഡുകളും ഉണ്ടെന്നു നാം അറിഞ്ഞിരിക്കണം. ഇങ്ങനെ ഓരോതരം റോഡുകളും പുരോഗമിപ്പിക്കുകയും അതിന്റെ സംരക്ഷണപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുകയും ചെയ്യുന്നതിനു ഇന്നത്തെ ജനകീയഗവണ്മെന്റ് ഏറ്റെടുത്തിരിക്കുന്ന മഹത്തായ ഭാരത്തെപ്പറ്റി നാം ഓരോരുത്തരും ചുമതലബോധത്തോടുകൂടി സ്മരിക്കേണ്ടതാണ്. ഇവിടെ നടന്ന പല വിമർശനങ്ങളും ഞാൻ ശ്രദ്ധിച്ചപ്പോൾ, മുമ്പ് ദിവാൻജിമാരുടെകാലത്ത് നടന്നിട്ടുള്ള പല വിമർശനങ്ങളെപ്പറ്റിയും ഞാൻ അനുസ്മരിച്ചുപോയി. ഈ രാജ്യത്തെ ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത ഒരു ഭരണാധികാരി ഈ ഭരണകൂടം നിയന്ത്രിച്ചുകൊണ്ടിരുന്നപ്പോൾ പ്രതിനിധീകരിക്കുന്നുവെന്നുള്ള ഭാവേന ഇവിടെ വന്നുകൊണ്ടിരുന്ന പ്രതിനിധികൾ ജനങ്ങളുടെ പേരും പറഞ്ഞു് ചില നിവേദനങ്ങളും ആവലാതികളും നടത്തിക്കൊണ്ടിരുന്നു. ഇന്നു ജനകീയഭരണം വന്നതിനുശേഷം ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു നാം ഓരോരുത്തരും ഈ നിയമസഭാഹാളിൽ വന്നിട്ടുള്ളതു് ജനങ്ങളുടെ പേരു പറഞ്ഞു് നിലവിളിക്കുന്നതിനല്ല എന്നും ഈ രാജ്യത്തിന്റെ ഭരണം എങ്ങിനെ നടത്തിക്കൊണ്ടുപോകണമെന്നുള്ള കാര്യത്തെപ്പറ്റി ആലോചിക്കാനാണെന്നും നാം ഓർത്തിരിക്കേണ്ടതാണ്. ആററിങ്ങലെ പ്രസവക്കൂടുതലുള്ള സ്ത്രീകൾക്ക് റോഡുകൾ അത്യാവശ്യമുണ്ടെങ്കിൽ, ഇരിങ്ങാലക്കുടയിലെ "കാൺഗ്രസ്സായ" റോഡുകൾ യഥാവിധി സംരക്ഷിക്കപ്പെടണമെന്നുണ്ടെങ്കിൽ, ഈ രാജ്യത്തിന്റെ മുതലെടുപ്പ് വർദ്ധിപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും, ആ പദ്ധതിപ്രകാരം ഇവിടത്തെ പ്രവർത്തനങ്ങൾ സംവിധാനം ചെയ്തുകൊണ്ടുപോകുന്നതിനും നാംതന്നെ ശ്രദ്ധിക്കേണ്ടതാണ്. അതാണ് നമ്മുടെ കർത്തവ്യം.

ഒരു കാര്യംകൂടി ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു. ഇനിവിടെ സംവിധാനപദ്ധതികളില്ലാതെ അവശേഷിച്ചിരിക്കുന്നതു് പാലംപണികൾ മാത്രമാണ്. ആകെ ഈ സംസ്ഥാനത്തു് പതിനെട്ടോ ഇരുപത്തിയൊന്നോ വൻതരം പാലങ്ങൾ പണിയാനുണ്ടു്. ഇത്രയും പാലങ്ങൾ പണി തീർക്കുന്നതിന് എത്ര കൊല്ലം വേണ്ടിവരുമെന്നുള്ളതിന് ആലുവാപാലവും കോഴഞ്ചേരിപാലവും പണികൾ തീർക്കുന്നതിന് എത്ര കൊല്ലം വേണ്ടിവന്നുവെന്ന് നോക്കിയാൽ കാണാവുന്നതാണ്. ഈ കണക്കിന് ഏതാണ്ട് ൫൩൦ കൊല്ലങ്ങൾകൊണ്ടുമാത്രമെ നമ്മുടെ രാജ്യത്തുള്ള പാലങ്ങളെല്ലാം കെട്ടിത്തീർക്കുവാൻ കഴിയുകയുള്ളുവെന്ന് മനസ്സിലാകും. അത്രയും പാലങ്ങൾ ഒരു നിശ്ചിതതീയതിക്കുള്ളിൽ കെട്ടിത്തീർക്കുവാൻ ഒരു പുതിയപദ്ധതി ആവിഷ്കരിച്ചു് മുന്നോട്ടു് പോകേണ്ടിയിരിക്കുന്നു. രണ്ടു കൊല്ലങ്ങൾക്കുമുമ്പു പുതിയതായി പണിയുവാൻ പോകുന്ന പാലങ്ങൾക്ക് ഒരു സ്പെഷ്യൽ ടോൾ ഏർപ്പെടുത്തണമെന്നുള്ള കാര്യം ആലോചിക്കുക

യുണ്ടായി. അങ്ങനെ ഏതെങ്കിലും കൃത്യമായ ഒരു നിലയിൽ നാം മുന്നോട്ടു പോകണം. സ്പെഷ്യൽ ടോളിൽനിന്നും പിരിച്ചെടുക്കുന്ന സംഖ്യ മുഴുവനും ഒരു ഫണ്ടായി വച്ചുകൊണ്ടു് ആ സംഖ്യ ചെലവുചെയ്തു് അഞ്ചോ പത്തോ കൊല്ലങ്ങൾക്കുള്ളിൽ ഈ പാലങ്ങളുടെ പണികളെല്ലാം പൂർത്തീകരിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. അതിലേക്കു ഉടനടി വേണ്ടതു് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സ്റ്റാഫിനെ ഏർപ്പെടുത്തുകയാണു്. ഒരു പുതിയ സബ്ഡിവിഷൻതന്നെ ഇതിലേക്കു് രൂപീകരിക്കേണ്ടതാണു്. ആ സബ്ഡിവിഷൻ ഈ കാര്യങ്ങൾ ഏറ്റെടുക്കുന്നതായാൽ നന്നായിരിക്കുമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: സർ, പണ്ടത്തെപ്പോലെതന്നെ ഇന്നും അഴിമതിയും അനീതിയും നിലനിന്നുപോരുന്ന ഏക വകുപ്പാണു ഈ പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറു്. കാൺഗ്രസ്സ് ഭരണത്തിൻ കീഴിൽ അഴിമതികൾക്കു ഇന്നും യാതൊരു കുറവുമില്ലെന്നു പലരും പറഞ്ഞുകഴിഞ്ഞു. ഞാൻ അതിനെപ്പററി കൂടുതലായി പറയുവാൻ ആഗ്രഹിക്കുന്നില്ല. ചേർത്തലയിൽ കുറെ റോഡുകൾ ഉണ്ടു്, കൂടുതൽ റോഡുകൾ വേണം എന്നു അവിടത്തെ ജനങ്ങൾ മുറവിളികൂട്ടിയിരുന്നു. ദിവാൻ ഭരണത്തിനു ഇടിവണ്ടി ഓടിച്ചു ജനങ്ങളെ വേട്ടയാടാതെ, മുന്നോട്ടുപോകുവാൻ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ എത്തിയപ്പോൾ അവിടെ കുറെ റോഡുകൾ ഉണ്ടാക്കി. അതിനുശേഷം അധികാരത്തിൽവന്ന കാൺഗ്രസ്സു ഗവമെൻറു് ആ റോഡു് ഇടിവണ്ടിയോടിക്കുന്നതിനുമാത്രം ഉപയോഗിച്ചതല്ലാതെ ആ റോഡുപണികൾ പൂർത്തിയാക്കുന്നതിനോ പാലങ്ങൾ കെട്ടുന്നതിനോ തുനിഞ്ഞിരുന്നില്ല. ഇപ്പോൾ അവിടെ ചില ജോലികൾ തുടങ്ങിയിട്ടുണ്ടു്. ചേർത്തല—അരൂക്കുററിറോഡു്, ചേർത്തല—കുമ്പളങ്ങിറോഡു്, ആലപ്പുഴ—തണ്ണീർമുക്കംറോഡു് ഈ റോഡുകൾ അവിടെ ആവശ്യമാണു്. ചേർത്തല—കുമ്പളങ്ങി ലൈനിൽ ഓടുന്ന ബസ്സു് അനവധിയാണു്. അവിടെ ഒരു പാലംമാത്രം പണി തീരാനുണ്ടു്. അതു തീരാതെ ആളുകൾക്കു നടന്നുപോകാനും നിവൃത്തിയില്ല. ഇപ്പോൾ ആ വഴി അല്ലമൊന്നു രൂപാന്തരപ്പെടുത്തിയിട്ടുണ്ടെങ്കിലും ജനങ്ങൾക്കു സൗകര്യമായ വിധത്തിൽ ഉപയോഗിക്കാൻ നിവൃത്തിയില്ല. രണ്ടും മൂന്നും മൈൽദൂരം ചുററിയാണു ഇപ്പോൾ ആളുകൾ യാത്രചെയ്യുന്നതു്. അവിടെ റോഡുകളെല്ലാം തോടുകളാണു്. ജീവൻ കയ്യിൽ വച്ചുകൊണ്ടുവേണം അവിടെ ബസ്സിൽ സഞ്ചരിക്കുവാൻ. മനുഷ്യർ എപ്പോഴും സഞ്ചരിക്കുന്ന ആലപ്പുഴ—ചേർത്തല റോഡു് ടാർ ഇട്ടു. ചേർത്തലയിൽനിന്നും രണ്ടുമൈൽ ദൂരം റോഡിൽ ടാറിട്ടിട്ടു ഏകദേശം രണ്ടുമാസമേ ആയിട്ടുള്ളു. ഇപ്പോൾ അതു മോശമായിരിക്കുന്നു. ചേർത്തലയിൽനിന്നുള്ള ആ രണ്ടുമൈൽ ദൂരവും റോഡിൽകൂടി നടന്നുനോക്കിയാൽ അതു പൂർത്തിയാകണമെങ്കിൽ ഇനിയും രണ്ടുവർഷം വേണമെന്നാണു എനിക്കു തോന്നുന്നതു്. ഇതാണു ഇന്നത്തെ ഗവമെൻറിൻെറ നയം. ഇതിനേക്കാൾ ഭയങ്കരമായ റോഡുകൾ വേറെയും ഉണ്ടു്.

സർ, ൧൨൭ കൊല്ലത്തോളമായി ചേർത്തല—ആലപ്പുഴ തോടുവെട്ടാൻ തുടങ്ങിയിട്ടു്. ചേർത്തല—ആലപ്പുഴ തോടു് വെട്ടിത്തീർക്കുന്നതിനു് അവിടത്തെ ജനങ്ങൾ നിവേദനം ചെയ്തിട്ടുണ്ടു്. തോടുവെട്ടിത്തീർക്കാത്തതു

[ശ്രീ. സി. കെ. കുമാരപ്പണിക്കർ]

കൊണ്ടു അവിടെ തോടിൻെറ ഇരുവശങ്ങളിലുമുള്ള നിലങ്ങൾ ഇപ്പോൾ മരുഭൂമിയായി മാറിയിട്ടുണ്ടു്. അവിടെയുള്ള തെങ്ങിൻതോപ്പുകളിൽ നിന്നും യാതൊന്നും കിട്ടാതായിരിക്കുന്നു. അടുത്തദിവസം പ്രധാനമന്ത്രി ചേർത്തലയിൽ വന്നപ്പോൾ നാട്ടുകാർ പറഞ്ഞു അതു് നികത്തിത്തരണമെന്നു്. ഇങ്ങനെ ലക്ഷക്കണക്കിനു രൂപ ചെലവുചെയ്തുണ്ടാക്കിയ ഈ തോടു് വെട്ടിത്തീർക്കാത്തതുകൊണ്ടു നാടു് മുഴുവൻ ഇപ്പോൾ നശിച്ചിട്ടിരിക്കുകയാണു്.. ചേർത്തലത്തോട്ടം വേമ്പനാട്ടുകായലും കൂടി യോജിപ്പിച്ചുകൊണ്ടു മൂന്നും നാലും തോടുകൾ ചേർത്തലയ്ക്കും ആലപ്പുഴയ്ക്കും ഇടയ്ക്കു് ഉണ്ടാക്കണം. ഇവിടെ ഒരു പദ്ധതിയുണ്ടെങ്കിൽ ജനങ്ങൾക്കു ക്ഷേമം ഉണ്ടാകണമെന്നുള്ള ബോദ്ധ്യത്തോടുകൂടിയ ഒരു പദ്ധതിയുണ്ടെങ്കിൽ, പുന്നമട മുതൽ തണ്ണീർമുക്കം വരെ ഒരു ബണ്ടുണ്ടാക്കിയാൽ അതോടുകൂടി പന്ത്രണ്ടു മൈൽ നീളം ഉള്ള ഒന്നാംതരം നിലവും ഉണ്ടാകും. ആ നിലം വിററാൽ തോടിനു് ചെലവാകുന്ന പണം കിട്ടുകയും ചെയ്യും. (ബെൽ)

[4 P. M. മന്ത്രിമാർ ഈ സഭയിൽ പ്രസംഗിച്ചിട്ടുണ്ടു് ചേർത്തലയിലെ ജനങ്ങളുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി കുറെ രൂപ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെന്നു്. രണ്ടുദിവസം മുമ്പു് പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ അവിടത്തെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ടു്; ആ ദുരിതാശ്വാസ പദ്ധതികളുടെ എസ്റ്റിമേററ തയാറാക്കിയിട്ടുണ്ടു്. ഇനി അതു കേന്ദ്രഗവണ്മെൻറിനു് പോകണം; കേന്ദ്രഗവണ്മെൻറിൻെറ അനുമതികിട്ടിയാലെ അവിടെ പ്രവർത്തനങ്ങൾ തുടങ്ങുവാൻ നിവൃത്തിയുള്ളു എന്നു പറഞ്ഞു. നമ്മുടെ ബഡ്ജററിൽ ഇന്നു കൊള്ളിച്ചിട്ടുള്ള സംഖ്യ വേണ്ടിവന്നാൽ ൨൪ മണിക്കൂറിനുള്ളിൽ ചെലവുചെയ്യാനുള്ള അധികാരം നമ്മുടെ ഗവണ്മെൻറിനു ഉണ്ടാകണം. ഈ പദ്ധതിയുടെ കാര്യത്തിൽ എന്തെങ്കിലും അവിടെ ചെയ്യുവാൻ കഴിയുമെങ്കിൽ അതു ഉടനെ ചെയ്യണം. ഇന്നു പാസ്സാക്കുന്ന രൂപകൊണ്ടു് നാളെത്തന്നെ അവിടെ പ്രവർത്തിക്കണം. സർ, അവിടത്തെ സ്ഥിതി ഈ സഭ മനസ്സിലാക്കിയിട്ടില്ല. ചേർത്തലയിലെ ആളുകൾ ഇന്നു പട്ടിണിമരണത്തിലേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കുകയാണു്. അവിടത്തെ ജനങ്ങൾ പട്ടിണികിടന്നുമരിക്കുകയാണെങ്കിൽ അതിനു ഉത്തരവാദി ഈ മന്ത്രിസഭയായിരിക്കും എന്നു പ്രസ്താവിച്ചുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡാക്ടർ എം. ശിവരാമൻ നായർ : സർ, ഈ ഡിപ്പാർട്ടുമെൻറ വളരെ അധികം ചിലവുള്ളതും അതിലുമേറെ വിമർശനങ്ങൾക്കു് പാത്രമാകുന്നതുമായ ഒന്നാണു്. ചെങ്ങന്നൂരിനെപ്പററി പറയുകയാണെങ്കിൽ അവിടെയുള്ള പല റോഡുകളുടെയും സർഫസിംഗു് തീരെ മോശമായ നിലയിൽ കിടക്കുകയാണു്. ഗതാഗതയോഗ്യമല്ലാത്ത രീതിയിൽത്തന്നെ പല ഭാഗങ്ങളും മോശമായ നിലയിൽ ആയിട്ടുണ്ടു്.

അവിടെയുള്ള വില്ലേജു റോഡുകളെപ്പററി പറയുകയാണെങ്കിൽ പലതും ഉപയോഗശൂന്യമായിത്തന്നെ കിടക്കുന്നു.

Statistics for 1125 M. E. p. 544. Length of communications maintained in Tiruvalla Taluk by the P. W. D.

Main Road	277 miles	1980 feet.
Village Road	48 ,,	1650 ,,
Irrigation Canal	30 ,,	...

ഏററവും ജനബാഹുല്യമുള്ള ആ താലൂക്കുകളിൽ ഇതു് താരതമ്യേന കുറവാണെന്നുള്ളതോ പോകട്ടെ, ഈ മെയിൻറനൻസ് എന്നു പറയുന്നതു് അധികം ബോദ്ധ്യമായിട്ടുള്ള സംഗതിയുമല്ല. മരിക്കാതെയിരിക്കുക എന്നുള്ളതാണു് ജീവിക്കുക എന്നുള്ളതിൻെറ അർത്ഥമെങ്കിൽ ഈ റോഡുകളുടേയും മററും നിലനിൽപ്പു് എന്നുള്ളതു് മെയിൻറനൻസായി വ്യാഖ്യാനിക്കാം. മെയിൻറനൻസ് എന്നതു് ഉപയോഗപ്രദമായ രീതിയിൽ അവയെ സൂക്ഷിക്കുക എന്നതാണെങ്കിൽ, സർ, അപ്രകാരം ചെയ്യുന്നില്ലെന്നു പറയേണ്ടിവരുന്നതിൽ ഖേദമുണ്ടു്. സർ, ഇപ്രകാരം പല റോഡുകളും എൻെറ നിയോജകമണ്ഡലത്തിലുണ്ടു്. ഉദാഹരണമായി കടമ്പൂർ-പാണ്ടനാട്ടു് റോഡു്, പെണ്ണുക്കര *via* പെരിഞ്ഞാല-കാരക്കാട്ടു് റോഡു്, ബുധനൂർ-എണ്ണക്കാട്ടു് റോഡു്, പേരിശ്ശേരി *via* ആലാ-ചെറുവല്ലൂർ റോഡു്, കിഴക്കേനട-പുത്തൻകാവുറോഡു്, കുളനട *via* രാമൻചിറ-കോഴഞ്ചേരിറോഡു്, നെട്ടുമ്പ്രയാർ-കോയിപ്രം റോഡു്, കൊല്ലകടവു്-കുളനടറോഡു്, കുളനട *via* മെഴുവേലി-ആറൻമുള റോഡു് മുതലായ പല റോഡുകളും ഇക്കൂട്ടത്തിൽപ്പെടുന്നുണ്ടു്. ആറാട്ടുപുഴക്കടവു് വളരെ ഗതാഗതമുള്ള ഒരു സ്ഥലമാണു്. ആ കടവിൽ ഒരു ചങ്ങാടം ഉണ്ടായിരുന്നതു് ജീർണ്ണിച്ചു പോയിരിക്കുകയാണു്. വളരെ ആളുകൾ, അനേകം വിദ്യാർത്ഥികൾ ഉൾപ്പെടെ, ഗതാഗതം ചെയ്യുന്ന ആ കടവിൽ എത്രയും വേഗം ഒരു ചങ്ങാടം ഇടുന്നതിനു് നടപടികൾ എടുക്കേണ്ടതാണു്.

സർ, ഞങ്ങളുടെ നാട്ടിൽ ഇടനാട്ടു് എന്നൊരു സ്ഥലമുണ്ടു്. പമ്പാനദിയും അതിൻെറ കൈവഴിയും ചുററിക്കിടക്കുന്ന ഈ സ്ഥലത്തു് വർഷകാലത്തു്, വെള്ളപ്പൊക്കമുള്ള അവസരത്തിൽ, ഒരു രോഗിക്കു വൈദ്യസഹായം ലഭിക്കുന്നതിനുപോലും പ്രയാസമായിരിക്കുകയാണു്. പല കാരണങ്ങൾകൊണ്ടും ആ സ്ഥലത്തേക്കു് ഒരു ലാൻറു് കണക്ഷൻ കൊടുക്കേണ്ടതു് വളരെ ആവശ്യമാണു്. മംഗലം ഇടനാട്ടു് ഇവയുടെ മദ്ധ്യത്തിൽ ഒരു ചെറിയ പാലം പണിതാൽ ഇതു് സാധിക്കുന്നതാണു്. അതുപോലെ തന്നെ മാന്നാറിനും ഒരു ലാൻറു് കണക്ഷൻ ഇട്ടിനായരു് കടവിൽ കൊടുത്തു് ബുധനൂരുമായി ഘടിപ്പിക്കേണ്ടതാണു്. ചെങ്ങന്നൂരിൽ ഒരു മാക്കററു് കനാൽ, ബോട്ടുജട്ടി മുതലായവ ഉടനടി സ്ഥാപിച്ചു് വ്യാവസായികമായ അഭിവൃദ്ധിക്കു സഹായകമായ എല്ലാ നടപടികളും സത്വരം നടപ്പിലാക്കേണ്ടതാണു്.

പൊതുവായി പറയുകയാണെങ്കിൽ അതാതു കൊല്ലം ഡിപ്പാർട്ടുമെൻറിൽ അനുവദിച്ചിട്ടുള്ള തുകകൾ ലാപ്സാകാതെ മുഴുവൻ തുക ആ കൊല്ലംതന്നെ ചെലവാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. പ്രവൃത്തനത്തിൻെറ എസ്റ്റിമേററും ഫൈനൽ ബില്ലും പാസാക്കുന്നതു് മേലധികാരിയുടെ (ചീഫ് എൻജിനീയരുടെ) സ്ക്രൂട്ടിനി കഴിഞ്ഞതിനുശേഷം

[ഡാക്ടർ എം. ശിവരാമൻ നായർ]

മാത്രമായിരിക്കേണ്ടതാണ്. റോഡുകൾ കോൺക്രീററ ചെയ്യുന്ന ഭാഗങ്ങളിൽ രണ്ടുഭാഗത്തും മണ്ണ് ഇടുന്ന പതിവു മാററി അതിനടുത്തു ഒരു റോഡു തീർത്തു അവിടെനിന്ന് മണ്ണെടുത്തിട്ടാൽ ഒരേ ജോലികൊണ്ട് രണ്ടു ആവശ്യങ്ങൾ നടക്കുന്നതാണ്. പണ്ട് മി: വൈപ്പൻ ചീഫ് എഞ്ചിനീയർ ആയിരുന്നപ്പോൾ റോഡ് മെററൽ ഇപ്പോൾ ഇടുന്നതു മാതിരി റോഡിൽ കൂട്ടം കൂട്ടമായി ഇടുവാൻ അനുവദിച്ചിരുന്നില്ല. അപകടമുണ്ടാകുന്ന വിധത്തിൽ റോഡിൽ മെററൽ ഇടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ ഡിപ്പാർട്ടുമെൻറിലെ പണികൾക്ക വളരെ പണം ആവശ്യമുണ്ടെന്നു് ഞാനും സമ്മതിക്കുന്നുണ്ട്. നാട്ട ഒട്ടുക്ക് ആവശ്യമുള്ള പ്രവൃത്തികളുടെ ഒരു സർവെ നടത്തി ഒരു പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനത്തിൽ പണി പൂർത്തിയാകത്തക്ക വിധം പ്ലാൻ ചെയ്ത് അതിനു വേണ്ട ധനം ലോണായി സമ്പാദിച്ച് നടപ്പിൽ വരുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളതു്. ഡിപ്പാർട്ടുമെൻറിൽനിന്നും നീക്കിവെക്കാവുന്ന തുക കൊണ്ടും, പ്രത്യേകം ഉണ്ടാക്കുന്ന വലിയ പാലങ്ങൾ മുതലായവയ്ക്കു ടോൾ വച്ചും, ഈ കടം തീർക്കാവുന്നതാണ്. ഇപ്രകാരം ഭാവനാപൂർണ്ണമായ നയം ഗവണ്മെൻറ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, പൊതുമരാമത്തു വകുപ്പിൻെറ പ്രവൃത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലെ വളരെ അധികം വിമർശനങ്ങൾ ഈ സഭയിൽ ഉണ്ടായിരുന്നു. വളരെ വിലയേറിയ നിർദ്ദേശങ്ങളും ഈ സഭയിൽ നിന്ന് നൽകിയിട്ടുണ്ട്. ഈ വിമർശനങ്ങളിൽ അധികവും ഇന്നു ഈ രാജ്യത്തുള്ള റോഡുകളുടെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. ആ കാര്യത്തെപ്പററി ഈ സഭയിൽ ഉന്നയിച്ച വസ്തുത നിഷേധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്നു നമ്മുടെ രാജ്യത്തുള്ള റോഡുകളുടെ സ്ഥിതിയെപ്പററി എത്രകണ്ടു മോശമായ അഭിപ്രായം പറഞ്ഞാലും അതു അതിശയോക്തിയായിരിക്കയില്ലെന്ന് എനിക്കും അറിയാവുന്ന ഒരു കാര്യമാണ്. എന്നാൽ എന്തുകൊണ്ടാണ് ഈ റോഡുകളുടെ സ്ഥിതി ഇങ്ങനെയായിരിക്കുന്നതെന്നുള്ളതിനെപ്പററി ഒരു അന്വേഷണം നടത്തി അതിനു ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതു് ഗവണ്മെൻറിൻെറയും ഈ സഭയുടേയും ചുമതലയാണെന്നുതന്നെ ഞാൻ കരുതുന്നു. അതുകൊണ്ട് റോഡുകളെ സംബന്ധിച്ച് അല്പം ചില വസ്തുത ഈ സഭയിൽ നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സഭയിലെ ഒരംഗം ഇവിടെ പ്രസ്താവിച്ചതുപോലെ ഏകദേശം ൧, ൫ ० ० മൈലിലധികം റോഡ് ഈ രാജ്യത്തുണ്ട്. അതിൽ ൩,൭൩൮ മൈൽ റോഡ് ഒന്നാംക്ലാസ്സ് റോഡുകളാണ്. ഒന്നാംക്ലാസ്സ് റോഡിലാണ് വളരെ ഭാരമുള്ള ലോറി ട്രാഫിക്കും ബസ്സു ട്രാഫിക്കും വളരെ അധികം ഉള്ളതു്. ഈ ൩,൭൩൮ മൈൽ ഒന്നാം ക്ലാസ്സ് റോഡിൽ ഇപ്പോഴത്തെ രീതിയിൽ മെററൽ നടത്തുന്നതാണെങ്കിൽ ബസ്സ് ട്രാഫിക്കിനും ലോറിട്രാഫിക്കിനും മതിയാകുമെന്നല്ലാതെ ഒരു വർഷത്തിലധികം ആ റോഡ് നല്ലനിലയിൽ ഇരിക്കുകയില്ല. ആ വിധത്തിൽ ൧൮ അടി വീതിയിൽ ഒരു മൈൽ റോഡ് മെററൽ ചെയ്യണമെങ്കിൽ എഴായിരം രൂപാ വേണ്ടിവരും. ഒരു മൈൽ റോഡിനു ൩ മാസ

ത്തേക്ക് ഏഴായിരംരൂപ വേണമെന്നുണ്ടെങ്കിൽ ൩,൭൩൨ മൈൽ റോഡു സംരക്ഷിച്ചുകൊണ്ടുപോകുന്നതിന് ആവശ്യമായ തുക എന്താണെന്നു സഭ അറിയുന്നതു നന്നായിരിക്കും. ഈ റോഡുകളുടെ മെയിൻറനൻസിന് ൨,൬൪,൦൬൬ രൂപയാണ് വച്ചിരിക്കുന്നതു്.

ഇതുകൂടാതെ ൩,൭൦൦-ൽ ചിലപ്പാനം മൈൽ വില്ലേജുറോഡുകളുണ്ടു്. ഈ വില്ലേജുറോഡുകളിലും വാഹനഗതാഗതം സാമാന്യമായി നല്ലതരത്തിലുണ്ടു്. ബസ്സുകൾ മിക്കവാറും ഈ എല്ലാ റോഡുകളിലും കൂടി പോകുന്നുണ്ടു്. അതുകൊണ്ടു് ആ റോഡുകളും സാമാന്യമായി നല്ലതരത്തിൽ മെൻെറയിൻ ചെയ്യേണ്ട പദ്ധതിയും ഈ ഗവണ്മെൻറിനുണ്ടു്. ഈ റോഡുകളെല്ലാം ശരിക്കു് മെൻെറയിൻ ചെയ്യണമെങ്കിൽ അതിന് ൫ കോടിയിലധികം രൂപ വേണ്ടിവരും. എന്നാൽ മറെറാരു കാര്യംകൂടി സഭയെ അറിയിച്ചുകൊള്ളട്ടെ. ഈ റോഡുകളെല്ലാം ഇന്നു ചെയ്യുന്നപ്രകാരം മെററലിംഗ് ചെയ്യുന്നതുകൊണ്ടു് നമുക്കു് ഭീമമായ ഒരു സംഖ്യ നഷ്ടപ്പെട്ടമെന്നല്ലാതെ അതുകൊണ്ടു് വലിയ പ്രയോജനം ഒന്നും ഉണ്ടാകയില്ല. ഈ റോഡുകൾ നല്ലനിലയിൽ ഇരിക്കണമെങ്കിൽ ഇവയെല്ലാം കോൺക്രീററുറോഡും ടാർറോഡും ആക്കിത്തീർക്കണം. ടാറോ കോൺക്രീററോ ചെയ്യണമെങ്കിൽ മെററലിംഗിൻെറ ൧൦ ഇരട്ടി സംഖ്യവേണം. അതായതു് മെററലിംഗിന് ൫ കോടി രൂപ വേണമെങ്കിൽ ടാറും, കോൺക്രീററും ചെയ്യുന്നതിന് ൫൦ കോടി രൂപവേണം. ഈ റോഡുകളെല്ലാം അവസാനം ടാറോ കോൺക്രീററോ ഇടേണ്ടതുതന്നെയാണ്. അതിന് ഒരു ഹ്രസ്വകാലപദ്ധതിയാണ് ഈ സഭ അനുവദിക്കുന്നതെങ്കിൽ, അതിനുകഴിവുണ്ടെങ്കിൽ, അതു ചെയ്യണമെന്നുതന്നെയാണ് ഈ ഗവണ്മെൻറിൻേറയും അഭിപ്രായം. കോൺക്രീററിൽ അധികം ചെലവില്ലാത്ത ഷെൽക്രീററിംഗ് ചെയ്തു് ഏതാനും വർഷംകൊണ്ടു് ഈ രാജ്യത്തെ റോഡുകൾ മുഴവൻ നന്നാക്കണമെന്നാണ് ഈ ഗവണ്മെൻറ് ആഗ്രഹിക്കുന്നതു്. ഈ വർഷത്തിൽ ൨൦൦ മൈൽ റോഡു് ടാറും കോൺക്രീററും ചെയ്യണമെന്നാണ് ഗവണ്മെൻറ് ആഗ്രഹിക്കുന്നതു്. ഈ റോഡുകൾ മുഴവൻ ടാർക്രീററ ചെയ്യുന്നതിന് വിഷമങ്ങളുണ്ടു്. പണം ഇല്ലായ്മ ഒരു വശത്തും ടാർ കിട്ടുവാനുള്ള വിഷമം മറെറാരുവശത്തും. ടാർ കിട്ടുവാനുള്ള വിഷമം ഇന്നും അവസാനിച്ചിട്ടില്ല.

കഴിഞ്ഞവർഷം റോഡിൽ ടാർ ഇടാൻവേണ്ടി ഒരുതുക നീക്കിവച്ചിട്ടുണ്ടായിരുന്നെങ്കിലും പ്രതീക്ഷിച്ചിരുന്നവിധത്തിൽ ടാർ കിട്ടാത്തതുകൊണ്ടു് അതു് സാധിച്ചില്ല. ഈ വർഷത്തിൽ ടാർ എത്രത്തോളം കിട്ടുന്നതിനുസാധിക്കുമോ അത്രത്തോളം വാങ്ങുന്നതിനായി ഗവണ്മെൻറ് പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : ടാർ ഇപ്പോൾ സപ്ലൈ ചെയ്യുന്നതാരാണ് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതു് വെളിയിലുള്ള ചെഷേംൾ കമ്പനിയിൽനിന്നുമാണ്.

Shri K. Balakrishna Menon : Is it from India or outside India ?

Shri Kalathil Velayudhan Nair : Outside India.

ടാറിന്റെ ആവശ്യക്കൂടുതലിനെപ്പററി ആ കമ്പനിയെ അറിയിച്ചതിന്റെ ഫലമായി അവിടെനിന്നും ഒരു എൻജിനീയരെ ഇങ്ങോട്ടയയ്ക്കുകയും, റോഡുകൾക്ക് ടാർ ഇടാത്തതുകൊണ്ടുണ്ടായിട്ടുള്ള ശോച്യാവസ്ഥ ബോദ്ധ്യപ്പെടുകയും ചെയ്തതിന്റെ ഫലമായി നമുക്ക് കൂടുതൽ ടാർ സപ്ലൈ ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. പ്രധാനപ്പെട്ട റോഡുകളുടെ പല ഭാഗങ്ങളും ഉറപ്പില്ലാതെ മണ്ണിളകി കിടക്കുന്നതുകൊണ്ട് അവിടെയൊക്കെ കപ്പയോ ചേനയോ മററോ കൃഷി ചെയ്യാൻതോന്നുമെന്ന് ഒരു ബഹുമാനപ്പെട്ട മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ചില റോഡുകളുടെ സ്ഥിതി ശോചനീയമാണെന്ന് സമ്മതിക്കുന്നു. ബസ്സ് ട്രാഫിക്കുള്ള റോഡുകളിൽ നല്ലതുപോലെ മെയിൻറനൻസ് നടത്താൻ മെററലിംഗിന് ഒരു മൈലിന് ഏഴായിരം രൂപവരെ വേണ്ടിവരുമ്പോൾ, നാം ഇവിടെ ചെലവാക്കുന്നത് ഒരു മൈലിന് വെറും മുന്നൂറു രൂപമാത്രമാണ്. ഈ വസ്തുത ധരിച്ചിരുന്നുവെങ്കിൽ ഈ അഭിപ്രായം പുറപ്പെടുവിക്കുകയില്ലായിരുന്നു. റോഡുകളുടെ അനാഥസ്ഥിതി ഗവണ്മെന്റിന്റെ അശ്രദ്ധകൊണ്ടുണ്ടായിട്ടുള്ളതല്ലെന്ന് ബഹുമാനപ്പെട്ട മെംബറന്മാർ ധരിച്ചിരുന്നാൽ നന്നായിരിക്കും. റോഡുകൾ നന്നാക്കിയാൽതന്നെയും പെട്ടെന്ന് അററകുററപ്പെടുന്നതിന് വേറെയും ചില കാരണങ്ങളുണ്ട്. ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഇവിടത്തെപ്പോലെ അധികം റോഡുകളില്ല. ഇവിടത്തെപ്പോലെ ഹെവി ട്രാഫിക്കും അവിടങ്ങളിലില്ല. രണ്ടാമത്തെ കാരണം, നമ്മുടെ സംസ്ഥാനത്തിന്റെ കിഴക്ക് മലയും പടിഞ്ഞാറ് സമുദ്രവും ആയതുകൊണ്ടും ഹെവി മൺസൂൺ നിമിത്തവും മിക്കറോഡുകളും വേഗം മോശമായിപ്പോകുന്നു. റോഡുകൾ കൂടക്കൂടെ ചീത്തയാകുന്നതിനും നന്നാക്കേണ്ടിവരുന്നതിനും കാരണമിതാണ്. റോഡുകളിൽ ചെറിയ ചെറിയ കലുങ്കുകൾപോലും കെട്ടാൻ ഈ ഗവണ്മെന്റിന് സാധിച്ചില്ലെന്ന് ഒരു ബഹുമാനപ്പെട്ടമെമ്പർ കുററപ്പെടുത്തി. സർ, റോഡുകളിലുള്ള എല്ലാ കലുങ്കുകളും നന്നാക്കുന്നതിനൊ, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതുതായി കെട്ടിക്കൊടുക്കുന്നതിനൊ ഈ ഗവണ്മെന്റിന് സാധിച്ചിട്ടില്ലെന്നുള്ളത് പരമാർത്ഥമാണ്. അതുപോലെതന്നെ പാലങ്ങളെ സംബന്ധിച്ചിടത്തോളം ക്ലിപ്തമായ ഒരു വ്യവസ്ഥയില്ലെന്ന് മി. സദാശിവൻപിള്ള സൂചിപ്പിക്കുകയുണ്ടായി. ഈ വർഷാവസാനത്തിനു മുമ്പ് ധാരാളം കലുങ്കുകളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി രൂപീകരിച്ച് ഈ സഭയുടെ മുൻപിൽ വയ്ക്കുന്നതാണെന്ന് ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ.

ശ്രീ. പി. വി. അവിരാ തരകൻ : പദ്ധതിയനുസരിച്ച് പാലങ്ങളും കലുങ്കുകളും നിർമ്മിക്കുന്നതിനുവേണ്ടി കാൺട്രാക്ട് കൊടുക്കുമൊ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : എന്നെ സംബന്ധിച്ചിടത്തോളമാണെങ്കിൽ കാൺട്രാക്ട് കൊടുക്കുന്നതിൽ എനിക്ക് യാതൊരു വിസമ്മതവുമില്ല. സർ, നമ്മുടെ സംസ്ഥാനത്തെ അതിപ്രധാനമായ മൂന്നു റോഡുകളുടെ അററകുററപ്പണികൾ തീർത്ത് പുതിയ പാലങ്ങളും നിർമ്മിച്ച് ഗതാഗതസൗകര്യം കൂടുതലുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അവയുടെ പ്രവർത്തനങ്ങൾ ഈ വർഷത്തിൽതന്നെ ആരംഭിച്ചിട്ടു

ള്ളതു്. കന്യാകുമാരിമുതൽ കൊച്ചിയുടെ വടക്കെഅററംവരെ പോകുന്ന റോഡാണു് അതിൽ ഒന്നു്. ആ റോഡിനെ സംബന്ധിച്ചിടത്തോളം കൂടുതൽ ഗതാഗതസൌകര്യത്തിനുവേണ്ടി ആലുവാ, അരൂർ ഈ സ്ഥലങ്ങളിൽ ഓരോ പാലം നിർമ്മിക്കുന്നതിനു് ഇക്കൊല്ലത്തിൽതന്നെ നടപടി എടുത്തുകഴിഞ്ഞു. രണ്ടാമത്തേതു് ആലുവാ മുതൽ തിരുവനന്തപുരത്തുകൂടി പോകുന്ന മെയിൻസെൻട്രൽ റോഡാണു്. ഈ റോഡിലുള്ള അററകുററപ്പണികൾ തീർക്കുകയും തിരുവല്ലായിലുള്ള പഴയ തോണ്ടറപ്പാലം പൊളിച്ചിട്ടു ഒരു പുതിയ പാലം പണിയുകയും ചെയ്യുന്നതിനു് നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. ചെങ്ങന്നൂർ, പത്തനംതിട്ട, റാന്നി, പാലാ ഈ സ്ഥലങ്ങളിൽക്കൂടി ആലുവായിൽ ചെന്നുചേരുന്ന റോഡാണു മൂന്നാമത്തേതു്. ഈ റോഡു് കുമ്പഴ, മണിമല ഈ സ്ഥലങ്ങളിൽ ഓരോ പാലം തീർക്കുന്നതോടുകൂടി ഗതാഗതത്തിനു പററിയ ഒരു റോഡായിത്തീരുന്നതാണു്. അതിലേയ്ക്കുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ഈ റോഡിൽ മൂപ്പിലാക്കൽ പാലം പണിയുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. ഈ വർഷത്തിൽതന്നെ പണി പൂർത്തിയാകുന്നതാണു്. ഇവയ്ക്കോരോന്നിനും പ്രത്യേകം പ്രത്യേകം തുക നീക്കിവച്ചിരിക്കുകയാണു്. സിവിൽവർക്സിനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകകൾ മുഴുവനും ചെലവാകുന്നില്ലെന്നും, ആവശ്യത്തിനു മതിയാകുന്ന തുകയിൽ കൂടുതലായി ആണ്ടുതോറും നീക്കിവയ്ക്കുകയാണെന്നും മററും ശ്രീ. നടരാജപിള്ള പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ഈ വക ജോലികൾ നടത്തുന്നതിനായി നീക്കിവച്ചിട്ടുള്ള തുകയുടെ ൭൫ ശതമാനവും ശരിയായ വിധത്തിൽതന്നെ ചെലവായിട്ടുണ്ടെന്നും ബാക്കിയുള്ള ൨൫ ശതമാനം, ആവശ്യമുള്ള ഇരുമ്പുസാമാനങ്ങളും മററും കിട്ടാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു് ചെലവാക്കാൻ സാധിക്കാതെ പോയതെന്നും ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. മാത്രമല്ല, ഈ വർഷത്തിലേയ്ക്കു കൊള്ളിച്ചിട്ടുള്ള തുകയുടെ നൂറുശതമാനമല്ല, നൂററിയൻപതു ശതമാനം ചെലവാക്കാൻ ഗവണ്മെൻറു വിചാരിക്കുന്നുവെന്നും ഈയവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

ശ്രീ. ആർ. കേശവപിള്ള: മലംപ്രദേശങ്ങളിൽ റോഡും പാലവും മററും നിർമ്മിക്കുന്നതിനുള്ള വല്ല പദ്ധതിയുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അവശ്യം പദ്ധതിയുണ്ടു്, സർ, കഴിഞ്ഞവർഷം, കൊച്ചിയിലുള്ള മിക്ക റോഡുകളുടേയും മെയിൻറനൻസു നടത്തിയിട്ടില്ലെന്നും, അതിലേയ്ക്കു നീക്കിവച്ചിട്ടുള്ള നിസ്സാര തുക തന്നെ മുഴുവനും ചെലവാക്കിയിട്ടില്ലെന്നും മററും ഒരു മെംബർ പറയുകയുണ്ടായി. മറെറാരു ബഹുമാനപ്പെട്ട മെംബറുടെ പരാതി സിവിൽവർക്സിനുവേണ്ടി അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിലേയ്ക്കു വെറും ൪൦,൦൦൦ രൂപ മാത്രമേ കൊള്ളിച്ചിട്ടുള്ളുവെന്നും, കാൺഗ്രസ്സു ഗവണ്മെൻറു രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി സിവിൽവർക്സിനെ ഉപയോഗപ്പെടുത്തുന്നുവെന്നുമാണു്. ഇതിനു എനിക്കു പറയാനുള്ള സമാധാനം, കൊച്ചി വിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും ചെലവായ തുകയുടെ കണക്കുകൾ പരിശോധിച്ചാൽ യാതൊരു പ്രത്യേകതയും കാണിച്ചിട്ടില്ലെന്നു ബോദ്ധ്യപ്പെടുമെന്നു മാത്രമാണു്. മെയിൻറനൻസിനെ സംബന്ധിച്ചു മാത്രമല്ല, മറെറല്ലാ കാര്യങ്ങളിലും കൊച്ചിയെന്നോ തിരുവിതാം

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

ക്കുറെന്നൊ ഉള്ള പ്രത്യേകതയില്ലാതെയാണ് ഗവണ്മെന്റ പ്രവൎത്തിക്കുന്നതു്. ഈ സഭയിലെ പ്രതിപക്ഷ കക്ഷികളുടെ നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ കഴിഞ്ഞ വൎഷത്തേക്കാറം കൂടുതൽ തുക ഈ വൎഷത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെന്നുള്ളതു ബഡ്ജററുനോക്കിയാൽ കാണാവുന്നതാണ്. ഇക്കാൎയ്യത്തിൽ ഗവണ്മെന്റിനെ കുററപ്പെടുത്തുന്ന മെംബറന്മാരുടെ നിയോജകമണ്ഡലങ്ങളിൽ കൂടുതൽ ജോലി നടത്തണമെന്നുള്ള ആശയമാണുള്ളതെങ്കിൽ അതു സ്തുത്യൎഹമാണ്. എന്നാൽ അതൊരാരോപണമായി കൊണ്ടുവരുന്നതു ശരിയല്ല.

സിവിൽവൎക്സിനെ സംബന്ധിച്ചിടത്തോളം അതിന്റെ എസ്റ്റാബ്ളീഷുമെന്റ ചെലവു് വളരെ കൂടുതലാണെന്നു എന്റെ സ്നേഹിതൻ മി. പി. എസ്സ്. നടരാജപിള്ളയും മററൊരു ബഹുമാനപ്പെട്ട മെംബറും ഒരാരോപണരൂപത്തിൽ പ്രസ്താവിക്കയുണ്ടായി. മററൊരു മെംബർ പറയുകയുണ്ടായി, ഈ ഡിപ്പാർട്ടുമെന്റിൽ ജോലിയില്ലാതെ പല എൻജിനീയറന്മാരും വെറുതെയിരിക്കുന്നുവെന്നു്. സർ, നമ്മുടെ സ്റ്റേററിൽ ഈ വക ജോലികൾക്കുവേണ്ടി ചെലവുചെയ്യുന്ന തുകയും, മറേറതെങ്കിലും സംസ്ഥാനത്തു ഇവയ്ക്കുവേണ്ടി ചെലവിടുന്ന തുകയും തമ്മിൽ ഒരു താരതമ്യപഠനം നടത്തിയിരുന്നുവെങ്കിൽ അവരിൽനിന്നും ഈ പരാതിയുണ്ടാകുകയില്ലായിരുന്നു. ഇൻഡ്യയുടെ മറേറതു ഭാഗത്തേക്കാളും വളരെ തുച്ഛമായ ഒരു സംഖ്യയാണു നമ്മുടെ മരാമത്തുഡിപ്പാർട്ടുമെന്റിനുവേണ്ടി ചെലവിടുന്നതു്. ഇറിഗേഷൻ, ഡ്രെയിനേജു് ഈ വക ജോലികളുംകൂടി സിവിൽ ഡിപ്പാർട്ടുമെന്റാണു നടത്തിക്കൊണ്ടിരിക്കുന്നതു്. മുൻപു് ഇതിനു പ്രത്യേകം ഒരു ഡിപ്പാർട്ടുമെന്റുണ്ടായിരുന്നു. ആ ചെലവുകളെല്ലാം ചുരുക്കി ഈ ജോലികൾ സിവിൽവർക്സിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. വലിയ വലിയ പദ്ധതികൾക്കുവേണ്ടി വെളിയിൽനിന്നും വലിയ ശമ്പളത്തിൽ ആളുകളെ ഇവിടെ വരുത്തി, ജോലിചെയ്യിക്കുകയാണു എന്നു ഒരു മെംബർ പരാതിപ്പെട്ടു. അതു ശരിയല്ല. വലിയ പദ്ധതികൾ എന്നു പറയുന്ന ചെങ്കുളം, പെരിങ്ങൽക്കുത്തു്, പീച്ചി, പെരുഞ്ചാണി ഇവയുടെ ജോലികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഈ ജോലികൾ നടത്തുന്നതു് ഡിപ്പാർട്ടുമെന്റിലെ എൻജിനീയറന്മാരാണ്. അവർ ഈ കാൎയ്യങ്ങളിൽ ഒട്ടും മോശക്കാരല്ലെന്നു പല ഉദാഹരണങ്ങൾകൊണ്ടു ഗവണ്മെന്റിനു അറിയാൻ സാധിച്ചിട്ടുണ്ടു്. ആയതിനാൽ വെളിയിൽനിന്നും ആളുകളെ കൊണ്ടുവന്നു വൻപിച്ച പദ്ധതികളുടെ മേൽനോട്ടം വഹിപ്പിക്കുന്നുവെന്നുള്ളതും എസ്റ്റാബ്ളീഷ്മെന്റിലേയ്ക്കു കൂടുതൽ തുക ചെലവായിക്കൊണ്ടിരിക്കുന്നുവെന്നും ഉള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. അതേ അവസരത്തിൽ മററുചില ബഹുമാന്യമെംബറന്മാർ സഭയിൽ നൽകപ്പെട്ട വിലയേറിയ നിൎദ്ദേശങ്ങൾ അൎഹിക്കുന്ന ഗൌരവത്തോടുകൂടി ഞാൻ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ഇതിൽ കൂടുതലായൊന്നും ഈയവസരത്തിൽ എനിക്കു പറയാനില്ല. ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രാന്റ സഭ പാസ്സാക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : പി. ഡബ്ളിയു. ഡി. വർക്കുഷാപ്പ് ചാക്കയിലേയ്ക്കു മാററുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : വർക്കുഷാപ്പ് ചാക്കയിലേക്കു മാററാൻ തീരുമാനിച്ചതനുസരിച്ചു അതിലേക്കുള്ള കെട്ടിടങ്ങളും തയാറായി. എന്നാൽ മററു ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അക്കൌണ്ടൻറു ജനറലും, ഫൈനാൻസ്സെക്രട്ടറിയുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. താമസമെന്യേ ആ കാര്യം നിർവ്വഹിക്കുന്നതായിരിക്കും.

The motions of Shri P. S. Nataraja Pillai Shri K. V. Krishnankutty Warrier and Shri T. K. Krishnan were, by leave, withdrawn.

The motion that a sum of Rs. 1,61,69,200 be sanctioned under Demand XXVII—Civil Works—was put and carried.

The grant was made.

Demand XXXVI—Capital Outlay on Industrial Development.

Shri Panampilli Govinda Menon : I move that an amount of Rs. 71,21,700 be granted to Government under Demand XXXVI-Capital Outlay on Industrial Development.

Shri A. J. John. I second it.

Mr. Speaker : I suggest that Motion No. 3 (standing in the name of Shri C. Achyutha Menon), No. 10 (in the name of Shri P. S. Nataraja Pillai), and No. 16 (in the name of Shrimathi K. R. Gouri) may be moved.

Shri C. Achyutha Menon : Sir, I move to reduce the allotment of Rs. 25,00,000 for Travancore Minerals by Re. 1.

സർ, ഈ ഉപക്ഷേപം ഹാജരാക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം തിരുവിതാംകൂർ മിനറൽസ് കമ്പനിയുടെ നയത്തെ സംബന്ധിച്ചും അതു പോലെ തന്നെ ഈ രാജ്യത്തിലെ വ്യവസായവകുപ്പിൻെറ നയത്തെ പൊതുവിലും സംബന്ധിക്കുന്ന ചില കാര്യങ്ങൾ പറയുകയെന്നുള്ളതാണ്. ഇവിടത്തെ വ്യവസായവകുപ്പിൻെറ വരുമാനം പരിശോധിച്ചാൽ അതു് പ്രത്യക്ഷത്തിൽ നല്ല തുകയുണ്ടെന്നു തോന്നിപ്പോകും. കഴിഞ്ഞവർഷത്തെ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ചു് അൻപത്തിഏഴര ലക്ഷം രൂപ അതിൽനിന്നും ആദായം ലഭിച്ചിട്ടുണ്ടെന്നും ൧൧൩൨-൩൩-ൽ ൭൫ ലക്ഷം രൂപ ആദായം പ്രതീക്ഷിക്കുന്നുവെന്നും കാണാവുന്നതാണ്. അങ്ങനെ നോക്കുന്നപക്ഷം നമ്മുടെ വ്യവസായവകുപ്പ് ഒരു നല്ല നിലയിൽ നടക്കുന്നുണ്ടെന്നും അതിൽ കുഴപ്പമൊന്നുമില്ലെന്നും പ്രത്യക്ഷത്തിൽ തോന്നാവുന്നതാണ്. ഈ രാജ്യത്തെ വൻകിട വ്യവസായങ്ങളിൽ, അതായതു് ആറു കോടിയിൽപരം രൂപ മുടക്കിയിട്ടുള്ള വ്യവസായങ്ങളിൽ, ആശാവഹമായ പുരോഗതിയാണു ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നാണു ഇതു് സൂചിപ്പിക്കുന്നതു്. എന്നാൽ ഈ കണക്കിൻെറ ഉള്ളിലേയ്ക്കു കടന്നു നാം പരിശോധിക്കുന്നപക്ഷം ഈ കണക്കുകൾ ശരിയല്ലെന്നും വാസ്തവത്തിൽ, വൻ

[ശ്രീ. സി. അച്യുതമേനോൻ]

പിച്ച നിലയിൽ മുതൽ മുടക്കിയിട്ടുള്ള വ്യവസായസ്ഥാപനങ്ങൾ ശരിയായ നിലയിൽ പ്രവൎത്തനം നടത്തുന്നില്ലെന്നും വ്യക്തമായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. സർ, ഈ ൧൮ ലക്ഷം രൂപാ വരവുള്ളതിൽ ഏററവും വലിയ ഒരു ഭാഗം ലഭിക്കുന്നതു് തിരുവിതാംകൂർ മിനറൽസ് കമ്പനിയുടെ ആദായത്തിൽനിന്നുമാണെന്നു കാണാവുന്നതാണ്. കഴിഞ്ഞ കൊല്ലത്തിൽ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ച് മുപ്പതു ലക്ഷം രൂപ ഈ കമ്പനിയിൽനിന്നും വരുമാനം ഉണ്ടായിട്ടുള്ളതായി കാണുന്നുണ്ട്. ൧൧൨൭-൨൮-ൽ ൪൮ ലക്ഷം രൂപ വരവ് അതിൽനിന്നും പ്രതീക്ഷിക്കുന്നുണ്ട്. ട്രാവൻകൂർ മിനറൽസ് കമ്പനി ഗവണ്മെൻറ ഏറെറടുത്തു നടത്തുന്ന ഒരു സ്ഥാപനമാണ്. ലോഹമണൽ മററു രാജ്യങ്ങളിലേയ്ക്കു വില്ക്കുന്നതിൽനിന്നു കിട്ടുന്ന തുകയ്ക്കു പുറമേ മററു കമ്പനികളിൽനിന്നു റോയൽററി വകയായി കിട്ടുന്ന ൬ ലക്ഷം രൂപയുംകൂടി കൂട്ടിയാൽ, ൧൧൨൭-൨൮-ൽ ൧൩ ലക്ഷം രൂപയും നമുക്കു ലഭിക്കുമെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ കണക്കു വ്യവസായവകുപ്പിൻെറ നയത്തെ സംബന്ധിച്ചുള്ള ഒരു ശരിയായ രൂപം നൽകുന്നതാണ്. ഈ ഡിപ്പാർട്ടുമെൻറിൽനിന്നു പ്രതീക്ഷിക്കുന്ന ൧൮ ലക്ഷം രൂപയിൽ ൧൩ ലക്ഷം രൂപ ഈ ഒരു ഒററ ഇനത്തിൽനിന്നു തന്നെ, അതായതു്, ലോഹമണൽ വില്ക്കുന്നതിൽനിന്നുതന്നെ നമുക്കു ലഭിക്കുന്നു. എന്താണ് ഇതു കാണിക്കുന്നതു്? ഇവിടത്തെ വ്യവസായം പുരോഗമിക്കുന്നുവെന്നാണോ ഇതുകൊണ്ടു നാം അൎത്ഥമാക്കേണ്ടതു്? നേരെ മറിച്ചാണ് അനുഭവം. നമ്മുടെ രാജ്യത്തെ മണൽ കോരി വിററു അതിൽനിന്നും ആദായമെടുക്കുക മാത്രമാണ് നാം ഇന്നു ചെയ്യുന്നതു്. അതുകൊണ്ടു് രാജ്യം വ്യാവസായികമായി പുരോഗമിക്കുന്നുവെന്നു പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല. വൻപിച്ച രീതിയിൽ ഗവണ്മെൻറ മുതൽ മുടക്കിയിട്ടുള്ള ഇവിടത്തെ വ്യവസായസ്ഥാപനങ്ങളിൽനിന്നു ശരിയായ ആദായം ലഭിക്കുന്നുണ്ടെന്നു അനുമാനിക്കുവാൻ യാതൊരു വഴിയും കാണുന്നില്ല. ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ ഗവണ്മെൻറിൽനിന്നും ആറേഴുകോടി രൂപ മുതൽ മുടക്കിയിട്ടുള്ള വ്യവസായസ്ഥാപനങ്ങളിൽനിന്നുംനമുക്കു കിട്ടുന്ന വരുമാനം കേവലം അഞ്ചു ലക്ഷം രൂപ മാത്രമാണ്. ആറരക്കോടി രൂപയുടെ പലിശ കണക്കാക്കിയാൽ ഇവയിൽനിന്നും ഒരു ശതമാനം ഡിവിഡൻറപോലും നമുക്കു കിട്ടുന്നതല്ല.

സർ, ഈ സംഗതിയെപ്പററി ഞാൻ എൻെറ ബഡ്ജററു പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. നമുക്ക് എഫ്. ഏ. സി. ററി. ട്രാവൻകൂർ റയാൺസ്, ട്രാവൻകൂർ സിമൻറ്സ് എന്നിങ്ങനെ വൻപിച്ച മുതൽ മുടക്കുള്ള വ്യവസായസ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളുടെ ശരിയായ നില എന്താണ്, അവ ശരിയായി പ്രവൎത്തിക്കുന്നുണ്ടോ, അവയിൽനിന്നും ഉൽപ്പാദനം ശരിയായി ലഭിക്കുന്നുണ്ടോ, കാൎയ്യമായവിധത്തിൽ ആദായം ലഭിക്കുന്നുണ്ടോ, ഈ വ്യവസായസ്ഥാപനങ്ങളുടെ യഥാൎത്ഥ നിലയെന്താണ് എന്നുള്ളതിനെപ്പററി അന്വേഷണം നടത്തുന്നയവസരത്തിൽ ഇവിടത്തെ പല വ്യവസായങ്ങളും ദയനീയമായ നിലയിലാണ് സ്ഥിതി ചെയ്യുന്നതെന്ന് നിസ്സംശയം പ്രസ്താവിക്കാവുന്നതാണ്. ഇവ ശരിയായ, നടക്കുന്നില്ലെന്ന ആരോപണം ശരിയാണെന്ന് ജൂൺ ൨൦-ാം തീയതി

യിലെ മാക്കററ റിപ്പോർട്ടു പരിശോധിച്ചാൽ കാണാവുന്നതാണ്. മുൻപൊരു ദിവസം ഇവിടത്തെ വ്യവസായസ്ഥാപനങ്ങളുടെ ഷെയറിൻെറ മാക്കററവിലയെന്താണെന്നു് ഞാൻ ധനകാര്യമന്ത്രിയോടു ചോദിച്ചപ്പോൾ അദ്ദേഹം ശരിയായ മറുപടി പറകയുണ്ടായില്ല. എഫ്. എ. സി. ററി-യെ സംബന്ധിച്ചു് മറെറാരു ബഹുമാനപ്പെട്ട മെംബർ മറെറാരു അവസരത്തിൽ ചോദിച്ചപ്പോഴും അദ്ദേഹം വ്യക്തമായ മറുപടി നൽകയുണ്ടായില്ല. ഞാൻ മുൻപു പ്രസ്താവിച്ച മാക്കററ റിപ്പോർട്ടനുസരിച്ചു് ൧൦ രൂപ മുതൽമുടക്കുള്ള എഫ്. എ. സി. ററി-യുടെ ഷെയറിനു ൩ രൂപ ൧൪ അണയും, ൫ രൂപാ മുതൽമുടക്കുള്ള ഫാറസ്ററ ഇൻഡസ്ട്രീസിനു ൧ രൂപാ ൨ അണയും, ൧൦ രൂപ മുതൽമുടക്കുള്ള സിമൻറ ഫാക്ടറിയുടെ ഷെയറിനു ൫ രൂപ ൧൪ അണയും ൧൦ രൂപാ മുതൽമുടക്കുള്ള ഒരേൽ ഗ്ലാസ് ഫാക്ടറിക്കു് ൪ രൂപയും ൧൦ രൂപാ വിലയുള്ള റയാൺസ് ഫാക്ടറിയുടെ ഷെയറിനു ൩ രൂപയുമാണ് വില. ഇവിടത്തെ ഏററവും വലിയ വ്യവസായസ്ഥാപനങ്ങളുടെ നിലയെന്താണെന്നു് ഈ മാക്കററിപ്പോർട്ടു വ്യക്തമാക്കുന്നുണ്ടു്. ഇതു് നമ്മുടെ വ്യവസായസ്ഥാപനങ്ങളുടെ ശോഭനമായ നിലയെയാണോ കാണിക്കുന്നതു്? ഒരിക്കലുമല്ല. ഈ പരിതഃസ്ഥിതിയിൽ അനവധി കോടി രൂപ ഇനിയും ഇതേ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി മുടക്കുന്നതു് അഭിലഷണീയമാണോ എന്നു് നാം ഈയവസരത്തിൽ ചിന്തിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ ഒരു പ്രത്യേക വ്യവസായസ്ഥാപനത്തെക്കുറിച്ചു്—വഞ്ചി ക്ലേ മയിൻസ് ഫാക്ടറിയെ സംബന്ധിച്ചു്—ചില കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. അതിൻെറ മുതൽമുടക്കു് കഴിഞ്ഞ മാർച്ച് ൩൧-ാംതീയതിവരെ രണ്ടുലക്ഷത്തിൽപ്പരം രൂപയാണ്. കഴിഞ്ഞ വർഷം ൨൦,൦൦൦ രൂപാ അതിനുവേണ്ടി ചെലവുചെയ്തു. ഈയാണ്ടിൽ ൨൫,൦൦൦ രൂപ നീക്കിവച്ചിരിക്കുന്നതായി കാണുന്നു. അവിടെ യഥാർത്ഥത്തിൽ എന്താണു നടക്കുന്നതെന്നും ഈ വ്യവസായം ആദായകരമാണോ എന്നുള്ളതിനെപ്പററിയും നമുക്കൊരു വിവരവും ഇല്ല. എനിക്കു് ഇതേ സംബന്ധിച്ചു പറയുവാനുള്ളതു് വ്യക്തമായ യാതൊരു വിവരങ്ങളും നമുക്കു തരാതെ ഈ വക കാര്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നാണ്. അതുകൊണ്ടു് മിക്കവാറും കേട്ടുകേൾവിയേയും മററാളുകൾ തരുന്ന വിവരങ്ങളേയും ആസ്പദമാക്കി മാത്രമേ ഞങ്ങൾക്കു സംസാരിക്കുവാൻ നിവൃത്തിയുള്ളു. ഇതു് തീർച്ചയായും ഗവണ്മെൻറിൻെറ കുററമാണ്. ഈ ഡിപ്പാർട്ടുമെൻറിനെപ്പററിയുള്ള ചർച്ചാവസരത്തിൽ ഈ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വ്യക്തമായ റിപ്പോർട്ടു ഗവണ്മെൻറു് ഞങ്ങൾക്കു തരേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അതിനെ ആസ്പദമാക്കി ശരിയായ വിമർശനം നടത്തുവാൻ ഞങ്ങൾക്കു സാധിക്കുമായിരുന്നു. ഈ പ്രത്യേക വ്യവസായത്തെ സംബന്ധിച്ചു് സഭയ്ക്കു് ഇതുവരെ യാതൊരു വിവരങ്ങളും നൽകിയിട്ടില്ല. ഈ ഫാക്ടറിയുടെ ആവശ്യത്തിനു വേണ്ടി വരുത്തിയ മെഷീൻസ് തുരുമ്പുപിടിച്ചുപോകയാണ് ചെയ്യുന്നതു്. ഇതിനുവേണ്ടി കഴിഞ്ഞവർഷം ൨൦,൦൦൦ രൂപയും ഇക്കൊല്ലം ൨൫,൦൦൦ രൂപയും, ഇങ്ങനെ കൊല്ലംതോറും വമ്പിച്ച തുക ചെലവാക്കുന്നതു് ന്യായമല്ല. ഇതുമാതിരി പ്രവർത്തനം നടത്തുന്ന മററു പല വ്യവസായ സ്ഥാപനങ്ങളും നമുക്കുണ്ടു്. എഫ്. എ. സി. ററി-യെ സംബന്ധിച്ചു് പല ആക്ഷേപങ്ങളും ഇവിടെ

[ശ്രീ. സി. അച്ച്യുതമേനോൻ.]

പുറപ്പെടുവിക്കുകയുണ്ടായി. അവയെ എല്ലാംപററി സംസാരിക്കുവാൻ തുടങ്ങിയാൽ വളരെ സമയം വേണ്ടിവരും.

അതിനാൽ, ആറരക്കോടിയിൽപരം രൂപ മുതൽമുടക്കിയിട്ടുള്ള നമ്മുടെ വ്യവസായ സ്ഥാപനങ്ങൾ ആശാസ്യമായ രീതിയിൽ ആണ് നടക്കുന്നതെന്നും കാൎയ്യമായ വരുമാനം അതിൽനിന്നുണ്ടാകുമെന്നും പ്രതീക്ഷിക്കുവാൻ ന്യായം കാണുന്നില്ല. മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് ഇന്നത്തെ ഗവണ്മെൻറിൻെറ വ്യവസായ നയത്തിൽതന്നെ വലിയ പോരായ്മകൾ ഉണ്ടെന്നാണ്. ഈ രാജ്യത്തെ അസംസ്കൃത സാധനങ്ങൾ ഇവിടത്തെ തൊഴിലാളികളുടെ പ്രയത്നശക്തിയും, ഇഞ്ചിനീയറന്മാരുടെയും മററു വിദഗ്ദ്ധന്മാരുടെയും വൈദഗ്ദ്ധ്യവും ഉപയോഗിച്ചു് സംസ്കരിച്ചു പുറത്തയച്ചാൽ, ഈ നാട്ടിലെ തൊഴിലാളികൾക്കു് തൊഴിൽ ഉണ്ടാകും, ധാരാളം സാങ്കേതിക വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുവാൻ നമുക്കു സാധിക്കും, പക്ഷെ അങ്ങനെയുള്ള ഒരു പദ്ധതി നമ്മുടെ ഗവണ്മെൻറിനില്ല. ഞാൻ ട്രാവൻകൂർ മിനറൽസ് കമ്പനിയുടെ കാൎയ്യം ഇവിടെ പ്രസ്താവിക്കയുണ്ടായി. അവിടെ എന്താണു നടക്കുന്നതു്? ലോഹമണൽ കോരിയെടുത്തു് അതേ മാതിരിയിൽ വിദേശങ്ങളിലേയ്ക്കു് കയററി അയയ്ക്കുകയാണ് ചെയ്യുന്നതു്. അതു് ഇവിടെ സംസ്കരിച്ചു് പുറത്തേയ്ക്കയച്ചിരുന്നുവെങ്കിൽ ഈ രാജ്യം എത്രമാത്രം പുരോഗമിക്കുമായിരുന്നു. റബ്ബർ ഉൽപ്പാദനത്തിൽ ഒന്നാംകിടയിൽ നിൽക്കുന്ന നമ്മുടെ രാജ്യത്തിൽ ഇതിൻെറ സ്ഥിതി എന്താണ്? അതു് സംസ്കരിക്കാതെ റാ ആയിട്ടു് കയററി അയയ്ക്കുകയാണ് ചെയ്യുന്നതു്. നമുക്കു് ഒരു റബ്ബർഫാക്ടറി ഇവിടെ ഉണ്ടു്. നമ്മുടെ ഗവണ്മെൻറ് നല്ല നിലയിൽ നടത്തുന്ന ഒന്നുരണ്ടു വ്യവസായസ്ഥാപനങ്ങളിൽ ഒന്നാണതു്. കൂടുതൽ ശ്രമിച്ചിരുന്നുവെങ്കിൽ അതു കൂടുതൽ അഭിവൃദ്ധിപ്പെടുത്തുവാൻ നമുക്കു് സാധിക്കുമായിരുന്നു ശരിയായ ഒരു ടയർഫാക്ടറിതന്നെ നമുക്കു് ആരംഭിക്കാമായിരുന്നു. അതിനുള്ള ആലോചനകൾ നടക്കുന്നുണ്ടെന്നു പറയുന്നതു കേട്ടു. പക്ഷെ ഇതുവരെയും അതു് പ്രവൎത്തനത്തിൽ എത്തിയിട്ടില്ല. അതുപോലെ റയൺസ് ഫാക്ടറി ഇവിടെ സ്ഥാപിച്ചതു് നമ്മുടെ രാജ്യത്തെ മുളയും ഈററയും മററും അതിനുപയോഗിക്കാമെന്നു വിചാരിച്ചായിരുന്നു. പക്ഷെ വിദേശത്തുനിന്നുള്ള പൾപ്പു് കൊണ്ടുവന്നാണ് ആ ഫാക്ടറി ഇപ്പോൾ പ്രവൎത്തനം നടത്തുന്നതു്. ഈമാതിരി അനേകം സംഗതികൾ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുണ്ടു്. നമ്മുടെ രാജ്യത്തിൽ ഉണ്ടാകുന്ന ഇഞ്ചിപ്പുൽതൈലത്തിന് വിദേശങ്ങളിൽ നല്ല വിലയുണ്ടു്. അതിൽനിന്നുണ്ടാകുന്ന തൈലം അതേപടിതന്നെ ഇവിടെ നിന്നും കയററി അയയ്ക്കുകയാണ് നാം ചെയ്യുന്നതു്. 'അയോണാൻ' എന്ന സാധനം ഉണ്ടാക്കുന്നതിനാണ് ഇതു് ഉപയോഗിക്കുന്നതെന്നാണ് എൻെറ അറിവു്. എന്നാൽ ഈ സാധനം ഇവിടെ ഉണ്ടാക്കി വിദേശങ്ങളിലേയ്ക്കു് കയററി അയക്കുവാനുള്ള ഒരു പദ്ധതി നമുക്കില്ല. അതുകൊണ്ടു് നമ്മുടെ വ്യവസായഡിപ്പാർട്ടുമെൻറിൻെറ വ്യവസായനയം അഭികാമ്യമാണെന്നു് അഭിമാനിക്കുവാൻ ഗവണ്മെൻറിനു സാദ്ധ്യമല്ല. പണ്ടുണ്ടായിരുന്ന കുറെ വ്യവസായ സ്ഥാപനങ്ങൾ അതേ രീതിയിൽ ഇന്നും നടക്കുന്നു. അവയുടെ ആവശ്യത്തിനു ആണ്ടുതോറും കൂടുതൽ കൂടുതൽ

ളുകൾ നീക്കിവയ്ക്കുകയും ചെയ്യുന്നു. അതു് നഷ്ടത്തിനാണോ ലാഭത്തിനാണോ പ്രവർത്തനം നടത്തുന്നതെന്നു് ആലോചിക്കപോലും ചെയ്തിട്ടില്ല.

കഴിഞ്ഞ മന്ത്രിസഭ ഇവിടെ ഉണ്ടായിരുന്ന കാലത്തു് ഇൻഡ്യയിലെ ഒരു പ്രമുഖവ്യവസായ പ്രവർത്തകനായ ശ്രീമാൻ കസ്തൂർബായ് ലാൽബായ്; ഈ രാജ്യം സന്ദർശിച്ചു് ഇവിടത്തെ വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതിയെപ്പററി അന്വേഷണം നടത്തി ഒരു റിപ്പോർട്ടു ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടിൽ ഗവൺമെന്റു മുടക്കിയിട്ടുള്ള പണംതന്നെ നഷ്ടപ്പെട്ടുപോകയാണെന്നും, അതിൽ നിന്നും ഒന്നും ഡിവിഡന്റു് കൊടുക്കുവാൻ സാദ്ധ്യമല്ലെന്നും, മുടക്കിയ പണത്തിന്റെ പലിശ ഇനത്തിൽ ഒററപൈസാപോലും കിട്ടുവാൻ മാർഗ്ഗമില്ലെന്നും, അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽ കിടന്നു് ഈ സ്ഥാപനങ്ങളുടെ മാനേജിംഗ് ഏജന്റന്മാർ കഷ്ടപ്പെടുകയാണെന്നും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു് എന്നുള്ള വസ്തുത നാം വിസ്മരിക്കുവാൻ പാടില്ല. അതുകൊണ്ടു് ഇവിടത്തെവ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചു് കാര്യമായ ഒരു പരിശോധന നടത്തണമെന്നുള്ള ഒരഭിപ്രായം നാട്ടിൽ അങ്ങോളമിങ്ങോളം പൊങ്ങിവരുന്നുണ്ടു്.

ഈ സ്ഥാപനങ്ങളെ സംബന്ധിച്ചു് ഒരു പുനഃപരിശോധന നടത്തി എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തണമെന്നുള്ളതിനെപ്പററി ആലോചനകൾ നടത്തുവാൻ തയ്യാറാണെന്നു കഴിഞ്ഞ മന്ത്രിസഭയിലെ അംഗമായിരുന്ന ശ്രീമാൻ ടി. കെ. നാരായണപിള്ള അവർകൾ പ്രസ്താവിച്ചിട്ടുള്ളതായി അസംബ്ലി പ്രൊസീഡിംഗ്സിൽ കാണുന്നുണ്ടു്. എന്നാൽ അതു സംബന്ധിച്ചു് ഇതുവരെ യാതൊന്നും ചെയ്യുകയുണ്ടായിട്ടില്ല. വ്യവസായ വകുപ്പുമന്ത്രി മുൻപു പ്രസ്താവിച്ചതുപോലെ ഈ രാജ്യത്തെ പുഴകളിൽക്കൂടിയും പാലങ്ങളുടെ അടിയിൽക്കൂടിയും ധാരാളം വെള്ളം ഒഴുകിപ്പോയിട്ടുള്ളതുപോലെ വ്യവസായസംബന്ധമായി ഈ നാട്ടിലെ അനവധി പണം കൊള്ളലാഭക്കാരുടെ കീശയിലേയ്ക്കു ഒഴുകിപ്പോയിട്ടുണ്ടു്. എന്നാൽ വ്യവസായാഭിവൃദ്ധിക്കായി യാതൊന്നും ഇതുവരെ ചെയ്യുവാൻ ഗവൺമെന്റിനു സാധിച്ചിട്ടില്ല.

Shri P. S. Nataraja Pillai: Sir, I beg to move; To reduce the allotment of Rs. 67,00,000 for Investment of Shares in Commercial Concerns by Re. 1.

Sir, this demand is to invest Rs. 12·50 lakhs in Sri Chitra Mills Ltd., Rs. 15 lakhs in Chalakudi Plywood Industry, Rs. 30 lakhs in Rubber Tyre Factory, Rs. 25,000 for manufacture of sand and lime bricks, Rs. 25,000 in United Electrical Industries, and Rs. 9 lakhs in Indian Rare Earth Ltd. which come to a total of Rs. 67 lakhs. That is the demand before the House and this House is asked to sanction this amount. When the demand was made, no information has been given to this House as to the necessity or the conditions in which these investments are to be made. Certainly, Sir, we have heard of Indian Rare Earth Ltd. That is a Government of India sponsored concern to treat the mineral sand available in Travancore in a factory situated in Travancore. From my point of view, this House can have no objection for that investment and that has to be granted from any point of view.

[Shri P. S. Nataraja Pillai.]

Then, Sir, when you come to Sri Chitra Mills Ltd., its history has not been very assuring for the general public of Travancore by its activities in the past. If I am not mistaken the Sri Chitra Mills referred to here are the same as functioning at Alwaye - I hope it is the same then the first information this House would like to have is whether this Rs. 12 lakhs is a pure loan or is it in the form of shares. If so, what kind of investment is that? Are we advancing a loan on interest to recoup that industry and make it a paying concern, or are we enlarging that industry by investing more of our money to make that factory a more profitable one? Are we joining as partners, or are we playing the role of a banker? These are facts which ought to be placed before this House before it is called to exercise its vote. Unfortunately, our Government do not think that it is necessery to discharge that duty. From my point of view it is a painful affair that when demands of this nature are placed before this House, the necessary materials to exercise judgment on them are not also supplied, either due to the want of proper materials with them or, may I say, Sir, due to the callous indifference to the House—I do not want to go further than that. But at any rate, Sir, I am constrained to say that it is not in the fitness of things in the changed conditions in which we are functioning as a responsible House with power over Finance, to approach this House with a demand like this.

Then Sir, all the remarks which I said about the Sri Chitra Mills Ltd. hold good when the Chalakudy Plywood Industry comes in. To the best of my knowledge we have now two Plywood Industries, one at Punalur and one at Chalakudi. Both of them are Government sponsored factories—I am not sure about it. I find under (a) Investments in Government Commercial Undertakings' the words "Plywood Industries". I am not sure whether the Travancore-Cochin Government has only one Plywood Industry or two.

Shri. Panampilli Govinda Menon: But even then, the plural has to be used.

Shri P. S. Nataraja Pillai: The Chalakudi Plywood Industry is a private company. Then, all the remarks which I made on the question of the Sri Chitra Mills come in for Chalakkudi Plywood Industry too.

Sir, I feel that demands for Rs. 27 lakhs for two private companies are made here and no information is available on that.

Then comes the Rubber Tyre Factory Rs. 30,00,000. I do not know whether it is a private company or whether it is a new company, or whether it is an old company manufacturing rubber tyre in Travancore-Cochin. We have a Rubber Factory owned and conducted by Government. That was a pioneer attempt in Travancore and it has proved itself to be a sucessful commercial concern, We have made

more than our capital investment as profit in that concern and even now it is a running concern. But what we find today is a demand for investment in shares in commercial concerns to the extent of Rs. 30 lakhs; *i. e.* Government are advancing money to a private company or for a commercial concern either by taking shares or advancing the money on loan to start factories in Travancore to manufacture rubber tyre. Sir, when we have a Rubber Factory, is it not more in the fitness of things if the Government will come forward to enlarge that factory and make necessary arrangements to manufacture tyre under the Government-sponsored company? The criticisms offered by my larned friened Mr. Achyutha Menon, have to be borne in mind, because one aspect of it is perfectly valid. Sir, why should State money be utilised for giving an opportunity to make profit to a private company? It must benefit the State as a whole. If it is a State managed concern and if it is an industry which will be of material benefit to our people, then we will have to do it. But if it is only a private concern, motivated by private profit and benefit, where is the necessity to advance the poor ryots' money for that company? I think that is absolutely unreasonable.

Then, Sir, Rs. 50,000 is allotted to two different private companies. One for the manufacture of sand and lime bricks and another for "United Electrical Industries" as it is called. I do not know why Rs. 50,000 should be advanced. Are we coming down to the role of a Banker or Hundi merchant to advance Rs. 10 thousand or Rs. 20 thousand to private companies to manage their affairs ? Where is the necessity ? After all, what is the status of these industries ? What is the paid-up capital of those concerns ? What is the material benefit it is going to bring to this country ? These are all, to my mind, Sir, — I do not know how the Treasury Benches feel on that— relevant facts to be taken into consideration before one can decide whether to vote or not. Therefore, Sir, this attitude of coming up with a demand, whether reasonable or unreasonable, and their failure to place all relevant facts before this house, I say, is reprehensible, and this house should not tolerate that. And there is a history also behind that. As my friend Mr. Achutha Menon pointed out, Sir, our investments in commercial concerns are, to say the least, alarming. To the best of my knowledge, none of the companies in which the Travancore Government have invested money, has paid dividends. Perhaps it is some peculiar circumstance. Even if a flourishing industry comes in, and our Ministers are prepared to take shares in them, that company will not give shares; and if Government take shares, that company will not pay dividends and even private individuals will be put to difficulties. There is a word in Tamil கைவாசி. That is, if once the money is paid out, it will never be returned. In the same way, there seems to be a peculiar circumstance attached to the investments made by the Travancore-Cochin Government in commercial concerns, that they never pay dividends.

[Shri P. S. Nataraja Pillai.]

Another factor, also very dangerous from the point of view of investing the amount is that the shares go down in value. I do not want to go into an analysis of those figures. We ourselves are the major shareholders of some companies, and it is not advantageous to discuss the share value and other facts of commercial and banking concerns. I leave it at that. In view of the fact that we have invested a very heavy amount in these commercial concerns to the tune of Rs. 3 or 4 crores, I think it is time for this House to set its face against this demand. Not only that, I would have gone further to advocate a voting down of that demand, had it not been for the fact that it includes the Indian Rare Earth Ltd. But I feel if a token motion to this effect is carried in this House, Government Benches will reconsider the question of investment of money in these shares.

Election to the committee on Works and Communications.

Mr. Speaker: Order, order. I have to make an announcement. I announced the other day that some elections have to be conducted for some committees. Then the leader of the Socialist Party raised a question that regarding the elections to non-statutory committees, the parliamentary practice of making a motion in the House must be pursued. I said that aspect would be considered. I had consultations with the leader of the House, and the result of the consultations is embodied in this announcement.

In the programme prescribed on the 3rd July for elections to certain committees, election to the Standing Advisory Committee for Works and Communications, has been included. But now information has been received from Government that it is not necessary to elect members to that Committee. Therefore, the announcement made on the 3rd July will stand modified to this extent.

The House will now rise to meet again day after tomorrow at 11 o' clock.

The Assembly adjourned at 5 p. m. to meet again at 11 a. m. on Monday, the 14th July 1952.

V. KRISHNAMOORTHI,

Secretary to the Legislative Assembly.

APPENDIX I.

[*Please see answer to question No. *621 (1).*]

Name of taluk.	Quantity of distributed	Groundnut during 1951-52.	Value.		
	cwt.	lbs.	Rs.	as.	ps.
Thovala	551	53	10,103	1	3
Agasteeswaram	316	14	5,825	7	5
Kalkulam	202	56	3,682	15	6
Vilavancode	15	45	268	13	6
Neyyattinkara	26	22	488	10	9
Trivandrum	64	56	1,204	11	5
Nedumangad	445	25	8,446	2	7
Chirayinkil	131	42	2,051	0	3

APPENDIX II.

*[Please see answer to Question No. *656 (37.)]*

Statement showing lump sum grants to privates Colleges for last four years.

Lump Sum grant to Private Colleges Rs. 13,04,000.

Name of College awarded grant.	Annual grant to private colleges 1948-49	1949-50	1950-51	1951-52	Total.
St. Theresa's College, Ernakulam.	1,000	1,000	1,000	1,000	..
Mar Ivanios College, Pattom.	500,000	..	..	..	..
Mahatma Gandhi College, Trivandrum.	500,000	..	..	..	..
St. Berchman's College, Changanacherry.	..	..	..	50,000	..
N. S. S. College, Pandalam.	..	..	..	50,000	..
St. Thomas College, Palai.	..	..	..	50,000	..
Union Christian College, Alwaye.	..	..	..	50,000	..
Scot Christian College Nagercoil.	..	..	..	50,000	..
N. S. S. Hindu College, Changanacherry.	..	..	..	50,000	..
Total	10,01,000	1,000	1,000	3,01,000	13,04,000

APPENDIX III.

*[Please see answer to Question No. *657 (39)]*

Statement showing the number and details of buildings, hotels and travellers' bungalows given on lease to the Travancore-Cochin Travel Bureau and the rate of rent and the details of the agreement.

Sl. No.	Names of buildings	Rent fixed by Government Rs.	Rent now paid by the Bureau Rs.
1	Cape Hotel	300	300
2	Cape Rest House	50	50
3	Alleppey Rest House	75	75
4	Kottayam Campshed	75	75
5	Ernakulam Rest House	150	150
6	Munnar Rest House	100	100
7	Trichur Rest House	200	200
8	Additional Government House, Quilon	375	250
9	Courtallam Palace	500	250
10	Courtallam Scorpion Hall	270	270
11	Bolghatty Palace	860	250
12	Warkalai Palace	250(Provisional)	250
13	Warkalai Rest House	30	30
14	Alwaye Rest House	200 Not yet taken over by the Bureau	
15	Thekkadi Rest House	50 "	
16	Mascot Hotel	500 To be handed over by the present lessee Shri K. R. G. Menon to the Bureau only after 31st August 1952.	

Note:—For items 8 to 12, pending the rents fixed by the Pubic Works Department, Government ordered that a provisional rate of Rs. 250 each per mensem may be realised. The rents for 8 to 11 were subsequently fixed by Government at the amounts noted against each in the above statement, but the Bureau have represented to Government that the rates fixed are high and revised fair rent

may be fixed and pending final decision they are continuing to pay at the provisional rate of Rs. 250 per mensem. The rent for item 12 (Warkalai Palace) has not yet been fixed.

Among the other terms of the lease, the most important are :—

(a) That besides the monthly rent the Bureau will pay Government 10% of the turn-over of each institution except Mascot Hotel for which they will have to pay only 5 % of the turn-over.

(b) At each building leased to the Bureau, one room will be at the disposal of Government, free of rent for use of State guests when required.

(c) The lease of each building will include the premises and outhouses.

(d) The Bureau will pay all rates and taxes including telephone.

(e) Maintenance of the buildings will be at the Bureau's cost.

(f) The buildings will be handed over to the Bureau with as much furniture, crockery, cutlery &c. as can be spared.

(g) Such of the staff in each institution as decided by Government will also be taken over by the Bureau on their present pay and terms of service.

(h) There will be a Government Director on the Board.

(i) Four months' rent for each building will be deposited as security.

(j) It is open to Government to terminate the lease without assigning any reason therefor.

(k) Spare cars, launches, of Government may be loaned to the Bureau at prescribed rates.

APPENDIX III. (*Contd.*)

Statement showing the rent collected from each institution under the Travancore-Cochin Travel Bureau, Ltd., for the year 1951.

Date of taking over	Name of Institution	Month	Year	Rent collected Rs.	Total amount Rs.
21-10-1951	Cape Hotel & Rest House	October	1951	Nil.	
		November	1951	463 3 3	
		December	1951	856 0 0	
				1,319 3 3	1,319 3 3
13-11-1951	Alleppey Rest House	November	1951	99 12 3	
		December	1951	147 3 0	
				246 15 3	246 15 3
31-12-1951	Kottayam Camp Shed	Nil.	Nil.	Nil.	
6-11-1951	Ernakulam Rest House	November	1951	105 12 0	
		December	1951	93 12 0	
				199 8 0	199 8 0
30-11-1951	Munnar Rest House	November	1951	Nil.	
		December	1951	33 1 3	
				33 1 3	33 1 3
2-11-1951	Trichur Guest House	November	1951	7 0 0	
		December	1951	12 0 0	
				19 0 0	19 0 0
28-10-1951	Residency Hotel, Quilon	October	1951	Nil.	
		November	1951	Nil.	
		December	1951	Nil.	
9-11-1951	Bolghatty Palace	November	1951	Nil.	
		December	1951	Nil.	

APPENDIX IV.

[Please see answer to Question No. 160 (5)]

List of endowments.

Sl. No.	The name of doner.	Amount donated. Rs.	As.	Ps.	Date of amount Paid
1	His Holiness Kasivasi Arulnanda Tambiran, Avl., Tirupandal	4,993	12	0	22—4—1952
2	Sri Malloor K. Govinda Pillai, Retired Principal, Law College	1,500	0	0	9—10—1950
3	Sethu Parvathipuram Dam Club, Munnar	2,800	0	0	4—8—1950
4	Messrs. Mether Stores, Ernakulam.	2,000	0	0	8—3—1952
5	Sri B. R. Menon, Honorary Secretary, Kerala Kala Samithi	998	0	0	12—12—1951
6	K. R. Krishna Iyer Memorial Committee	2,000	0	0	17—9—1949
7	Rajyasevanirata Dr. C. V. Chandrasekharan Memorial Committee	1,130	0	0	13—8—1949
8	Sri K. Gourikutty, Secretary, S. N. Sadan, Trivandrum.	1,200	0	0	18—9—1949
9	Sri K. P. S, Menon, Secretary, External Affairs Department, New Delhi.	998	0	0	22—10—1951